


www.malankaralibrary.com

# ബൈബിളിന്

# ഒരാമുഖം

—ഫാ. ജോർജ് കുരുക്കൂർ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

[MALAYALAM]

# BIBILINU ORAMUKAM

by

FR. GEORGE KURUKOOR.

First Impression—October 1976.

Copies—1000

Price—Rs. 6—00

Copyright to the publishers.

Published by

Kerala Publishing House,

Aloor—Kallettumkara.

Printed at

B. L. M. Press, Aloor. Kallettumkara.

www.malankaralibrary.com

# ABOUT THIS BOOK

1, Fr· George Koonthanam M. C, B, S., Professor of Sacred Scripture at the Pontifical Institute of Theology and Philosophy, Alwaye, have gone through the book "ബൈബിളിന് ഒരാമുഖം" by Rev. Fr. George Kurukoor and am happy hereby to certify that it containes nothing that is opposed to the traditional teaching of the Roman Catholic Church regarding faith and morals,

I am truely

Fr, George Koonthanam

Imprimatur:

+Mathew Pothanamuzhi

Bishop of Kothamangalam.

22—5—1976.

www.malankaralibrary.com

# അവതാരിക

വിജ്ഞാനത്തിന്റെ ഒരു സ്ഫോടനം വിശ്വമെങ്ങും നമ്മൾ ദർശിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അനേകായിരം വർഷങ്ങൾകൊണ്ട് മാനവജാതി നേടിയിട്ടുള്ള വിജ്ഞാനശേഖരത്തേക്കാൾ അധികമാണ് കഴിഞ്ഞ നൂറു വർഷങ്ങൾ കൊണ്ടുണ്ടായിട്ടുള്ള നേട്ടം. ലോകത്തിന്റെ ചിലഭാഗങ്ങളിൽ മതവിജ്ഞാനത്തോടുള്ള ആഭിമുഖ്യം ഗണ്യമായി കുറഞ്ഞുപോയിട്ടുണ്ടെങ്കിലും, പൊതുവെ പറയുമ്പോൾ മാനവരാശിക്ക് ഇന്നുള്ള മതവിജ്ഞാനദാഹം അനിതരസാധാരണവും അത്ഭുതാവഹവുമാണ്. ഈ വസ്തുത ബൈബിൾ വിജ്ഞാനീയത്തെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമത്രെ.

ബൈബിൾ പ്രചാരണം, ബൈബിൾ പരിഭാഷകൾ, ബൈബിൾ ഭാഷ്യങ്ങൾ, ബൈബിൾ പഠനകേന്ദ്രങ്ങൾ, ബിബ്ളിക്കൽ ദൈവശാസ്ത്രം, ബൈബിൾ സെമിനാറുകൾ എന്നിവയുടെ അഭൂതപൂർവ്വമായ വർദ്ധനവിന്റെ ഒരു കാലഘട്ടമാണിത്. ബൈബിളിന്റെ അത്യഗാധതലങ്ങളിലേക്കും വിദൂരചക്രവാളങ്ങളിലേക്കും എത്തിനോക്കുവാൻ ഇന്ന് ആഗ്രഹിക്കുന്നവരുടെ സംഖ്യ എത്ര വലുതാണ്! പക്ഷെ ബൈബിൾ വിജ്ഞാനത്തിനുവേണ്ടി ഉഴറുന്നവർക്ക് ഒരു വലിയ തടസ്സം അനുഭവപ്പെടുന്നുണ്ട്. വേണ്ടത്ര മാർഗ്ഗദർശനത്തിന്റെ അഭാവമാണത്. ബൈബിളിനെപ്പററി ലളിതവും സാമാന്യവും അതേസമയം സമഗ്രവുമായ അറിവ് നല്കുന്ന ഗ്രന്ഥങ്ങൾക്ക് ബൈബിൾ പഠനത്തിൽ മാർഗ്ഗദർശനം നല്കുവാൻ കഴിയും.

www.malankaralibrary.com

ജനങ്ങളെ ബൈബിളിലേക്ക് ആനയിച്ച്, ബൈബിൾ പ്രേമികളാക്കുവാൻ ഉതകുന്ന ഒരു ഉൽകൃഷ്ടഗ്രന്ഥം "ബൈബിളിന്ന് ഒരാമുഖം" എന്ന ശീർഷകത്തിൽ ഇപ്പോൾ വെളിച്ചം കാണുകയാണ്. ഈ ഗ്രന്ഥം ഒരാവൃത്തി വായിച്ചുകഴിയുമ്പോൾ, വിശേഷാത്തരഗ്രന്ഥമായ ബൈബിൾ, സവിശേഷപഠനവിഷയമാക്കാൻ എത്രയോ വൈകിപ്പോയി എന്ന ചിന്തയാണ് അനുവാചകർക്കുണ്ടാകുക.

പണ്ഡിതന്മാർക്കും സാമാന്യവിദ്യാഭ്യാസം മാത്രമുള്ളവർക്കും ഒരുപോലെ വായിച്ച് ആസ്വദിക്കാവുന്ന ഈ സുന്ദര ഗ്രന്ഥത്തിന്ന് രണ്ടു പ്രധാനഭാഗങ്ങളുണ്ട്. ഒന്നാംഭാഗത്തിന്ന് ബൈബിളിന്റെ ചരിത്രം എന്നാണ് അഭിധാനം. "ഏററം മഹത്തായ ഗ്രന്ഥം; ദൈവശാസ്ത്രത്തിന്റെ ഉറവിടം; ഒരു സംസ്കാരത്തിന്റെ പ്രഭവസ്ഥാനം" എന്നിങ്ങനെ വൈവിധ്യമാർന്ന നിരവധി ഉപശീർഷകങ്ങളോടെ, ബൈബിളിന്റെ, ചരിത്രത്തിലൂടെയുള്ള തീർഥാടനത്തെപ്പററിയാണ് ആദ്യഭാഗം പ്രതിപാദിക്കുക. തത്വചിന്ത, ധർമ്മശാസ്ത്രം, സുകുമാരകലകൾ, മാനവസംസ്കാരം, ഇവയിൽ ബൈബിൾ ചെലുത്തിയിട്ടുള്ള നിർണ്ണായക സ്വാധീനത്തെ, ഈ ആദ്യഭാഗത്തിൽ ഗ്രന്ഥകാരൻ സുതരാം വ്യക്തമാക്കിയിട്ടുണ്ട്.

രണ്ടാം ഭാഗത്തിലേ പ്രതിപാദ്യം, ബൈബിളിലേ ചരിത്രമാണ്. ഓരോ ഗ്രന്ഥത്തിലെയും പ്രധാനവിഷയം, ആശയസംഗ്രഹം, ദൈവത്തിന്റെ രക്ഷാകരപരിപാടി ലോകചരിത്രപരിണാമവുമായി ബന്ധപ്പെട്ടവിധം, ഇവയെല്ലാം ഈ ഭാഗത്ത് നല്കിയിരിക്കുന്നു. ബൈബിളിനെ സ്നേഹിക്കുന്നവർക്ക്, അതിലേ ഓരോ ഗ്രന്ഥവും പാരായണം ചെയ്യുന്നതിനുമുമ്പ്, ഓരോന്നിന്റെയും പ്രത്യേക

www.malankaralibrary.com

ലക്ഷ്യം, ഉള്ളടക്കം, എഴുതപ്പെട്ട സാഹചര്യം എന്നിവയെപ്പററി സാമാന്യജ്ഞാനമുണ്ടാക്കുക എത്രയോ അനുഗ്രഹപ്രദമായിരിക്കും. ഈ സാമാന്യജ്ഞാനം, 'ബൈബിളിനു് ഒരാമുഖം' പ്രദാനം ചെയ്യുന്നുണ്ടു്.

ബൈബിളിനെ സ്നേഹിക്കുവാനും അതു് ജീവിതത്തിൽ പകത്തുവാനും നല്ലപ്പെടുന്ന ഏതുവിധപ്രചോദനവും, ഏററം ശ്ലാഘനീയമായ പ്രേഷിതപ്രവത്തനമാണു്. ഈ മാനദണ്ഡം വച്ചുനോക്കുമ്പോൾ, ബൈബിളിനു് ഒരാമുഖമെന്ന ഈ ഗ്രന്ഥംവഴി ഗ്രന്ഥകത്താവായ റവ. ഫാ. ജോഋജു് കുരുക്കൾ, വിലപ്പെട്ട ഒരു സേവനമാണു് കേരളസഭയ്ക്കു് അർപ്പിച്ചിരിക്കുന്നതു്. മതബോധനം, ബൈബിൾ സംബന്ധമായ ചർച്ചാക്ലാസ്സുകൾ ഇവയ്ക്കെല്ലാം ഈ ഗ്രന്ഥം അത്യന്തം സഹായകരമാണു്. ഈ ഗ്രന്ഥരചനയുടെ പിമ്പിൽ, ഗവേഷണാത്മകവും സുദീഘവുമായ പഠനധ്യാനമനനത്തിൻെറ ചരിത്രമുണ്ടു്.

സഭാപിതാക്കന്മാരുടെ വാക്കുകളിൽ, വിശ്വാസികൾ രണ്ടുമേശയിൽനിന്നു് ജീവദായകവും സ്വഗ്ഗീയവുമായവിരുന്നനുഭവിക്കുന്നു—വിശുദ്ധകുർബാനയിൽനിന്നും, വിശുദ്ധഗ്രന്ഥത്തിൽനിന്നും. ദൈവവചനമാകുന്ന വിരുന്നിലേക്കു്, ഫാ. കുരുക്കൾ,ഈ ഗ്രന്ഥംവഴി വിശ്വാസികളെ മാടിവിളിക്കുന്നു. 'വിജ്ഞാനവും വിശുദ്ധിയും ആഗ്രഹിക്കുന്നവരേ, 'ഇതിലേ, ഇതിലേ,' ഇതാണു് ഈ ഗ്രന്ഥത്തിൻെറ മാറൊലി. പ്രപഞ്ചാരംഭം മുതൽ വെളിപാടിൻെറ സമാപ്തിവരെ സ്നേഹമൂത്തിയായ ദൈവം മാനവരാശിയോടു് പറഞ്ഞിട്ടുള്ളവയെല്ലാം ശ്രവിക്കുവാനും, മാനവരാശിക്കു നൽകിയിട്ടുള്ളവയെല്ലാം സ്വീകരിക്കുവാനും ഈ ഗ്രന്ഥം വായനക്കാക്കു് സഹായകമാകട്ടെയെന്നു് പ്രാത്ഥിച്ചുകൊണ്ടും

www.malankaralibrary.com

ഗ്രന്ഥകാരനെ ഹൃദയപൂർവ്വം അനുമോദിച്ചുകൊണ്ടും ഈ ഗ്രന്ഥത്തെ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ബിഷപ്സ് ഹൗസ്
കോതമംഗലം
10-7-1976.

മോൺ. മാത്യു വെള്ളാങ്കൽ

www.malankaralibrary.com

# ഉപോദ്ഘാതം

ബൈബിൾ എന്ന വിശേഷാത്തരഗ്രന്ഥത്തിലേക്കുള്ള ഒരു പ്രവേശികയാണിതു്. ബൈബിൾ ഒരു മതഗ്രന്ഥമാണു്. അതിലെ അതിവിപുലമായ മതാത്മകതത്വങ്ങളേപ്പററി ഇവിടെ പ്രതിപാദിക്കുന്നില്ല. ഒരു ചരിത്രാന്വേഷകൻെറ വീക്ഷണകോണിലൂടെ ആ ഗ്രന്ഥത്തെ ഇതിൽ പരിശോധിക്കുകയാണു്.

ഈശ്വര പ്രചോദിതമാണു്, ദൈവനിവേശിതമാണു് ആ ഗ്രന്ഥം. എങ്കിലും മാനുഷികബുദ്ധിയും മാനുഷ്യകരങ്ങളും ഉപയോഗിച്ചാണു് അതെഴുതീട്ടുള്ളതു്. തികച്ചും മനുഷ്യസഹജമായ പ്രകാശനരീതിയാണു് അതിൽ. കഥകൾ, ഓർമ്മക്കുറിപ്പുകൾ, കവിതകൾ, ആപ്തവാക്യങ്ങൾ മുതലായവ അതിലുണ്ടു്. പല പുസ്തകങ്ങളുടെ ഒരു കൂട്ടമാണതു്. അതിലെ പുസ്തകങ്ങൾ നൂററാണ്ടുകൾക്കപ്പുറത്തു് പല കാലഘട്ടങ്ങളിലായി, പല ഭാഷകളിൽ, പല ഗ്രന്ഥകാരന്മാരാൽ എഴുതപ്പെട്ടവയാണു്. അതുകൊണ്ടു് എഴുതിയ കാലം, ഭാഷാരീതി, ഗ്രന്ഥകാരൻെറ ഉദ്ദേശ്യം, അന്നത്തെ അനുവാചകൻെറ വൈജ്ഞാനികാവസ്ഥ മുതലായവ ഗ്രഹിക്കാതെ അതു വായിച്ചു മനസ്സിലാക്കാനോ വ്യാഖ്യാനിക്കാനോ കഴിയുകയില്ല. ചുരുക്കത്തിൽ, ബൈബിൾകാലഘട്ടത്തിലേക്കു് ഇറങ്ങിച്ചെല്ലാതെ ബൈബിൾ മനസ്സിലാക്കാനൊക്കുകയില്ല.

വേദഗ്രന്ഥവ്യാഖ്യാനം (Exegesis, Hemhneuties) എന്ന ഒരു ശാസ്ത്രശാഖതന്നെയുണ്ടു്. വേദഗ്രന്ഥപാരായണത്തിൻെറ ഒരവശ്യഭാഗമാണു് അതിൻെറ വ്യാഖ്യാനങ്ങളുടെ പാരായണവും.

www.malankaralibrary.com

പ്രസ്തുത മതഗ്രന്ഥത്തിൽ ജ്യോതിശാസ്ത്രമോ ഇന്നത്തെ അർത്ഥത്തിലുള്ള തീയതിക്കുറിപ്പുകളോടുകൂടിയ ചരിത്രമോ കാണാൻ ശ്രമിക്കരുത്. ആദ്യപുസ്തകമായ ഉല്പത്തി പ്രപഞ്ചവിജ്ഞാനീയം പഠിപ്പിക്കാൻവേണ്ടി വിരചിതമായതല്ല. അതിലെ വാക്യങ്ങളെ അക്ഷരാർത്ഥത്തിൽ ഗ്രഹിക്കുകയും വേണ്ട. അവയുടെ ആന്തരികാർത്ഥമാണ്, ആന്തരികതത്വങ്ങളാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഒരീശ്വരനേയുള്ളുവെന്നും ആ ഈശ്വരന്റെ സൃഷ്ടിയാണ് പ്രപഞ്ചമെന്നും, മനുഷ്യൻ ഈശ്വര കല്പനകൾ ലംഘിക്കുമ്പോൾ ധാർമ്മികവും ശാരീരികവുമായ തിന്മകളും ദുരിതങ്ങളുമുണ്ടാകുമെന്നും മററും പഠിപ്പിക്കുക എന്നതാണ് ആ പുസ്തകത്തിന്റെ ആദ്യഭാഗം കൊണ്ടുദ്ദേശിക്കുന്നത്. ആ തത്വങ്ങൾ എന്നും വാസ്തവമായിരിക്കും.

ഈ ആമുഖം പൂർണ്ണമായ ഒന്നല്ല. വേദഗ്രന്ഥ വിജ്ഞാനീയത്തിൽ അഗാധപാണ്ഡിത്യമുള്ളവരെയാണ് ഇതിന്റെ നിർമ്മിതിയിൽ ശരണം ഗമിച്ചിട്ടുള്ളതെന്ന ആശ്വാസമേ ഉള്ളൂ.

ഈ ആമുഖം വേദപഠനത്തിനുള്ള പ്രചോദനവും, വേദപ്രപഞ്ചത്തെ കണ്ടെത്താനുള്ള ഒരു മിന്നൽവെളിച്ചവുമായി തീർന്നാൽ ഈയുള്ളവൻ കൃതാർത്ഥനായി.

മാറാടി
18–10–1976

ജി. കൂതക്കുർ

www.malankaralibrary.com

# ബൈബിളിന് ആമുഖം

## ഒന്നാം ഭാഗം — ബൈബിളിന്റെ ചരിത്രം


| | | |
|---|---|---|
| അദ്ധ്യായം 1 | ബൈബിൾ എന്ന പേര്. | 9 |
| 2 | ഏറ്റവും മഹത്തായ ഗ്രന്ഥം | 12 |
| 3 | ലോകസാഹിത്യത്തിലൂടെ | 14 |
| 4 | സുകുമാരകലകളിലൂടെ | 17 |
| 5 | ലോകമതങ്ങളുടെ മാതാവ് | 19 |
| 6 | ദൈവശാസ്ത്രത്തിന്റെ ഉറവിടം | 20 |
| 7 | ധർമ്മശാസ്ത്രത്തിന്റെ അടിത്തറ | 23 |
| 8 | ബൈബിളും തത്വചിന്തയും | 26 |
| 9 | ഒരു ചിന്താപദ്ധതി | 32 |
| 10 | ബൈബിളും രാഷ്ട്രതന്ത്രവും | 35 |
| 11 | ഒരു സംസ്കാരത്തിന്റെ പ്രഭവസ്ഥാനം | 37 |
| 12 | ബൈബിളും ക്രൈസ്തവസഭയുടെ ചരിത്രവും | 42 |
| 13 | അസാധാരണമായ പ്രചരണം | 45 |
| 14 | ബൈബിൾ എഴുതപ്പെടുന്നു | 46 |
| 15 | ബൈബിളിലെ ഭാഷ | 51 |
| 16 | മൂലകൃതികളും പകർപ്പുകളും | 53 |
| 17 | തർജ്ജമകൾ | 58 |
| 18 | ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം | 61 |
| 19 | ഇന്നത്തെ തർജ്ജമകൾ | 62 |
| 20 | കത്തോലിക്കരും ബൈബിളും | 64 |
| 21 | ഉടമ്പടികൾ | 67 |
| 22 | അംഗീകൃതഗ്രന്ഥങ്ങൾ | 69 |
| 23 | പഴയനിയമത്തിലെ അംഗീകൃതഗ്രന്ഥങ്ങൾ | 72 |
| 24 | പുതിയനിയമത്തിലെ അംഗീകൃതഗ്രന്ഥങ്ങൾ | 87 |
| 25 | ബൈബിളിന്റെ വിഭജനം | 99 |
| 26 | വ്യാജകൃതികൾ | 101 |


www.malankaralibrary.com

# രണ്ടാം ഭാഗം—ബൈബിളിലെ ചരിത്രം


അദ്ധ്യായം 1 ഒരു ജനതയുടെ ചരിത്രം 103

2 ചരിത്രപഠനത്തിന്റെ പിന്നിലുള്ള ഗ്രന്ഥങ്ങൾ 105
3 ചരിത്രപഠനത്തിന്റെ പിന്നിലുള്ളഗവേഷണങ്ങൾ 109
4 ചരിത്രാരംഭം 112
5 നോഹും ജലപ്രളയവും 113
6 നോഹിന്റെ സന്തതികൾ 114
7 അബ്രാഹം അഥവാ അബ്രാം 116
8 യാക്കോബ് അഥവാ ഇസ്രായേൽ 121
9 ഇസ്രായേൽക്കാർ ഈജിപ്തിൽ 122
10 പുറപ്പാട് 125
11 പത്തു് കല്പനകൾ 127
12 ഇസ്രായേൽക്കാർ കാനാൻദേശത്തു് 129
13 ന്യായാധിപന്മാരുടെ കാലം 130
14 ഐക്യരാഷ്ട്രം 130
15 വിഭജിതരാഷ്ട്രം 132
16 ബാബിലോൺ പ്രവാസം 133
17 പേർഷ്യൻ കാലഘട്ടം 134
18 ഗ്രീക്ക കാലഘട്ടം 135
19 മക്കബായൻ കാലഘട്ടം 137
20 റോമൻ കാലഘട്ടം 139
21 പുതിയ നിയമകാലം:ക്രിസ്തുവിന്റെ കാലം 147
22 ജോസഫിന്റെ സാക്ഷ്യം 142
23 പലസ്തീനായുടെ രാഷ്ട്രീയസ്ഥിതി 155
24 ജെറുസലത്തിന്റെ നാശം:യഹൂദ-റോമൻയുദ്ധം 160
25 യഹൂദമതം 165
26 ക്രിസ്തുമതത്തിന്റെ പ്രചാരം 166
27 പഴയനിയമത്തിന്റെ ചരിത്രപരമായ പ്രാമാണ്യം 167
28 പുതിയനിയമത്തിന്റെചരിത്രപരമായപ്രാമാണ്യം 171


www.malankaralibrary.com

## അനുബന്ധം

1 പൗരാണികചരിത്രവും ആധുനികചരിത്രവും
2 ബൈബിളിലെ ചരിത്രസംഗ്രഹം
3 അടിക്കുറിപ്പുകൾ

www.malankaralibrary.com

# ബൈബിളിന് ഒരാമുഖം

—ഒന്നാം ഭാഗം—

## ബൈബിളിന്റെ ചരിത്രം

അദ്ധ്യായം ഒന്ന്

## ബൈബിൾ എന്ന പേര്

ഏകദേശം 1400 വർഷങ്ങൾക്കിടയിൽ രൂപംകൊണ്ടവയും, നാല്പതോളം വിഭിന്ന വ്യക്തികളാൽ എഴുതപ്പെട്ടവയുമായ എഴുപത്തിമൂന്ന് ഗ്രന്ഥങ്ങളുടെ കൂട്ടമാണ് ബൈബിൾ. അതുല്യവും സാർവ്വത്രികവുമായ ഈ പുസ്തകം ക്രൈസ്തവജനതയുടെ മതഗ്രന്ഥം കൂടിയാണ്.

www.malankaralibrary.com

ബൈബിൾ എന്ന പേരിൻെറ പിന്നിൽ ഒരു ചരിത്രമുണ്ട്. ബി. സി. 2000–ൽ ഫിനീഷ്യാക്കാർ ബിബ്ലോസ് എന്ന തങ്ങളുടെ കടലോര പട്ടണത്തിൽ 'പപ്പീറസ്' എന്നുപേരുള്ള എഴുത്തു പലക തയ്യാറാക്കി വില്ക്കുവാൻ ഒരു വ്യവസായശാലയുണ്ടാക്കി. ഈജിപ്തിൽ ധാരാളമായി വളരുന്ന ഒരു തരം ഞാങ്കണയാണ് പപ്പീറസ് അതിൻെറ തണ്ട് കീറി മെടഞ്ഞെടുത്ത് വാർണിഷിട്ട് ഉണക്കി എഴുത്തുപലകയായി ഉപയോഗിച്ചിരുന്നു. ഫിനീഷ്യാക്കാർ അതിന് ബിബ്ലോസ് എന്ന പേരിട്ടു. അങ്ങനെ ആ വാക്കിന്, എഴുതുവാനുള്ള പദാർത്ഥം, എഴുതപ്പെട്ടതു്, പുസ്തകം എന്നൊക്കെ അർത്ഥമുണ്ടായി.

'ബിബ്ലോസ്' എന്ന പദം ഗ്രീക്കുഭാഷയിലും ഉപയോഗിച്ചുപോന്നു. അതിൽനിന്ന് ചെറിയ ഗ്രന്ഥം എന്ന അർത്ഥമുള്ള ബിബ്ലിയോൺ എന്ന വാക്കുണ്ടായി. ബിബ്ലിയാ (ബഹുവചനം, നപുംസകം) എന്ന ഗ്രീക്കുവാക്കിന് പുസ്തകങ്ങൾ എന്നാണർത്ഥം. പക്ഷെ ലത്തീൻ ഭാഷയിൽ ആ പദത്തെ ഏകവചനം സ്ത്രീലിംഗമായി കരുതി. അങ്ങനെ അതിന് ഒരു ഗ്രന്ഥം എന്നർത്ഥമായി. ലത്തീനിൽനിന്ന് ഇംഗ്ലീഷിലേക്ക് അല്പം മാററത്തോടെ ആ വാക്ക സ്വീകരിക്കപ്പെട്ടു. അതാണ് ബൈബിൾ എന്ന ഇംഗ്ലീഷ് പദം.

ബിബ്ലിയ എന്നതിന് ക്രൈസ്തവ ഗ്രന്ഥം എന്ന അർത്ഥം ലഭിച്ചതു് എ. ഡി. 4–ാം നൂററാണ്ടിലാണ്. സെൻറ് ജെറോം ആണ് അതു് സാധാരണ പ്രയോഗത്തിലാക്കിയതു്. പ്രസ്തുത ഗ്രന്ഥസമൂഹത്തെ ബിബ്ലോസ് (2 മാക്ക. 8, 23; മത്തായി 1–1) ബിബ്ലിയോൺ (ലൂക്ക് 4,7) ഗ്രഫായി, ഗ്രഫേ എന്നിങ്ങനെയെല്ലാം വിളിച്ചിരുന്നു.

എ. ഡി. രണ്ടാം നൂററാണ്ടിൻെറ അവസാനത്തിൽ, ഉടമ്പടി എന്നും, നിയമം എന്നും പേരുണ്ടായി. ആദ്യത്തെ

www.malankaralibrary.com

45 ഗ്രന്ഥങ്ങളെ പഴയ ഉടമ്പടി എന്നും, ബാക്കിയുള്ള 27 ഗ്രന്ഥങ്ങളെ പുതിയ ഉടമ്പടി എന്നും വിളിച്ചു. പഴയ ഉടമ്പടിക്കു് പഴയനിയമമെന്നും, പുതിയതിനു് പുതിയനിയമമെന്നും പില്ക്കാലത്തു് പേരുണ്ടായി. ഇതിൽ പഴയനിയമം മാത്രമേ യഹൂദർ തങ്ങളുടെ മതഗ്രന്ഥമായി അംഗീകരിക്കുന്നുള്ളു.

ഇംഗ്ലീഷിൽ ഹോളിസ്ക്രീപ്ച്ചർ (Scribere=എഴുതുക, Scriptura=എഴുത്തു്) എന്നും വിളിക്കാറുണ്ടു്. മലയാളത്തിൽ ബൈബിളിനെ വേദഗ്രന്ഥം, വിശുദ്ധഗ്രന്ഥം എന്നിങ്ങനെ വിളിക്കുന്നു.

www.malankaralibrary.com

അദ്ധ്യായം രണ്ടു്

# ഏററവും മഹത്തായ ഗ്രന്ഥം

ബൈബിളിനോളം മഹത്തായ മറെറാരു ഗ്രന്ഥം എഴുതപ്പെട്ടിട്ടില്ല. മതങ്ങളേയും സംസ്കാരങ്ങളേയും അതു് പടുത്തുയർത്തിയിട്ടുണ്ടു്. ദാനിയേൽ-റോപ്സ് പ്രസ്താവിക്കുന്നതുപോലെ ആധുനിക സംസ്കാരത്തിന്റെ അടിത്തറ പാകിയതു് ഈ ഗ്രന്ഥമാണു്. അദ്ദേഹം പറയുന്നു. "ഈ ഗ്രന്ഥത്തിലെ സന്ദേശത്തെപ്പററി അറിയാതെ ധർമ്മശാസ്ത്രത്തിന്റെ തത്വങ്ങളോ, നിയമമോ, സമൂഹ്യശാസ്ത്രമോ, ധനതത്വശാസ്ത്രമോ, രാഷ്ട്രീയംപോലുമോ മനസ്സിലാക്കാൻ സാദ്ധ്യമല്ല." ജോർജ്ജ് വാഷിംങ്ടൺ (1732-1799 അമേരിക്കയുടെ ഒന്നാമത്തെ പ്രസിഡന്റ്) പറയുകയാണു് "ദൈവത്തേയും വേദഗ്രന്ഥത്തേയും കൂടാതെ നീതിപൂർവ്വം

www.malankaralibrary.com

ലോകത്തെ ഭരിക്കുക സാദ്ധ്യമല്ല” എന്നു്. “മനുഷ്യവർഗ്ഗം അഭിമാനം കൊള്ളുന്ന മാനുഷികനേട്ടങ്ങളുടെ ആകെത്തുകയ്ക്കു്, ജീവിതവും കർമ്മവും വഴി മുതൽക്കൂട്ടുണ്ടാക്കിയിട്ടുള്ള എല്ലാവരും തന്നെ തങ്ങളുടെ ജീവിതത്തെ ബൈബിളിലെ പ്രബോധനങ്ങളിലാണു് അടിയുറപ്പിച്ചിരുന്നതു്” എന്നു് തിയഡോർ റൂസ്‌വെൽററ് (1585_1919) പ്രസ്താവിക്കുന്നു. മഹാനായ അബ്രാഹം ലിങ്കൺ (1809_1865 അമേരിക്കയുടെ 6_ാമത്തെ പ്രസിഡൻറ്) ഇങ്ങനെ പറയുകയുണ്ടായി “ഈ ഗ്രന്ഥത്തിലുള്ളവ കഴിയുന്നത്ര ബുദ്ധിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുക, ബാക്കിയുള്ളവ വിശ്വാസത്തിന്റെ വെളിച്ചത്തിലും; തീർച്ചയായും കൂടുതൽ നല്ല മനുഷ്യനായി ജീവിച്ചു മരിക്കാം.” മനുഷ്യന്റെ എല്ലാ ജീവിത വ്യാപാരങ്ങളെയും ഇത്രമാത്രം സ്വാധീനിച്ച മറെറാരു ഗ്രന്ഥമില്ല.

www.malankaralibrary.com

അദ്ധ്യായം മൂന്ന്

# ലോകസാഹിത്യത്തിലൂടെ

വിശ്വസാഹിത്യകാരന്മാരെല്ലാം; റാസിൻ, ഗേഥേ (1749-1832) മുതലായ ഈശ്വരവിശ്വാസികളും, ഫ്രെഡറിക്ക് നീച്ചേ (1844–1900) തുടങ്ങിയ നിരീശ്വരരും, ഈ പുസ്തകത്തെ വാനോളം പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. ജർമ്മൻ സാഹിത്യസാമ്രാട്ടായ ഗേഥേ പ്രസ്താവിച്ചു: ''ഞാൻ ബൈബിളിനെ സ്നേഹിക്കുകയും, വിലമതിക്കുകയും ചെയ്തിരുന്നു. എൻെറ സാന്മാർഗ്ഗിക സംസ്ക്കരണത്തിനു് ഈ ഗ്രന്ഥത്തോടു് മാത്രമെ ഞാൻ കടപ്പെട്ടിട്ടുള്ളു. ഇതിലെ സംഭവങ്ങളും പ്രതീകങ്ങളും എൻെറ മനസ്സിൽ മായാത്ത മുദ്രപതിച്ചിട്ടുണ്ടു്.''

www.malankaralibrary.com

ലോകസാഹിത്യത്തിലെ മാസ്ററർ പീസുകളായി കരുതപ്പെടുന്ന മിക്ക കൃതികളും ബൈബിൾ സംബന്ധികയാണ്. സാഹിത്യത്തിൻേറയും ഭാഷകളുടേയും വളർച്ചക്ക് ഈ ഗ്രന്ഥം അതുല്യസേവനം ചെയ്തിട്ടുണ്ട്. ഇററാലിയൻ ഭാഷയെ കരുപിടിപ്പിക്കുകയും വളർത്തുകയും ചെയ്തതു് ഡാന്തെ (Dante Aligheri· 1265–1321) എഴുതിയ ഡിവൈൻ കോമഡി എന്ന മതാത്മകമായ മഹാകാവ്യമാണ്. ഇററാലിയൻ ഭാഷയ്ക്കു് ലോകസാഹിത്യത്തിൽ സ്ഥാനം നേടിക്കൊടുത്തതു് ഈ കൃതിയാണല്ലോ. വിശ്വസാഹിത്യത്തിൽ സുപ്രധാനമായ ഒരു നിലയുണ്ടു് അതിനു്. ഇംഗ്ലീഷ്ഭാഷയുടെ വളർച്ചയ്ക്കു് വേദഗ്രന്ഥത്തിൻെറ "കിംങ്ങ് ജെയിംസ് വിവർത്തനം" സഹായകമായി. ഇംഗ്ലീഷ്സാഹിത്യത്തിൽ അതിനു് അദ്വിതീയമായ ഒരു സ്ഥാനമുണ്ടു്. ജർമ്മൻ ഭാഷയുടെ വളർച്ചയ്ക്കു ലൂഥറിൻെറ തർജ്ജിമ വലിയ സഹായമാണ് നല്കിയിട്ടുള്ളതു്. മലയാളസാഹിത്യത്തിൽ ബൈബിളിനും തത്സംബന്ധമായ കൃതികൾക്കും (മഹാകവി കട്ടക്കയത്തിൻെറ 'ശ്രീയേശുവിജയം', പ്രവിത്താനം ദേവസ്യയുടെ 'ഇസ്രായേൽ വംശം', സൈമൻെറ 'വേദവിഹാരം', വള്ളത്തോളിൻെറ 'മഗ്ദലനമറിയം' മുതലായവ) വളരെ പ്രാധാന്യമുണ്ടു്.

ബൈബിളാണ് മിക്ക വിശ്വസാഹിത്യകാരന്മാരേയും വാർത്തെടുത്തതെന്നു് പറയാം. ഷേക്സ്പിയർ (1564–1616) ഫ്രഞ്ചുനാടകകൃത്തായ റാസിൻ, (1639–1699) റഷ്യൻ സാഹിത്യകാരന്മാരായ ലിയോടോൾസേ്ററായി, (1828–1910) ഡെസ്റ്റോയേവ്സ്കി (1821–1881) മുതലായവരെയെല്ലാം മഹാന്മാരാക്കുന്നതിൽ ഈ ഗ്രന്ഥം പ്രധാന പങ്കു വഹിച്ചിട്ടുണ്ടു്. അവരുടെ കൃതികളിലൂടെ ലോകസാഹിത്യത്തെ മുഴുവനേയും പ്രസ്തുത ഗ്രന്ഥം സ്വാധീനിച്ചിട്ടുണ്ടെന്നതു് ഒരു യഥാർത്ഥ്യമാണ്.

www.malankaralibrary.com

ബൈബിൾ തന്നെ ഒരു സാഹിത്യകൃതിയാണ്. അതിന്റെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽ ഹീബ്രു സാഹിത്യത്തെ അതിന്റെ അത്യുച്ചകോടിയിൽ കണ്ടെത്തുന്നു. വേറെ ചില ഭാഗങ്ങളിൽ ഗ്രീക്ക സാഹിത്യത്തിന്റെ അത്യുത്തമമായ ശൈലി കണ്ടെത്താം. അതിൽ കവിതകളും കഥകളും ലേഖനങ്ങളും എല്ലാം അടങ്ങിയിട്ടുണ്ട്. സൗന്ദര്യശാസ്ത്രത്തിന്റെ (Aesthetics) നിയമങ്ങൾക്ക് അതീതമായ ഒരു പ്രത്യേകതയുണ്ട്. അതിന്—ആദ്ധ്യാത്മികമായ ഒരു ഭാവമാണത്.

പ്രസംഗകലയും സംഗീതവും സന്യാസാശ്രമങ്ങളിലാണ് മദ്ധ്യയുഗത്തിൽ വളർന്നുവന്നതു്. ബിഥോവൻ (Bethoven 1770–1827 ജർമ്മൻ) മോസാർട്ട് (Wolf gang Amadeus Mozart 1756–1791, ഓസ്ത്രിയക്കാരൻ) മുതലായ സുപ്രസിദ്ധ സംഗീതവിദഗ്ധന്മാർ ക്രൈസ്തവരാണ്. ബൈബിളാണ് അവരുടെ അതിമോഹനങ്ങളായ ഗീതങ്ങൾക്ക് പ്രചോദനം നല്കിയതു്.

www.malankaralibrary.com

അദ്ധ്യായം നാല്

# സുകുമാരകലകളിലൂടെ

അസംഖ്യം കലാസൃഷ്ടികളിലൂടെ ബൈബിൾ ജീവിച്ചുപോരുന്നു. മദ്ധ്യയുഗത്തിലെ കലാസൃഷ്ടികളെല്ലാം വേദഗ്രന്ഥസംബന്ധമാണല്ലോ. കലാസാമ്രാട്ടായ മൈക്കൾ ആഞ്ചലോ വരച്ച പടങ്ങളും (അന്തിമാത്താഴം, ആദം, ജമ്മിയ മുതലായവ), നിർമ്മിച്ച പ്രതിമകളും, (കുരിശിൽ നിന്നു് ഇറക്കൽ, മോസ്സസ് മുതലായവ), ലേയോനാർഡോ ഡവിഞ്ചി വരച്ച ചിത്രങ്ങളും കലാലോകത്തിൽ അതുല്യപ്രതാപമുള്ളവയാണു്. തെക്കേ ഫ്രാൻസിലുള്ള ചാർട്രെ (Chartres) യിലെ ശില്പികളും; റാവെന്നായിലെ മൊസ്സയിക്കു് അലങ്കാര പണിക്കാരും (5 മുതൽ 14 വരെ നൂററാണ്ടുകൾ), മൈക്കിൾ ആഞ്ചലോ, എൽഗ്രേക്കോ

www.malankaralibrary.com

(1541-1614), റാഫേൽ (1484-1520), ഡവിഞ്ചി(1452-1519), റെംബ്രാണ്ട് (1606-1669), റൂബെൻസ് (1577-1640) മുതലായ ലോകകലാകാരന്മാരും അനശ്വര പുരുഷന്മാരായതു് വേദഗ്രന്ഥസംബന്ധമായ കലാസൃഷ്ടികൾ വഴിയത്രെ.

ഗോഥിക്ക് (Gothic) റോമനസ്ക്ക് (Romanesque) ബിസാന്തിയൻ (Bysantine) മുതലായ ശില്പ വിദ്യാരീതികൾ രൂപവൽകൃതങ്ങളായതും ക്രൈസ്തവസഭയുടെ പരിരക്ഷണയിലാണല്ലോ.

ഏണസ്റ്റ് ഹേക്കൽ (Ernest Heinrich Haeckel, 1834–1919) എന്ന ജർമ്മൻ യുക്തിവാദിപോലും ഇപ്രകാരം എഴുതിയിരിക്കുന്നു. മദ്ധ്യയുഗത്തിലെ ഉത്തമകാലങ്ങളിൽ ക്രൈസ്തവ കലാവിദ്യ അനശ്വര സൗന്ദര്യമുള്ള പല മാസ്റ്റർ പീസുകളും നിർമ്മിച്ചു. ഗോഥിക് രീതിയിലുള്ള സുന്ദരമോഹനങ്ങളായ ഭദ്രാസന ദേവാലയങ്ങൾ ബിസ്സാന്തിയൻ ബസ്ലിക്കകൾ, അതിസുന്ദരങ്ങളായ അനേകശതം കപ്പേളകൾ, വിശുദ്ധരുടേയും, രക്തസാക്ഷികളുടെയും അനേകസഹസ്രം മാർബിൾ കൊത്തുരൂപങ്ങൾ, അഗാധമായ നിരീക്ഷണശക്തി ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ക്രിസ്തുവിൻെറയും, അവിടത്തെ മാതാവിൻെറയും പ്രതിമകൾ മുതലായവ മദ്ധ്യയുഗങ്ങളിൽ പരിപോഷിതമായിട്ടുള്ളതും, ആ ഇനത്തിൽ അദ്വിതീയങ്ങളുമായ, കലാവിദ്യകളുടെയും മഹനീയാഭിവൃത്തിക്കു് ഉത്തമോദാഹരണങ്ങളാണു്.

www.malankaralibrary.com

അദ്ധ്യായം അഞ്ച്

# ലോകമതങ്ങളുടെ മാതാവ്

ബൈബിൾ ഒരു സാർവ്വത്രികഗ്രന്ഥമാണ്. മതങ്ങളുടെ മാതാവാണ്. ലോകത്തിലെ 3 പ്രധാനമതങ്ങൾ അതിൽ അധിഷ്ഠിതമായിരിക്കുന്നു—യഹൂദമതം, ക്രിസ്തുമതം, ഇസ്ലാമതം. യഹൂദമതത്തിന്റെ അടിസ്ഥാനതത്വങ്ങളും ധർമ്മശാസ്ത്രവും (ഏകദൈവവിശ്വാസം, വേദപ്രമാണങ്ങൾ മുതലായവ) അതിൽനിന്നെടുത്തതാണ്. ക്രിസ്തുമതത്തിന്റെ അടിത്തറയും അതുതന്നെ. അതിലുള്ള ആവിഷ്കൃതസത്യങ്ങളാണ് ക്രൈസ്തവജീവിതത്തിന്റെ നിദാനം. ഇസ്ലാംമതം അതിന്റെ അടിസ്ഥാനതത്വങ്ങൾ അതിൽനിന്നാണ് സ്വീകരിച്ചതു്. ആദം, നോഹ് അബ്രാഹം, മോസസ്സ്, ക്രിസ്തു, എന്നിവരെ പ്രവാചകരായി ഖുറാൻ അംഗീകരിക്കുന്നു.

മുകളിൽ പറഞ്ഞ 3 മതങ്ങളുടേയും അടിസ്ഥാനം ഏക ദൈവവിശ്വാസമാണ്. അതത്രേ ആ മതങ്ങളെ ഒന്നിപ്പിക്കുന്ന കണ്ണി.

www.malankaralibrary.com

അദ്ധ്യായം ആറ്

# ദൈവശാസ്ത്രത്തിന്റെ ഉറവിടം

ദൈവശാസ്ത്രം എന്ന വിജ്ഞാനശാഖ ബൈബിളിനെ ആസ്പദമാക്കി ഉണ്ടാക്കിയതാണ്. അതിഭൗതികമായതിനേപ്പററി മനുഷ്യൻ പണ്ടേമുതൽ ചിന്തിച്ചിരുന്നു. പക്ഷേ അത്തരം ചിന്തകളെ ക്രമപ്പെടുത്തി ഒരു വിജ്ഞാന ശാഖയാക്കിയത് ക്രൈസ്തവചിന്തകരാണ്. സെൻറാഗസ്റ്റിൻ (354-430), മഹാനായ ആൽബെർട്ട് (1193-1280), സെൻറ് തോമസ്സ് അക്വിനാസ് (1225-1274) മുതലായവരാണ് ഈ മണ്ഡലത്തിൽ സുപ്രസിദ്ധരായവർ.

ആദ്യന്തഹീനനാണ് ദൈവമെന്ന് വേദപുസ്തകത്തിലുണ്ട്. അതിലാണ് ഒരു കേവലസത്തയെപ്പററി ആദ്യം പ്രസ്താവിച്ചുകാണുന്നത്. മോസസ്സിനോട് ദൈവം പറയുന്നതായി

www.malankaralibrary.com

എഴുതിയിരിക്കുന്നു. "ഞാൻ ആകുന്നവൻ ആകുന്നു" എന്നു്. യഹോവ (ആകുന്നവൻ=ദൈവം) നിത്യനും, പൂർണ്ണനും അചഞ്ചലനുമാണു്.

മററു ജനങ്ങൾക്കു് ദൈവത്തെപ്പററിയുണ്ടായിരുന്ന ആശയങ്ങളിൽനിന്നു് വ്യത്യസ്തമാണിതു്. പ്രകൃതിശക്തികളേയും മററും വ്യക്തിതപാരോപണം ചെയ്തു് ദേവന്മാരാക്കുകയാണു് മററുള്ളവരെല്ലാം. യഹോവയാകട്ടെ പ്രപഞ്ചസ്രഷ്ടാവാണു്. പേരിനു് അതീതനുമാണു്. യഹൂദർ, ദൈവത്തിന്റെചിത്രമോ, രൂപമോ ഉണ്ടാക്കിയിരുന്നില്ല. കാരണം ദൈവത്തിനു് രൂപമില്ല. ഏററവും അഭൗമികമായി കരുതപ്പെട്ടിരുന്നതു് പ്രകാശമാണു്. അതുകൊണ്ടു് പ്രകാശമായിട്ടാണു് ദൈവത്തെ കരുതിയിരുന്നതു്. ദൈവം വിശുദ്ധനാണു്. അതുകൊണ്ടു് പാപത്തെ വെറുക്കുകയും, പാപികളെ ശിക്ഷിക്കുകയും ചെയ്യുന്നു. ദൈവം സർവ്വശക്തനാണു്. അതുകൊണ്ടാണു് അവിടുന്നു് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു്. ദൈവം സർവ്വവ്യാപിയാണെന്നും കാണുന്നു. ഈജിപ്ററിലും, അറേബ്യൻ മണലാരണ്യത്തിലും, കാനാനിലും എല്ലാം അവിടുത്തെ സാന്നിദ്ധ്യം വെളിപ്പെടുത്തിയിരിക്കുന്നു. വിശുദ്ധമായ കൂടാരത്തിൽ (ചെറിയ ദേവാലയം) മനുഷ്യനു ദൈവത്തെ ആരാധിക്കാം. അവിടുന്നു് സർവ്വജ്ഞനാണു്. വേദനകളും സന്തോഷങ്ങളും അവിടുന്നു് അറിയുന്നു. ദൈവം നീതിമാനാണു്. ഇസ്രായേൽക്കാരോടു് ക്രൂരതകാട്ടിയ ഫറവോന്മാരെയും, വിഗ്രഹാരാധനയിൽ വീണ ഇസ്രായേൽക്കാരെയും അവിടുന്നു ശിക്ഷിച്ചു. ദൈവം കാരുണ്യവാനാണെന്നും പറഞ്ഞിട്ടുണ്ടു്. "തന്നെ സ്നേഹിക്കുകയും, തന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോടു് അവിടുന്നു് ആയിരാമത്തെ തലമുറയിലും കരുണ കാണിക്കും." (പുറ 20. 6). പാപികളോടു് ദൈവം ക്ഷമിക്കു (പുറ. 34-6-7 സംഖ്യ. 14-18) മെന്നും രേഖപ്പെടുത്തിയിട്ടുണ്ടു്.

www.malankaralibrary.com

ദൈവം വിശ്വസ്തനാണെന്നും വാഗ്ദാനങ്ങൾ അവിടുന്നു പാലിക്കുന്നു എന്നും ഹീബ്രു ജനത വിശ്വസിച്ചിരുന്നു. ചുരുക്കത്തിൽ ആദിയും അന്തവും ഇല്ലാത്തവനും, രൂപരഹിതനും, സർവ്വജ്ഞനും, സർവ്വവ്യാപിയും സർവ്വസൽഗുണങ്ങളുടെയും ഉറവിടവുമായ ഒരു സത്തയാണു് ഈശ്വരൻ എന്നും ആ സത്തയെ മാത്രമേ ആരാധിക്കാവൂ എന്നും ബൈബിൾ പഠിപ്പിച്ചു. അതുകൊണ്ടാണു് വിഗ്രഹാരാധനക്കാരെ ഇസ്രായേൽക്കാർ ദ്വേഷിച്ചതു്.

ദൈവം എല്ലാവരുടെയും പിതാവാണെന്നും, മനുഷ്യരെല്ലാം സഹോദരങ്ങളാണെന്നും, സ്നേഹമാണു് സർവ്വപ്രധാനമെന്നും, ദൈവം സ്നേഹമാണെന്നും ഇത്ര ശക്തമായ ഭാഷയിൽ മറെറാരു മതഗ്രന്ഥവും പഠിപ്പിച്ചിട്ടില്ല.

www.malankaralibrary.com

അദ്ധ്യായം ഏഴ്

# ധർമ്മശാസ്ത്രത്തിൻെറ അടിത്തറ

ബൈബിളിൽ അധിഷ്ഠിതമായ ക്രൈസ്തവധർമ്മശാസ്ത്രത്തിന് ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ഉന്നതമായ സ്ഥാനമുണ്ട്. അതിലെ തത്വങ്ങളെ അംഗീകരിക്കാത്ത ഒരു ധർമ്മശാസ്ത്രവുമില്ല. എല്ലാവരും ദൈവമക്കളാണെന്നും തന്നെപ്പോലെ മററുള്ളവരെയും സ്നേഹിക്കണമെന്നും അതു് പഠിപ്പിക്കുന്നു. മനുഷ്യർ തമ്മിലുള്ള ബന്ധം നീതിയിലും സത്യത്തിലും സ്നേഹത്തിലും അടയുറച്ചതാകുവാൻ അതു ഉപദേശിക്കുന്നു. സഹോദരസ്നേഹം, അവസരസമത്വം, ഏകഭാര്യത്വം മുതലായ ആശയങ്ങൾ രാഷ്ട്രീയ രംഗത്തും ഇന്നംഗീകരിക്കപ്പെട്ടിട്ടുണ്ടല്ലോ.

www.malankaralibrary.com

മനുഷ്യനെ അവൻെറ സർവ്വ പ്രതാപത്തോടും ദുർബ ലതയോടും കൂടെ അതിൽ ചിത്രീകരിച്ചിട്ടുണ്ട്. ദൈവ ത്തിൻെറ പ്രവൃത്തികളെപ്പററി പറയുന്നതോടൊപ്പം മനു ഷ്യൻെറ പ്രവൃത്തികൾ എങ്ങനെ ആയിരിക്കണമെന്നും അതു് പഠിപ്പിക്കുന്നു. മാനുഷിക പ്രവൃത്തികളെ വിശക ലനം ചെയ്തു്, നന്മ തിന്മകളെ വിവേചിച്ചറിയുവാൻ സ ഹായിക്കുന്ന നിയമങ്ങളുടെ കൂട്ടമാണല്ലോ ധർമ്മശാസ്ത്രം. ബൈബിളിലെ പത്തു കല്പനകൾ—ഏക ദൈവത്തെമാത്രം ആരാധിക്കുക, മാതാപിതാക്കന്മാരെ ബഹുമാനിക്കുക, കൊല, കള്ളസാക്ഷ്യം, നുണ, അത്യാഗ്രഹം, വ്യഭിചാരം, മോഷണം മുതലായവയെ പരിവർജ്ജിക്കുക, എന്നിങ്ങനെ യുള്ള കല്പനകൾ—ഏതു നല്ല മനുഷ്യൻേറയും പ്രവൃത്തികളെ നയിക്കുന്നവയാണു്. മനുഷ്യസ്വഭാവത്തിനു് അനുഗുണ മായ നിയമങ്ങളാണവ. സ്വാഭാവിക നിയമങ്ങളെന്നു് അ വയെ വിളിക്കാം.

അടിമത്വം അവസാനിപ്പിക്കുവാൻ ക്രൈസ്തവ സന്യാ സികളാണു് ആദ്യമായി ശ്രമിച്ചതു്. ചാറേറബ്രിയാൻഡ് (Chate Breand) എന്ന പണ്ഡിതൻ ജീനിയേദ ക്രിസ്ത്യാ നിസം (ginie du chrstianisme) എന്ന ഗ്രന്ഥത്തിൽ അടിമകളെ രക്ഷിക്കാൻവേണ്ടി സ്വയം ദാസ്യവൃത്തി ഏ ററെടുത്ത സന്യാസികളെപ്പററി പറഞ്ഞിട്ടുണ്ടല്ലോ. യൂറോ പ്യൻ സന്മാർഗ്ഗചരിത്രത്തിൽ (History of European Morals) ഡബ്ലിയു എച്ച് ലക്കി ഇങ്ങനെ പറയുന്നു. "അടിമത്വത്തെ ഭൃത്യവൃത്തിയായി മയപ്പെടുത്തിക്കൊണ്ടും, തൊഴിലാളികളുടെ അന്തിമമായ വിമോചനത്തിനായി പ രിശ്രമിച്ചുകൊണ്ടും കത്തോലിക്കാസഭ ആധുനിക സംസ്കാ രത്തിൻെറ സാക്ഷാൽ അസ്ഥിവാരമായിത്തീർന്നു. അവൾ നാഗരികതയുടെ ഏററവും ശ്രേഷ്ഠാന്തയും അക്ഷീണയും കാര്യപ്രാപ്തയുമായ ഒരു പ്രവർത്തകയാണു്." അമേരിക്കൻ

www.malankaralibrary.com

അടിമത്വം അവസാനിപ്പിക്കുവാൻ അബ്രാഹം ലിങ്കനെ പ്രചോദിപ്പിച്ചതു് ബൈബിളല്ലാതെ മറെറാന്നുമല്ല. അതിൽനിന്നു ലഭിച്ച സ്നേഹം, സമത്വം, ദയ എന്നീ തത്വങ്ങളാണു് ഈ പ്രവർത്തനങ്ങൾക്കു് നിദാനമായി നിലകൊണ്ടതു്.

www.malankaralibrary.com

അദ്ധ്യായം എട്ടു്

# ബൈബിളും തത്വചിന്തയും

ബൈബിൾ തത്വ ചിന്തക്കു് (Philosphy) നല്കിയ സംഭാവന ശാശ്വതവും അമൂല്യവുമാണു്. അതു് ഒരു മതഗ്രന്ഥമാണെങ്കിലും അതിഗഹനമായ ഒരു തത്വചിന്തയുണ്ടു് അതിൽ. ഗംഭീരങ്ങളായ ചിന്താസരിത്തുകൾ അതിൽനിന്നു് ഉറവെടുത്തിട്ടുണ്ടു്. മനുഷ്യന്റേയും മനുഷ്യനെ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റേയും ഒരു വിശദീകരണം കൊടുക്കുവാനാണു് തത്വചിന്ത ശ്രമിക്കുന്നതു്. ചിന്താശീലനും, വിസ്മയാധീനനുമായ മനുഷ്യൻ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു, എന്തു്? എന്തുകൊണ്ടു്? എങ്ങനെ? എന്തിനുവേണ്ടി? എന്നെല്ലാം. ഈ ചോദ്യങ്ങളാണു് തത്വചിന്തയുടെ ആരംഭം കുറിക്കുന്നതു്. കാരണം അന്വേഷിച്ചുപോവുകയാണു് തത്വചിന്തകന്റെ സ്വഭാവം.

www.malankaralibrary.com

ക്രിസ്തുവിനു് അഞ്ചു ശതാബ്ദങ്ങൾക്കപ്പുറത്തു ജീവിച്ചിരുന്ന യവനചിന്തകനാണു് തെയ്ലസ്. അദ്ദേഹത്തോടു് ഒരു ശിഷ്യൻ ചോദിച്ചു. "ഏററവും വിഷമം പിടിച്ച സംഗതി എന്താണു്?" അദ്ദേഹം പ്രതിവചിച്ചു. "നിന്നെത്തന്നെ അറിയുക." ഡൽഫിയിൽ അപ്പോളോ ദേവനു് പ്രതിഷ്ഠിച്ചിട്ടുള്ള ആലയത്തിൻെറ പ്രവേശന കവാടത്തിൽ ആ വാചകം ഗ്രീക്കുകാർ കൊത്തിവച്ചു. മനുഷ്യനേയും അവനെ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തേയും അറിയുക, വിശദീകരിക്കുക എന്നതാണു് ഏററവും വലിയ പ്രശ്നം. അതിനുത്തരം കാണാനാണു് തത്വചിന്ത ശ്രമിക്കുന്നതു്.

"തത്വചിന്തയുടെ പിള്ളത്തൊട്ടിലാ"യ ഗ്രീസിൽ മാത്രമല്ല മിക്കജനതയിലും തത്വചിന്ത ഉടലെടുത്തിട്ടുണ്ടു്. അവയുടെ എല്ലാം ലക്ഷ്യം ഒന്നുതന്നെയാണു്. ഈ പ്രപഞ്ചത്തിൻെറ ഉത്ഭവത്തേപ്പററി എല്ലാ രാജ്യത്തും ചില ധാരണകളെല്ലാം ഉണ്ടായിരുന്നു. ഇതിഹാസങ്ങളിലൂടെ ആ സങ്കല്പങ്ങൾക്കു് അവർ ശാശ്വതത്വം നല്കി. ഭാവന പ്രധാനമായ സത്യാന്വേഷണത്തിൻെറ ഫലമാണു് ഇതിഹാസങ്ങളെല്ലാം. അവയിൽ വിചാരത്തിനു് (Reason) എന്നതിനേക്കാൾ വികാരത്തിനാണു് (Emotion) സ്ഥാനം. കാലാന്തരത്തിൽ മനുഷ്യൻ യഥാർത്ഥചിന്തക്കു് രൂപം കൊടുക്കുവാൻ തുടങ്ങി. ആ പരിശ്രമഫലമാണു് ഇന്നറിയപ്പെടുന്ന ചിന്താപദ്ധതികൾ. ഇതിൽ ഗ്രീക്കുകാരാണു് അസാമാന്യമായ സാമർത്ഥ്യം പ്രകടിപ്പിച്ചതു്. മിക്കവാറും പൂർണ്ണമായ ഒരു ചിന്താസൗധം അവർ കെട്ടിപ്പടുത്തു. ചിന്തിക്കേണ്ടതെങ്ങനെയാണെന്നു് പഠിപ്പിക്കുവാനാണു് മഹാചിന്തകനായ അരിസ്റ്റോട്ടൽ (ബി. സി. 384_322) തർക്കശാസ്ത്രം ഉണ്ടാക്കിയതു്. അതാണു് ആദ്യത്തെ പടി.

www.malankaralibrary.com

പിന്നീടാണു് കാര്യകാരണസഹിതം പ്രപഞ്ചത്തെ വിശദീകരിക്കാൻ ശ്രമിച്ചതു്.

### ചതുഷ്കാരണങ്ങൾ

പ്രപഞ്ചത്തിന്റെ വിശദീകരണത്തിനു് ചില അടിസ്ഥാനതത്വങ്ങൾ അവർ അംഗീകരിച്ചു. ഒരു വസ്തുവിനെ വിശദീകരിക്കാൻ 4 കാരണങ്ങൾ കണ്ടുപിടിച്ചാൽ മതി.– നിമിത്തകാരണം (Efficient cause), ഉദ്ദേശകാരണം (Final cause), സ്വരൂപദായക കാരണം (Formal, Exemplan cause), ഉപദാനകാരണം (Material cause) എന്നിവ. ശ്രീബുദ്ധന്റെ പ്രതിമ കാണുമ്പോൾ 'ഇതു് ആരുണ്ടാക്കി? എന്ന ചോദ്യം ഉദിക്കുന്നു. 'ശില്പി' എന്നാണുത്തരം. 'ആരുടെ ധ്യാനത്തിൽ, എന്തു പ്ലാൻ അനുസരിച്ചുണ്ടാക്കി?' എന്നാണു് അടുത്ത ചോദ്യം. 'ബുദ്ധദേവന്റെ ഛായയിൽ എന്നുത്തരം. ബുദ്ധദേവരൂപമാണു് അതിന്റെ സ്വരൂപദായകകാരണം. അതുകൊണ്ടാണിതു് ബുദ്ധന്റെ പ്രതിമയായതു്.' എന്തിനുവേണ്ടിയുണ്ടാക്കി എന്നതാണു് പിന്നത്തെ ചോദ്യം. അതിന്റെ ഉത്തരമാണു് ഉദ്ദേശ്യകാരണം (പൂജിക്കാൻ എന്നതായിരിക്കാം ഉത്തരം). 'എന്തു സാധനംകൊണ്ടു് നിർമ്മിച്ചു' എന്നതാണു് അടുത്തചോദ്യം. കരിങ്കല്ലുകൊണ്ടു് എന്നാണുത്തരമെങ്കിൽ കല്ലാണു് ഉപദാനകാരണം. ഇപ്പറഞ്ഞ ഉത്തരങ്ങളെല്ലാം ഒരുമിച്ചു ചേർത്താൽ ശ്രീബുദ്ധപ്രതിമയുടെ നിർവ്വചനമായി, വിശദീകരണവുമായി. ഉപചോദ്യങ്ങളുണ്ടാകാം, എന്തു് ആയുധം കൊണ്ടാണു് ഉണ്ടാക്കിയതു്. (Instrumental cause) എന്നും മററും. ഏതായാലും മുകളിലത്തെ ചോദ്യങ്ങളാണു് പ്രധാനം. അവയെ ചതുഷ്കാരണങ്ങൾ എന്നു് വിളിക്കുന്നു.

www.malankaralibrary.com

## സൃഷ്ടിയെപ്പററി

പ്രപഞ്ചത്തെ സംബന്ധിച്ച് ഈ നാലു ചോദ്യങ്ങൾ ചോദിക്കുക. ആരാണിതു നിർമ്മിച്ചതു്? ഈശ്വരൻ എന്നാണുത്തരം. ബൈബിൾ തുടങ്ങുന്നതു് അവിടെയാണു്. ഈ പ്രപഞ്ചത്തെ ദൈവം സൃഷ്ടിച്ചു എന്നാണു പറഞ്ഞു തുടങ്ങുന്നതു്. വികസിതവും വികസ്വരവുമായ ഈ ദൃശ്യപ്രപഞ്ചത്തിന്റെ ആധാരഭൂതമായ പ്രഥമമൂർത്തവസ്തു (Pr-emordial matter) ഈശ്വരസൃഷ്ടിയാണു്. ഈശ്വരൻ സ്വന്തം ആശയം അനുസരിച്ചു് സ്വതന്ത്രമായി ഈ പ്രപഞ്ചം ഉണ്ടാക്കി.

ഇതു് നിർമ്മാണമല്ല. കല്ലിൽനിന്നു് പ്രതിമ ഉണ്ടാക്കുന്നതിനെ നിർമ്മാണം എന്നു വിളിക്കാം. പ്രപഞ്ചസൃഷ്ടി അങ്ങനെയല്ല. ഇതു് ഉല്പാദനമല്ല—കായിൽനിന്നു് മരം ഉണ്ടാകുന്നതുപോലെ വിഭജനമല്ല—ഈശ്വരസന്നിധിയിൽനിന്നു് ഒരു ഭാഗം അടർന്നുവീണതല്ല, വിശ്വം-വിശ്വദേവതാവാദികൾ കരുതുന്നതുപോലെ—സെല്ലുകൾ വിഭജിക്കുന്നതുപോലെ വിഭജനപ്രക്രിയകൊണ്ടുണ്ടായതല്ല പ്രപഞ്ചം. അങ്ങനെ ആയിരുന്നെങ്കിൽ മൂർത്ത പ്രപഞ്ചം ഈശ്വരാംശം ആകുമായിരുന്നു.

നിർമ്മാണം, ഉൽപ്പാദനം, വിഭജനം എന്നീ അർത്ഥത്തിലാണു് മിക്ക ചിന്തകരും വിശ്വത്തെ വിശദീകരിച്ചതു്. ഗ്രീക്ക ചിന്തകരും, ഭാരതീയാചാര്യന്മാരും അങ്ങനെയൊക്കെയാണു് പഠിപ്പിച്ചതു്. പക്ഷേ, ബൈബിൾ പറയുന്നതു് ദൈവം ഇച്ഛയുടെ പ്രവർത്തനംവഴി സൃഷ്ടിച്ചു എന്നാണു്. എന്തിനും മതിയായ കാരണം (Sufficient Cause) ഉണ്ടായിരിക്കണമെന്ന തത്വത്തിനു് ചേർന്നതാണു് ഈ സിദ്ധാന്തം. സൃഷ്ടിക്കുള്ള പ്രത്യേകത അതിനു് മൂല

www.malankaralibrary.com

വസ്തു ആവശ്യമില്ലെന്നാണ്. ഇല്ലായ്മയിൽനിന്ന് ഉണ്ടാക്കുന്നതാണ് സൃഷ്ടി. സൃഷ്ടികർമ്മം വ്യക്തമായി മനസ്സിലാക്കുവാൻ മനുഷ്യബുദ്ധിക്ക് സാദ്ധ്യമല്ല. പ്രഥമവസ്തു സൂക്ഷ്മരൂപത്തിലെങ്കിലും നിത്യമായി നിലനിന്നിരിക്കാമെന്നാണ് ചില ചിന്തകർ കരുതുന്നത്. ഭൗതികവാദികൾ പറയും പദാർത്ഥം നിത്യമാണെന്ന്. പക്ഷേ, നിത്യത ഈശ്വരനു മാത്രമെ പാടുള്ളു. നിത്യതയും പദാർത്ഥപരതയും തമ്മിൽ വൈരുദ്ധ്യവുമുണ്ട്.

## ഈശ്വരൻ

പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപ്പററി ബൈബിളാണ് സൃഷ്ടിതത്വം അവതരിപ്പിച്ചത്. ഈശ്വരനെപ്പററി ഏററവും ഉന്നതമായ ആശയം ഏതാണ്ട് ബി. സി. 13-ാം നൂററാണ്ടിൽ അതിൽ ആലേഖനം ചെയ്യപ്പെട്ടു. ആകുന്നവൻ (യാഹ്‌വേ) എന്നാണല്ലോ ഈശ്വരനെ ബൈബിളിൽ വിളിക്കുന്നത്. നിത്യം വർത്തമാനാവസ്ഥയിൽ ഇരിക്കുന്നവനാണ് ഈശ്വരൻ. അരിസ്റ്റോട്ടലിന്റെ അഭിപ്രായത്തിൽ സർവ്വസമ്പൂർണ്ണനാണ്, ചിന്തിക്കുന്ന ചിന്തയാണ്, ആത്മസമാധിയിൽ അനന്തമായി വ്യാപൃതമായിരിക്കുന്ന നിർഗ്ഗുണചൈതന്യമാണ് ഈശ്വരൻ. പദാർത്ഥപരമായ ഒന്നിനോടും ബന്ധമില്ലാത്ത ചിന്ത (Pure act).

നമുക്കെല്ലാം അസ്തിത്വം, ഉണ്ടായിരിക്കുക എന്ന അവസ്ഥ ഉണ്ട്. പക്ഷെ നമുക്കു ഭൂതവും ഭാവിയുമുണ്ട്. ഈശ്വരന് എപ്പോഴും 'ഇപ്പോഴാ'ണ്. നമ്മൾ പൂർണ്ണമായ ആ ഉണ്മയിൽ (Existence) നിന്നു പങ്കുപററുകയാണ്. ഈശ്വരൻ സദ് (ആയിരിക്കുന്നത്) ആണ്. സച്ചിദാനന്ദനാണ് ഈശ്വരൻ. (സദ്=ഉണ്മ, ചിത്=മനസ്സ്, ആനന്ദ്=ആനന്ദം) എന്ന ഭാരതീയാശയം ഉന്നതമായ ഒന്നുതന്നെ.

www.malankaralibrary.com

സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചു ഭരിക്കുന്ന പുരുഷാത്മകനായ സർവ്വശക്തനാണ് അവിടുന്ന്.

## മനുഷ്യൻ

മനുഷ്യനെപ്പററി ബൈബിൾ തത്വചിന്താപരമായ വിശദീകരണം നല്കുന്നുണ്ട്. ആരാണ് മനുഷ്യൻ എന്ന പ്രശ്നം ചിന്തിക്കാൻ തുടങ്ങിയപ്പോൾ മുതൽ അതു മനുഷ്യനെ അലട്ടിയിട്ടുണ്ട്. ആദിമമനുഷ്യൻ മുതൽ ആധുനിക മനുഷ്യൻവരെ ഈ പ്രശ്നത്തെപ്പററി ചിന്തിക്കുന്നു. ഈ കഴിഞ്ഞ നൂററാണ്ടിൽ ജർമ്മനിയിൽ ജനിച്ച ഒരു സുപ്രസിദ്ധ ചിന്തകനാണ് ആർതർഷോപ്പൻഹോവർ. (1788-1860) ഒരിക്കൽ അദ്ദേഹം വഴിയിലൂടെ നടന്നുപോകവേ, അറിയാതെ ഒരു യാത്രക്കാരനുമായി കൂട്ടിയിടിച്ചു. ഈ തത്വജ്ഞന്റെ ശ്രദ്ധക്കുറവിൽ കുപിതനായ പഥികൻ ചോദിച്ചു: "ഛീ! നീയാരാ"? ചിന്താധീനനായിത്തന്നെ ഷോപ്പൻഹോവർ ഉത്തരം പറഞ്ഞു "ഞാനാരെന്നോ? ഹാ! എനിക്കതറിയാമായിരുന്നെങ്കിൽ!" നീ ആര് എന്ന പ്രശ്നം അദ്ദേഹത്തേയും അലട്ടിയിരുന്നു. അദ്ദേഹത്തിന്റെ ദോഷൈകചിന്തയ്ക്കു് നിദാനം മനുഷ്യനെപ്പററി ശരിയായ ധാരണ ഇല്ലായിരുന്നു എന്നതാണ്.

മനുഷ്യനാരാണെന്ന് ബൈബിൾ പഠിപ്പിക്കുന്നുണ്ട്. ചതുഷ്ക്കാരണങ്ങളെ അതിൽ കണ്ടെത്താം. ഈശ്വരൻ സ്വന്തം സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചുവെന്ന് അതു പറയുന്നു. സ്നേഹിക്കാനും, സേവനം ചെയ്യാനും നിത്യതയിലെത്തി മുക്തി നേടാനുമായിട്ടാണ് അവനെ സൃഷ്ടിച്ചത്. ഈശ്വരഛായ (Formal, internal cause) പ്രധാനമായും ആത്മാവിലാണ്. അത് അരൂപിയും അമർത്യവുമെന്ന നിലയിൽ ഈശ്വരനു സദൃശ്യമാണല്ലോ. ഈ നിർവ്വചനം തീർച്ചയായും മനുഷ്യനെ നല്ലവനും പ്രത്യാശാപൂർണ്ണനുമാക്കുവാൻ സഹായിക്കും.

www.malankaralibrary.com

അദ്ധ്യായം ഒമ്പതു്

# ഒരു ചിന്താപദ്ധതി

പ്രപഞ്ചത്തേയും പ്രപഞ്ചകർത്താവിനേയും പ്രപഞ്ചനായകനായ മനുഷ്യനേയുംപററി ബൈബിളിൽ കാണുന്ന തത്വങ്ങളിലാണു് ക്രൈസ്തവതത്വചിന്ത കെട്ടിപ്പടുത്തിരിക്കുന്നതു്. സ്കോളാസ്റ്റിസിസം (Scholasticism) എന്ന ചിന്താസരണി സുപ്രസിദ്ധമാണല്ലോ. ഗ്രീക്കചിന്തയ്ക്കുശേഷം വളർന്നുവന്ന ചിന്താപദ്ധതിയാണതു്. ആശയ സമ്പന്നവും, വിഹഗധതത്വമുള്ളതും, സർവ്വസ്പർശിയും സൂക്ഷ്മവുമാണു്. ചില സഭാപിതാക്കന്മാരുടെ പ്രത്യേകിച്ചു് സെൻറഗസ്റ്റിൻെറ, പഠനങ്ങളാണു് അതിൻെറ പ്രത്യക്ഷപ്രാഭവസ്ഥാനം. 9-ാംനൂററാണ്ടിൽ പഠനപദ്ധതി പുനർജ്ജന്മം കൊണ്ടപ്പോൾ ഈ ചിന്ത പ്ലേറേറാണിസത്തോടും ബന്ധപ്പെ

www.malankaralibrary.com

ട്ടകയുണ്ടായി. ജോൺ സ്കോട്ട്സ് എരിജെനയാണ് (എ. ഡി. 810_880) ക്രൈസ്തവചിന്താരീതിയെ മദ്ധ്യയുഗത്തിലെ ചിന്തയുമായി ബന്ധിപ്പിച്ചതു്.

ദൈവശാസ്ത്രത്തെ തത്വചിന്തയുമായി അനുരഞ്ജിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചു. 11_ാം നൂററാണ്ടായപ്പോഴേക്കും, സ്കോളാസ്റ്റിക്ക് ചിന്തകർ വിവാദസമ്പ്രദായംകൊണ്ടു് യൂറോപ്പിലാകെ കോളിളക്കമുണ്ടാക്കി. സാർവ്വത്രികാശയങ്ങൾ (universal-consepts) വിവേകവും വിശ്വാസവും തമ്മിലുള്ള ബന്ധം മുതലായവ വിവാദവിഷയങ്ങളായിരുന്നു. സെൻറ് ആൻസലം (1034_1109), അബലാർഡ്. (1079_1142 പാരീസ് യൂണിവേഴ്സിററി സ്ഥാപിച്ച ഫ്രാൻസുകാരൻ), ഷംപോയിലെ വില്യം (William of Champeaux-1121), സെൻറ് വിക്ടറിലെ ഹ്യൂ (Hugh of St. Victor-1141 പാരീസ്കാരൻ) പീററർ ലംബാർഡ് (1100_1160 ഇററാലിയൻ) മുതലായവരായിരുന്നു ആരംഭകാലത്തെ പ്രധാന ചിന്തകർ. അറബിച്ചിന്തകർവഴി 13_ാം നൂററാണ്ടിൽ യൂറോപ്പിലേയ്ക്കു് അരിസ്റ്റോട്ടലിൻെറ ചിന്ത കടന്നുവന്നു. അങ്ങനെ, അരിസ്റ്റോട്ടലിൻെറ ചിന്തയും ക്രിസ്ത്യൻചിന്തയും ഒന്നുചേർന്ന് അത്യുന്നതമായ ഒരു ചിന്താപദ്ധതിയായി സ്കോളാസ്റ്റിസിസം ഉയർന്നു. റോബർട്ടു് ഗ്രോസെറേറസ്റ്റ (Grosseteste 1170_1253 ഇംഗ്ലണ്ടു്) മഹാനായ ആൽബർട്ടു് (Albert the Great11 93 (1206)-1280 ജർമ്മൻ) സെൻറ് തോമസ്സ് അക്വീനാസ്സ് (1225_1274), ജോൺസൺസ്സ്കോട്ട്സ് (1308 ഇംഗ്ലണ്ടു്), മൈക്കൾസ്കോട്ടു് (1175_1232 അരിസ്റ്റോട്ടലിൻെറ ഗ്രന്ഥങ്ങൾ ലത്തീനിലേക്ക് തർജ്ജമ ചെയ്തു.) സെൻറ് ബനവഞ്ചർ (1221-1274 ഇററലി), ഒക്കാവിലെ വില്യം (d-1349 ഇംഗ്ലണ്ടു്.) മുതലായവരാണു് സ്കോളാസ്റ്റിസിസത്തിൻെറ പ്രതാപകാലത്തുണ്ടായിരുന്ന തത്വജ്ഞാനികൾ.

www.malankaralibrary.com

ശാസ്ത്രത്തിന്റെ പുരോഗതിയും നവോത്ഥാനത്തിന്റെ യുക്തിവാദവും സ്കോളാസ്റ്റിസിസത്തെ അധ:പതിപ്പിച്ചു. എങ്കിലും, ക്രൈസ്തവചിന്ത ആധുനിക ചിന്തകളിലൂടെ ജീവിച്ചുപോരുന്നു.

ആധുനിക തത്വചിന്തയിലും ക്രൈസ്തവ തത്വചിന്തയിലും ക്രൈസ്തവ തത്വചിന്തയുടെ അടിത്തറ കണ്ടെത്താം. ഹ്യൂമനിസം മുതലായ പ്രസ്ഥാനങ്ങൾക്കും ബൈബിൾ പ്രേരണ നല്കിയിട്ടുണ്ട്.

www.malankaralibrary.com

അദ്ധ്യായം പത്ത്

# ബൈബിളും രാഷ്ട്രതന്ത്രവും

അക്രൈസ്തവരായ രാഷ്ട്രീയനേതാക്കൾപോലും വേദഗ്രന്ഥത്തിൽനിന്നു് പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ടു്. അങ്ങനെ, ഭരണഘടനകളിലും അതിലെ തത്വങ്ങൾ ചെന്നെത്തി. ഗീതോപനിഷത്തുകൾ ഹൃദിസ്ഥമാക്കിയിട്ടുള്ള മഹാത്മാഗാന്ധി പറയുകയാണു്!! സംസ്കൃതത്തിലുള്ള ഭഗവദ്ഗീത ഞാൻ ഒരു വിധം നന്നായി പഠിച്ചിട്ടുണ്ടെങ്കിലും, ബൈബിൾ (പുതിയനിയമം) ആണു് എന്നെ അക്രമരാഹിത്യസിദ്ധാന്തത്തിലേക്കുയർത്തിവിട്ടതു്. ഗിരിപ്രഭാഷണത്തിലെ 'ശത്രുദ്വേഷിക്കരുതു്. വലത്തെ കവിളിൽ അടിക്കുന്നവനു് ഇടത്തെ കവിൾകൂടി കാണിച്ചുകൊടുക്കുക; ശത്രുവിനെ സ്നേഹിക്കുക, പീഡിപ്പിക്കുന്നവനുവേണ്ടി

www.malankaralibrary.com

പ്രാത്ഥിക്കുക' എന്നീ വരികൾ വായിച്ചപ്പോൾ ഞാൻ ആനന്ദം കൊണ്ടു് മതിമറന്നുപോയി.''

മധ്യയുഗത്തിൽ ക്രിസ്തുമതം സാമ്രാജ്യത്വാധിപത്യം കൊണ്ടു് ക്രമസമാധാനം കൈവരുത്തി. സ്നേഹം, അനുകമ്പ എന്നിവയെപ്പററി പഠിപ്പിച്ചതുകൊണ്ടാണു് അതു സാധിച്ചതു്. ക്രൂരന്മാരായ ചക്രവത്തിമാരെ ക്രിസ്തുമതം എതിത്തു. അവരിൽനിന്നു് രാഷ്ട്രീയമായും, ജനാധിപത്യപരമായുമുള്ള ഉടമ്പടികൾ നേടിയെടുത്തു. രാഷ്ട്രീയമായും, സംഘടനകൾക്കുവേണ്ടി പ്രവത്തിച്ചു. ഭരണതന്ത്രകലയുടെ അടിസ്ഥാനതത്വങ്ങൾ യൂറോപ്പിനെ പഠിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

അദ്ധ്യായം പതിനൊന്നു്

# സംസ്കാരത്തിന്റെ പ്രഭവസ്ഥാനം

പൗരാണിക സംസ്കാരങ്ങളെല്ലാം മതത്തോടൊത്താണ് വളർന്നുവന്നതു്. സംസ്കാരം എന്നതിനു് പല നിർവ്വചനങ്ങളുമുണ്ടു്. വ്യക്തികളുടെ ജ്ഞാനപ്രകാശനത്തിന്റേയും, സമുദായത്തിന്റെ പുരോഗതിയുടേയും സമ്മേളനമാണതു്. സത്യത്തിലും നീതിയിലും അധിഷ്ഠിതമായ സാമുദായിക ബന്ധങ്ങളുള്ള ഒരു സമുദായം പരിഷ്കൃതമാണെന്നു പറയാം. ഒരു രാഷ്ട്രത്തിന്റെ സംസ്കാരം അവിടത്തെ ജനങ്ങളുടെ ആത്മാവിലും ഹൃദയത്തിലുമാണ് കുടികൊള്ളുന്നതു് എന്നു് മഹാത്മാഗാന്ധിയും, മനസ്സിന്റേയും ആത്മാവിന്റേയും വികസനമാണ് സംസ്കാരമെന്നു് നെഹ്റുവും പറഞ്ഞിട്ടുണ്ടു്. "സംസ്കാരം എന്നതു് സമുദായ

www.malankaralibrary.com

ത്തിന്റെ ആത്മാവാണ്''' എന്ന് ക്രിസ്റ്റഫർ ഡൗസൺ സമർത്ഥിക്കുന്നു. മനുഷ്യന്റെ ആത്മികവും സാന്മാർഗ്ഗികവുമായ വികസനവുമാണ് യഥാർത്ഥസംസ്കാരം. വിജ്ഞാനംകൊണ്ട് മനുഷ്യന്റെ ബുദ്ധിയെ വികസിപ്പിക്കാനും, ധാർമ്മികനിയമങ്ങൾകൊണ്ട് ഹൃദയത്തെ സംസ്കരിക്കാനും, നീതിയിലും സത്യത്തിലും അടിയുറച്ച സമുദായിക ബന്ധം സ്ഥാപിക്കാനും ബൈബിളിൽ വിശ്വസിക്കുന്നവർ പരിശ്രമിക്കുന്നു. തത്വചിന്ത, കല, സാഹിത്യം, ധർമ്മശാസ്ത്രം വിദ്യാഭ്യാസപ്രവർത്തനങ്ങൾ എന്നിവവഴി ചിന്തയേയും കലയേയും അത് എത്രമാത്രം സ്വാധീനിച്ചുവെന്നു നാം കണ്ടുവല്ലോ. ഇനി മനുഷ്യസംസ്കാരത്തിന്റെ മററുചില വശങ്ങളെപ്പററി നമുക്ക് ചിന്തിക്കാം.

ബൈബിളിലെ ആദർശങ്ങളിൽ അധിഷ്ഠിതമായ മതം, ക്രൈസ്തവമതം, ആദ്യമായി കണ്ടത് സാംസ്കാരികമായി നശിക്കാററായ യൂറോപ്പിനെയാണ്. റോമിന്റെ പ്രതാപം അസ്തമിച്ചിരുന്നു. വിദ്യാഭ്യാസമില്ലാതായി, അനീതിയും അധർമ്മവും എവിടേയും നടമാടി. സമാധാനം ഒരു ഭൂതകാലസ്വപ്നമായി നിലകൊണ്ടു. ഇത്തരം ഒരു കാലഘട്ടത്തിൽ ക്രിസ്തുമതം പ്രവർത്തനം ആരംഭിച്ചു. പല നൂററാണ്ടുകൾകൊണ്ട് സമാധാനം പുനഃസ്ഥാപിച്ചു. സമുദായങ്ങളെ പുനർജ്ജീവിപ്പിക്കുകയും, അടിമത്വം അവസാനിപ്പിക്കുകയും ചെയ്തു.

കുടുംബത്തിന്റെ ഭദ്രതയ്ക്കുവേണ്ടി ക്രൈസ്തവസഭ അക്ഷീണം യത്നിച്ചു. കുടുംബമാണല്ലോ നാഗരീകതയുടെ ആധാരവും പ്രാഥമിക ഘടകവും. സ്ത്രീത്വത്തിന്റെ മഹത്വത്തെപ്പററി സഭ പഠിപ്പിച്ചു. ഏകഭാര്യത്വം നിയമമാക്കി വിവാഹം അഭേദ്യമാക്കിക്കൊണ്ട് കുടുംബജീവിതത്തെ ക്രമപ്പെടുത്തി. ക്രൈസ്തവസന്യാസിമാർ ജനങ്ങളുടെ

www.malankaralibrary.com

സാമ്പത്തികാഭിവൃത്തിക്കുവേണ്ടി യത്നിച്ചിരുന്നു. ക്രൈസ്തവസന്യാസാശ്രമങ്ങൾ മദ്ധ്യയുഗത്തിൽ എല്ലാ രാജ്യങ്ങളിലും വിദ്യാഭ്യാസത്തിൻെറ മാത്രമല്ല, കലകളുടെയും, കൃഷികവൃത്തിയുടെയും ഓരോ മാതൃകാവിദ്യാലയംകൂടിയായിരുന്നു എന്നു് സുപ്രസിദ്ധ ജർമ്മൻ സാഹിത്യകാരനായ ജാൻസൻ പറയുന്നു.

## ലോകത്തെ കണ്ടെത്തൽ

മർക്കോപോളോ (1254-1324), ഇററാലിയൻ നിക്കോളോകോണ്ടി (ഇററാലിയൻ സഞ്ചാരി, 1440 കൊല്ലത്തും കൊച്ചിയിലും വന്നിട്ടുണ്ടു്.), കൊളമ്പസ് [1451-1506, ഇററാലിയൻ] മാഗില്ലൻ [Magellan 1480-1521], വാസ്കോഡിഗാമ (1460-1524 പോർട്ടുഗീസുകാരൻ). ഡയസ് (Diaz, d 1500 പോർട്ടുഗീസു് 1492 ഗുഡ്ഹോപ്പു മുനമ്പു കണ്ടുപിടിച്ചു.) മുതലായ ഉത്തമ ക്രൈസ്തവരുടെ ലോകസഞ്ചാരങ്ങൾ ലോകചരിത്രത്തെ മാററി മറിച്ചു. കത്തോലിക്കാസഭയുടെ പ്രോത്സാഹനവും സഹായവുംകൊണ്ടാണു് അവയൊക്കെ സാധിച്ചതു്.

## വിദ്യാഭ്യാസം

മദ്ധ്യയുഗത്തിൽ വിദ്യാഭ്യാസം എന്നതു് കത്തോലിക്കാസന്യാസാശ്രമങ്ങളിൽ മാത്രമായി. സുപ്രസിദ്ധ ചരിത്രജ്ഞനായ ഡോളിഞ്ചർ [J. J. I. Dollinger. 1799-1890, ജർമ്മൻ] പറയുംപോലെ ബ്രിട്ടനിലേയും അയർലണ്ടിലേയും സന്യാസാശ്രമങ്ങളിൽ വിദ്യാഭ്യാസം അഭയം തേടി. സന്യാസാശ്രമങ്ങൾ കലാലയങ്ങളായി മാറി. അവർ തുടങ്ങിയ കലാലയങ്ങൾ മദ്ധ്യയുഗത്തിലെ പണ്ഡിതന്മാരെ വാർത്തെടുത്തു. മതവിപ്ളവത്തിനുമുമ്പ് യൂറോപ്പി

www.malankaralibrary.com

ലുണ്ടായിരുന്ന 81 സർവ്വകലാശാലകളിൽ മുക്കാൽ ഭാഗവും മാർപ്പാപ്പാമാരിൽനിന്നാണ്. അധികാരപത്രങ്ങൾ സ്വീകരിച്ചതു്. പാരീസിലേയും, ബക്കിലേയും കലാലയങ്ങൾ പ്രാചീനസാഹിത്യത്തിൻേറയും കേന്ദ്രങ്ങളായിരുന്നു. സെൻറ് ആൻസലം, ലൻഫ്രാങ്ക്, അബലാർഡ് മുതലായ പണ്ഡിതന്മാർ അവിടെ പഠിപ്പിച്ചിരുന്നു. 16-ാം നൂററാണ്ടിനുമുമ്പ് ഫ്രാൻസ്, ഇററലി, സ്പെയിൻ, ജർമ്മനി മുതലായ രാജ്യങ്ങളിൽ 66 യൂണിവേഴ്സിററികളുണ്ടായിരുന്നു. സ്കോളാസ്റ്റിസിസം എന്ന തത്വചിന്താരീതിയെപ്പററി മുമ്പൊരിടത്തു പറഞ്ഞുവല്ലോ. ഇങ്ങനെ വിജ്ഞാനവും, സന്മാർഗ്ഗബോധവും വർദ്ധിപ്പിക്കുവാൻ ക്രൈസ്തവർക്ക് ഉത്തേജനം നല്കിയതു് ബൈബിളാണ്. സുപ്രസിദ്ധമായ നവോത്ഥാന പ്രസ്ഥാനം ക്രൈസ്തവ മതത്തിൽനിന്നാണല്ലോ ഉത്ഭവിച്ചതു്. ശാസ്ത്രീയാഭിവൃത്തിക്കും സഭ പ്രോത്സാഹനം നല്കിയിട്ടുണ്ട്. സുകുമാരകലകളെപ്പററി മുമ്പ് പ്രതിപാദിച്ചിട്ടുണ്ടല്ലോ. വിജ്ഞാനം, സുകുമാരകലകൾ, വ്യവസായം, കൃഷി മുതലായവയിലുള്ള വളർച്ച മതത്തിൻെറ പ്രാഥമികോദ്ദേശ്യമല്ല. എങ്കിലും മതത്തെക്കൂടാതെ ഇതൊന്നും വളർന്നിട്ടില്ല.

മുകളിൽ പ്രസ്താവിച്ചതുപോലെ മദ്ധ്യയുഗത്തിൻെറ അന്ത്യത്തിലുണ്ടായ ബൗദ്ധികവും സാംസ്കാരികവുമായ മുന്നേററത്തെയാണ് 'നവോത്ഥാനം' എന്നു് വിളിക്കുന്നതു്. പ്രസ്തുത നവോത്ഥാനത്തിൻേറയും ഹ്യൂമനിസത്തിൻേറയും ഹേതുഭൂതമായിട്ടുള്ളതു് ബൈബിളിൽനിന്നുൾക്കൊണ്ടുള്ള പ്രചോദനമല്ലാതെ മറെറാന്നുമല്ല.

ഒരു ഫ്രഞ്ചുകവിയും ചിന്തകനുമായ പോൾ വാലരി (Paul Valery 1871–1945) ഇപ്രകാരം പ്രസ്താവിക്കുന്നു. "യൂറോപ്യൻ സംസ്കാരം മൂന്നു് അടിസ്ഥാനങ്ങളിലാണ്

www.malankaralibrary.com

നിലകൊള്ളുന്നതു്. ഗ്രീക്കുകാരുടെ ബുദ്ധിപരമായ ജിജ്ഞാസ, റോമാക്കാരുടെ നിയമം, (ക്രമസംവിധാനം) യഹൂദക്രൈസ്തവരുടെ ആദ്ധ്യാത്മികത'' ഇതിൽ ഏററവും പ്രധാനപ്പെട്ടതു് മൂന്നാമത്തെ ഘടകമാണു്. അതിനു് രൂപവും ഭാവവും നല്കിയതു് ബൈബിളത്രെ.

ചിന്താപരവും പ്രവൎത്തനപരവുമായ വികസനമാണു് സംസ്കാരം. ഉത്തമജീവിതത്തിനാവശ്യമായ ഭൗതികാഭിവൃത്തിയിൽ മാത്രമല്ല ധാൎമ്മികവും, ക്രിയാത്മകവും ആദ്ധ്യാത്മികവുമായ പ്രവൎത്തനങ്ങളിലും അതു് താല്പൎയ്യം കാണിക്കും. മനുഷ്യപുരോഗതി എന്ന പേരിനു് അർഹമാക്കുന്നതു് ഈ പ്രവൎത്തനങ്ങളാണു്. വൎഗ്ഗം, ദേശം, സാഹചൎയ്യം, സാമ്പത്തികസ്ഥിതി ആത്മീയചിന്ത എന്നിവയാണു് സംസ്കാരത്തിന്റെ ഘടകങ്ങൾ. ചുരുക്കത്തിൽ മനുഷ്യന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ വളൎച്ചയാണു് സംസ്കാരം. ആ വളൎച്ചയ്ക്കു് ബൈബിളിൽനിന്നു് പ്രചോദനം ഉൾക്കൊണ്ട ഒരു മതമാണു് സഹായിച്ചതു്. മനുഷ്യജീവിതത്തിന്റെ മഹത്വീകരണമാണു് സംസ്കാരമെങ്കിൽ ആ മഹത്വീകരണത്തിനു് ബൈബിളാണു് സഹായിച്ചതു്. മനുഷ്യന്റെ ആന്തരികവളൎച്ചയാണു് അതെങ്കിൽ, ആ വളൎച്ചയെയാണു് ക്രിസ്തുമതം പ്രധാനലക്ഷ്യം വച്ചതു്. അതു് ഒരു പെരുമാററരീതിയാണെങ്കിൽ, പൊതുജീവിതരീതിയാണെങ്കിൽ അതിനെ ക്രമീകരിക്കുകയാണു് ക്രിസ്തുമതം ചെയ്തതു്.

അങ്ങനെ മനുഷ്യന്റെ നാനാമുഖമായ വികസനം സാധിച്ചുകൊണ്ടു് വേദപുസ്തകം ആധുനിക സംസ്കാരത്തെ കെട്ടിപ്പെടുത്തിയെന്നു പറയാം.

www.malankaralibrary.com

അദ്ധ്യായം പന്ത്രണ്ട്

# ബൈബിളും ക്രൈസ്തവസഭയുടെ ചരിത്രവും

മററ് ഏതു് ചരിത്രഗ്രന്ഥത്തേക്കാളും ചരിത്രം സൃഷ്ടിച്ച ഗ്രന്ഥമാണ് ബൈബിൾ. അതിൽ വിവരിക്കപ്പെടുന്ന സംഭവങ്ങളേക്കാൾ വിസ്മയാവഹവും സവ്വ്ത്രികവുമായ സംഭവവികാസങ്ങളാണ് അതു് സൃഷ്ടിച്ചതു്. സംസ്കാരിക പ്രവത്തനങ്ങൾ, ജീവകാരുണ്യ പ്രവത്തനങ്ങൾ എന്നിവവഴി അവണ്ണനീയമായ നന്മ ലോകത്തെങ്ങും ചെയ്യാൻ പ്രേരണ നല്കിയ പ്രസ്തുതഗ്രന്ഥം ചില ഭീകര സംഭവങ്ങൾക്കും കാരണമായിട്ടുണ്ട്. വിശ്വസ്തതാപൂവ്വം അതിനെ പരിരക്ഷിക്കാനുള്ള വ്യഗ്രതയിൽ ചുരുക്കംചില

www.malankaralibrary.com

അനിഷ്ട സംഭവങ്ങളുണ്ടായി. വൈക്ലിഫിൻെറ (c 1328–1384) കഥയെടുക്കുക. അദ്ദേഹമാണ് ആദ്യമായി ഇംഗ്ലീഷിലേക്ക് വേദഗ്രന്ഥം തർജ്ജമ ചെയ്തത്. (1382) അദ്ദേഹം ഒരു വിപ്ലവകാരിയായി പരിഗണിക്കപ്പെട്ടു, പരമ്പരാഗതമായ പലതും നിഷേധിച്ചതുകൊണ്ട്. അദ്ദേഹത്തിൻെറ ശരീരം ഒരു ആംഗ്ലിക്കൻ ബിഷപ്പ് മാന്തിയെടുത്ത് ദഹിപ്പിച്ചു കളഞ്ഞു! ടിൻഡലിൻെറ (d 1536) തർജ്ജമ (1525) ലണ്ടനിലെ ബിഷപ്പ് അഗ്നിക്കിരയാക്കി. പുതിയ നിയമം തർജ്ജമ ചെയ്യുന്നതിൽ പ്രതിഷേധമുണ്ടായപ്പോൾ ടിൻഡൻ ജർമ്മനിയിലേക്ക് ഒളിച്ചോടിയെങ്കിലും 1535_ൽ ആൻഡ്‌വെർപ്പ് (Antwerp) ൽ വച്ച് അദ്ദേഹം ബന്ധിതനായി. അദ്ദേഹം പാഷണ്ഡിയായി മുദ്രയടിക്കപ്പെട്ട് വധിക്കപ്പെടുകയാണുണ്ടായത്. ഈ മഹാന്മാരുടെ തർജ്ജമകൾ കിങ്ങ് ജെയിംസ് പതിപ്പിൻെറ നിർമ്മാണത്തെ എളുപ്പമാക്കിയെന്നത് മറക്കാനാവതല്ല. ക്രൈസ്തവ ലോകത്തെ വിഭജിക്കാനുള്ള ആയുധമായി വേദപുസ്തകത്തെയാണ് ലൂഥർ മുതലായ വിപ്ലവകാരികൾ സ്വീകരിച്ചത്.

വിഭജനത്തിന് കരുവായിതീർന്ന ബൈബിൾ തന്നെയാണ് ക്രൈസ്തവലോകത്തെ ഒന്നിപ്പിക്കുവാനുള്ള ശക്തിയെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്നു. ''വേർപ്പെട്ട സഹോദരങ്ങളുമായുള്ള സംഭാഷണത്തിൽ സുശക്തമായ ദൈവീക കരത്തിലുള്ള അമൂല്യമായ ഒരുപാധിയാണ് വേദഗ്രന്ഥം'' എന്ന് പോപ്പ് പോൾ 6_ാമൻ പറയുകയുണ്ടായി. എല്ലാവർക്കും അംഗീകരിക്കത്തക്ക തർജ്ജമകളുണ്ടാക്കാനാണ് ഇന്ന് വിവിധസഭകളിലെ പണ്ഡിതന്മാർ യത്നിക്കുന്നത്. അങ്ങനെ, കഴിഞ്ഞ കാലങ്ങളിൽ അസംഖ്യം സമരങ്ങൾക്കും, വിഭജനത്തിനും കാരണമാക്കിയ

www.malankaralibrary.com

ഈ ഗ്രന്ഥം മാത്രമാണ് സഭകൾ തമ്മിലുള്ള സഹവർത്തിത്വത്തിനും, സഹകരണത്തിനും, സർവ്വോപരി സുശക്തമായ ഐക്യത്തിനും കാരണമാകാൻ പോകുന്നതു്.

കൺഫ്രറ്റേണിററി ബൈബിളിനെ ഹീബ്രുവിലും, ഗ്രീക്കിലും എഴുതപ്പെട്ട പൗരാണികഗ്രന്ഥങ്ങളിൽ അധിഷ്ഠിതമായ ആദ്യത്തെ ഔദ്യോഗിക തർജ്ജമയായി കത്തോലിക്കർ അംഗീകരിക്കുന്നു. അമേരിക്കൻ പ്രോട്ടസ്റ്റൻറ് പണ്ഡിതന്മാരുണ്ടാക്കിയ റിവൈസ്ഡ് സ്ററാൻറാഡ് വേർഷൻ ചില ചില്ലറവ്യത്യാസങ്ങൾ മാത്രം വരുത്തി ഒരു ഔദ്യോഗിക തർജ്ജമയായി കത്തോലിക്കർ അംഗീകരിച്ചു. അഗാധവും, പണ്ഡിതോചിതവുമായ ഗവേഷണങ്ങളുടെ ഫലമാണ് ആ തർജ്ജമ.

പകർത്തലുകൾ വഴി നൂററാണ്ടുകളോളം ജീവിച്ച വേദഗ്രന്ഥത്തിൽ ചില പാഠഭേദങ്ങൾ കടന്നുകൂടിയതിൽ അത്ഭുതപ്പെടാനില്ല. ഏററവും ആധികാരികമെന്നു കരുതപ്പെടുന്ന സംസ്കൃത വ്യാകരണമായ പാണിനീയത്തിൽ എത്രയോ തെററുകളാണ് കാണപ്പെടുന്നതു്, വേലിതന്നെ വിളവുതിന്നുന്നതുപോലെ.

പകർത്തലുകൾ മൂലം വന്നുചേർന്നിട്ടുള്ള അത്തരം തെററുകൾ തിരുത്താനും, മൂലകൃതിയോടേററം അടുത്തു നില്ക്കുന്ന തർജ്ജമയുണ്ടാക്കാനുമായി ക്രൈസ്തവരും യഹൂദരും ഒന്നുചേർന്ന് വർഷങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

www.malankaralibrary.com

അദ്ധ്യായം പതിമൂന്ന്

# അസാധാരണമായ പ്രചാരണം

ഏററവുമധികം വായിക്കപ്പെടുന്ന ഗ്രന്ഥമാണ് ബൈബിൾ. അതിനെപ്പററി എഴുതിയിട്ടുള്ളതുപോലെ മറെറാന്നിനെപ്പററിയും എഴുതപ്പെട്ടിട്ടില്ല. ക്രിസ്തുമതത്തിന് മുമ്പു തന്നെ അതിന് (പഴയനിയമം) പ്രചുരപ്രചാരം ലഭിച്ചു.

ക്രിസ്ത്യാനികൾ പ്രചരിപ്പിച്ചുതുടങ്ങിയതോടെ അതിന്റെ പ്രചാരം ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചു. സർവ്വകലാശാലകളോ, അച്ചടിശാലകളോ ഇല്ലാതിരുന്ന കാലത്ത് ഈ ഗ്രന്ഥം പ്രചരിച്ചു. ഇന്ന് 1300 ലേറെ ഭാഷകളിൽ തർജ്ജമയുണ്ട്. ഇന്ന് വേദഗ്രന്ഥത്തിന് എത്ര കോപ്പികളുണ്ടെന്നു കണക്കാക്കുക സാദ്ധ്യമല്ല. ഒരോ വർഷവും അത് രണ്ടു മില്യൻ എന്ന തോതിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. കാർഡിനൽ ഹീനാൻ പറയുന്നതു പോലെ "മതതീഷ്ണതകുറയുന്ന ആധുനിക കാലത്തുപോലും വേദഗ്രന്ഥം വായിക്കാനുള്ള ആഗ്രഹം പ്രകടമാകുന്നുണ്ട്."

www.malankaralibrary.com

അദ്ധ്യായം പതിനാല്

# ബൈബിൾ എഴുതപ്പെടുന്നു

പുരാതനകാലത്ത് എഴുതിവയ്ക്കുന്ന പതിവില്ലായിരുന്നു. വായ്മൊഴികളിലൂടെ, പാരമ്പര്യത്തിലൂടെ, ഗ്രന്ഥങ്ങൾ ജീവിച്ചുപോന്നു. വർണ്ണനകൾ, കഥകൾ, ആപ്തവാക്യങ്ങൾ, ഗാനങ്ങൾ എന്നീ രൂപങ്ങളിൽ ബൈബിൾ തലമുറകൾ തലമുറകളായി നിലനിന്നു. ഭാരതത്തിലെ വേദങ്ങൾ (ഋക്ക്, സാമയജൂസ്, അഥർവ്വം), ബ്രാഹ്മണങ്ങൾ അരണ്യകങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ മുതലായവയും മുസ്ലീങ്ങളുടെ മതഗ്രന്ഥമായ ഖുറാനും ഇതുപോലെതന്നെ എഴുതപ്പെടുന്നതിനു മുമ്പ് വായ്മൊഴിയായി നിലനിന്നവയാണ്. പൗരസ്ത്യർ ഒന്നും എഴുതിവച്ചിരുന്നില്ല. ഓർമ്മശക്തിയിലാണ് അവർ എല്ലാം സംഗ്രഹിച്ചിരുന്നത്.

www.malankaralibrary.com

അന്നു് നന്നായി പറയുവാൻ കഴിവുള്ളവനാണു് 'എഴുത്തുകാരൻ'. നല്ല ഓർമ്മശക്തിയും സംസാരശക്തിയുമാണു് അയാൾക്കാവശ്യം. യഹൂദപണ്ഡിതന്മാർ പറയുമായിരുന്നു: "നല്ല ശിഷ്യൻ നന്നായിട്ടുണ്ടാക്കിയ കുടംപോലെയാണു്. ഗുരുവിന്റെ പഠനത്തിന്റെ ഒരൊററ തുള്ളിപോലും പുറത്തുപോകാൻ അയാളനുവദിക്കയില്ല" എന്നു്.

ഓർമ്മയിൽ നിർത്തുന്നതിനുവേണ്ടി വൃത്തത്തിലും താളത്തിലുമാണു് അവർ പഠിച്ചിരുന്നതു്. ഏതാണ്ടു് ഗാനംപോലെ എഴുതപ്പെട്ട വേദഗ്രന്ഥത്തിൽ തന്നെ ഇതിന്റെ അടയാളങ്ങളുണ്ടു്.

ജറമിയാ പ്രവാചകന്റെ പ്രവചനങ്ങൾ എഴുതപ്പെട്ടന്നതിനുമുമ്പു് 22 വർഷക്കാലത്തേക്കു് വായ്മൊഴിയായി നിലനിന്നു. പഴയകാലത്തു് ചുരുക്കം ചില ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിരുന്നു എന്നതിനു് തെളിവുകളുണ്ടു്. "യാഹ്വേയുടെ യുദ്ധങ്ങളുടെ പുസ്തകം" "നീതിമാന്മാരുടെ പുസ്തകം" എന്നിങ്ങനെയുള്ള ചില പുസ്തകങ്ങളെക്കുറിച്ചു് ബൈബിളിൽ പറയുന്നുണ്ടു്. ഹീബ്രു ജനത ഈജിപ്തിലായിരുന്ന കാലത്തു് നൈൽനദി തീരപ്രദേശങ്ങളിൽ എഴുത്തു് സാധാരണമായിരുന്നു. എങ്കിലും അന്നൊക്കെ ഓർമ്മയെ സഹായിക്കാൻ മാത്രമായിരുന്നു എഴുത്തുകൾ.

ബൈബിളിന്റെ രണ്ടാംഭാഗത്തിലെ ആദ്യപുസ്തകങ്ങളായ സുവിശേഷങ്ങൾ ആദ്യം എഴുതപ്പെടുകയല്ലാ പ്രസംഗിക്കപ്പെടുകയാണു് ചെയ്തതു്. നമ്മൾ സുവിശേഷങ്ങളിൽ കാണുന്നതെല്ലാം ക്രിസ്തുവിന്റെ ശിഷ്യന്മാർ മനഃപാഠമാക്കി പ്രസംഗിച്ചിരുന്നതാണു്. കുറെ കൊല്ലങ്ങൾക്കശേഷം അവർ പറഞ്ഞിരുന്നതെല്ലാം അവർതന്നെ എഴുതിവച്ചു. എഴുതപ്പെട്ടതിനുശേഷവും മൂന്നുനാലു് തലമുറക്കാലത്തേക്കു്

www.malankaralibrary.com

സുവിശേഷങ്ങൾ വായിച്ചറിഞ്ഞിരുന്നില്ല. കഥയും തത്വവും എല്ലാം പറഞ്ഞുകേൾപ്പിക്കയായിരുന്നു. കണ്ണുകൊണ്ടു കണ്ടവർ അനന്തരതലമുറയോടു പറഞ്ഞു; ആ തലമുറ പിന്നത്തെ തലമുറയോടു പറഞ്ഞു. ഇങ്ങനെയാണു് ക്രിസ്ത്യാനികൾ ബൈബിൾ മനസ്സിലാക്കിയിരുന്നതു്.

അന്നു് എഴുതപ്പെട്ടിരുന്നു എങ്കിലും കോപ്പികൾ എല്ലായിടത്തും കിട്ടുക സാദ്ധ്യമല്ലായിരുന്നല്ലോ, അച്ചടി ഇല്ലാതിരുന്നതുകൊണ്ടു്. മാത്രമല്ല, ഓർമ്മയിൽനിന്നു് പറഞ്ഞുകേൾക്കുന്നതാണു് അവർക്കു കുറേക്കൂടി സജീവമായി തോന്നിയതു്. A. D. 130–ൽ പപ്പിയാസ് (ഹിയരാപോലീസിലെ മെത്രാൻ) പറയുകയാണു്, പാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം എഴുതപ്പെട്ടതിനേക്കാൾ താനിഷ്ടപ്പെടുന്നതു് "സജീവവും സ്ഥാപിതവുമായ വാക്കാണെ"ന്നു്. കുറെക്കൂടി കഴിഞ്ഞപ്പോൾ ലയൻസിലെ ഇറനേവൂസ് പറയുന്നുണ്ടു്, സ്മിർണായിലെ മെത്രാനായ പോളിക്കാർപ്പ് സുവിശേഷസംഭവങ്ങളെപ്പററി വിവരിച്ചതു് താൻ കേട്ടിരുന്നു എന്നു്. ക്രിസ്തുവിൻെറ ശിഷ്യനായ യോഹന്നാൻ ശ്ലീഹായിൽനിന്നു് കേട്ടകാര്യങ്ങളാണു് പോളിക്കാർപ്പ് പറഞ്ഞിരുന്നതു്. അപ്പോൾ നേരിട്ടു കണ്ടയാൾ പറയുന്നതുപോലെ യഥാതഥവും സജീവവുമായിരുന്നു ആ വിവരണങ്ങൾ. (2–ാംഭാഗത്തിലെ 27–ാംഅദ്ധ്യായം നോക്കുക)

തെററുകളും അതിവർണ്ണനങ്ങളും മററും ഉണ്ടാകാതിരിക്കാൻവേണ്ടി എഴുത്തു് ആവശ്യമായി തോന്നിയതുകൊണ്ടു് വേദഗ്രന്ഥം എഴുതിവച്ചു.

### 1 പഴയനിയമം

ബൈബിളിൻെറ ആദ്യഭാഗം അഥവാ പഴയനിയമം എന്നാണു് എഴുതപ്പെട്ടതെന്നു് കൃത്യമായി പറയുക സാദ്ധ്യമല്ല.

www.malankaralibrary.com

ഏതാണ്ട്, ബി. സി. 13-ാംനൂററാണ്ടിൻെറ ഉത്തരാദ്ധ്വത്തിൽ മോസ്സസ് (മോശ) തൻെറ ജനതയെ സംബന്ധിക്കുന്ന കാര്യങ്ങൾ കുറിച്ചുവച്ചു. അതിനു പ്രധാനമായ നാലു പകർപ്പുകളാണ് പിന്നീടുണ്ടായത്.

1) യാഹ്‌വേയിസ്റ്റുമൂലം: ഇതു് മിക്കവാറും സോളമൻെറ കാലത്തുണ്ടാക്കിയ പകർപ്പാണ്. ദൈവത്തെപ്പററി യാഹ്‌വേ (യഹോവ) എന്നു് പ്രയോഗിച്ചിരിക്കുന്നതുകൊണ്ടാണു ഈ പേരുണ്ടായതു്. ജർമ്മൻ പണ്ഡിതന്മാർ ഇതിനു് 'ജെ' മൂലം എന്നു വിളിക്കുന്നു.

2) എലോഹിസ്റ്റ്മൂലം: ബി. സി. 926-ൽ സോളമൻെറ കാലശേഷം യൂദാരാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. വടക്കൻഭാഗം ഇസ്രായേൽ, തെക്കുള്ളതു് യൂദാ. ഏതാണ്ട 8-ാംനൂററാണ്ടിൽ വടക്കൻ പ്രദേശത്തുള്ളവർ ഒരു പകർപ്പുണ്ടാക്കി. അതാണ് എലോഹിസ്ററ്മൂലം. ദൈവത്തെ 'എലോഹിം' എന്നു് വിളിച്ചതുകൊണ്ട് ഈ പേരുണ്ടായി. ബി. സി. 722-നു് ശേഷം വടക്കൻ പ്രദേശം അസീറിയക്കാർ പിടിച്ചെടുത്തു. അന്നു് അവിടന്നു് ഓടിരക്ഷപ്പെട്ടവർ എലോഹിസ്ററ്മൂലം യൂദായിൽ കൊണ്ടുവന്നു് അവിടെയുണ്ടായിരുന്ന മൂലവുമായി ഒത്തുനോക്കി.

3) ഇക്കാലത്തു് വടക്കൻ പ്രദേശത്തെ പുരോഹിതന്മാർ ഉണ്ടാക്കിയ രേഖയാണ് 'ആവർത്തനപുസ്തകം' എന്ന മൂലം.

4) തെക്കൻപ്രദേശത്തുള്ള പുരോഹിതന്മാർ ചേർന്നു് ഒരു മൂലം ഉണ്ടാക്കി. അതിനെ പുരോഹിതമൂലമെന്നു വിളിച്ചിരുന്നു. ഇവയെല്ലാം ഒന്നാക്കിയതാണ് ഇന്നുള്ള പഞ്ചഗ്രന്ഥി അഥവാ തോറ എന്ന ഭാഗം.

അഞ്ചാം നൂററാണ്ടിലായിരിക്കാം ഇതു് ഒററ ഗ്രന്ഥമാക്കിയതു്. ബി. സി. 538-ൽ സൈറസ്സ് രാജാവു്

www.malankaralibrary.com

ബാബിലോണിയായിൽ അടിമത്തമനുഭവിച്ചിരുന്ന യഹൂദരെ നാട്ടിലേയ്ക്കു വിട്ടയച്ചു. അവർ വന്നു് ഒരു രാഷ്ട്രം നിർമ്മിച്ചു. "ഏതാണ്ടു് 445-ൽ നെഹേമിയാസ് ജറുസലത്തിന്റെ കോട്ട വീണ്ടും പണുതു. പണ്ഡിതനായ എസ്ദ്രാസ് ആദ്ധ്യാത്മിക ദുർഗ്ഗമായ ബൈബിൾ ക്രമപ്പെടുത്തി എഴുതി. അതിലെ നിയമങ്ങൾ ജനതയെക്കൊണ്ടു് അനുസരിപ്പിച്ചു." 4-ാം നൂററാണ്ടിൽ ഏഥൻസിലെ പിസിസ്ട്രാററസ് (Pisistratuse–605–527) ഹോമറിന്റെ കവിതകളെല്ലാം ക്രമപ്പെടുത്തി എഴുതിയതുപോലെ ഇസ്രായേൽക്കാർ അഞ്ചാം നൂററാണ്ടിൽ പഞ്ചഗ്രന്ഥിയുടെ വിവിധഭാഗങ്ങൾ ക്രമപ്പെടുത്തി എഴുതി.

## 2 പുതിയനിയമം

ബൈബിളിന്റെ രണ്ടാംഭാഗമായ പുതിയനിയമം എഴുതപ്പെട്ടതിനെപ്പററി കൂടുതൽ വ്യക്തമായ അറിവുണ്ടു്. പപ്പിയാസ് എന്ന പ്രാചീന ഗ്രന്ഥകാരൻ പറയുന്നു: "മത്തായിയാണു് ആദ്യമായി ഹീബ്രുഭാഷയിൽ കർത്താവിന്റെ വാക്കുകൾ എഴുതിയതു്." പിന്നീടു് മർക്കോസും ലൂക്കായും സുവിശേഷമെഴുതി. ഏ. ഡി. 96നും 98നുമിടയ്ക്കു് യോഹന്നാനുമെഴുതി.

www.malankaralibrary.com

അദ്ധ്യായം പതിനഞ്ച്

# ബൈബിളിലെ ഭാഷ

ഹീബ്രു ഭാഷയിലാണ് പഴയനിയമത്തിന്റെ മിക്ക ഭാഗങ്ങളുമെഴുതിയത്. ഇസ്രായേൽജനം ഇന്നും ആ ഭാഷ തങ്ങളുടെ ആരാധനാക്രമത്തിൽ ഉപയോഗിക്കുന്നു. പില്ക്കാലത്ത് ഹീബ്രുഭാഷയുടെ ഉപഭാഷയായ അരമയിക്ക് പ്രധാന ഭാഷയായി. ക്രിസ്തു ഈ ഭാഷയാണ് ഉപയോഗിച്ചിരുന്നത്. ക്രിസ്തു ജനിക്കുന്നതിന് മുമ്പുതന്നെ ഗ്രീക്കുഭാഷ പ്രാബല്യത്തിലായി. 'മക്കബായരുടെ' രണ്ടാം പുസ്തകവും 'വിജ്ഞാന'വും ഗ്രീക്കിലാണ്. പുതിയനിയമത്തിലെ മിക്ക ഭാഗവും ഗ്രീക്കിലാണ് വിരചിതമായത്. തത്വചിന്തകനായ പ്ലേറ്റോയും (427-347) കാവ്യകാരണനായ ഹോമറും (700 ബി. സി.) ഉപയോഗിച്ച അതേ ഗ്രീക്കുഭാഷയാണ് ഇവയിലെല്ലാം.

www.malankaralibrary.com

## എഴുതാനുപയോഗിച്ച പദാർത്ഥം

പാപ്പീറസ്, മൃഗങ്ങളുടെ തുകൽ എന്നിവയിലാണ് ബൈബിൾ ആരംഭകാലത്തു് എഴുതപ്പെട്ടതു്.

## അക്ഷരങ്ങൾ

എല്ലാഭാഷയിലും അക്ഷരങ്ങളുടെ ആകൃതി പരിണാമവിധേയമായിട്ടുണ്ട്. പണ്ടത്തെ ഹീബ്രുവിൽ ഇന്നത്തേതു പോലുള്ള ചതുര അക്ഷരങ്ങൾ ഇല്ലായിരുന്നു. ഇന്നത്തെ ആകൃതിയുണ്ടായതു് ക്രിസ്താബ്ദത്തിനു് അല്പം മുമ്പുമാത്രമാണ്. ആദ്യകാലത്തെ അക്ഷരങ്ങൾ ഫിനീഷ്യൻ അക്ഷരങ്ങൾപോലെയായിരുന്നു. സ്വരം കാണിക്കുന്ന കുത്തുകളും അടയാളങ്ങളും ആ ഭാഷക്കുണ്ടായിരുന്നില്ല.

ഗ്രീക്ക് മിക്കവാറും ഇന്നത്തേതുപോലെയായിരുന്നു. പക്ഷെ ആരംഭകാലത്തു് ബൈബിൾ പകർത്തിയവർ അക്ഷരങ്ങളെ വേർതിരിച്ചില്ല, ചിഹ്നം ഉപയോഗിച്ചുമില്ല. അവ വായിച്ച് അർത്ഥം ഗ്രഹിക്കാൻ പ്രയാസമായിരുന്നു. വാക്കുകൾ തമ്മിൽ തിരിക്കുന്നതിനു് ഓരോ വാക്കിലേയും അക്ഷരങ്ങൾ അടുപ്പിച്ചെഴുതിവന്നു. യൂണിക്കൽ സ്റ്റൈയിൽ (Unical style) എന്നാണ് ഈ രീതിക്കു പറയുന്നതു്. വലിയ അക്ഷരങ്ങൾ (Capital letters) മാത്രമാണ് മൂന്നാം ശതകംവരെ ഉപയോഗിച്ചുവന്നതു്. വാക്കുകളുടെ ഇടയിൽ സ്ഥലം വിട്ടിരുന്നില്ല. മൂന്നാം ശതകത്തിൽ അക്ഷരങ്ങൾ യോജിപ്പിച്ചും വാക്കുകൾ അടുപ്പിച്ചും എഴുതിത്തുടങ്ങി. ഓരോ വാചകവും വലിയ അക്ഷരങ്ങൾകൊണ്ടു് തുടങ്ങുന്ന പതിവുണ്ടായി. കർസീവ് സ്റ്റൈയിൽ എന്നാണു് ഈ രീതിയെ വിളിക്കുക.

www.malankaralibrary.com

അദ്ധ്യായം പതിനാറ്

# മൂലകൃതികളും പകർപ്പുകളും

നൂറു കണക്കിനു് കയ്യെഴുത്തു പ്രതികൾ ഇന്നുണ്ടു്. 1780-ൽ ഇംഗ്ലീഷുകാരനായ ഒരു ഹീബ്രു പണ്ഡിതൻ, കെന്നിക്കോട്ടു്, യഹൂദ ബൈബിളിന്റെ 261 കയ്യെഴുത്തു പ്രതികൾ ശേഖരിച്ചു. വേറെ 346 എണ്ണം അദ്ദേഹം പരിശോധിച്ചു. അക്കാലത്തു് ഇററലിക്കാരനായ ഡിറോസ്സി (De Rossi) എന്ന പണ്ഡിതന്റെ ഗ്രന്ഥശാലയിൽ 310 കോപ്പി ശേഖരിക്കുകയുണ്ടായി. പക്ഷേ അവയൊന്നും, ആദ്യമെഴുതിയ മൂലകൃതി (Original) അല്ല, പകർപ്പുകളാണു്. ബൈബിളിനെ സംബന്ധിച്ചു മാത്രമല്ല ഈ വിഷമമുള്ളതു്. സോഫക്ലീസി (Sophocles ബി. സി. c 496–c 406) ന്റെ ദുരന്ത നാടകങ്ങൾ എഴുതപ്പെട്ടിട്ടു് 1400

www.malankaralibrary.com

വർഷങ്ങൾക്കുശേഷമുണ്ടാക്കിയ പകപ്പാണു് നമുക്കു് കിട്ടിയിട്ടുള്ളതു്. അഷീലസ് (Aessehylus) ബി. സി. 525–456). അരിസേ്റാഫാലസ്. (Aristophales) ബി. സി. e 448-338). തൂസ്സിഡീഡസ് (Thuseydides ബി. സി. 400-400 ഗ്രീക്കു ചരിത്രകാരൻ) എന്നിവരുടെ കൃതികളുടെ കാര്യവും ഇങ്ങനെ തന്നെയാണു്. യൂരിപിഡസ് (Euripides ബി. സി. 480-406) ഗ്രീക്കു് ദുരന്ത നാടക കർത്താവു്, കാററില്ലസ് (Catullus ബി. സി. 84-54 ഗ്രീക്കു് ലിറിക്കു് കവി) എന്നിവരുടെ കൃതികൾ എഴുതപ്പെട്ടിട്ടു് 1600 വർഷങ്ങൾക്കു് ശേഷമുണ്ടാക്കിയ പകപ്പുകളാണു് ഇന്നുള്ളതു്.

പ്ലേറോ (ബി. സി. 427–347 ഗ്രീക്കചിന്തകൻ)യുടെ കൃതികളുടെ 1300 വർഷങ്ങൾക്കു് ശേഷമുള്ള പകർപ്പുകളേ നമുക്കു് കിട്ടിയിട്ടുള്ളൂ. ഡെമോസ്തനീസി (3ꠡ4-322 ബി. സി. ഗ്രീക്കു് പ്രഭാഷകൻ)ൻെറ കൃതികളെഴുതിയിട്ടു് 1200 വർഷങ്ങൾക്കു് ശേഷമുണ്ടാക്കിയ പകർപ്പുകളാണു് നമുക്കുള്ളതു്. ജൂലിയസ്സീസർ (102–44 ബി. സി. റോമൻ രാഷ്ട്രതന്ത്രജ്ഞൻ) എഴുതിയ "ഗാലിക്കു് യുദ്ധങ്ങളേപ്പററിയുള്ള വ്യാഖ്യാനം" എന്ന ഗ്രന്ഥത്തെപ്പററി ആദ്യത്തെ പരാമർശം കാണുന്നതു് 100 കൊല്ലം കഴിഞ്ഞു് പ്ലൂട്ടർക്കും (എ. ഡി 46–120 ഗ്രീക്കു് ജീവചരിത്രകാരൻ); സെപ്തോണിയസും (Suetonius e - 120. റോമൻ ജീവിതചരിത്രകാരൻ) രചിച്ച ഗ്രന്ഥങ്ങളിലാണല്ലോ.

ഇനി, ബൈബിളിൻെറ ആദ്യത്തെ കോപ്പി എഴുതിയിട്ടു് എത്ര വർഷങ്ങൾക്കു് ശേഷമുള്ള പകർപ്പുകളാണു് നമുക്കിന്നുള്ളതു് എന്നു പരിശോധിച്ചു നോക്കാം.

www.malankaralibrary.com

## 1. പഴയനിയമം

ക്രിമെയയിലെ കരാഡുബസ്സാർ എന്ന സ്ഥലത്തുള്ള സിനഗോഗിൽ നിന്നു് കിട്ടിയ ഒരു കയ്യെഴുത്തു പ്രതി ഏ. ഡി. 330_ൽ എഴുതപ്പെട്ടതാണു്. അവിടെ നിന്നുതന്നെ കിട്ടിയ മറെറാരു പകർപ്പു് ഏ. ഡി. 1000-ൽ എഴുതപ്പെട്ടതാണു്.

മദ്ധ്യയുഗാരംഭത്തിൽ യഹൂദ പുരോഹിതന്മാർ തെററില്ലാത്ത പകർപ്പുണ്ടാക്കാൻ ശ്രമിച്ചു. അവർ നിർമ്മിച്ച പതിപ്പാണു് ഇന്നു് മസ്സോറ എന്നറിയപ്പെടുന്നതു്. മസ്സോറ എന്ന ഹീബ്രുവാക്കിൻെറ അർത്ഥം പാരമ്പര്യം എന്നാണു്. യഹൂദന്മാർ ആധികാരിക പകപ്പായി ഇതിനെ കരുതുന്നു. പ്രൊട്ടസ്റ്റൻറുകാർ ഈ പതിപ്പിനെയാണു് അംഗീകരിച്ചിട്ടുള്ളതു്. മസോറയുണ്ടാക്കിയവർ മററു പകർപ്പുകളെല്ലാം നശിപ്പിച്ചുകളഞ്ഞു. അവയുടെ ചില അവശിഷ്ടങ്ങളേ നമുക്കുള്ളു.

1947_ൽ ചാവുകടലിനടുത്തുള്ള കമറാൻ എന്ന സ്ഥലത്തുനിന്നു് വളരെ പൗരാണികവും മൂലകൃതികളോടേററവും അടുപ്പമുള്ളതുമായ പകർപ്പുകൾ കണ്ടുകിട്ടി. എസ്സനസ് എന്ന യഹൂദവിഭാഗത്തിൽപ്പെട്ടവർ ഏ. ഡി. 66-ലെ ഭയങ്കരമായ യഹൂദ_റോമൻ യുദ്ധത്തിൽ നശിച്ചുപോകാതിരിക്കാൻവേണ്ടി ഒളിച്ചുവച്ചവയാണവ. അവ ചുരുളുകളാക്കി ഭരണിയിൽ ഇറക്കി ഗുഹകളിൽ സൂക്ഷിച്ചുവച്ചിരുന്നു. അവയെല്ലാം ബി. സി. 3-4 നൂററാണ്ടുകളിൽ എഴുതപ്പെട്ടവയാണു്.

ഏെസയ്യാസിൻെറ 2 പൂർണ്ണകോപ്പികളും ഉല്പത്തിയുടെ ചില ഭാഗങ്ങളും, ആവർത്തനവും പുറപ്പാടും മററും അതിലുണ്ടു്.

www.malankaralibrary.com

## 2 പുതിയനിയമം

പലകാലത്തായി എഴുതിയ ആയിരക്കണക്കിന് കയ്യെഴുത്തു പ്രതികൾ ഇന്നുണ്ട്. അവയിൽ ധാരാളം വ്യത്യാസങ്ങളുമുണ്ട്. അവയെ മൂന്നായി വിഭജിക്കാം. 1) ചെറിയ അക്ഷരത്തിലുള്ളവ. 2) വലിയ അക്ഷരത്തിലുള്ളവ. (4 മുതൽ 9 വരെ നൂററാണ്ടുകളിലെഴുതപ്പെട്ടതു്.) 3) പപ്പിരികൾ. നാലു് പ്രധാനപ്പെട്ട കോപ്പികൾ ഇന്നു സൂക്ഷിച്ചിട്ടുണ്ട്. വത്തിക്കാൻ കോഡ് (Codex Vaticanus) വലിയ അക്ഷരത്തിലെഴുതപ്പെട്ടതാണിതു്. 1864-ൽ ടി. ഷെൻഡോർഫ് എന്ന പണ്ഡിതൻ കണ്ടെടുത്തു. ഇപ്പോൾ ഇതു് വത്തിക്കാൻ ഗ്രന്ഥശാലയിലുണ്ട്. 2) സീനായികോഡ് (codex sinaiticus) വലിയ അക്ഷരത്തിലെഴുതപ്പെട്ടതാണിതു്. 1859-ൽ ട്രീഷൻ ഡോർഫ് കണ്ടെടുത്തു. 347-ൽപരം തുകൽ ഷീററുകളിലാണ് ഇതെഴുതപ്പെട്ടതു്. സീനായിലുള്ള സെൻറ് കാതറൈൻ മഠത്തിൽ ഇതു് സൂക്ഷിക്കപ്പെട്ടിരുന്നു. പിന്നീടതു് എങ്ങനെയോ റഷ്യക്കാർക്ക കിട്ടി. 1933-ൽ റഷ്യക്കാർ ഇതു് ബ്രട്ടീഷുകാർക്ക് ഒരു ലക്ഷം പവനു വിററു. ഇപ്പോളതു് ബ്രട്ടീഷ്മ്യൂസിയത്തിലുണ്ട് 3) അലക്സാണ്ട്റിയൻ കോഡ് (codex Adexandrinus) 1627-ൽ ഇതു് ഇംഗ്ലണ്ടിലായിരുന്നു. ഇതും ഇന്നു് ബ്രട്ടീഷ് മ്യൂസിയത്തിലുണ്ട്. ഈ മൂന്നു പകർപ്പുകളിലും പഴയനിയമവും പുതിയനിയമവും ഉണ്ട്. 4) ബേസേകോഡ് [codex Bezae] ഇതു് ഇന്നു് കേംബ്രിഡ്ജ് യൂണിവേഴ്സിററിയിലുണ്ട്. അഞ്ചാം നൂററാണ്ടിൽ എഴുതപ്പെട്ടതാണ്. അതു് ലയൺസിൽവച്ചു് പ്രൊട്ടസ്റ്റൻറ്കാർ വാങ്ങിച്ചെടുത്തു. 1581-ൽ കാൽവിൻെറ [1509—1564] ശിഷ്യനായ ബേസായിലെ നീയഡോർ എന്നയാൾ കേംബ്രിഡ്ജ് സർവ്വകലാശാലയ്ക്കു് കൊടുത്തു.

www.malankaralibrary.com

അങ്ങനെ മൂലങ്ങളും ഇന്നുള്ള കോപ്പികളും തമ്മിൽ മൂന്നോ നാലോ നൂററാണ്ടുകാലത്തെ അകലമേയുള്ളൂ. (Terence ബി. സി. 185-159) വിർജിൻ (Virgin 70-19 ബി. സി.) എന്നിവരുടെ കൃതികളും അവയുടെ കോപ്പികളും തമ്മിൽ ഉള്ളതു അകലം മാത്രം.

ഈജിപ്തിലെ മണലാരണ്യങ്ങളിൽനിന്നു് പപ്പീറസ് കളിമൺ പലക, മരത്തോൽ മുതലായവയിൽ എഴുതപ്പെട്ട സുവിശേഷങ്ങളുടേയും ലേഖനങ്ങളുടേയും ഭാഗങ്ങൾ കിട്ടിയിട്ടുണ്ടു്. 1931-ൽ ചെസ്റ്റർബിററി എന്നയാൾ ഒരുകൂട്ടം കയ്യെഴുത്തു പ്രതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

മഞ്ചെസ്റ്ററിലുള്ള റിലാൻസ് പപ്പീറസിൽ വി. യോഹന്നാൻെറ സുവിശേഷത്തിൻെറ 18-ാം അദ്ധ്യായത്തിലെ ഒരു ഭാഗമുണ്ടു്. ഇതു് എ. ഡി. 130-ൽ എഴുതിയതാണു്. മൂലപാഠങ്ങൾ കണ്ടെത്തുവാൻ പകപ്പുകളൊത്തു നോക്കിയാൽ മാത്രംപോരാ തർജ്ജമകൾകൂടി നോക്കണം.

www.malankaralibrary.com

അദ്ധ്യായം പതിനേഴ്

# ബൈബിളിൻെറ തർജ്ജമകൾ

ബൈബിളിനു് പണ്ടേമുതൽ തർജ്ജമകളുണ്ടായിരുന്നു. തർജ്ജമയ്ക്കുപയോഗിച്ചിരുന്ന മൂലകൃതികൾ നമുക്കിന്നു കിട്ടിയിട്ടുള്ള പകർപ്പുകളേക്കാൾ വളരെ മുമ്പുള്ളവയായിരിക്കാം. അതുകൊണ്ടു് തർജ്ജമകൾക്കു വളരെ പ്രാധാന്യമുണ്ടു്. പ്രധാനപ്പെട്ട തർജ്ജമകൾ താഴെ പറയുന്നവയാണു്. 1) സെപ്തൂജിൻറ് അഥവാ ഗ്രീക്കുസപ്തതി – ആദ്യത്തെ തർജ്ജമ ഗ്രീക്കിലേക്കായിരുന്നു. ഗ്രീക്കു സംസാരിച്ചിരുന്ന പ്രദേശങ്ങളിൽ (അലക്സാണ്ട്റിയായിൽ) കുടിയേറിപ്പാർത്ത യഹൂദന്മാർക്കുവേണ്ടി ബി. സി-280-ൽ 70 യഹൂദപണ്ഡിതന്മാർകൂടി ഹീബ്രുവിലുള്ള പഴയനിയമം ഗ്രീക്കിലേക്കു് തർജ്ജമചെയ്തു. അലക്സാന്ദ്രിയായിലെ ഫിലാഡെൽഫസിൻെറ അഭ്യർത്ഥനപ്രകാരം പ്രധാന പുരോഹിതനാണു് പ്രസ്തുത പണ്ഡിതന്മാരെ അയച്ചുകൊടുത്തതെന്നു ടോളെമി

www.malankaralibrary.com

എന്ന റോമൻചാരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ടു്. 70 പേർക്കൂടി ചെയ്ത വിവൎത്തനമായതുകൊണ്ടാണു് സെപ്ത്വാജിന്ത (ലത്തീൻ) എന്ന പേരുണ്ടായതു്. (സെപ്ത്വം=7, ജിന്ത=10) ഗ്രീക്കിൽനിന്നാണു് ആ ലത്തീൻ പേരിൻെറ ഉത്ഭവം.

ഇതിൽ കത്തോലിക്കാസഭ അംഗീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളെല്ലാമുണ്ടു്. ദൈവനിവേശിതഗ്രന്ഥങ്ങളേവയെന്നു് തീരുമാനിക്കാൻ സഭയ്ക്കു് സഹായകമായതു് ഈ പകൎപ്പാണു്. ക്രിസ്തുവും ശിഷ്യന്മാരും ഈ തർജ്ജുമയാണു് ഉപയോഗിച്ചതു്. സെൻറഗസ്റ്റിൻ സമ്മതിച്ചു പറഞ്ഞു അതു് ദൈവനിവേശിതമാണെന്നു്. ആധുനിക പണ്ഡിതന്മാർ ആ തർജ്ജുമയിൽ ചില കുററങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടു്.

വേറെ ചില ഗ്രീക്കുവിവൎത്തനങ്ങളുമുണ്ടു്. അതിൽ അകചിലായുടേതു് ഏതാണ്ടു് എ. ഡി. 140 ലും തെയോഡോഷ്യസിൻേറതു് എ. ഡി. 180 ലുമാണു് വിരചിതമായതു്.

2. പ്ശീത്ത, ക്രിസ്തുമതത്തിൻെറ ഉത്ഭവത്തിനുശേഷം സുറിയാനി, ലത്തീൻ, അറബി, കോപ്ററിക്കു്, അർമീനയൻ എന്നീ ഭാഷകളിലേക്കു് ആദിമശതകങ്ങളിൽതന്നെ വിവൎത്തനങ്ങളുണ്ടായി. സുറിയാനി വിവൎത്തനത്തിനു് പ്ശീത്ത (=സുന്ദരം, ലളിതം) എന്നു വിളിച്ചു വരുന്നു.

3 വുൾഗാത്ത (Vulgate). ഡമാസ്സസ് പോപ്പിൻെറ ആവശ്യപ്രകാരം സെൻറ് ജറോം (347-419.) ലത്തീൻ ഭാഷയിലേക്കു് ബൈബിൾ തർജ്ജുമചെയ്തു. പഴയ നിയമം ഹീബ്രുവിൽനിന്നു് നേരിട്ടു് വിവൎത്തനംചെയ്തു. പുതിയനിയ

www.malankaralibrary.com

മത്തിനു് അന്നു് നിലവിലുണ്ടായിരുന്ന പല ലത്തീൻ തർജ്ജമകളും ഒത്തുനോക്കി നല്ലതു സ്വീകരിച്ചു. ആ തർജ്ജമയ്ക്കു് സാധാരണക്കാർക്കുള്ളതു് എന്ന അർത്ഥത്തിൽ (Vulgaris=സാധാരണക്കാരനെ സംബന്ധിച്ചതു്) വുൾഗാത്ത എന്നു പേരിട്ടു.

www.malankaralibrary.com

അദ്ധ്യായം പതിനെട്ട്

# ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം

1435-ൽ ജർമ്മൻകാരനായ ജോഹാനസ് ഗുട്ടൽബർഗ് (1397-1468) അച്ചടിവിദ്യ കണ്ടുപിടിച്ചു. വുൾഗാത്തയാണ് ലോകത്തു് ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം. 3 വർഷം കൊണ്ടാണ് അദ്ദേഹം 200 കോപ്പികൾ അച്ചടിച്ചതു്. 165 കടലാസ്‌കോപ്പികളും ബാക്കി തുകൽ കോപ്പികളുമാണ്. ഒരു വശത്തു് 2 കോളങ്ങളിലായി 42 വരികളുണ്ട്. രണ്ടു വാല്യങ്ങളിലായി 1282 പേജുകളും. അവയിൽ 47 കോപ്പികൾ ഇന്നുമുണ്ട്. രണ്ടെണ്ണം വത്തിക്കാനിലാണ്. അമേരിക്കയിൽ പതിനാലെണ്ണമുണ്ട്. അമേരിക്കയിലെ കോൺഗ്രസ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഏററവും നല്ല ഒരു കോപ്പിയുടെ മതിപ്പുവില പത്തുമില്ല്യൻ ഡോളറാണ്.

ഗുട്ടൻബർഗ് പ്രസിദ്ധീകരിച്ച ഈ പതിപ്പിന് മസാറിൻ ബൈബിൾ എന്നും പേരുണ്ട്. കാർഡിനൽ മസാറിന്റെ ഗ്രന്ഥശാലയിൽനിന്നാണ് ഇതിന്റെ ആദ്യത്തെ കോപ്പി കണ്ടെടുത്തതു്.

www.malankaralibrary.com

അദ്ധ്യായം പത്തൊമ്പതു്

# ഇന്നത്തെ തർജ്ജമകൾ

ആധുനിക തർജ്ജമകളെല്ലാം ഹീബ്രു (മസോറ,) സെപ്ത്വജിൻറ്, വുൾഗാത്ത എന്നിവയെ ആധാരമാക്കിയുണ്ടാക്കിയവയാണു്. പ്രധാനപ്പെട്ട ചില തർജ്ജമകളെപ്പററി ചില കാര്യങ്ങൾ താഴെ ചേർക്കുന്നു.

1) 1382_ൽ വൈക്ലിഫ് (1328-1384) ആദ്യമായി ഇംഗ്ലീഷിലേക്കു് തർജ്ജമ ചെയ്തു. 2) 1525_ൽ ററിൽഡൽ (d 1536) ഇംഗ്ലീഷിലേക്കു് വിവർത്തനം ചെയ്തു. 3) ലൂഥർ (1436_1520) ആദ്യമായി ബൈബിളിൻെറ ഒരു ജർമ്മൻ വിവർത്തനമുണ്ടാക്കി. 4) 1582 ൽ ഒരു ഇംഗ്ലീഷ് വിവർത്തനം റെയിംസിൽ തുടങ്ങി. ഫ്രാൻസിലുള്ള ഡുവേയിയിൽ 1609_ൽ പ്രസിദ്ധം ചെയ്തു. ഇതിനു് ഡുവേ വിവർത്തനം (Rheims-Douay-Version) എന്നു പേർ. ഇതിനു് ധാരാളം പതിപ്പുകൾ ഉണ്ടായി. 5) 1611 ൽ

www.malankaralibrary.com

ഇംഗ്ലണ്ടിലെ ജെയിംസ് രാജാവു് തർജ്ജമ ചെയ്തു പ്രസിദ്ധം ചെയ്തതാണു് 'കിംങ്ങ് ജെയിംസ് വിവർത്തനം.' അടുത്ത കാലത്തു് അതു് ഒന്നുകൂടി പരിഷ്ക്കരിപ്പെട്ടു. 6) ന്യൂ ട്രാൻസിലേഷൻ. റോനാൾഡ് നേക്സ് ഒരു സംപൂർണ്ണ ബൈബിൾ (ഇംഗ്ലീഷ്) 1956 ൽ പ്രസിദ്ധീകരിച്ചു. 7) 1913-ൽ തുടങ്ങിയതും ന്യൂയോക്കിൽനിന്നു് പ്രസിദ്ധീകരിച്ചതുമായ ഒരു തർജ്ജമയാണു് ദി വെസ്റ്റു് മിനിസ്റ്റർ വേർഷൻ, റവ. ലാററി എസ്. ജെ. എന്ന ആളാണു് പ്രസാധകൻ. 8) മൂലകൃതികളിൽ അധിഷ്ഠിതമായ ഒരു നല്ല തർജ്ജമയാണു് 'കൺഫ്രറേണിററി ബൈബിൾ'. 9) മൂലകൃതികളിൽ നിന്നുണ്ടായ മററൊരു വിവർത്തനമാണു് 'ജറൂസലേം ബൈബിൾ'. 10) അമേരിക്കൻ പ്രൊട്ടസ്റ്റൻറ് പണ്ഡിതന്മാരുണ്ടാക്കിയ ഒരു തർജ്ജമയുടെ പുതിയ പതിപ്പാണു് "ആർ. എസ്. വി." [Reviced standard version] എന്നറിയപ്പെടുന്നതു്.

www.malankaralibrary.com

അദ്ധ്യായം ഇരുപത്

# കത്തോലിക്കരും ബൈബിളും

കുറെക്കാലത്തേക്ക് കത്തോലിക്കർ വേദപുസ്തകത്തെപ്പററി കാര്യമായി പഠിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്തില്ല. അതിൻെറ കാരണം 16_ാം നൂററാണ്ടിലെ മതവിപ്ലവമാണ്. അക്കാലത്തെ ദുർവ്യാഖ്യാനങ്ങളിൽനിന്ന് അതിനെ രക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു സഭ. എങ്കിലും അച്ചടിവിദ്യ കണ്ടുപിടിച്ച വഷമായ 1436 നും 1520 നുമിടക്ക് വേദഗ്രന്ഥത്തിൻെറ ലത്തീനിലുള്ള 156 പതിപ്പുകൾ പ്രസിദ്ധം ചെയ്തു. ജമ്മനിയിൽ തന്നെ 17 പതിപ്പുകളുണ്ടായി. പക്ഷെ, അവയെല്ലാം പണ്ഡിതന്മാക്കും ബൈബിൾ വിദ്യാത്ഥികൾക്കും വേണ്ടിയുള്ളതായിരുന്നു. അന്ന് ലത്തീൻ ഭാഷ സാധാരണക്കാക്ക് അറിഞ്ഞുകൂടായിരുന്നു. ലത്തീനിൽനിന്നുണ്ടായ ഇററാലിയൻ, ഫ്രഞ്ച്, സ്പാനീഷ്, ജമ്മൻ മുതലായ ഭാഷകളിൽ തജ്ജമയുണ്ടാ

www.malankaralibrary.com

യാലേ സാധാരണക്കാൎക്ക് വായിക്കുവാൻ സാധിക്കുമായിരുന്നുള്ളു. അങ്ങനെ വേദഗ്രന്ഥം വായിക്കാനുള്ള സാദ്ധ്യത കുറഞ്ഞു. പോരെങ്കിൽ, 13-ാം നൂററാണ്ടു മുതൽ പാരായണാസക്തിയും ആരാധനക്രമത്തിലുള്ള ഉത്സാഹവും ധൎമ്മബോധവും ക്രമേണ കുറഞ്ഞുവന്നു. രാഷ്ട്രീയത്തിൽ ദേശീയവാദവും ശാസ്ത്രത്തിൽ നോവിനലിസവും കടന്നുകൂടി. ഇത്തരം ഒരു പശ്ചാത്തലമുള്ളതുകൊണ്ടാണ് 16-ാം നൂററാണ്ടിലെ പ്രൊട്ടസ്ററന്റ് മതവിപ്ലവത്തിനു് വലിയ പ്രധാന്യം ലഭിച്ചതു്.

കത്തോലിക്കാസഭ അംഗീകരിച്ചിരുന്ന ബൈബിളിലെ ചില ഭാഗങ്ങൾ തങ്ങളുടെ നൂതനാശയങ്ങൾക്കു് വിരുദ്ധമാകയാൽ, പ്രൊട്ടസ്റ്റന്റ്കാർ ഉപേക്ഷിച്ചു. (പ്രൊട്ടസ്റ്റന്റ്=എതിൎക്കുന്നവൻ) കൂടാതെ വ്യക്തികൾക്കു് ഇഷ്ടാനുസരണം വേദഗ്രന്ഥം വ്യാഖ്യാനിക്കാമെന്നും അവർ പഠിപ്പിക്കുകയുണ്ടായി. അങ്ങനെ വിശ്വാസത്തിൽ അനൈക്യവും വ്യാഖ്യാനത്തിൽ ഭിന്നതയും സംഭവിച്ചു. അതുകൊണ്ടു സഭ അംഗീകരിക്കാത്ത തർജ്ജമകളോ വ്യാഖ്യാനങ്ങളോ ഉപയോഗിക്കരുതെന്നും വ്യക്തികൾ തന്നിഷ്ടംപോലെ വേദഗ്രന്ഥം വ്യാഖ്യാനിക്കരുതെന്നും കത്തോലിക്കാസഭ പഠിപ്പിച്ചു.

വിശ്വാസത്തിന്റെ അടിസ്ഥാനം ബൈബിൾ മാത്രമാണെന്നും പാരമ്പര്യത്തെ പാടെ പരിത്യജിക്കണമെന്നുമായിരുന്നു മതവിപ്ളവ നേതാക്കളുടെ അഭിപ്രായം. അതു ശരിയല്ല, കാരണം പാരമ്പര്യം വിശ്വാസത്തേയും നിയമത്തേയും ഉൾക്കൊള്ളുന്നുണ്ടു്. മാത്രമല്ല, പാരമ്പര്യത്തെ നിഷേധിച്ചാൽ വേദപുസ്തകത്തെതന്നെ വിശ്വസിക്കാൻ കഴിയുകയില്ല. അതിലെ തത്വങ്ങൾ വ്യക്തമാക്കുന്നതിനും, വാക്കുകൾ യഥാൎത്ഥഗ്രന്ഥകാരന്മാർ എഴുതിയ

www.malankaralibrary.com

താണെന്നു തെളിയിക്കുന്നതിനും പാരമ്പര്യമാണല്ലോ പ്രധാനമായും സഹായിക്കുന്നതു്.

അംഗീകൃതമല്ലാത്ത തർജ്ജമകളും വ്യാഖ്യാനങ്ങളും വായിക്കരുതെന്ന സഭയുടെ നിയമത്തെ അതിവർണ്ണന ചെയ്തു് കത്തോലിക്കർക്കു് വേദഗ്രന്ഥം വായിക്കാൻ പാടില്ലെന്നു പ്രൊട്ടസ്റ്റൻറുകാർ പറഞ്ഞുപരത്തി. യഥാത്ഥത്തിൽ കത്തോലിക്കാസഭ വേദഗ്രന്ഥപാരായണത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. ലയോ 13, ബനഡിക്ട് 15, പീയൂസ് 12 എന്നീ മാർപ്പാപ്പമാർ തങ്ങളുടെ ചാക്രീക ലേഖനങ്ങൾവഴി ബൈബിൾ പഠനത്തെ പ്രത്യേകം പ്രോത്സാഹിപ്പിച്ചു. വേദപുസ്തകപഠനത്തിനുവേണ്ടി ചില സംഘടനകളും സ്ഥാപിച്ചിട്ടുണ്ടു്.

www.malankaralibrary.com

അദ്ധ്യായം ഇരുപത്തിയൊന്നു്

# ഉടമ്പടി

രണ്ടാം നൂററാണ്ടു മുതൽ പുതിയനിയമത്തെ പുതിയ ഉടമ്പടി എന്നും, പഴയനിയമത്തെ പഴയഉടമ്പടി എന്നും, വിളിച്ചുതുടങ്ങി. അബ്രാഹവും ദൈവവും തമ്മിൽ ഒരു ഉടമ്പടിയുണ്ടായി. അന്നുമുതൽ ഉടമ്പടി എന്നപദം സാധാരണ പ്രയോഗത്തിലായി. ഗ്രീക്കു് സപ്തതിയിൽ ദിയാതേക്കേ (Deatheke) എന്ന ഗ്രീക്കു പദമുപയോഗിച്ചു. ആ പദത്തിനർത്ഥം പ്രമാണം, രേഖ എന്നാണു്. ലത്തീനിലേക്കു് തർജ്ജമ ചെയ്തപ്പോൾ തെസ്തമെന്തും (Testamentum) എന്ന പദമാണു് ഉപയോഗിച്ചതു്. ആധികാരിക സ്വഭാവമുള്ള പ്രമാണരേഖ എന്നാണതിൻെറ പ്രധാന അർത്ഥം. മരണപത്രം എന്നുകൂടി അതിനർത്ഥമുണ്ടു്. ഇംഗ്ലീഷിൽ ടെസ്ററമെൻറ് എന്നാണു് പറയുക.

www.malankaralibrary.com

ഉടമ്പടിയെന്ന അർത്ഥത്തിൽ വേദഗ്രന്ഥം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം കാണിക്കുന്നു. ഇസ്രായേൽ ജനവും ദൈവവും തമ്മിലുള്ള ബന്ധം ഉടമ്പടിയുടെ രൂപത്തിലാണു് കാണപ്പെടുന്നതു്. സീനാമലയിൽവച്ചു് പത്തു പ്രമാണങ്ങൾ മോസ്സസിനു് നല്കിയപ്പോളാണു ആ ഉടമ്പടി ഉദ്ഘാടനം ചെയ്യപ്പെട്ടതു്. (ഉടമ്പടി, കല്പനകൾ എന്നീ പദങ്ങൾക്കു് ഒരേ വിവക്ഷ ഒരു കാലത്തുണ്ടായിരുന്നു.) പുതിയനിയമം ഒരു ഉടമ്പടിയും, മരണപത്രവുമാണു്. (ഹീബ്രു 9,15-22) ക്രിസ്തു മരിച്ചപ്പോഴാണു് മനുഷ്യന് നിത്യജീവന്റെ അവകാശം കിട്ടിയതു്. അങ്ങനെ ഉടമ്പടി എന്ന പേരു് ബൈബിളിനു് അന്വർത്ഥമായി.

---

www.malankaralibrary.com

അദ്ധ്യായം ഇരുപത്തിരണ്ട്

# അംഗീകൃതഗ്രന്ഥങ്ങൾ അഥവാ കാനോനികഗ്രന്ഥങ്ങൾ

ബൈബിളിലെ അംഗീകൃതഗ്രന്ഥങ്ങളെ കാനോനികഗ്രന്ഥങ്ങൾ എന്നാണു പറയുക. വെറും ലിസ്ററ് അഥവാ കാററലോഗ് എന്നല്ല കാനൻ എന്ന വാക്കിന്റെ അർത്ഥം. വിശ്വാസത്തിന്റെ അടിസ്ഥാനമായുള്ള ഗ്രന്ഥങ്ങളെയാണ് കാനോനികഗ്രന്ഥങ്ങളെന്ന് വിളിക്കുന്നത്. കാനോൻ എന്ന ഗ്രീക്ക് പദം അളവുകോൽ, ഞാങ്ങണ എന്നൊക്കെ അർത്ഥമുള്ള കപാനേ (Qanch) എന്ന സെമിററിക്ക് പദത്തിൽനിന്നുണ്ടായതാണ്.

(എസക്കി 40:35).

മാതൃകയായി പരിഗണിക്കേണ്ട ക്ലാസ്സിക്കൽ ഗ്രന്ഥങ്ങളെ കാനോൻ എന്ന് അലക്സാണ്ടറിയൻ വ്യാകരണ

www.malankaralibrary.com

കർത്താക്കൾ വിളിച്ചിരുന്നു. റോമാക്കാരനായ സിസറോയും (ബി. സി. 106_43, വാഗ്മി, രാഷ്ട്രതന്ത്രജ്ഞൻ) അതേ അർത്ഥത്തിൽ ആ വാക്കു് പ്രയോഗിച്ചു. പോളിക്ലീററസ് (Polycletus the elder, ബി. സി. 450-420) എന്ന ഗ്രീക്കശില്പിയുടെ ബിംബങ്ങളെപ്പററി പ്ലീനി (എ. ഡി. 23_79. റോമൻ പ്രകൃതിനിരീക്ഷകൻ) യും ഈ വാക്കുപയോഗിച്ചു. പോളിക്ലീററസിൻെറ ഡോറിഫോറസ് എന്ന പ്രതിമ_കുന്തം വഹിച്ചുകൊണ്ടു നിൽക്കുന്ന ഒരു യുവാവിൻെറ പ്രതിമ-കാനൻ അഥവാ മാതൃക എന്നു വിളിക്കപ്പെട്ടു. പ്രതിമാനിർമ്മാണത്തിൻെറ മാതൃകയായി അതു് അംഗീകരിക്കപ്പെട്ടിരുന്നു.

എപ്പിക്ടേററസ് (എ. ഡി. 60_ൽ ജനിച്ചു, റോമൻ സ്റ്റോയിക്കു് ചിന്തകൻ) ധാർമ്മികനിയമങ്ങളനുസരിച്ചുള്ള നല്ല ജീവിതത്തെപ്പററി ഈ വാക്കു് പ്രയോഗിച്ചിട്ടുണ്ടു്.

റോമിലെ ക്ലമൻറ്, ഹിപ്പോളിററസ്, ഗ്രിഗരി മുതലായ സഭാപിതാക്കന്മാർ ഈ വാക്കുപയോഗിച്ചിരുന്നു, മതത്തിൻെറ അടിസ്ഥാനപരമായവയെക്കുറിച്ചു് പറയുമ്പോൾ വിശ്വാസത്തിൻെറയോ, പാരമ്പര്യത്തിൻെറയോ, സത്യത്തിൻെറയോ നിയമം എന്ന അർത്ഥത്തിലാണു് ഈ വാക്കു് അവർ പ്രയോഗിച്ചതു്. അങ്ങനെ നിയമമായി എഴുതപ്പെട്ടവയെല്ലാം കാനൻ എന്ന പേരിനർഹമായി. വിശ്വാസത്തിനും പ്രവർത്തനത്തിനും വേണ്ട നിയമങ്ങൾ ഉൾക്കൊള്ളുന്നവയെ കാനോനികങ്ങൾ എന്നു വിളിച്ചു. ക്രമേണ നിയമമുൾക്കൊള്ളുന്ന രേഖകൾ എന്നായി ആ വാക്കിൻെറ അർത്ഥം. എ. ഡി. 350-ൽ സെൻറ് അത്ത

www.malankaralibrary.com

നേഷ്യസ് ഈ അർത്ഥത്തിലാണ് ആ വാക്ക പ്രയോഗിച്ചതു്. സഭയുടെ പ്രമാണരേഖകളിലെല്ലാം കാണാം ഈ പദം. ഏ. ഡി. 1546-ൽ ട്രൻറ് സൂനഹദോസിലും ഏ. ഡി. 1870_ൽ ഒന്നാം വത്തിക്കാൻ കൗൺസിലിലും ഇതു പയോഗിച്ചു. അങ്ങനെ ദിവ്യലിഖിതങ്ങളുടെ കാനോൻ എന്നു പറഞ്ഞാൽ വിശ്വാസത്തെ ഭരിക്കുന്നതെന്നും ദൈവനിവേശിതമെന്നും അത്ഥമുണ്ടായി.

ദൈവികപ്രചോദിതങ്ങളും തന്മൂലം പ്രമാദമററ അധികാരമുള്ളതുമായ നിയമങ്ങളെ ഉൾക്കൊള്ളുന്നവയാണ് കാനോനിക ഗ്രന്ഥങ്ങൾ. ദൈവിക പ്രചോദിതമായിരിക്കുകയും അങ്ങനെയാണ് സഭ അംഗീകരിക്കുകയും ചെയ്യുമ്പോൾ ഒരു ഗ്രന്ഥം കാനോനികമായി. അവ ജീവിതത്തിൻേറയും, വിശ്വാസത്തിൻേറയും സാന്മാർഗ്ഗത്തിൻേറയും അളവുകോൽ കൂടിയായിരിക്കും!!

ട്രൻറ്കൗൺസിലിൻെറ നാലാം സമ്മേളനത്തിൽ വച്ച് വുൾഗാത്തപതിപ്പിലുള്ള എല്ലാ ഗ്രന്ഥങ്ങളും അവയുടെ സകലഭാഗങ്ങളും ദൈവനിവേശിതവും, കാനോനികവുമാണെന്നു പ്രഖ്യാപിക്കപ്പെട്ടു.

www.malankaralibrary.com

അദ്ധ്യായം ഇരുപത്തിമൂന്ന്

# പഴയനിയമത്തിലെ അംഗീകൃത ഗ്രന്ഥങ്ങൾ

പഴയനിയമത്തിലെ 46-ഉം പുതിയ നിയമത്തിലെ 27-ഉം ഗ്രന്ഥങ്ങൾ കാനോനികങ്ങളാണ്. അതിൽ പഴയനിയമത്തിലെ പുസ്തകങ്ങളുടെ പേരുകളും അവയെപ്പററിയുള്ള ലഘുവിവരണങ്ങളും താഴെകൊടുക്കുന്നു.

എ. ചരിത്രപരം

## 1. ഉല്പത്തി അഥവാ സൃഷ്ടി. (Genesis)

പ്രപഞ്ചത്തിൻെറ ഉദ്ഭവത്തെപ്പററി പ്രതിപാദിക്കുന്നതു കൊണ്ടാണിതിനു് ഈ പേരുണ്ടായതു്. ഇസ്രായേൽ ജനതയുടെ ഉദ്ഭവമാണ് ഇതിലെ പ്രമേയം.

www.malankaralibrary.com

ദൈവത്തേയും മനുഷ്യനേയും സംബന്ധിക്കുന്ന ചില അടിസ്ഥാനതത്വങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ഈശ്വരനാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന സത്യം കഥാരൂപത്തിൽ പഠിപ്പിക്കുകയാണിതിൽ (അദ്ധ്യായം 1. 2). മനുഷ്യവർഗ്ഗത്തിൻെറ തിന്മയെപ്പററിയും, തിന്മയുടെമേൽ നന്മയ്ക്കുണ്ടാകുന്ന നിത്യവിജയത്തെപ്പററിയും ഇതിൽ പറയുന്നു. ഈ ഗ്രന്ഥത്തെ നാലായി വിഭജിക്കാം:—

a) വിശ്വാസത്തേയും മനുഷ്യോല്പത്തിയേയും പററി പറയുന്ന ആമുഖം

b) അബ്രാഹത്തിൻെറ ചരിത്രം

c) ഇസഹാക്ക്, യാക്കോബ്, എന്നിവരുടെ ചരിത്രം

d) യാക്കോബിൻെറ പുത്രന്മാരുടെ ചരിത്രം (യാക്കോബിന് ഇസ്രായേൽ എന്നു പേരുണ്ടായി)

## 2. പുറപ്പാട് (Exodus)

ഇസ്രായേൽ ജനം ഈജിപ്ററിൽനിന്ന് പുറപ്പെടുന്നതിനെപ്പററി വിവരിക്കുന്നതു കൊണ്ടാണ് ഈ പേരുണ്ടായതു്. സീനാമലയിൽവച്ച് 10 കല്പനകൾ ലഭിച്ചതോടെ ദൈവകേന്ദ്രീകൃതമായ ഇസ്രായേൽ രാഷ്ട്രം ഉണ്ടായതാണ് ഇതിലെ പ്രമേയം. ഇസ്രായേൽ രാഷ്ട്രം ഉണ്ടാകാനുള്ള സാഹചര്യങ്ങൾ വിവരിക്കുകയാണ് ഇതിൻെറ ഉദ്ദേശ്യം. ഈ ഗ്രന്ഥത്തെ നാലായി വിഭജിക്കാം.

a) ഈജിപ്ററിൽനിന്നും പുറപ്പെടാനുള്ള തയ്യാറെടുപ്പ്

b) സീനാമലവരെയുള്ള യാത്ര

c) ഉടമ്പടിപ്രകാരം സീനാമലയിൽവച്ച് ഇസ്രായേൽ രാഷ്ട്രമുണ്ടായതു്.

d) പേടകവും (Ark) കൂടാരവും (Tabernacle) പുതിയ

www.malankaralibrary.com

ജനതയുടെയിടയിൽ ദൈവം വസിക്കുന്നതിന്റെ പ്രതീകമായി ഉണ്ടാക്കപ്പെട്ടു.

## 3. ലേവ്യായർ, ആചാര്യന്മാർ (Leviticus)

ലേവിയും അദ്ദേഹത്തിന്റെ സന്തതിപരമ്പരയും പുരോഹിതവൃത്തിയിൽ ഏർപ്പെട്ടിരുന്നു. പുരോഹിതരുടെ അനുഷ്ഠാനങ്ങളെപ്പററിയുള്ള ഗ്രന്ഥമാണിതു്. പേടകം, വിശുദ്ധാഗാരം എന്നിവയുടെ ചുററും ഇസ്രായേൽജനം ചെയ്യുന്ന ദൈവാരാധനയാണു് പ്രതിപാദ്യമെന്നു പറയാം. പുതിയ രാഷ്ട്രത്തിന്റെ സ്വഭാവം വിശദീകരിക്കുകയാണിതിന്റെ ലക്ഷ്യം. മൂന്നു കാര്യങ്ങളാണു് ഇതിൽ ഊന്നിപ്പറയുന്നതു്.

a) ബലിയുടെ നിയമം. (b) പട്ടാഭിഷേകത്തിന്റെ നിയമം, (c) നയ്യാമിക വിശുദ്ധിയെപ്പററി.

## 4. സംഖ്യ (Numbers)

ഇസ്രായേൽ ജനതയുടെ കനേഷുമാരികണക്കെടുത്തതിനെപ്പററി പറയുന്നതുകൊണ്ടു് ഈ പേരുണ്ടായി. ഇസ്രായേൽ സമുദായത്തിന്റെ സമൂഹ്യക്രമീകരണവും സീനാമുതൽ മോവാബ്സമതലങ്ങൾവരെയുള്ള പ്രയാണവും ഇതിൽ വിവരിക്കുന്നു. പുതിയ ജനതയുടെ സാമൂഹ്യവ്യവസ്ഥിതിക്കു് അധികാരത്തിന്റെ ക്രമീകരണം അത്യാവശ്യമാണെന്നു് ഇതു് കാണിക്കുന്നു. ഇതിനെ മൂന്നായിതിരിക്കാം.

a) സാമൂഹ്യക്രമീകരണം. സീനാമലയിൽനിന്നുള്ള യാത്ര.
b) മോസ്സസ്, പുരോഹിതന്മാർ, മൂപ്പന്മാർ എന്നിവരുടെ അധികാരം. മോവാബ്യ് വരെയുള്ള യാത്ര.

www.malankaralibrary.com

c) കാനാൻ കീഴടക്കുന്നതിനുമുമ്പുള്ള മോവാബ്യസമതലത്തിലെ ജീവിതം.

## 5 ആവർത്തനം (Deutronomy)

മുൻഗ്രന്ഥങ്ങളിലെ കാര്യങ്ങളെല്ലാം ഇതിൽ ആവർത്തിച്ചിട്ടുണ്ട്. ദൈവവുമായി ഇസ്രായേലിനുള്ള ബന്ധത്തിന്റെ സംക്ഷിപ്ത വിവരണമാണിതു്. ദൈവത്തോടു് സ്നേഹം, ബഹുമാനം, അനുസരണ എന്നിവ ഉണ്ടായിരിക്കണമെന്നു് വ്യക്തമാക്കുകയാണു് ഇതിന്റെ ലക്ഷ്യം. ഇതിനെ നാലായി വിഭജിക്കാം.

a) ദൈവത്തെ സ്നേഹിക്കാൻ ഒരാഹ്വാനം.
b) ദൈവത്തെപ്പററി ഒരു പ്രഭാഷണം. സ്നേഹബന്ധത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു് ഉടമ്പടിയെപ്പററിയുള്ള ചർച്ച.
c) സീനായിലെ ഉടമ്പടിയെപ്പററിയും നിയമത്തെപ്പററിയുമുള്ള പ്രസംഗം.
d) മോസ്സസിന്റെ അന്തിമവചസുകൾ. നേബോമലയിൽ വച്ചു് മോസ്സസ് മരിച്ചു.

ഈ അഞ്ചു പുസ്തകങ്ങളും വായ്മൊഴിയായിട്ടെങ്കിലും മോസ്സസിൽനിന്നും ഉണ്ടായതാണു്. അവസാനഭാഗം മോസ്സസിന്റേതല്ല. കാരണം മോസ്സസിന്റെ മരണത്തെപ്പററി അതിൽ പറഞ്ഞിട്ടുണ്ടു്. ഈ അഞ്ചു ഗ്രന്ഥങ്ങളേയാണു് പഞ്ചഗ്രന്ഥി (Pentateuch) എന്നു വിളിക്കുന്നതു്.

## 6. ജോഷ്വ (Josue)

മോസ്സസിന്റെ ഒരു സഹായിയും പിൻഗാമിയുമായ ജോഷ്വയെപ്പററിയാണു് ഈ ഗ്രന്ഥം. ഗ്രന്ഥകർത്താവു്

www.malankaralibrary.com

ആരെന്നറിവില്ല. യഹൂദക്ക് സഹായം നല്കി അനുഗ്രഹീതമായ രാഹാബിന്റെ കഥ, ഇസ്രായേൽ വിസ്മയകരമാംവിധം ജോർദ്ദാൻനദി കടന്നു, ജറീക്കോയുടെ പതനം, ഇസ്രായേലിന് ആദ്യമുണ്ടായ തോൽവിയും പിന്നീടുണ്ടായ വിജയം എന്നിവയാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം.

## 7. ന്യായാധിപന്മാർ (Judges)

ജോഷ്വായുടെ മരണശേഷമുള്ള ചരിത്രമാണിതു്.

## 8. റൂത്ത് (Ruth)

ഒരു യഹൂദന്റെ വിധവയാണ് റൂത്ത് എന്ന സ്ത്രീ. അമ്മായിയമ്മയായ നവോമിയോടു വിശ്വസ്തത കാണിക്കാൻവേണ്ടി ഇവൾ ഇസ്രായേൽ പക്ഷത്തുചേർന്നു. ബൊവസ് എന്ന യഹൂദൻ ഇവളെ പുനർവിവാഹം ചെയ്തു. ദാവീദിന്റെ അമ്മൂമ്മയാണിവൾ. ഈ കഥയെഴുതിയതു് ആരെന്ന് അറിവല്ല.

## 9. 1 സമുവേൽ (1 രാജാക്കന്മാർ)
## 10 2 സാമുവേൽ (2 രാജാക്കന്മാർ)

ആദ്യകാലങ്ങളിൽ ഇവ രണ്ടും ഒററകൃതിയായി കരുതപ്പെട്ടിരുന്നു. ന്യായാധിപന്മാരുടെ കാലംതുടങ്ങി ദാവീദിന്റെ ഭരണംവരെയുള്ള ചരിത്രമാണിതിൽ. ഗ്രന്ഥകർത്താവ് അജ്ഞാതനാണ്.

## 11. 1 രാജാക്കന്മാർ (3 രാജക്കന്മാർ)
## 12. 2 രാജാക്കന്മാർ (4 രാജാക്കന്മാർ)

ഒരു കാലത്തു് ഇവ രണ്ടും ഒററ കൃതിയായി കരുതപ്പെട്ടിരുന്നു. ദാവീദ രാജാവിന്റെ മരണംമുതൽ ജെറൂസലത്തിന്റെ വിനാശം വരെയുള്ള ചരിത്രമാണിതു്.

www.malankaralibrary.com

**13 1 ദിനവൃത്താന്തം** (Chronicles, നാളാഗമം)

**14 2 ദിനവൃത്താന്തം.**

അബ്രാഹംവരെയുള്ള പൂർവ്വപിതാക്കന്മാരുടെ വംശാവലി ഇതിലുണ്ടു്. ഇവരണ്ടും ഡയറിക്കുറിപ്പുകളാണു്.

**15 എസ്ദ്രാസ്** (1 എസ്ദ്രാസ്)

**16 നെഹെമിയാസ്** (2 എസ്ദ്രാസ്)

നാളാഗമത്തിന്റെ തുടർച്ചയാണിതു്. മതനവീകരണത്തിനുള്ള ശ്രമം ഇതിൽ കാണാം.

**17 തോബിയാസ്**

തോബിയാസ് എന്നൊരാളുടെ കഥയാണിതു്. ബി. സി. രണ്ടാംനൂററാണ്ടിൽ എഴുതപ്പെട്ടു.

**18 യൂദിത്ത്** (Judith)

വിശ്വസ്തയും, ഭക്തയുമായ ഒരു യഹൂദസ്ത്രീയുടെ കഥയാണിതു്.

**19 എസ്തേർ** (Esther)

എസ്തേർ രാജ്ഞിയുടെ കഥ

**ബി. പ്രബോധനപരം**

**20 ജോബ്**

ജോബ് എന്ന ഭക്തന്റെ കഥയാണിതു്. ബി. സി. അഞ്ചാം നൂററാണ്ടിൽ എഴുതപ്പെട്ടു. സഹനത്തിന്റെ പ്രശ്നമാണു് ഇതിലെ ഇതിവൃത്തം.

**21 സങ്കീർത്തനങ്ങൾ** (Psalms)

ദാവീദ് മുതലായവർ എഴുതിയ പ്രാർത്ഥനാഗാനങ്ങളുടെ സമാഹാരമാണിതു്. യഹൂദന്മാർ പ്രാർത്ഥനയ്ക്കു ഇതുപയോഗിച്ചിരുന്നു.

www.malankaralibrary.com

## 22 സുഭാഷിതങ്ങൾ (Proverbs)

സോളമൻരാജാവു് എഴുതിയതാണെന്നു് കരുതപ്പെട്ടുന്നു. സ്രഷ്ടാവും, നീതിമാനും, കരുണാപൂർണ്ണനുമായി ദൈവത്തെ ചിത്രീകരിച്ചിരിക്കുന്നു. വിജ്ഞരും അജ്ഞരും എന്നു് രണ്ടു ഗണമായി ആളുകളെ തിരിച്ചിട്ടുണ്ടു്. പിതൃഭക്തി, സന്താനശിക്ഷണം മുതലായവയെപ്പററി പറഞ്ഞിട്ടുണ്ടു്. അറിവിന്റെ ആരംഭം ഈശ്വരഭക്തിയാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

## 23 സഭാപ്രസംഗകൻ (Ecclesiastes, Qohetelh)

മനുഷ്യന്റെ ബലഹീനത, ജീവിതത്തിന്റെ ക്ഷണഭംഗുരത എന്നിവയെപ്പററിയുള്ള ചിന്തകളാണിതു്. വിജ്ഞാനിയായ സോളമന്റെ പ്രതിപുരുഷനായ ഒരു പ്രസംഗകൻ പറയുന്നതായിട്ടാണു് എഴുതിയിട്ടുള്ളതു്. വിജ്ഞാനത്തിന്റെ പ്രതീകമാണു് സഭാപ്രസംഗകൻ എന്നു് യഹൂദർ കരുതുന്നു. ദൈവത്തെ ഭയപ്പെടുക, ദൈവകല്പനകളനുസരിക്കുക എന്നിവയാണു് മനുഷ്യധർമ്മമെന്നു് ഇതിൽ വ്യക്തമാക്കിയിരിക്കുന്നു.

## 24 ഉത്തമഗീതം (Song of Songs)

യഹൂദരുടെ വിവാഹാവസരങ്ങളിൽ പാടാനുണ്ടാക്കിയ ഗാനങ്ങളാണിവ. സ്ത്രീ പുരുഷസ്നേഹം, ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകരിക്കാനുള്ള ക്ഷണമാണെന്നും, മനുഷ്യസ്നേഹബന്ധം പരിശുദ്ധമാണെന്നും അവർ കരുതി. ദൈവവും ഇസ്രായേൽ ജനതയും തമ്മിലുള്ള സ്നേഹവും ഉടമ്പടിയുമാണു് ഓരോ വിവാഹത്തിലും അവർ കണ്ടതു്. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ പ്രതീകമായി ഇതിനെ ക്രൈസ്തവർ കരുതുന്നു.

www.malankaralibrary.com

## 25 വിജ്ഞാനം (Wisdom)

ഇതു് ആരെഴുതിയതാണെന്നു് നിശ്ചയമില്ല. ഈജിപ്റ്റിൽവസിച്ച യഹൂദർക്കുവേണ്ടിയാണിതു് വിരചിതമായതു്. ഗ്രീക്കുചിന്തയുമായി താദാത്മ്യപ്പെടരുതെന്നും ഇതിൽ ഉപദേശിക്കുന്നു. ജീവിതത്തേയും വിശ്വാസത്തേയുംപ്പററിയുള്ള യഹൂദപഠനമാണു് നല്ലതും നിത്യജീവിതത്തിലേക്കു് നയിക്കുന്നതും എന്നു് ഇതിൽ പഠിപ്പിക്കുന്നു. അർത്ഥവത്തും, മതാത്മകവുമായ സാമ്രാഗ്ഗികജീവിതം നയിക്കാനും, വിഗ്രഹാരാധയിൽ വീഴാതിരിക്കാനും ഉൽക്കടമായ ഈശ്വരവിശ്വാസത്തിലധിഷ്ഠിതമായ വിജ്ഞാനംകൊണ്ടുമാത്രമേ സാദ്ധ്യമാകു എന്നു് ഇതിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. മനുഷ്യനിലൂടെ ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന സജീവപ്രതിഭാസമായി വിജ്ഞാനത്തെ ചിത്രീകരിച്ചിട്ടുണ്ടു്. പഴയനിയമത്തിനും പുതിയനിയമത്തിനുമിടസ്കുള്ള കണ്ണിയായി ഈ ഗ്രന്ഥത്തെ കരുതാം.

## 26 പ്രഭാഷകൻ (Bensiraeh, Ecclesiasticus)

ബി. സി. 200—നോടടുത്തു് ബെൻസീറ എന്നയാൾ ഇതെഴുതി. സിറിയായും ഈജിപ്റ്റും, പലസ്തീനസ്കുവേണ്ടി മാറി മാറി യുദ്ധം ചെയ്തിരുന്ന കാലമാണതു്. അക്കാലത്തു് ചില യഹൂദർ ഗ്രീക്കു സംസ്കാരവുമായി ഒന്നാകാൻ ശ്രമിച്ചു. അതുകൊണ്ടു് മോസ്സസിൻെറ നിയമത്തെ ജീവിതത്തിൻെറ കേന്ദ്രബിന്ദുവാക്കാൻ അവരെ പ്രബോധിപ്പിക്കുകയാണിതിൽ. ഇസ്രായേലിനെ ദൈവം പരിപാലിച്ചതു് എങ്ങനെയാണെന്നു് ഇതിൽ വിവരിച്ചിട്ടുണ്ടു്.

## സി. പ്രവചനപരം

27) ഇസയാസ് (Isaias):—ഇസ്രായേൽ ജനതയുടെ ഏററവും സമുന്നതനായ പ്രവാചകനായ ഇസയാസു്

www.malankaralibrary.com

(ഏശയ്യ) എഴുതിയ ഗ്രന്ഥമാണിതു്. പ്രവാചകൻ എന്നതിൻെറ വാച്യാർത്ഥം മററൊരാൾക്കുവേണ്ടി പറയുന്നവൻ എന്നാണു്. "കർത്താവിൻെറ നാമത്തിൽ (കർത്താവിൻെറ വാക്കുകൾ)" എന്ന ആമുഖത്തോടെയാണു് പ്രവാചകർ സംസാരിക്കുക. ദൈവത്തിൻെറ ദൗത്യവാഹകരായും ഗുരുക്കന്മാരായും ഇവർ കരുതപ്പെട്ടു. വരാനുള്ള കാര്യങ്ങൾ അവർ മുൻകൂട്ടി പറഞ്ഞിരുന്നു.

യൂദയായിൽ ബി. സി. 760 നോടടുത്തു് ഇസയാസ് ജനിച്ചു. 20-ാം മത്തെ വയസ്സിൽ ദൈവത്തിൻെറ വക്താവു് എന്ന നിലയിൽ അദ്ദേഹം പ്രസംഗിച്ചു തുടങ്ങി.

ഈ പുസ്തകത്തിനു് 2 ഭാഗങ്ങളുണ്ടു്. രാജാക്കന്മാരുടെ രണ്ടാം പുസ്തകം 15 മുതൽ 20 വരെയുള്ള അദ്ധ്യായങ്ങളുടെ പശ്ചാത്തലത്തിലാണു് ആദ്യത്തെഭാഗം വായിക്കേണ്ടതു്. ഓസിയാസ്, യോവിതൽ, ആമോസ് എസക്കിയാസ് എന്നീ രാജാക്കന്മാരുടെ ഭരണകാലത്തെ ഇതിൽ പറഞ്ഞിട്ടുണ്ടു്.

രണ്ടാംഭാഗംവരെ വ്യത്യസ്തമാണു്. വരാനുള്ള രണ്ടു നൂററാണ്ടു കാലത്തേക്കു് പലസ്തീനായിലും പരദേശത്തുമുള്ള യഹൂദരോടു് സംസാരിക്കുകയാണിതിൽ. ഈ ഭാഗം ഇസയാസ് എഴുതിയതല്ലെന്നു കരുതുന്നവരുണ്ടു്.

നീതിയെപ്പററി മററാരും ഇത്രമാത്രം പറഞ്ഞിട്ടില്ല. അനീതി, കപടഭക്തി, വിഗ്രഹാരാധന മുതലായവക്കെതിരായ പ്രബോധനമുണ്ടതിൽ. വരാനുള്ള ഒരു രാജാവിനെപ്പററി (രക്ഷകൻ) പ്രതിപാദിക്കുന്നുണ്ടു്. 2-ാംഭാഗത്തു് ആശ്വാസത്തിൻെറയും പ്രതീക്ഷയുടേയും സന്ദേശ

www.malankaralibrary.com

മാണ്. ഇതിൽ പറയുന്ന യഹോവായുടെ ദാസൻ ക്രിസ്തുവാണെന്ന് ക്രൈസ്തവ പാരമ്പര്യം. 53-ാം അദ്ധ്യായമാണ് സുപ്രധാനം. വിജാതീയർ ഇസ്രായേലിനെ പീഡിപ്പിക്കുന്നതു് അതിന്റെ പാപപരിഹാരത്തിനായുള്ള ദൈവശിക്ഷയാണെന്ന് ഇസയാസ് പറഞ്ഞു. മിശിഹായുടെ വരവിനേയും ഭരണത്തേയുംപററി ഇതിൽ പ്രവചിച്ചിട്ടുണ്ട്.

## 28 ജറമിയ (Jeremiah, Jeremias)

ജറമിയ എഴുതിയ ഗ്രന്ഥം. ബി. സി. 650 ലാണ് അദ്ദേഹം ജനിച്ചതു്. 40 വർഷം പുരോഹിതനായിരുന്നു. ആദ്ധ്യാത്മിക നവീകരണത്തിനുവേണ്ടി അദ്ദേഹം യത്നിച്ചു. തെററുകൾക്കെതിരെ സമരമുയർത്തി. വിപത്തുകളുടെ പ്രവാചകനെന്ന് സ്വയം വിളിച്ചു. സ്വജീവിതത്തേപ്പററി പലതും ഗ്രന്ഥത്തിലുണ്ട്. എതിരാളികൾ അദ്ദേഹത്തെ പീഡനത്തിനു വിധേയമാക്കി. വരാനുള്ള 70 വർഷത്തെ പ്രവാസത്തെപ്പററിയും അതിന്റെ അന്ത്യത്തെപ്പററിയും പറഞ്ഞിട്ടുണ്ട്. ബി. സി. 586-ൽ ഈജിപ്ററിലെ ഡാഫനിൽവച്ചു മരിച്ചു. നീതിമാന്റെ സഹനത്തിന്റെ പ്രതീകമാണ് ജറമിയ. ക്രിസ്തുവിന്റെ പ്രതീകമായും അദ്ദേഹം കരുതപ്പെടുന്നു.

ദേശീയമായ അരക്ഷിതാവസ്ഥയ്ക്കു് അർത്ഥമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നീതിമാനായ ദൈവം തന്റെ ജനത്തിനു് പീഡകളും പ്രവാസവും നല്കുന്നതു് അവരെ നന്മയിലേയ്ക്കു് നയിക്കാനാണെന്നു് അദ്ദേഹം പ്രസ്താവിച്ചു.

## 29 ജറമിയായുടെ വിലാപങ്ങൾ.

## (Lamentations of Jeremias)

ഇതും ജറമിയ എഴുതിയതുകൊണ്ടു് ജറമിയ എന്ന ഗ്രന്ഥത്തിന്റെ ഭാഗമായി ഇതിനെ കരുതിയിരുന്നു.

www.malankaralibrary.com

മൃതസംസ്കാര ഗാനത്തിന്റെ രീതിയിലുള്ള അഞ്ചു ഗാനങ്ങളാണിവ. ജറുസലത്തിന്റെ നാശത്തിനു് തൊട്ടുമുമ്പാണു് അതു് വിരചിതമായതു്. ദൈവാലയതകർച്ചയുടെ വാർഷകദിനങ്ങളിൽ യഹൂദർ ഇതു് വായിച്ചിരുന്നു. തിന്മയെപ്പററി അനുതപിക്കാനുള്ള ആഹ്വാനമുണ്ടതിൽ.

**30** ബാറൂക്കു്:_

ഇതിന്റെ ആരംഭഭാഗം ഹീബ്രുവിലും രണ്ടാംഭാഗം ഗ്രീക്കിലും എഴുതപ്പെട്ടു. താപസജീവിതം, നീതി, എന്നിവയെപ്പററിയുള്ള പ്രബോധനമാണു് ഉള്ളടക്കം.

**31** എസക്കിയേൻ (Ezechiel):-

സുപ്രസിദ്ധ പ്രവാചകനായ എസക്കിയേൻ എഴുതിയ ഗ്രന്ഥം. ബി. സി. 599-ൽ നബുക്കദ്നോസർ ജറുസലം ദൈവാലയം പിടിച്ചെടുത്തു. യഹൂദരും അവരുടെ രാജാവും ഉദ്യോഗസ്ഥരും ബാബിലോണിയായിലേക്കു് നാടുകടത്തപ്പെട്ടു. അവർ അവിടെ ജീവിച്ചു്, സ്വനാട്ടിലേക്കു് തിരിച്ചു വരാനുള്ള ആഗ്രഹത്തോടെ വിജാതീയരുടെ വിഗ്രഹാരാധന മുതലായ തിന്മകളിലേക്കും ദുരാചാരങ്ങളിലേക്കും വഴുതി വീണുതുടങ്ങി. അന്നാണു് (ബി. സി. 593)-ൽ എസക്കിയേൽ തന്റെ മതപ്രവർത്തനമാരംഭിച്ചതു്.

ജനതയുടെ പാപഫലമാണു് പ്രവാസമെന്നു് അദ്ദേഹം പഠിപ്പിച്ചിരുന്നു. ദൈവാലയത്തിന്റെ പുനരുദ്ധാരണത്തെപ്പററിയും നീതിയെപ്പററിയും പ്രസംഗിച്ചു.

**32** ദാനിയേൽ (Daniel):-

ബാബിലോണിയൻ രാജാവായ നബുക്കദ്നോസർ നാടുകടത്തിയവരിൽ ഒരാളാണു് ദാനിയേൽ. ദാനിയേലി

www.malankaralibrary.com

നെപ്പററിയുള്ള ഗ്രന്ഥമാണിതു്. അദ്ദേഹമായിരിക്കാം എഴുതിയതും.

സൂസന്ന, ബേലി എന്നിവരുടെ കഥകളുണ്ടു് ഇതിൽ. പ്രവാസം തൊട്ടു് ഗ്രന്ഥകാരൻെറ കാലംവരെ അധികാരത്തിലിരുന്ന പൗരസ്ത്യ ചക്രവത്തിമാരെയാണു് നാലു മൃഗങ്ങളും, ഇരുമ്പുകാലുകളുമുള്ള ഭീകരമൂത്തിയും സൂചിപ്പിക്കുന്നതു്. സഹനങ്ങളിലെല്ലാം വരാനുള്ള രക്ഷകനിൽ ശരണപ്പെടുകയെന്നതാണു് പ്രധാന പ്രബോധനം.

## 33 ഓസി (Osee)

ഉത്തര രാജ്യത്തിലെ ഒരംഗമായിരുന്നു ഓസി. ജെറോബോവാം രണ്ടാമൻെറ (ബി. സി. 787_746) ഭരണത്തിൻെറ അവസാനം മുതൽ മന്നഹേമിൻെറ (ബി. സി. 745_735) കാലംവരെ അദ്ദേഹം ഇസ്രായേൽ ജനതയെ പഠിപ്പിച്ചു. ധാമ്മികത, ദൈവസ്നേഹം എന്നിവയെപ്പററി ഈ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു്.

## 34 യോവേൽ (Joel)

യോവേൽ എഴുതിയ ഗ്രന്ഥമാണിതു്.

## 35 ആമോസ്:_

ബത്ലഹത്തിനടുത്തുള്ള ഒരു സ്ഥലത്തു് ജീവിച്ചിരുന്ന ആട്ടിടയനാണു് ആമോസ്. നീതിയെപ്പററിയുള്ള പ്രബോധനമാണു് ഈ ഗ്രന്ഥത്തിൽ.

## 36 ആബ്ദിയാസ് (Abdias)

പ്രവാസകാലത്തു് എഴുതപ്പെട്ടു. ജറുസലത്തിൻെറ നാശത്തിൽ സന്തോഷിച്ച ഏദോവിനെതിരായ ഒരു പ്രവചനമാണിതു്.

www.malankaralibrary.com

37 യോനാസ് (Jonas)

യോനാസ് എന്ന പ്രവാചകൻെറ പ്രവൎത്തനങ്ങളേപ്പററി വിവരിക്കുന്ന ഗ്രന്ഥം.

38 മിക്കയാസ് (Michaeas)

ഇസയാസിൻെറ കാലത്തു് ജീവിച്ചിരുന്ന യൂദയാക്കാരനായ മിക്കയാസ് എഴുതിയ സമരിയായുടെ വീഴ്ചയെപ്പററിയുള്ള ഗ്രന്ഥമാണിതു്.

39 നാഹും (Nahum)

പാപപങ്കിലയായ നിനിവേ നഗരത്തിന്മേലുള്ള ദൈവകോപം, നിനവേയുടെ നാശം മുതലായ കാൎയ്യങ്ങളാണു് ഇതിൻെറ ഉള്ളടക്കം. ദൈവിക നീതിയെപ്പററിയുള്ള പ്രബോധനമുണ്ടിതിൽ.

40 ഹബക്കുക് (Habacuc)

കാൽഡിയൽ ആക്രമണത്തെപ്പററിയുള്ള പ്രവചനം, തിന്മയെപ്പററിയുള്ള വിചിന്തനം എന്നിവയാണു് ഇതിൻെറ ഉള്ളടക്കം.

41 സൊഫോണിയാസ് (Sophonias, Zephaniah)

നീതി, അനുസരണം, എളിമ എന്നിവയെപ്പററിയുള്ള പ്രബോധനമാണീഗ്രന്ഥത്തിൽ.

42 അഗേയൂസ് (Aaggeus)

അഗേയൂസ് എഴുതിയ വചനം.

43 സക്കറിയാസ് (Zacharias)

ധാൎമ്മിക നവീകരണത്തെ ലക്ഷ്യം വച്ചുകൊണ്ടു് സക്കറിയാസ് എഴുതിയ ഗ്രന്ഥം.

44 മലാക്കിയാസ് (Malachi, Malachias)

മലാക്കിയാസിൻെറ പ്രബോധനങ്ങളാണീഗ്രന്ഥത്തിൽ.

www.malankaralibrary.com

ഡി: ചരിത്രപരം

45 മക്കബായർ (Machabees)

46 മക്കബായർ (Machabees)

മക്കബി എന്നയാളിൽ നിന്നാണ് പേരുണ്ടായതു്. മത്താണിയാസിന്റെ മകനായ യൂദാസിന്റെ പ്രശസ്ത വിജയത്തിൽ അദ്ദേഹത്തിന് നല്കപ്പെട്ട നാമമാണ് മക്കബി. പിന്നീട് ആ കുടുംബത്തിന് ആ പേരു് നിലനിന്നു. ബി. സി. 175 മുതൽ 135 വരെയുള്ള സംഭവങ്ങളാണ് 1-ാം മക്കബയർ എന്ന ഗ്രന്ഥത്തിൽ. 1-ാം നൂററാണ്ടിന്റെ ആരംഭത്തിലാണ് എഴുതപ്പെട്ടതു്. ഗ്രീക്കപ്രതി ഇന്നുമുണ്ട്.

മക്കബായരുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം നടത്തിയ യുദ്ധമാണ് ഇതിലെ പ്രതിപാദ്യം. 2-ാം മക്കബായർ എന്ന ഗ്രന്ഥത്തിൽ ചില വീരനേതാക്കന്മാരുടെ കഥകളാണുള്ളതു്. ആത്മാവിന്റെ അമർത്യതയെപ്പററി ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ജീവിതത്തിന്റെ പ്രകൃതത്തിനൊത്തു മരണാനന്തരം ശിക്ഷയോ സമ്മാനമോ ലഭിക്കമെന്നും ഇതിൽ പഠിപ്പിക്കുന്നു.

## എഴുപത്തിമൂന്നു ഗ്രന്ഥങ്ങൾ?

പണ്ട് 'വിലാപങ്ങൾ' ജറമിയായുടെ ഭാഗമായികരുതിയിരുന്നു. അങ്ങനെ പഴയനിയമങ്ങളുടെ സംഖ്യ 45 ആയിരുന്നു. അതുകൊണ്ട് ബൈബിളിലാകെ 72 ഗ്രന്ഥങ്ങളുണ്ട് എന്നാണ് പറഞ്ഞിരുന്നതു്. ഇപ്പോഴത്തെ വിഭജനമനുസരിച്ച് 73 ഗ്രന്ഥങ്ങൾ (46-27) ഉണ്ട്.

പ്രസ്തുത ഗ്രന്ഥങ്ങളിൽ, തോബിയാസ്, യൂദിത്ത്, വിജ്ഞാനം, പ്രഭാഷകൻ, ബാറുക്ക്, ഒന്നും രണ്ടും മക്കബിയർ എന്നിവയെ പ്രോട്ടസ്റ്റൻറുകാർ ഉപേക്ഷിച്ചു.

www.malankaralibrary.com

പലസ്തീനായിലെ മൂലത്തിൽ (മസോറ) അവയില്ലാത്തതു കൊണ്ടുതന്നെ.

ക്രിസ്തുവിൻെറ കാലത്തു് എല്ലാം അംഗീകരിക്കപ്പെട്ടി രുന്നില്ല. ജൊസേഫൂസ് ഫ്ളാവിയൂസ് പറഞ്ഞിട്ടുണ്ടു്, അക്കാലത്തു് അംഗീകൃതഗ്രന്ഥങ്ങളുടെ ഒരു ലിസ്റ്റ് ഉണ്ടാ യിരുന്നുവെന്നു്. ആദ്യമായി ലിസ്റ്റുണ്ടാക്കിയതു് ജോസി യാസ് രാജാവിൻെറ കാലത്താണു്. [ബി. സി. 639-609] അന്നു് ഹെസിയാസ് എന്ന പുരോഹിതനാണു് ഇന്ന യിന്ന ഗ്രന്ഥങ്ങളാണു് അംഗീകരിക്കേണ്ടതു് എന്നു് പ്ര ഖ്യാപിച്ചതു്. ബി. സി. 5_ാം നൂററാണ്ടുമുതൽ സിന ഗോഗുകളിൽ വിശുദ്ധ ഗ്രന്ഥങ്ങളുടെ ലിസ്റ്റുണ്ടായിരുന്നു. ബി. സി. 444_ൽ എസ്ത്രാസ് അതൊന്നുകൂടി പരഷ്ക്ക രിച്ചു. പ്രവചനപരമായ ഗ്രന്ഥങ്ങളുടെ അംഗീകാരമുണ്ടാ യതു് ബി. സി. 3-ാം നൂററാണ്ടിലാണു്:

www.malankaralibrary.com

അദ്ധ്യായം ഇരുപത്തിനാല്

# പുതിയനിയമത്തിലെ അംഗീകൃത ഗ്രന്ഥങ്ങൾ

പുതിയനിയമത്തിൽ ആകെ 27 ഗ്രന്ഥങ്ങളുണ്ട്. അവയിൽ ആദ്യത്തെ 4 ഗ്രന്ഥങ്ങളെ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. നല്ല വാർത്തകൾ, ദൈവികമായ വാർത്തകൾ എന്നൊക്കെയാണ് ആ വാക്കിന്റെ അർത്ഥം. പുതിയനിയമ ഗ്രന്ഥങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു:—1) ചരിത്രപരം (2) പ്രബോധനപരം (3) പ്രവചനപരം.

## A ചരിത്രപരം

### വിശുദ്ധ മത്തായിഎഴുതിയ സുവിശേഷം

(St-Mathew)

ശ്ലീലാക്കാരനായ മത്തായിയാണ് ആദ്യമായി ക്രിസ്തുവിന്റെ ജീവിതത്തെയും പഠനത്തേയുംപ്പററി

www.malankaralibrary.com

എഴുതിയതു്. ലേവിയെന്നു് വിളിക്കപ്പെട്ടിരുന്ന ഇദ്ദേഹത്തിൻെറ അച്ഛൻെറ പേരു് അൽഫേ എന്നാണു്. സാമാന്യം നല്ല കുടുംബത്തിലാണു് പിറന്നതു്. അപ്പൊസ്തലനാണു്. റോമാക്കാർക്കു് വേണ്ടി ചുങ്കം പിരിക്കലായിരുന്നു തൊഴിൽ. ക്രിസ്തുവിൻെറ മരണാനന്തരം 8-ാം വഷത്തിൽ ഓർശ്ലേമ്മിൽ വച്ചു് ക്രൈസ്തവരായ യഹൂദർക്കുവേണ്ടി ഈ ഗ്രന്ഥമെഴുതി. അരമായിക്കാണു് ഭാഷ. ഇദ്ദേഹത്തിൻെറ സുവിശേഷപ്രവർത്തന രംഗങ്ങൾ പാർത്ഥിയാ, പേർഷ്യ, എത്യോപ്പിയ എന്നിവടങ്ങളാണു്.

മൂലകൃതികളുടെ ഒരു പകപ്പു് വി. തോമാശ്ലീഹാ ഇൻഡ്യയിൽ കൊണ്ടുവന്നുവെന്നു് വിശ്വസിക്കപ്പെടുന്നു. മത്തായി എന്ന പേരിൻെറ അർത്ഥം ദൈവദാനം എന്നാണു്. യാക്കോബു്ശ്ലീഹാ ഓർശ്ലേമ്മിൽവച്ചു് ഈ ഗ്രന്ഥം വിശ്വാസികളുടെ മദ്ധ്യേ വായിച്ചതായി പാരമ്പര്യമുണ്ടു്.

ഈശോമിശിഹായുടെ വംശാവലിയോടെയാണു് എഴുതിതുടങ്ങുന്നതു്. മിശിഹായുടെ മാനുഷികവും രാജകീയവുമായ കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്നു.

2 വിശുദ്ധ മർക്കോസു് എഴുതിയ സുവിശേഷം.

(St. Mark)

എ. ഡി. 55 നും 62 നുമിടയ്ക്കു് ഹീബ്രുവംശജനും പത്രോസിൻെറ ശിഷ്യനുമായ മർക്കോസു് ക്രിസ്തുവിൻെറ ജീവിതകഥയും പ്രബോധനവുമെഴുതി, ഗ്രീക്കുഭാഷയിലായിരിക്കാം എഴുതിയതു്. പത്രോസിൻെറ പ്രഭാഷണം രേഖപ്പെടുത്തിക്കൊടുക്കണമെന്നു് റോമിലെ ക്രൈസ്തവർ അഭ്യർത്ഥിച്ചതനുസരിച്ചു് എഴുതിയതാണു്. ഇദ്ദേഹം പൗലോസിൻെറയും ബർണ്ണബാസിൻെറയും സഹായിയായിരുന്നു.

www.malankaralibrary.com

മർക്കോസ് എന്നതു് റോമൻ പേരാണു്. യോഹന്നാൻ എന്നൊരു സുറിയാനി പേരുകൂടിയുണ്ടു്. അമ്മയുടെ പേരു് മേരി. ക്രൈസ്തവരുടെ ഒരു കേന്ദ്രമായിരുന്നു കുടുംബം. ഇദ്ദേഹത്തെ പത്രോസ്, 'എന്റെ മകനേ' എന്നു വിളിക്കുന്നതുകൊണ്ടു് പത്രോസിൽ നിന്നാണു ക്രിസ്തുമതം സ്വീകരിച്ചതെന്നു് വിശ്വസിക്കപ്പെടുന്നു. ഇദ്ദേഹം അലക്സാണ്ടറിയായിൽ സഭ സ്ഥാപിച്ചുവെന്നു് എവുസേബിയുസും ജറോമും പറയുന്നു. അവിടെവച്ചാണു് ഇദ്ദേഹം രക്തസാക്ഷിയായി മരിച്ചതു്. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം A. D. 820-ൽ വെനീസിൽ കൊണ്ടുചെന്നു് അടക്കി. സുവിശേഷം തുടങ്ങുന്നതു് സ്നാപകയോഹന്നാനെപ്പറ്റി പറഞ്ഞുകൊണ്ടാണു്. മത്തായിയുടെ സുവിശേഷം ഇദ്ദേഹം വായിച്ചിട്ടുണ്ടായിരിക്കണം.

3 വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷം (St. Luke)

അന്തിയോക്യക്കാരനായ ലൂക്കാ വൈദ്യനും ചിത്രമെഴുത്തുകാരനുമായിരുന്നു. പൗലോസിന്റെ പ്രസംഗങ്ങൾ കേട്ടു ക്രൈസ്തവനായി. സുവിശേഷപ്രസംഗകനായിരുന്നു പൗലോസിന്റെ നിരന്തര സഹകാരിയായിരുന്നു. കൊറിന്തിൽവച്ചു് അദ്ദേഹം ഈ സുവിശേഷം ഗ്രീക്കുഭാഷയിൽ എഴുതി. മുമ്പു് എഴുതിയവർ വിട്ടുകളഞ്ഞ പലതും ഇദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ സാർവ്വത്രികരക്ഷയാണു് പ്രധാന പ്രമേയം. മാസിഡോണിയാ, ഡൽമേഷ്യാ, ഫ്രാൻസ് എന്നിവിടങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും 74-ാമത്തെ വയസ്സിൽ വേദസാക്ഷിയായി മരിക്കുകയും ചെയ്തു. തിയോഫില എന്ന ശിഷ്യനുവേണ്ടി എഴുതുന്നതായി തുടക്കത്തിൽ പറഞ്ഞിരിക്കുന്നു. മർക്കോസും, ലൂക്കായും ക്രിസ്തുവിന്റെ ശ്ലീഹന്മാരല്ല, സുവിശേഷകർ മാത്രമാണു്.

www.malankaralibrary.com

## 4 വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം (St. John)

സ്നാപകയോഹന്നാൻ എന്ന യതിവര്യന്റെ ഒരു ശിഷ്യനായിരുന്നു യോഹന്നാൻ. പിതാവായ സെബദി സമ്പന്നനായ മുക്കവനായിരുന്നു. ഗലീലായിലെ ബെത്സൈദായിൽ ജനിച്ചു. മാതാവിന്റെ പേര് സലോമി. ക്രിസ്തുവിന്റെ മരണസമയത്ത് കുരിശിന്റെ ചുവട്ടിൽ സലോമിയുണ്ടായിരുന്നു. യോഹന്നാന്റെ സഹോദരനാണ് വലിയ യാക്കോബ്. ക്ഷിപ്രകോപികളും ഉഗ്രഭാഷകരുമായിരുന്നതുകൊണ്ട് ഇവരെ ഇടിമിന്നലിന്റെ പുത്രന്മാർ എന്നു വിളിച്ചിരുന്നു. ക്രിസ്തുവിന്റെ മുഖച്ഛായയായിരുന്നു ഇദ്ദേഹത്തിന്. പന്തക്കുസ്തയ്ക്കുശേഷം ഓർശ്ലത്തും സമരിയായിലും സുവിശേഷപ്രസംഗം നടത്തി. ഡോമിഷ്യൻ ചക്രവർത്തി (എഡി. 81–96) പാത്മോസിലേക്ക് നാടുകടത്തിയെങ്കിലും നേർവയുടെ ഭരണകാലത്ത് (എ. ഡി. 69–98) എഫേസൂസിലേക്ക് തിരിച്ചുവന്നു. ട്രാജന്റെ (98–118 എ. ഡി.) കാലത്ത് വയോധികനായി മരണമടഞ്ഞു.

പാത്മോസിൽനിന്ന് എഫേസൂസിൽ എത്തിയശേഷം എ. ഡി. 100ൽ സുന്ദരമായ ഗ്രീക്കുഭാഷയിൽ ഈ സുവിശേഷം രേഖപ്പെടുത്തി. മുമ്പ് എഴുതിയവർ വിട്ടുപോയവ എടുത്ത് പറയാനും, പറഞ്ഞവയെ വിശദീകരിക്കാനും വേണ്ടി ഇതെഴുതി. മിശിഹാ ദൈവപുത്രനാണെന്ന് തെളിയിക്കുകയാണ് പ്രധാനലക്ഷ്യം. സ്നാനപക യോഹന്നാൻ മിശിഹായെക്കാൾ ഉന്നതനാണെന്ന് വിശ്വസിച്ചിരുന്നവരെയും സെരീന്തസ്, എബണൈററ്സ്, നിക്കോളൈററ്സ്, അജ്ഞേയവാദികൾ എന്നിവരേയും തിരുത്തുവാൻ വേണ്ടികൂടിയാണ് ഇതെഴുതിയത്. ഇതിന്റെ ഗ്രീക്കു പ്രതി രണ്ടാംനൂററാണ്ടിൽ ഈജിപ്ററിൽ പ്രചരിച്ചിരുന്നു.

www.malankaralibrary.com

ഏ. ഡി. 132_ൽ എഴുതിയ ഒരു കയ്യെഴുത്തു് പ്രതിയുടെ ഏതാനും ഭാഗങ്ങൾ ഇപ്പോഴും മാഞ്ചെസ്റ്ററിലുള്ള ജോൺ റെയിലാൻഡ്സ് പുസ്തകശാലയിലുണ്ടു്.

5 ശ്ലീഹന്മാരുടെ നടപടി

ക്രിസ്തുവിന്റെ മരണശേഷം ശ്ലീഹന്മാർ നടത്തിയ സുവിശേഷപ്രവർത്തനങ്ങളെപ്പററി പൗലോസിന്റെ സഹചാരിയായിരുന്ന വി. ലൂക്കാ ഗ്രീക്കു് ഭാഷയിൽ എഴുതിയതാണിതു്. ആദിമ സഭയുടെ ചരിത്രമാണിതിൽ.

## ബി. പ്രബോധനപരം

6 റോമാക്കാർക്കുള്ള ലേഖനം

റോമൻ പ്രോവിൻസായ ടാർസിസിലാണു് പൗലോസ് ജനിച്ചതു്. സാവൂൾ എന്നായിരുന്നു ആദ്യത്തെപേരു്. യഹൂദവംശജനും അഗാധപണ്ഡിതനുമായ ഒരു ഫരിസേയനായിരുന്നു ഇദ്ദേഹം. ഡമാസ്കസിലെ ക്രൈസ്തവരെ പീഡിപ്പിക്കാൻ പോയവഴിക്കു് ദർശനമുണ്ടായി മാനസാന്തരപ്പെട്ടു. അനനിയാസാണു് സ്നാപനം ചെയ്തതു്. ഒരുത്തമ ക്രൈസ്തവ ആചാര്യനായി മതപ്രചരണാർത്ഥം പലയിടത്തും സഞ്ചരിച്ചു. ഏ. ഡി. 37-ൽ ഓർശ്ലേത്തുചെന്നു. 43_ൽ അന്ത്യോക്യയിൽ പ്രസംഗിച്ചു. 44_ൽ വീണ്ടും ഓർശ്ലേത്തെത്തി. 51_ലും ഓർശ്ലേത്തു ചെന്നിട്ടുണ്ടു്. കേസരിയായിൽ രണ്ടു വർഷം തടങ്കലിൽ താമസിച്ചു. ഏ. ഡി. 59-ൽ കൊറിന്തിൽവച്ചു് എഴുതിയതാണു് ഈ കത്തു്. ഏ. ഡി. 67_ൽ പത്രോസിനോടൊത്തു് റോമിൽവച്ചു് വേദസാക്ഷിയായി മരിച്ചു. അദ്ദേഹം എഴുതിയ കത്തുകളിൽ 14 എണ്ണമേ നമുക്കു ലഭിച്ചിട്ടുള്ളു.

www.malankaralibrary.com

7 കൊറിന്ത്യർക്കുള്ള ഒന്നാം ലേഖനം

എ. ഡി. 57–ൽ എഫേസൂസിൽവച്ച് ഗ്രീക്കുഭാഷയിൽ വി. പൗലോസ് ഇതെഴുതി. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളാണ് പ്രതിപാദ്യം. ഒരു പുരാതന കോളനിയാണ് കൊറിന്ത്.

8 കൊറിന്ത്യർക്കുള്ള രണ്ടാം ലേഖനം

പൗലോസിന്റെ അധികാരത്തെയും ഉദ്ദേശശുദ്ധിയേയും ചോദ്യം ചെയ്തവർക്കുള്ള ഒരു മറുപടിയാണിത്.

9 ഗലേഷ്യർക്കുള്ള ലേഖനം.

റോമൻ പ്രൊവിൻസായ ഗലേഷ്യയിലെ ക്രൈസ്തവർക്ക് പൗലോസ് എഴുതിയതാണിത്. ക്രൈസ്തവരാകുന്ന യഹൂദർക്ക് യഹൂദാചാരങ്ങൾ അത്യാവശ്യമല്ലെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്.

10 എഫേസൂസുകാർക്കുള്ള ലേഖനം.

ഏഷ്യാ മൈനറിന്റെ (ഇന്നത്തെ തുർക്കി) തലസ്ഥാനമായ എഫേസൂസിലെ ക്രൈസ്തവർക്കുവേണ്ടി, വി. പൗലോസ് റോമിലെ കാരാഗൃഹത്തിൽവച്ച്, ഗ്രീക്കുഭാഷയിൽ ഇതെഴുതി, അദ്ദേഹമാണ് എഫേസൂസിൽ മതപ്രചരണം നടത്തിയത്. തിമോത്തിയായിരുന്നു അവിടത്തെ സഭയുടെ അധികാരി. അപ്പസ്തോലന്മാരിൽ ഒരാളും നാലാമത്തെ സുവിശേഷം എഴുതിയ ആളുമായ വി. യോഹന്നാൻ അവിടെ മെത്രാനായിരുന്നു. ഏഷ്യാമൈനറിലെ ഒരു ചെറിയ ദ്വീപായ പാത്മോസിൽവച്ചാണല്ലോ യോഹന്നാൻ വെളിപാട് എഴുതിയത്.

വ്യാജോപദേഷ്ടാക്കളെ സൂക്ഷിച്ചുകൊള്ളണമെന്നു ശ്ലീഹാ ഈ കത്തിൽ ഉപദേശിക്കുന്നു. ഇതിലെ ആശയങ്ങൾ ഗഹനമാണ്.

11 ഫിലിപ്പിയാക്കാർക്കുള്ള ലേഖനം

മഹാനായ അലക്സാണ്ടറിന്റെ പിതാവായ ഫിലിപ്പ് രണ്ടാമൻ രാജാവ് ബി. സി. 358–ൽ സ്ഥാപിച്ച

www.malankaralibrary.com

മാസിഡോണിയൻ നഗരമാണ് ഫിലിപ്പി. ക്രേണിഡസ് എന്നായിരുന്നു അതിൻെറ പഴയപേരു്. അഡ്രിയാററിക്ക കടലിന്നടുത്താണിതു്. ബി. സി. 168ൽ അവിടം റോമാക്കാർ പിടിച്ചെടുത്തു. ഇവിടെവച്ചാണു് പൗലോസു് യൂറോപ്യരെ ആദ്യമായി മാനസാന്തരപ്പെടുത്തിയതു്. ഏ. ഡി. 62_ൽ റോമിൽവച്ചു് ഗ്രീക്കഭാഷയിൽ അവർക്കു് ഈ കത്തെഴുതി. ക്രിസ്തുവിൻെറ മാനുഷികവും ദൈവികവുമായ സ്വഭാവത്തേപ്പററി ഇതിൽ ചർച്ചചെയ്യുന്നു. എപ്പ്രോദിത്തുസ് വഴിയാണു് ഈ കത്തു് കൊടുത്തയച്ചതു്. ഇദ്ദേഹമാകട്ടെ 70 ശിഷ്യന്മാരുടെ ഗണത്തിൽപ്പെട്ടയാളും ഗിസിയായിലെ ബിഷപ്പുമായിരുന്നു.

ഫിലിപ്പിയാക്കാർക്കു് ബി. സി. 31_ൽ ആക്ട്സിയൻ യുദ്ധാനന്തരം റോമൻ ചക്രവർത്തി റോമൻ പൗരത്വം നല്കിയിരുന്നു.

12 കൊളോസ്യർക്കുള്ള ലേഖനം.

ഫ്രീജിയായിലെ ഒരു പട്ടണമാണു് കൊളോസെ. എഫേസൂസിനു് കിഴക്കു് 100 മൈൽ അകലെ അന്തിയോക്കസ് 3_ാമൻ ബി. സി. 157_ൽ 200 യഹൂദകുടുംബങ്ങളെ, മെസപ്പട്ടോമിയ, ബാബിലോണിയ എന്നിവിടങ്ങളിൽനിന്നു് കൊളോസിയിൽ കൊണ്ടുവന്നു പാർപ്പിച്ചു. വി. പൗലോസിൻെറ പ്രഭാഷണം കേട്ടു് മാനസാന്തരപ്പെട്ട എപ്പഫ്രാസ് ആണു് അവിടെ ക്രിസ്തുമതം പ്രചരിപ്പിച്ചതു്. അദ്ദേഹത്തിൻെറ അപേക്ഷപ്രകാരം ഏ. ഡി. 63_ൽ ഈ ലേഖനം തൈക്കിക്കുസ് എന്ന വിശ്വസ്ത സഹകാരിയുടെ കയ്യിൽ വി. പൗലോസ് കൊടുത്തയച്ചു. അബദ്ധവിശ്വാസങ്ങളിൽനിന്നു് അകന്നുനില്ക്കാൻ ശ്ലീഹാ അവരെ ഉപദേശിക്കുന്നു.

www.malankaralibrary.com

## 13 തെസലോണിയക്കുള്ള ലേഖനം.

മാസിഡോണിയായുടെ തലസ്ഥാനമാണ് തെസലോണിക്ക. ഇന്നതു് സലോനിക്ക എന്ന പേരിലറിയപ്പെടുന്നു. ഏ. ഡി, 51_ൽ വി. പൗലോസ് അവിടെ വേദം പ്രസംഗിച്ചു. യഹൂദരും വിജാതിയരും മാനസാന്തരപ്പെട്ടു. അവിടത്തെ ക്രൈസ്തവരെ പീഡിപ്പിച്ചപ്പോൾ അവരെ വിശ്വാസത്തിലുറപ്പിക്കാൻ തിമോത്തിയെ അയച്ചു. മരിച്ചവരുടെ ഉത്ഥാനത്തെപ്പററിയും മിശിഹായുടെ രണ്ടാമത്തെ ഉത്ഥാനത്തെപ്പററിയും അവക്കുണ്ടായിരുന്ന സംശയം മാററുവാൻ തിമോത്തിയുടെ അഭ്യർത്ഥനപ്രകാരം ഈ കത്തു് ഏ. ഡി. 52_ൽ ഗ്രീക്കുകാർ എഴുതി അയച്ചു.

## 14 തെസലോണിയക്കുള്ള രണ്ടാം ലേഖനം.

ലോകാവസാനം അത്യാസന്നമെന്നു കരുതി കമ്മാനുഷ്ഠാനങ്ങളിൽ നിന്നകന്നു് നിരുത്സാഹരായിക്കഴിഞ്ഞ തെസലോണിയാക്കാക്കുള്ള ഒരുപദേശമാണിതു്.

## 15 തിമോത്തിക്കുള്ള ഒന്നാം ലേഖനം.

ഏ. ഡി. 65നും 66_നുമിടയ്ക്കു് പൗലോസ് എഴുതി. ഏഷ്യമൈനറിൽപ്പെട്ട ലിക്കോണിയായിലെ ലിസ്ട്രാ എന്ന നഗരത്തിലാണു് തിമോത്തി ജനിച്ചതു്. പിതാവു് ഒരു യവനനാണു്. മാതാവു് (യൂണിസു്)യഹൂദയും. വി. പൗലോസ് ലിസ്ത്രിയായിൽവച്ചു് തിമോത്തിയെ ശിഷ്യനായി സ്വീകരിച്ചു. പിന്നീടു് എഫേസ്സൂസിലെ സഭാദ്ധ്യക്ഷനാക്കി. 40 വഷം മെത്രാപ്പോലീത്തയായിരുന്നശേഷം ഏ. ഡി. 97-ൽ വേദസാക്ഷിമകുടം ചൂടി. ഈ കത്തിൽ ആചാര്യന്മാരുടെ ചുമതലകളെപ്പററിയാണു് പറയുന്നതു്. തിമോത്തിയ്ക്കെഴുതിയ കത്തും അജപാലകലിഖിതങ്ങൾ എന്നറിയപ്പെടുന്നു.

www.malankaralibrary.com

16 തിമോത്തിക്കുള്ള 2-ാം ലേഖനം.

ഏ. ഡി. 67ൻെറ അവസാനഭാഗത്താണ്, കാരാഗൃഹവാസക്കാലത്ത് ഇതെഴുതിയത്.

17 ടൈററസിനുള്ള ലേഖനം

അന്തിയോക്യയിലാണ് ടൈററസ് (തീത്തൂസ്) ജനിച്ചത്. യവനരാണ് മാതാപിതാക്കൾ. തീത്തൂസ് പലപ്പോഴും പൗലോസിൻെറ ദൗത്യവാഹകനായി പ്രവർത്തിച്ചിട്ടുണ്ട്. തീത്തൂസ് ക്രീററിലായിരിക്കുമ്പോഴാണ് ഈ കത്തു കിട്ടുന്നത്. ക്രീററിലെ ഗോർട്ടിനായിൽവച്ച് 94-ാമത്തെ വയസ്സിൽ തീത്തൂസ് മരിച്ചെന്ന് പാരമ്പര്യം.

18 ഫിലമോനുള്ള ലേഖനം.

കൊളോസെ നഗരത്തിലെ ഒരു ധനവാനാണ് ഫിലമോൻ. അദ്ദേഹത്തിന് ഒണേസിമോസ് എന്നൊരു അടിമയുണ്ടായിരുന്നു. അയാൾ ഫിലമോൻെറ ചില സാധനങ്ങൾ മോഷ്ടിച്ചുകൊണ്ട് ഒളിച്ചുപോയി. കുറേക്കഴിഞ്ഞ് അയാൾ പൗലോസിനെ അഭയം പ്രാപിച്ചു. തെററിനെപ്പററി മനസ്തപിച്ച് രമ്യതയ്ക്കു ശ്രമിച്ചു. പൗലോസ്, അടിമയുടെ തെററു ക്ഷമിക്കാനും അയാളെ മോചിക്കാനും അഭ്യർത്ഥിച്ചുകൊണ്ടുള്ള ഈ കത്ത് ഏ. ഡി. 62-ൽ എഴുതി അയച്ചു. പിന്നീട് ഈ അടിമ ക്രൈസ്തവനായി, എഫേസ്സസിലെ മെത്രാനായി. അദ്ദേഹത്തിൻെറ ഭാര്യയായ അപ്പിയായും മകനായ അർക്കിപ്പോസും നീറോയുടെ കാലത്ത് വേദസാക്ഷികളായി മരിച്ചു.

19 എബ്രായർക്കുള്ള ലേഖനം.

പൗലോസ് ഓർശ്ലെമിലെ യഹൂദക്രൈസ്തവർക്കുവേണ്ടി ഏ. ഡി. 63-ൽ റോമിൽവച്ച് ഈ കത്തെഴുതി. പീഡനംകൊണ്ട് ഭഗ്നാശരായവരെ ധൈര്യപ്പെടുത്താനും ക്രിസ്തുമതത്തിൻെറ മഹനീയതയെ തെളിയിക്കാനുമായിട്ടാണ് എഴുതിയത്.

www.malankaralibrary.com

20 വി. യാക്കോബിൻെറ ലേഖനം.

ഓർശ്ലേമിലെ പ്രഥമ ബിഷപ്പാണ് യാക്കോബ്. ക്ലേയോഫാസിൻെറയും മറിയത്തിൻെറയും (അൽഫേ) പുത്രനാണ്. (കന്യകാമറിയത്തിൻെറ ചാർച്ചക്കാരിയായിരുന്നു ഈ മറിയം). ഇദ്ദേഹത്തെ എ. ഡി. 62-ൽ യഹൂദർ എറിഞ്ഞും അടിച്ചും വധിച്ചു.

വിശ്വാസം മാത്രം പോരാ, വിശ്വാസാനുസൃതമായ ജീവിതംകൂടി അത്യാവശ്യമാണെന്ന് ഇതിൽ സ്ഥാപിക്കുന്നു. യാക്കോബ്, യോഹന്നാൻ, യൂദാ, പത്രോസ് എന്നിവരുടെ ലേഖനങ്ങൾ പ്രത്യേകമായി ആരെയും ഉദ്ദേശിച്ചെഴുതിയതല്ല. അതുകൊണ്ട് അവയെ സാർവ്വത്രികലേഖനങ്ങൾ എന്നു വിളിക്കുന്നു.

21 വി. പത്രോസിൻെറ 1-ാം ലേഖനം.

പത്രോസ് ഗലീലിയായിലെ ബെത്സെയിദായിൽ ജനിച്ചു. കുടുംബസമേതം കഫർണാമിൽ താമസിച്ചു. മീൻപിടുത്തമായിരുന്നു തൊഴിൽ. ഇദ്ദേഹവും സഹോദരനായ അന്ത്രയോസും യോർദ്ദാൻ നദീതീരത്തുവച്ച് ക്രിസ്തുവിനെ കണ്ടു. അവിടുത്തെ അനുഗമിച്ചു. അന്തിയോക്യയിൽ സഭ സ്ഥാപിച്ചു. എ. ഡി. 51-ൽ ഓർശ്ലേമിൽ നടന്ന സാർവ്വത്രികസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു. ഇദ്ദേഹത്തെ എ. ഡി. 67-ൽ നീറോ ചക്രവർത്തി കുരിശിൽ തലകീഴായി തൂക്കിക്കൊന്നു.

റോമിൽവച്ചാണ് ഇതെഴുതുന്നത്. പുരാതന ബാബിലോൺപോലെ പാപപൂർണ്ണമായിരുന്നതുകൊണ്ട് റോമിനെ ബാബിലോൺ എന്നദ്ദേഹം വിളിച്ചിരുന്നു. (5-13) ഏഷ്യാമൈനറിലെ ക്രൈസ്തവരെ പീഡനങ്ങളിൽ ആശ്വസിപ്പിക്കാൻ വേണ്ടിയാണിതെഴുതിയത്.

www.malankaralibrary.com

22 വി. പത്രോസിൻെറ 2-ാം ലേഖനം.

ഇതും ഏഷ്യാമൈനറിലെ ക്രൈസ്തവക്കുവേണ്ടി റോമിൽവച്ചു്, കാരാഗ്രഹവാസകാലത്തു് ഏ. ഡി. 66 നം 67 നം ഇടയ്ക്കു് എഴുതി. ക്രിസ്തുവിൻെറ തത്വങ്ങളും മാതൃകയും സമ്യക്കായി ഗ്രഹിക്കാൻ അദ്ദേഹം ഉപദേശിക്കുന്നു.

23 വിശുദ്ധ യോഹന്നാൻെറ ഒന്നാം ലേഖനം.

എഫേസ്സസിൽവച്ചു് ഏഷ്യാമൈനറിലുള്ളവക്കായി ഇതെഴുതി. സെരിന്തസ് എന്നു് കാപടികൻെറ സിദ്ധാന്തത്തെ ഇതിൽ ഖണ്ഡിക്കുന്നു. മാമ്മോദീസ സമയത്തു് ക്രിസ്തു ആകാശത്തുനിന്നു് ഇറങ്ങിവന്നു. ഈശോയിൽ വസിച്ചെന്നും അത്ഭുതങ്ങൾ ചെയ്തിട്ടു് കുരിശുമരണത്തിനു് മുമ്പു് സ്വർഗ്ഗത്തിലേക്കു് ക്രിസ്തു തിരിച്ചു പോയെന്നും അതുകൊണ്ടു് ക്രിസ്തു പീഡനമേററില്ലെന്നും സെരിന്തസു പഠിപ്പിച്ചു. ഈശോ ആദ്യന്തം ദൈവവും, മനുഷ്യനുമാണെന്നു് ഈ ലേഖനത്തിൽ സ്ഥാപിക്കുന്നു.

24 വിശുദ്ധ യോഹന്നാൻെറ രണ്ടാം ലേഖനം.

ഏ. ഡി. 90-ന ശേഷം എഫേസൂസിൽവച്ചു് ഇതെഴുതി. സാഹോദര്യം വിശ്വാസസ്ഥിരത എന്നിവയെപ്പററി പ്രതിപാദിക്കുന്നു.

28 വിശുദ്ധ യോഹന്നാൻെറ 3-ാം ലോഖനം.

ഏതോ ഒരു ഗായൂസിനെ പ്രശംസിച്ചുകൊണ്ടും ഡിയോടിഫസ്, ഡെമേടിയസ് എന്നിവരെ ശാസിച്ചുകൊണ്ടും എഫേസൂസിൽവച്ചു് എഴുതിയതാണിതു്.

26 വിശുദ്ധ യൂദായുടെ ലേഖനം.

ക്രിസ്തുവിൻെറ 12 ശിഷ്യരിൽ ഒരുവനാണു് ചെറിയ യാക്കോബിൻെറ സഹോദരനാണു് യൂദാതദേവൂസ്. പിതാവിൻെറ പേരു് ക്ലേയോഫാസ്. തദൈ, ലംബൈ എന്നൊക്കെ യൂദായ്ക്കു പേരുണ്ടു്. പേർഷ്യയിലും,

www.malankaralibrary.com

മെസപ്പൊട്ടോമിയായിലും കാനാൻകാരനായ സൈമനുമൊത്ത് ഇദ്ദേഹം സുവിശേഷം പ്രസംഗിച്ചു. പേർഷ്യയിൽവച്ചു മരിച്ചു. ചില അബദ്ധസിദ്ധാന്തങ്ങളെയും ദുരാചാരങ്ങളെയും അപലപിക്കുകയാണ് ഈ കത്തിൽ.

## സി. പ്രവചനം

27 വിശുദ്ധ യോഹന്നാനുണ്ടായ വെളിപാട്.

നാലാം സുവിശേഷമെഴുതിയ ആൾ തന്നെയാണ് ഈ യോഹന്നാൻ. ഇദ്ദേഹത്തെ എ. ഡി. 95–ൽ ഈജിയൻ സമുദ്രത്തിലെ പാത്മോസ് ദ്വീപിലേക്ക് ഡൊമീഷ്യൻ ചക്രവർത്തി നാടുകടത്തി. അവിടെവച്ചുണ്ടായ ഒരു ദർശനത്തിന്റെ വിവരണമാണിത്. ഏകദൈവവിശ്വാസം ക്രിസ്തുവിന്റെ ദൈവത്വം മുതലായവയെപ്പററി പ്രസ്താവിക്കുന്നു. വിരുദ്ധശക്തികൾ നശിക്കുമെന്നും ഇതിൽ പറയുന്നു.

www.malankaralibrary.com

അദ്ധ്യായം ഇരുപത്തിഅഞ്ച്

# ബൈബിളിന്റെ വിഭജനം

പഴയനിയമമെന്നും പുതിയനിയമമെന്നും ബൈബിളിനെ രണ്ടായി വിഭജിച്ചിട്ടുണ്ട്. ക്രിസ്തുവിനുമുമ്പുള്ള പ്രവാചകന്മാരും, ആചാര്യന്മാരും പറഞ്ഞിട്ടുള്ളവ പഴയനിയമത്തിൽ ഉൾപ്പെടും. ക്രിസ്തു പഠിപ്പിച്ച തത്വങ്ങളും, ക്രിസ്തുവിന്റെ ശിഷ്യന്മാർ നടത്തിയ പ്രവർത്തനങ്ങളും പുതിയനിയമത്തിലുൾപ്പെടുന്നു.

## ബൈബിളിലെ ഗ്രന്ഥങ്ങളുടെ പേര്

ബൈബിളിലെ ഗ്രന്ഥങ്ങൾക്ക് ഗ്രന്ഥകാരന്മാർ പേരിട്ടിരുന്നില്ല, പില്ക്കാലത്താണ് പേരുകളുണ്ടായത്.

www.malankaralibrary.com

1 പ്രതിപാദ്യത്തെ കുറിക്കുന്നവ ഉദാ: ഉല്പത്തി, വെളിപാട്, 2 എഴുത്തുകാരന്റെ പേര്. ഉദാ:- ജറമിയാസ്. 3 പ്രധാന കഥാപാത്രത്തിന്റെ പേര്. ഉദാ:- തോബിയാസ്, റൂത്ത്, ഈ പേരുകളെല്ലാം കാലക്രമത്തിൽ ഉണ്ടായവയാണ്.

## അദ്ധ്യായങ്ങളും വാക്കുകളും

ഓരോഗ്രന്ഥത്തേയും അദ്ധ്യായങ്ങളാക്കി തിരിച്ചതു് 13-ാം നൂററാണ്ടിലാണ്. പാരീസ് സർവ്വകലാശാലയിലെ പ്രൊഫസ്സറായിരുന്ന സ്റ്റീഫൻ ലാഗ്ടൻ (1228) എന്ന ഒരിംഗ്ലീഷുകാരൻ ബൈബിളിനെ അദ്ധ്യായങ്ങളായി തിരിച്ചു. ഏ. ഡി. 1226 മുതൽ പ്രസ്തുത വിഭജനം സാർവ്വത്രികമായി. യഹൂദരും അംഗീകരിച്ചു. (സ്റ്റീഫൻ ലാഗ്ടൺ പിന്നീട് കാന്റർബറിയുടെ ആർച്ചു ബിഷപ്പും കാർഡിനലുമായി.)

സൻറെറസ് പാഗ്നിനസ് എന്നയാൾ ഏ. ഡി 1528-ൽ ഹീബ്രു ബൈബിളിന്റെ (പഴയനിയമം) ഒരു ലത്തീൻ തർജ്ജമയുണ്ടാക്കി. അതിൽ അദ്ധ്യായങ്ങളും വാക്യങ്ങളും തിരിച്ചെഴുതിയിരുന്നു. റോബർട്ടസ്റ്റീഫൻ എന്നൊരു പാരീസുകാരൻ 1851-ൽ പ്രസിദ്ധം ചെയ്ത തന്റെ ബൈബിൾ പതിപ്പിൽ വാക്യങ്ങൾ തിരിച്ചിരുന്നു. ഈ വിഭജനം അത്ര മെച്ചപ്പെട്ടതല്ലെങ്കിലും എല്ലാവരും അംഗീകരിച്ചു.

www.malankaralibrary.com

അദ്ധ്യായം ഇരുപത്തിആറ്

# വ്യാജകൃതികൾ

ബൈബിൾസംബന്ധമായുള്ള വ്യാജകൃതികളെ അപ്പോക്രിഫ എന്നാണ് വിളിക്കുക. നിഗൂഢമായതു് എന്നത്രേ ആ ഗ്രീക്കുപേരിന്റെ അർത്ഥം. ബി. സി. 300-നും എ. ഡി. 100-നു മിടക്കു പഴയനിയമസംബന്ധമായ പല വ്യാജകൃതികളുമുണ്ടായി. 'സോളമന്റെ സങ്കീർത്തനങ്ങൾ' ഇസയാസിന്റെ സ്വർഗ്ഗാരോഹണം മുതലായവ സുപ്രസിദ്ധങ്ങളാണ്.

പുതിയനിയമ സംബന്ധമായും ചില വ്യാജകൃതികളുണ്ടായി. ക്രിസ്തുവിനേയും ശിഷ്യന്മാരേയും സംബന്ധിച്ചുള്ള സങ്കല്പകഥകളാണ് അവയെല്ലാം.

www.malankaralibrary.com

രണ്ടാംഭാഗം

# ബൈബിളിലെ ചരിത്രം

അദ്ധ്യായം ഒന്നു്

## ഒരു ജനതയുടെ ചരിത്രം

ബൈബിളിനെ അതിൻെറ ചരിത്രപശ്ചാത്തലത്തിൽ കണ്ടെത്തുക, അപ്പോൾ മനസ്സിലാകും അതിലെ സംഭവങ്ങൾ അത്ര വിദൂരമോ, നിഗൂഢമോ അല്ലെന്നു. ഈജിപ്റ്റിലെ ഫറോന്മാരുടേയും റോമൻറിപ്പബ്ലിക്കിൻെറയും

www.malankaralibrary.com

നിയതമായ ചരിത്രത്തിന്റെ ഭാഗങ്ങളാണ് അവയെന്നു തെളിയും.

ഒരു മതഗ്രന്ഥം മാത്രമല്ല ബൈബിൾ, ഒരു ജനതയുടെ ചരിത്രംകൂടിയാണത്. അതൊരു കുടുംബത്തിന്റെ (അബ്രാഹത്തിന്റെ) ചരിത്രമാണ്. അബ്രാഹം തുടങ്ങിയ പൂർവ്വപിതാക്കന്മാർ മുതൽ ക്രിസ്തുവരെയുള്ള അതിന്റെ മാനുഷികവും ദൈവികവുമായ ദൗത്യത്തിന്റെയും പ്രവൃത്തികളുടെ ഒരു ചരിത്രം. ഇതാണ് ബൈബിളിന് ആത്യന്തികമായ ഒരൈക്യമുണ്ടാക്കുന്നത്.

അബ്രാഹത്തിന്റെ ഒരു ജനതയായി വളർന്ന ഹീബ്രുജനത. പിന്നീട് അവർക്ക് ഇസ്രായേൽക്കാരെന്നും പേരുണ്ടായി. മെസപ്പൊട്ടോമിയ, ഏഷ്യാമൈനർ മധ്യധരണ്യാഴിയുടെ കിഴക്കൻ പ്രദേശങ്ങൾ ഈജിപ്റ്റ് എന്നിവിടങ്ങളിലുള്ള ജനതകളുടെ സംഭവങ്ങളുമായി അവർ ബന്ധപ്പെട്ടു. പലപ്പോഴും ആ ജനത ഈജിപ്റ്റ് മുതൽ യൂഫ്രട്ടീസ് നദിവരെ യാത്രചെയ്തു. നാനാഭാഗത്തുനിന്നുമുള്ള വഴികൾ ആ പ്രദേശത്തു് കൂട്ടിമുട്ടുന്നു. ചരിത്രത്തിൽ ഇന്നറിയപ്പെടുന്ന കിഴക്കൻ ജനതകളെല്ലാം ഇവരുമായി സമ്പർക്കം പുലർത്തിയിട്ടുണ്ടു്.

www.malankaralibrary.com

# ചരിത്രപഠനത്തിന്റെ പിന്നിലുള്ള ഗ്രന്ഥങ്ങൾ

## 1 ബൈബിൾ

ബൈബിൾക്കാലത്തെ സംഭവങ്ങളെപ്പററി ബൈബിളിൽനിന്നുതന്നെ മനസ്സിലാക്കാം. ഇസ്രായേലിന്റെ ചരിത്രം അതിലധിഷ്ഠിതമാണ്.

## 2 യഹൂദസാഹിത്യചരിത്രഗ്രന്ഥങ്ങൾ.

ജോസേഫൂസ് ഫ്ളാവിയസിന്റെ ഗ്രന്ഥങ്ങളാണ് പ്രധാനപ്പെട്ടവ. ജോസേഫൂസ് ജറുസലത്തുള്ള ഫരിസേയവിഭാഗത്തിൽപ്പെട്ട ഒരു പുരോഹിതന്റെ പുത്രനായി ഏ. ഡി. 38–ൽ ജനിച്ചു. ഫരിസേയനായി വളന്നു. പിന്നീട് ഒരു പാട്ടാളക്കാരനായി. ഏ. ഡി. 66–ൽ റോമാക്കാക്കെതിരെ യഹൂദർ യുദ്ധം ചെയ്തപ്പോൾ അദ്ദേഹം ഗലീലി പ്രോവിൻസിന്റെ സൈന്യാധിപനായിരുന്നു. റോമൻ ജനറലായ വെസ്പാസിയനെ തടഞ്ഞുനിത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അടുത്തവഷം തന്നെ വെസ്പാസിയനു കീഴടങ്ങി. റോമാക്കാർ ജോസേഫൂസിനെ തടവുകാരനായി റോമിലേക്കു കൊണ്ടുപോയി. മൂന്നുവഷം കഴിഞ്ഞപ്പോൾ, വെസ്പാസിയൻ ചക്രവത്തിയാകുമെന്ന തന്റെ പ്രവചനം പൂത്തിയായപ്പോൾ, റോമാക്കാരുടെ പ്രീതിക്കു ജോസേഫൂസ് പാത്രമായി. അവർ അദ്ദേഹത്തെ മോചിപ്പിച്ചു. ഏ. ഡി. 70–ൽ ജറുസലംപട്ടണം ടൈററസ്

www.malankaralibrary.com

(വെസ്പാസിയൻെറ മകൻ) നശിപ്പിച്ചപ്പോൾ ജോസേഫു സംകൂടെയുണ്ടായിരുന്നു. നഗരനശീകരണാനന്തരം അവർ റോമിലേക്കു തിരിച്ചുപോയി. വെസ്പാസിയൻ കുടുംബത്തോടുള്ള ബഹുമാനം കാണിക്കാൻ 'ഫ്ളാവിയസ്" എന്ന പേരു അദ്ദേഹം സ്വീകരിച്ചു. റോമിൽവച്ച് ആത്മകഥയും മററു മൂന്നു ഗ്രന്ഥങ്ങളുമെഴുതി. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണു്.

a) യഹൂദപൂർവ്വകാലങ്ങൾ (Antiquities of the Jews)
സൃഷ്ടിമുതൽ ഏ. ഡി. 66 വരെയുള്ള യഹൂദചരിത്രം 20 വാല്യങ്ങളിലായി എഴുതിയതാണിതു്.

b) യഹൂദയുദ്ധം (The Jewish war)
മക്കബികളുടെ വിപ്ലവം, ഏ. ഡി. 67 മുതൽ 73വരെ റോമിനെതിരെ നടത്തിയ ആക്രമണങ്ങൾ എന്നിവ ഇതിൽ വിവരിക്കുന്നു.

c) ആപ്പിയോണെതിരെ (Against Apion)
യഹൂദവിദ്വേഷിയും ഈജിപ്ററുകാരൻ വ്യാകരണ കർത്താവുമായ ആപ്പിയോൺ ഉന്നയിച്ച ആരോപണങ്ങളെ ഖണ്ഡിച്ച് യഹൂദരുടെ മഹത്തായ ചരിത്രത്തെ വിശദീകരിക്കുന്ന ഗ്രന്ഥമാണിതു്.

3 ഫീലോജൂദേവൂസിൻെറ ഗ്രന്ഥങ്ങൾ

അലക്സാണ്ടറിയാക്കാരനായ യഹൂദചിന്തകനാണു് ഫീലോ (ബി. സി. 20–ഏ. ഡി. 50). പഞ്ചഗ്രന്ഥിയിൽ അധിഷ്ഠിതമായ ഒരു തത്വചിന്ത കെട്ടിപ്പടുത്തി വ്യാപദേശികങ്ങളായ ചരിത്രഗ്രന്ഥങ്ങളും എഴുതി.

4 പഴയനിയമ സംബന്ധികളായ വ്യാജഗ്രന്ഥങ്ങൾ (apocrypha) വ്യാജകൃതികളിലും ചില ചരിത്രവസ്തുതകളുണ്ടു്.

www.malankaralibrary.com

5 തൻമൂദ്, മിദ്രാഷ് എന്നീ യഹൂദഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാനങ്ങളും.

6 യഹൂദേതരഗ്രന്ഥങ്ങൾ.

ഗ്രീക്കുകാരും റോമാക്കാരും എഴുതിയ ഗ്രന്ഥങ്ങൾ ബൈബിൾചരിത്രപഠനത്തിനു സഹായമാകും. ചരിത്രത്തിൻെറ പിതാവായ ഹെരഡോട്ടസി (ബി. സി. 484-425) ൻെറ ഗ്രന്ഥമാണ് പ്രധാനം. ഏഷ്യാ മൈനറിലാണ് ഹെരഡോട്ടസ് പിറന്നത്. ചെറുപ്പത്തിലെ, രാഷ്ട്രീയ കുഴപ്പങ്ങൾമൂലം നാടുകടത്തപ്പെട്ടു. ഗ്രീസ്, കരിങ്കടലിൻെറ തീരപ്രദേശങ്ങൾ, പേർഷ്യൻ സാമ്രാജ്യത്തിൻെറ പ്രദേശങ്ങൾ, എന്നിവിടങ്ങളിൽ സഞ്ചരിച്ചു. മരുഭൂമി കടന്നു ബാബിലോണിയായിലെത്തി. ആഫ്രിക്കയിലെ നൈൽനദിവരെ പോയി. ഓരോ സ്ഥലവും പഠിച്ചും സ്വദേശികളോടു് ചോദിച്ചറിഞ്ഞും പേർഷ്യൻ യുദ്ധങ്ങളുടെ ചരിത്രമെന്ന ഗ്രന്ഥത്തിനു് തയ്യാറെടുപ്പ് നടത്തി. ഒൻപതു് ഭാഗങ്ങളുള്ള ഈ ചരിത്രം ഇന്നത്തെയർത്ഥത്തിലുള്ള ചരിത്രമല്ല. അതിൽ ഭൂമിശാസ്ത്രം, നരവംശശാസ്ത്രം മുതലായവയുണ്ടു്. ആദ്യത്തെ ഭാഗങ്ങളിൽ പേർഷ്യൻ സാമ്രാജ്യത്തിനു് സൈറസ്സും, കമ്പിഡിസ്, ഡേറിയസ് എന്നിവരുടെ കാലത്തുണ്ടായ വളർച്ചയാണു് വിവരിച്ചിട്ടുള്ളതു്. ബാക്കി മൂന്നു ഭാഗങ്ങളിൽ ഡേറിയസിൻെറ അനന്തരഗാമിയായ സ്കേർസ്കേസ് രാജാവു് (Xerxes) നടത്തിയ ഗ്രീക്കു് ആക്രമണങ്ങളെ വിവരിക്കുന്നു. ഏഷ്യയിലുള്ള ഗ്രീക്കുകാർഡേറിയസിനെതിരെ നടത്തിയ വിപ്ലവങ്ങളും പേർഷ്യാക്കാർ മാർത്തോണിൽ വന്നതും വിവരിച്ചിട്ടുണ്ടു്. ചരിത്രത്തിൻെറ പ്രമേയം ഗ്രീസിൽ എത്തിയ സ്കേരാസ്കേസിൻെറ സൈന്യങ്ങളെ മാരത്തോണിൽനിന്നും (ബി. സി. 490-ൽ) തുരത്തി എന്നതാണു്. ഈ വിജയത്തിൻെറ

www.malankaralibrary.com

സ്മരണ കൃത്യമായി ഭാവിതലമുറകൾ നല്കാൻവേണ്ടിയാണ് ചരിത്രമെഴുതുന്നതെന്നു ഗ്രന്ഥാരംഭത്തിൽ പറഞ്ഞിരിക്കുന്നു.

ഇവ കൂടാതെ സിക്കുളുസിന്റെ പുസ്തകങ്ങളും സ്ക്രബോയുടെ ഗ്രന്ഥങ്ങളും സഹായകങ്ങളാണ്. ഒരു ഗ്രീക്കു ഭൂമിശാസ്ത്രജ്ഞനും ചരിത്രകാരനുമായ സ്ത്രാബോ. (Strabo ബി. സി. 63–ഏ. ഡി. 21) 17 വാല്യങ്ങളിലായി ഒരു ഭൂമിശാസ്ത്രം എഴുതിയിട്ടുണ്ട്.

ഒരു റോമൻചരിത്രകാരനായ ലിവി (തീത്തൂസ് ലിവിയൂസ്, ബി. സി. 59–ഏ. ഡി. 17) 142 ഭാഗങ്ങളുള്ള ഒരു മഹാഗ്രന്ഥമെഴുതിയിട്ടുണ്ട്. ഇന്നു അതിന്റെ 35 ഭാഗങ്ങളേ നിലവിലുള്ളു.

ഫിനീഷ്യാക്കാരനായ സാൻകുനിയത്തോൺ (Sanchuniathon) എഴുതിയ ഫിനീഷ്യൻ ചരിത്രം ബൈബിൾ പഠനത്തിനു സഹായകമാണ്.

ബാബിലോണിയായിലെ മർദ്ദുക്ക് ദേവന്റെ ക്ഷേത്രത്തിലെ പുരോഹിതനായ ബർസൂസ്, അന്തിയോക്കസ് ഒന്നാമന്റെ കാലത്തു് (ബി. സി. 281–261), ഗ്രീക്കു ഭാഷയിൽ ബാബിലോണിയായുടെ ഒരു ചരിത്രമെഴുതി വച്ചു.

ബി. സി. 3-ാം നൂററാണ്ടിന്റെ മധ്യത്തിൽ ഈജിപ്റ്റിലെ ഒരു പുരോഹിതനായ മനേഥോ മഹാനായ അലക്സാണ്ടറിന്റെ കാലംവരെയുള്ള ഈജിപ്റ്റ്യൻ ചരിത്രം എഴുതുകയുണ്ടായി. ഇവയെല്ലാം ബൈബിൾ വിദ്യാർത്ഥികൾക്കു വിലപ്പെട്ടതാണ്.

www.malankaralibrary.com

അദ്ധ്യായം മൂന്ന്

# ചരിത്രപഠനത്തിന്റെ പിന്നിലുള്ള ഗവേഷണങ്ങൾ

"പുരാണചരിത്രം പഠിക്കാനുകൊണ്ടാണ് ലിഖിതമായിട്ടുള്ളത്." ബൈബിളിലെ ചരിത്രവും ഇതിനു അപവാദമല്ല. ബൈബിളിനോളം ഗവേഷണവിഷയമായ മറെറാരു ഗ്രന്ഥമില്ല. മെസപ്പൊട്ടോമിയായും, പലസ്തീനായും ഈജിപ്ററും ഗവേഷണവിഷയമായിട്ടുണ്ട്. ഗവേഷണഫലമായി ഉണ്ടായ ചില കണ്ടുപിടുത്തങ്ങളെപ്പററി വിവരിക്കാം.

1 ഈജിപ്ററ്

ഹിക്ക്സോസുവർഗ്ഗക്കാർ ഈജിപ്ററിനെ ആക്രമിച്ചു കീഴടക്കിയതും ഹീബ്രുജനതക്ക അവിടെ സ്വാഗതം ലഭിച്ചതും രേഖപ്പെടുത്തിയിട്ടുള്ള ധാരാളം കത്തുകൾ ഈജിപ്തിൽനിന്നു ലഭിച്ചിട്ടുണ്ട്. ഏഷ്യയിലെ പ്രധാനപ്പെട്ട അധികാരികൾ പലസ്തീനയിലുള്ള ഈജിപ്ഷ്യൻ ഗവണ്ണർ മുതലായവക്കയച്ച കത്തുകളാണവ. തെക്കെ ഈജിപ്ററിൽ യഹൂദർക്കുണ്ടായിരുന്ന പട്ടാളകോളനികളെപ്പററിയുള്ള രേഖകളും കണ്ടുകിട്ടിയിട്ടുണ്ട്.

2 മെസപ്പൊട്ടോമിയ ഇന്നത്തെ ഇറാക്

15-ാം നൂററാണ്ടിൽ ബാർബേറോ എന്ന വെനീസുകാരൻ പടിഞ്ഞാറൻ ഏഷ്യയിൽ ഒരു സാഹസികയാത്ര നടത്തി. അയാൾ യൂറോപ്പിൽ തിരിച്ചെത്തിയതു് ഒരു

www.malankaralibrary.com

പ്രത്യേക ഭാഷയെപ്പററിയുള്ള റിപ്പോർട്ടുമായാണ്. ഷീറാസ് എന്ന ക്ഷേത്രത്തിൻെറ കല്ലുകളിലും ഈ ഭാഷ എഴുതപ്പെട്ടിരുന്നു. 18-ാം നൂററാണ്ടിൽ നിയേബൂർ (Niebuhr) എന്ന ഒരു ഡാനിഷ് സഞ്ചാരി ആ കളിമൺ പലകകളെ യൂറോപ്പിലെത്തിച്ച് അതിലെ എഴുത്തിനു "കൂണിഫോം" എഴുത്ത് എന്നു പേരിട്ടു. ഒരററം കനം കൂടിയും മറേറയററം കനം കുറഞ്ഞുമിരിക്കുന്ന ഒരായുധം എന്നാണ് കൂനേവൂസ് എന്ന ലത്തീൻ വാക്കിനർത്ഥം. ആ ആയുധവുമായുള്ള സാദൃശ്യംകൊണ്ടാണു ആ പേരു ഈ എഴുത്തിനുണ്ടായത്.

യൂറോപ്പിൽ അവ കൊണ്ടുവന്ന് 30 വർഷം കഴിഞ്ഞപ്പോൾ ഗ്രോട്ടെ ഫെൻഡ് (G. F. Grotefend) എന്ന ജർമ്മൻ സ്കൂൾമാസ്റ്റർ അതിലെ നാലക്ഷരം മനസ്സിലാക്കി. (D. A. R. S. H. പേർഷ്യൻ രാജാവായ ഡേറിയസിൻെറ പേരു്) വീണ്ടും 20 വർഷം കഴിഞ്ഞപ്പോൾ ഹെൻട്രി റോലിൻസൺ (Sr. Henry. C. Rawlinson) എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ഈ എഴുത്ത് വായിക്കാനുള്ള മാർഗ്ഗം കണ്ടു പിടിച്ചു.

ഈജിപ്ററുകാർ ചിത്രങ്ങളാണു എഴുതാനുപയോഗിച്ചിരുന്നതു്. ഇവരാകട്ടെ ഇംഗ്ലീഷിലെ വി (V) ആകൃതിയിലുള്ള ഈ ലിപിയും.

കൂണിഫോം രേഖകളിൽനിന്നു മെസപ്പൊട്ടേമിയായുടെ ചരിത്രം കുറെയെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

3 ബാബിലോണിയ

ഉല്പത്തിപുസ്തകത്തിൽ പറയുന്ന മിക്ക പേരുകളും അസീറിയാക്കാരുടേയും ബാബിലോണിയരുടേയും പൗരാണിക ലിഖിതങ്ങളിൽ കാണാം. ഏകരാജശാസനത്തിൻെറ കാലത്തെപ്പററി അസീറിയൻ നിയമസംഹിതയിലുണ്ട്.

www.malankaralibrary.com

രാജാക്കന്മാരുടെ തീയതികൾ കുറിച്ചിട്ടുണ്ടു്. ബി. സി. 763 ജൂൺ 15നു് ഉണ്ടായതും നിനിവേയിൽ പൂർണ്ണമായി കാണപ്പെട്ടതുമായ സൂര്യഗ്രഹണത്തെപ്പററിയും അതിൽ പ്രതിപാദിച്ചിരിക്കുന്നു.

ബി. സി. 17-ാം നൂററാണ്ടിലെ ഹമ്മുറബി എന്ന രാജാവിൻെറ നിയമങ്ങൾ കണ്ടെടുത്തിട്ടുണ്ടു്. അതിനുമുമ്പുണ്ടായിരുന്ന മറെറാരു സുമേറിയൻ നിയമഗ്രന്ഥവും കണ്ടുകിട്ടി. ബി. സി. 16-ാം നൂററാണ്ടിലെ ഒരു അസീറിയൻ നിയമസംഗ്രഹവും 13-ാം നൂററാണ്ടിലെ ഹിററൈറുവർഗ്ഗക്കാരുടെ ഒരു നിയമഗ്രന്ഥവും ലഭിച്ചിട്ടുണ്ടു്. ഹീബ്രുജനതക്കു ഒരു നിയമമുണ്ടായിരുന്നുവെന്നു അങ്ങനെ വ്യക്തമായി.

4 പലസ്തീന

പലസ്തീനയിലെ ഗവേഷണഫലമായി, കത്തി നശിച്ച നഗരങ്ങളുടെ ഭാഗങ്ങളും രേഖകളും കണ്ടെടുത്തു. ബൈബിൾകാലത്തെ ജനതയുടെ ജീവിതരീതിയെ വ്യക്തമാക്കുന്ന ആയുധങ്ങൾ, പാത്രങ്ങൾ, വീടുകൾ, കല്ലറകൾ മുതലായവയും ലഭിച്ചു. 1947-ൽ ചാവുകടലിനടുത്തുള്ള കുമറാററിൽനിന്നു ബൈബിളിൻെറ കുറെ കോപ്പികളും കിട്ടുകയുണ്ടായി.

www.malankaralibrary.com

# ചരിത്രാരംഭം

ഉല്പത്തിപുസ്തകത്തിൽ, പ്രപഞ്ചത്തെ ദൈവം സൃഷ്ടിച്ചുവെന്നു ലളിതമായ ഭാഷയിൽ എഴുതിയിട്ടുണ്ട്. അതൊരുമുഖവുരയാണ്.

ആദ്യമനുഷ്യരായ ആദവും ഹവ്വയും ജീവിച്ചിരുന്നതു എവിടെയാണെന്നു കൃത്യമായി പറയുന്നില്ല. എങ്കിലും പേഷ്യൻ ഉൾക്കടലിൽ വീഴുന്ന യൂഫ്രട്ടീസ് ട്രൈഗ്രീസ് എന്നീ നദികൾക്കിടയിലുള്ള മെസപ്പൊട്ടോമിയ (ഇറാക്ക്) എന്ന പ്രദേശത്തായിരുന്നു.

മെസപ്പൊട്ടോമിയ എന്ന പദത്തിന് നദികൾക്കിടയിലുള്ള സ്ഥലം എന്നാണർത്ഥം. ഒന്നാംലോകമഹായുദ്ധത്തിനുശേഷമാണ് ഇറാക്ക് എന്ന പേരും രാഷ്ട്രവും നിലവിൽവന്നതു്. ഇന്നറിയപ്പെടുന്നതിൽ ഏററവും പുരാതനമായ മനുഷ്യസംസ്കാരം ഇവിടെയാണ് ഉണ്ടായിരുന്നതെന്നു ഗവേഷകന്മാർ കരുതുന്നു. മനുഷ്യവംശം ഇവിടെയാണ് ഉദ്ഭവിച്ചതെന്നാണു പണ്ഡിതമതം.

www.malankaralibrary.com

# നോഹും, ജലപ്രളയവും

ആദത്തിൻെറ സന്തതിപരമ്പരയിൽപ്പെട്ട നോഹിൻെറ കാലത്ത് മെസപ്പൊട്ടോമിയായിൽ ഒരു വലിയ വെള്ളപ്പൊക്കമുണ്ടായി. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾക്കിടയിൽ നടത്തിയ ഗവേഷണഫലമായി കണ്ടെടുത്ത എക്ക (ചെളി) ലിൽനിന്നു് അവിടെയൊരു ജലപ്രളയം ഉണ്ടായതായി ഗവേഷകന്മാർ സമ്മതിക്കുന്നു. നദീമുഖത്തിനടുത്തുള്ള ഊർ (Ur) എന്ന സ്ഥലത്ത് 9 അടി കനത്തിലാണു് എക്കൽ അടിഞ്ഞു് ചേർന്നിട്ടുള്ളതു്. (ഇതു് കണ്ടെത്തിയതു് 1928–ലാണു്.)

ഉല്പത്തിപുസ്തകത്തിൽ (10) പറയുന്ന നിംറോദിൻെറ ഒരു പ്രതിമ. (തലമാത്രം) ടൈഗ്രീസ് നദിക്കരയിൽനിന്നും കുഴിച്ചെടുത്തു. നോഹിൻെറ പുത്രൻെറ പുത്രനാണു് നിംറോദ്. നോഹിൻെറ പെട്ടകം ചെന്നുറച്ച മലകണ്ടുപിടിച്ചിട്ടുണ്ട്–ആറാറാത്ത്. ബാബിലോണിനടുത്തുള്ള 'കിഷി'ൽ കുഴിച്ചുനോക്കിയപ്പോൾ അസാധാരണമായ ഒരു ജലപ്രളയത്തിൻെറ ലക്ഷണങ്ങൾ കാണുകയുണ്ടായി.

www.malankaralibrary.com

# നോഹിന്റെ സന്തതികൾ

ഉല്പത്തിപുസ്തകത്തിന്റെ 10-ാം അധ്യായത്തിന്റെ ലക്ഷ്യം എല്ലാ ജനതയും ഒരേ കുടുംബത്തിൽനിന്നുണ്ടായി എന്നു കാണിക്കുകയാണ്. ഈ ഐക്യബോധം ധാർമ്മികതയ്ക്ക് ഒരാവശ്യമായിരുന്നു.

നോഹിന്റെ പുത്രന്മാരേപ്പററി ബൈബിളിൽ പറയുന്നുണ്ട്. സേം, ഹാം, ജാഫെത്ത്, എന്ന്. ഇതിൽ സേമിന്റെ സന്തതികളാണ് സെമററിക്കുകൾ എന്നറിയപ്പെടുന്നതു്. യൂറോപ്പിലും, ഏഷ്യയിലുമുള്ള ഇൻഡോ യൂറോപ്യൻജനത ജാഫെത്തിന്റെ സന്തതികളാണ്. (ഉല്പ. 10-2) ബൈബിളിൽ പറയുന്ന ഗോമറിന്റെ സന്തതികളാണ് ക്രിമ്മെൽ എന്ന സ്ഥലത്തുണ്ടായിരുന്ന ക്രിമേരിയന്മാർ. ഹോമർ എന്ന ഗ്രീക്കുകവി ഇവരെ കിമ്മേരികൾ എന്നു വിളിക്കുന്നു.

കാസ്പീയൻകടലിനും പേർഷ്യൻ ഉൾക്കടലിനും ഇടക്കുള്ള മലകളിൽ ജീവിച്ചിരുന്നവരായി ചരിത്രം പറയുന്ന മേദീയൻ ജനത ഉല്പത്തിപുസ്തകത്തിൽ പറയപ്പെടുന്ന മാദായി ജനതതന്നെയാണ്. പടിഞ്ഞാറൻ ഏഷ്യാമൈനറിലും ഏജീയൻ ദ്വീപുകളിലും താമസിക്കുന്ന ഗ്രീക്കുകാർ യവാൻ എന്നയാളിന്റെ സന്തതികളത്രെ. യവാതിൽനിന്നാണ് ഇയോണിയർ, യവനർ, എന്നീ പേരുകളുണ്ടായതു്. തീറാസാണ് ത്രാസിയൻ ജനതയുടെ പൂർവ്വപിതാവു്.

www.malankaralibrary.com

ഗോമറിൻെറ മൂത്ത മകനായ അസ്കെനാസിൻെറ സന്തതിപരമ്പരയാണ് ഷിത്തിയൻ വർഗ്ഗക്കാർ. ആറാറാത്ത മലയുടെ സമീപത്താണ് ഇവർ താമസിച്ചിരുന്നതെന്ന് ജറമിയായുടെ പുസ്തകത്തിൽ (5 -27) കാണുന്നു.

പിന്നീട് അവർ യൂറോപ്പിലേയ്ക്കു നീങ്ങി. ഹീബ്രു സാഹിത്യത്തിൽ അസ്കെനാസ് എന്ന പേര് ജർമ്മൻകാരെ ഉദ്ദേശിച്ചാണ് പ്രയോഗിച്ചിട്ടുള്ളത്.

ഹാമിൻെറ പുത്രനായ കുഷ് ആയിരിക്കണം എത്യോപ്യക്കാരുടെ പൂർവ്വീകൻ. മിസ്രായിമിൻെറ പേരിൽ നിന്നാണ് ഈജിപ്തിന് മിസ്രേൽ എന്ന പേരുണ്ടായത്. (പഴയനിയമത്തിൽ ഈജിപ്തിനു മിസ്രേൻദേശം എന്നത്രേ പേര്.) കാനാൻ എന്ന മററൊരു പുത്രനിൽനിന്നുണ്ടായ പേരാണ് കാനാൻ എന്ന സ്ഥലനാമം (പലസ്തീനായിലെ കടൽത്തീരത്തിൻെറ പേരാണിത്).

കുഷിൻെറ പുത്രന്മാർ അറേബ്യയിലാണ് താമസിച്ചത്. സോളമൻ രാജാവിനെ സന്ദർശിച്ച ഷീബാരാജ്ഞി ആ വംശപരമ്പരയിൽപ്പെട്ടവളാണ്.

ബാബിലോണിയൻ സംസ്കാരം കെട്ടിപ്പടുത്തിയ നീംറോദ് കുഷിൻെറ സന്തതിയാണ്. കാനാൻെറ പുത്രനായ നീദോൻ ഫെനീഷ്യയിൽ താമസിച്ചു. ഹെത്ത് എന്നയാളിൽ നിന്നാണ് ഹിററൈറ്റ് വർഗ്ഗമുണ്ടായത്. അവർ ഏഷ്യാമൈനറിൽ ഒരു നാഗരീകതയുണ്ടാക്കി.

പേർഷ്യൻ ഉൾക്കടലിനടുത്തുള്ള എലമിററുകൾ ഏലാമിൻെറ മക്കളാണ്. അഷൂർ ആണ് അസറിയാക്കാരുടെ പിതാവ്. മെസപ്പൊട്ടോമിയായിലേയും സിറിയായിലേയും അർമേനിയൻ ജനത (സിറിയാക്കാർ) ആരാമിൻെറ സന്തതികളുമത്രെ.

www.malankaralibrary.com

## അബ്രാഹത്തിൻെറ മുൻഗാമികഠം

നോഹിൻെറ മകൻെറ മകനായ അർഫാക്സാദ് ഊർ എന്ന സ്ഥലത്തു് താമസിച്ചു. അയാളുടെ മകനാണു് ഏബർ. 'ഹീബ്രു' എന്ന പദം ഏബർ എന്ന പേരിൽ നിന്നുണ്ടായി. നദിയുടെ മറുകരയിൽനിന്നു് വന്നവൻ എന്നാണു് ആ പദത്തിൻെറ അർത്ഥം. ഏബറിനുശേഷമുള്ള 6-ാംമത്തെ തലമുറയിലാണു് അബ്രാഹം ഉണ്ടായതു്.

പെലെഗിൻെറ മകനായ യേക്കതാൽ തെക്കെ അറേബ്യയിലുള്ളവരുടെ പിതാവാണു്. അദ്ദേഹത്തിൻെറ മകൻെറ പേരു് ഹസാർമിവെത്ത് എന്നായിരുന്നു. ഇന്നും അറേബ്യയിൽ ആ പേരുള്ള ഒരു സ്ഥലമുണ്ടു്. അങ്ങനെ ബൈബിളിൽ പറയുന്ന ആളുകളും ഇന്നറിയപ്പെടുന്ന ജനതകളും തമ്മിലുള്ളബന്ധം നമുക്കറിയാം.

അദ്ധ്യായം ഏഴു്

# അബ്രാഹം (അബ്രാം)

ഇസ്രായേൽക്കാരുടെ ചരിത്രമാരംഭിക്കുന്നതു് അവരുടെ പൂർവ്വപിതാക്കന്മാരിൽ (Petriarchs) ഒന്നാമനായി കരുതപ്പെടുന്ന അബ്രാഹത്തെ ദൈവം വിളിക്കുന്നതോടെയാണു്. ഇന്നു് അറിയപ്പെടുന്ന ബാബിലോണിയൻ ചരിത്രം തുടങ്ങുന്നതു് ഊറിലെ ഒന്നാം രാജവംശത്തിൻെറ കാലം

www.malankaralibrary.com

(ബി. സി. 2500) തൊട്ടാണല്ലോ. ഹമ്മുറബി (1729-1682) 1-ാം വംശത്തിലെ 6-ാംമത്തെ രാജാവത്രെ. ഈ വംശം സ്ഥാപിച്ചതു് സുമു-അബും (ബി. സി, 1800) എന്നയാളായിരിക്കാം. അയാൾ സെമററിക് (അർമേനിയൻ) വംശജനായിരുന്നുവെന്നു കരുതപ്പെടുന്നു. (ഉല്പ 14-1)

യൂഫ്രട്ടീസ് നദിക്കരെയുള്ള ഊർ എന്ന സ്ഥലത്തു് ഏതാണ്ടു് ബി. സി 2000 ത്തിൽ അബ്രാഹം ജീവിച്ചിരുന്നു. അബ്രാഹത്തിന്റെ പിതാവായ തേറ, ഒരു വ്യാപാരിയായിരുന്നിരിക്കാം. അന്നു പേർഷ്യൻ ഉൾക്കടൽ ഊർ വരെ വ്യാപിച്ചുകിടന്നു. സർലേയോനാർഡ് വൂളി എന്ന പണ്ഡിതൻ ഊറിൽനിന്നു പല ചരിത്രരേഖകളും ശേഖരിച്ചു. അവിടെ ഒരു അമ്പല ഗോപുരത്തിൽ (സിസുരാത്ത) ചന്ദ്രദേവന്റെ (സിൻ) ബിംബമുണ്ടായിരുന്നു. ആ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ടു്.

അബ്രാഹത്തിന്റെ പൂർവ്വികർ ബഹുദേവതാവാദികളായിരുന്നിരിക്കാം. (ജോഷ്വ 24. 2, ന്യായാ 5. 8) ചന്ദ്രദേവനെ ആരാധിക്കാൻ അബ്രാഹം ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അവിടംവിട്ടു് ഹാരാനിലേക്കു് യാത്രയായി. വഴി എന്നാണു് ഹാരാൻ എന്നവാക്കിന്റെയർത്ഥം. ബാലിക്കാനദി യൂഫ്രട്ടീസിൽചെന്നു ചേരുന്നിടത്തുനിന്നു് 60 മൈയിൽ വടക്കുമാറിയിരുന്നു ഈ സ്ഥലം. ഇതൊരു കോളനിയായിരുന്നു. ആദ്യമായി ലോഹവും ചക്രമുള്ള വണ്ടികളും ഉപയോഗിച്ചതു് അവിടെയാണു്. മെസപ്പൊട്ടോമിയായുടെ വടക്കുപടിഞ്ഞാറുള്ള ഈ സ്ഥലത്തേക്കു് ഊറിൽനിന്നു് 600 മൈൽ ദൂരമുണ്ടു്. ഹാരനിൽനിന്നു് 150 മൈൽ താഴെയുള്ള മാരി എന്ന പട്ടണം ഗവേഷണ വിധേയമായി. അവിടത്തെ രാജകൊട്ടാരത്തിൽനിന്നു കിട്ടിയ 20000 കളിമൺ എഴുത്തു പലകകളിൽ നാഹൂർ എന്ന

www.malankaralibrary.com

സ്ഥലത്തെപ്പററി പറഞ്ഞിട്ടുണ്ട്. അബ്രാഹത്തിൻെറ പുത്രനായ ഇസഹാക്കിൻെറ ഭാര്യയുടെ നാടായ നാഹോർ തന്നെയാണിത്. അവിടെവച്ചാണ് അബ്രാഹത്തിനു കാനാനിലേക്കു പോകാനുള്ള ദൈവിക പ്രചോദനം ലഭിച്ചത്. അബ്രാഹം വലിയ ഒരു ജനതയുടെ പിതാവാകുമെന്നും ദൈവം കല്പിച്ചനുഗ്രഹിച്ചു.

അദ്ദേഹം പ്രതീക്ഷകളുമായി കാനാൻദേശത്തേക്ക് (ഇന്നത്തെ ഇസ്രായേൽ) നീങ്ങി. ഭാര്യയായ സാറായും ജോലിക്കാരും കൂട്ടത്തിലുണ്ടായിരുന്നു. ലോത്തിൻെറ കുടുംബവും അദ്ദേഹത്തെ പിന്തുടന്നു. കാനാനിലെ ബെഥൽ എന്ന സ്ഥലത്തു കുറച്ചുനാൾ താമസിച്ചു. പിന്നീട് നൈൽ നദീതീരത്തേക്ക്, ഈജിപ്തിലേക്ക്, അവർപോയി. അവിടെചെന്നു മെംഫിസ് നഗരത്തിൽ താമസിച്ചിരുന്ന രാജാവായ ഫറവോനുമായി (Pharao) സന്ധി ചെയ്തു.

പിന്നീട് അബ്രാഹം കാനാൻെറ തെക്കുവശത്തും, ലോത്ത് ചാവുകടലിൻെറ തെക്കേ തീരത്തുള്ള സോദോം ഗോമോറ എന്ന പ്രദേശത്തും താമസിച്ചു. ഇക്കാലത്താണ് സോദോംഗോമോറ 'അഗ്നിയും ഗന്ധവും' മൂലം നശിച്ചത്. ലോത്തിൻെറ ഭാര്യ 'ഉപ്പുതൂണാ'യിപ്പോയി. ഇന്നും സോദോമിൻെറ മലയിൽ "ലോത്തിൻെറ ഭാര്യ" എന്നു വിളിക്കപ്പെടുന്ന ഒരു പാറയുണ്ട്.

ഇക്കാലത്തു് അബ്രാഹത്തിനു ദൈവികദർശനമുണ്ടായി. കാനാൻദേശം എന്നേക്കുമായി അദ്ദേഹത്തിനു ദൈവം വാഗ്ദാനം ചെയ്തു. സാറ വന്ധ്യയായിരുന്നു. അവൾ തൻെറ തോഴിയും ഈജിപ്ററുകാരിയുമായ ആഗാറിനെ അബ്രാഹത്തിനു ഭാര്യയായിക്കൊടുത്തു. ഹമുറബിയുടെ നിയമത്തിൽ (144_147 വരെയുള്ള വകുപ്പുകൾ)ഇതു് അംഗീകരിച്ചിരുന്നു.

www.malankaralibrary.com

തോഴിയും വന്ധ്യയാണെങ്കിൽ അവളെ വില്ക്കുവാനും ഹമ്മുറബി അനുവദിച്ചിട്ടുണ്ടു്. (146-ാംവകുപ്പു്) ആഗാറിനു് ഒരു മകനുണ്ടായി. അതാണു് ഇസ്മായേൽ. അപ്പോൾ ആഗാർ അഹങ്കരിക്കുകയും സാറയെ ധിക്കരിക്കുകയും ചെയ്തു. സാറ അബ്രാഹത്തോടു് ആവലാതിപ്പെട്ടു. ബാബിലോണിയൻ നിയമപ്രകാരം സാറ അവളെ അടിമയാക്കി. പക്ഷെ, അവൾ ഒളിച്ചോടി. പിന്നീടുണ്ടായ ദൈവിക പ്രചോദനംമൂലം അവൾ തിരിച്ചുവന്നു.

ദൈവം അബ്രാഹത്തിനു വീണ്ടും ഒരു ദർശനമരുളി. സാറായിൽനിന്നു ഒരു മകനുണ്ടാകുമെന്നും കല്പിച്ചനുഗ്രഹിച്ചു. ഈ വാഗ്ദാനത്തിന്റെ (ഉടമ്പടിയുടെ) അടയാളമായിട്ടാണു് അബ്രാഹമെന്നു പേരുണ്ടായതു്. സാറാ എന്ന നാമവും അന്നു സ്വീകരിച്ചതാണു്. ഛേദനാചാരം അനുഷ്ഠിക്കുവാൻ അബ്രാഹത്തിനു ദൈവികപ്രചോദനമുണ്ടായതായും പറയപ്പെടുന്നു.

വളരെ പുരാതനകാലം മുതൽ (ബി. സി. 3000) ഈജിപ്റ്റിൽ ഈ സമ്പ്രദായമുണ്ടായിരുന്നു. ആഫ്രിക്ക ഓസ്ട്രേലിയ, തെക്കെ അമേരിക്ക, പോളിനേഷ്യ എന്നിവിടങ്ങളിലെ ചില വർഗ്ഗക്കാർ ഇതു് അനുഷ്ഠിച്ചിരുന്നു. ഫിനീഷ്യാക്കാരും ചില സിറിയൻ വർഗ്ഗങ്ങളും (ഇസ്രായേൽക്കാർ, എദോമീത്തുകൾ മുതലായവർ) ഈ സമ്പ്രദായത്തെ ഈജിപ്റ്റിൽനിന്നു സ്വീകരിച്ചുവെന്നും ഈജിപ്റ്റുകാരാകട്ടെ എത്യോപ്യയിൽനിന്നു സ്വീകരിച്ചുവെന്നും ഹെരഡോട്ടസ്സ പറയുന്നു. (ബി. സി. 484-425 ഗ്രീക്കുചരിത്രകാരൻ) വിശുദ്ധിയാണു് ഇതിന്റെ ലക്ഷ്യമെന്നും അദ്ദേഹം എഴുതിയിട്ടുണ്ടു്. ബലിയർപ്പണത്തിന്റെ സ്വഭാവമുള്ള ഒരു മതകർമ്മമായി കരുതുകയാണു് കൂടുതൽ

www.malankaralibrary.com

യുക്തം. ഇതു് ദേശീയവും മതപരവുമായ ഒരു ചടങ്ങായിരുന്നു ഇസ്രായേൽക്കാർക്കു്. ഇന്നത്തെ അബിസീനിയൻ ക്രൈസ്തവർ ഒരു ദേശീയാചാരമായി ഇതിനെ കരുതുന്നു. ഒരു രാഷ്ട്രത്തിന്റെ തലവനായി ദൈവം തന്നെ നിയമിച്ചതിന്റെ ഓർമ്മയ്ക്കാണു അബ്രാഹം ഇതംഗീകരിച്ചതു്. ഓരോ ശിശുവും ദൈവപുത്രനായി വീണ്ടും പിറക്കുന്നു എന്നു സൂചിപ്പിക്കാനാണു് ഇസ്രായേൽക്കാർ ഇതു നടത്തിയിരുന്നതു്.

മധ്യഏഷ്യയിൽ ഈ ആചാരം വന്നുചേർന്നതു് ഇസ്ലാം മതംവഴിയാണു്. പക്ഷേ ഖുറാനിൽ ഇതിനേപ്പററി ഒന്നും പറഞ്ഞിട്ടില്ല.

അബ്രാഹത്തിന്റെ ഭാര്യയായ സാറായിൽനിന്നു് ഇസഹാക്കു പിറന്നു. സാറായുടെ ഇഷ്ടപ്രകാരം ആഗാറിനേയും ഇസ്മായേലിനേയും ഉപേക്ഷിക്കുകയും ഇസഹാക്കിനു പൂർണ്ണമായ അവകാശം നല്കുകയും ചെയ്തു. ഇസഹാക്കു് എന്ന പേരിന്റെയർത്ഥം 'അവൻ ചിരിക്കുന്നു' എന്നത്രേ.

www.malankaralibrary.com

# യാക്കോബ് [ഇസ്രായേൽ]

ഇസഹാക്കിന്റെ ഭാര്യയായ റബേക്ക വളരെക്കാലം വന്ധ്യയായിരുന്നു. ഇസഹാക്കിനു് 60 വയസായപ്പോൾ രണ്ടു പുത്രന്മാരുണ്ടായി_ഏസാവും യാക്കോബും. അവർ ഇരട്ട സഹോദരന്മാരായിരുന്നു. അമ്മയുടെ കാരുണ്യംകൊണ്ടു് ദുർബലനായ യാക്കോബിനു പിതാവിന്റെ അനുഗ്രഹവും സ്വത്തുക്കളിലുള്ള അവകാശവും ലഭിച്ചു. ഏസാവിനു് അതു് ഇഷ്ടപ്പെട്ടില്ല.

ഏസാവിന്റെ കോപത്തിൽനിന്നു് രക്ഷപ്പെടാൻ യാക്കോബ്, മാതൃസഹോദരനായ ലാബാന്റെയടുക്കലേക്കു പോയി. ഈ ഒളിച്ചോട്ടത്തിലാണു് സ്വർഗ്ഗത്തോളമെത്തുന്ന ഒരു കോവണിയെപ്പററി സ്വപ്നം കണ്ടതു്. അദ്ദേഹം ലാബാന്റെയടുക്കൽ 20 വർഷം താമസിച്ചു. ലാബാന്റെ രണ്ടാമത്തെ മകളെ യാക്കോബ് സ്നേഹിച്ചു. എങ്കിലും മൂത്തമകളായ ലമായെ വിവാഹം ചെയ്യാനാണു് ലാബാൻ അനുവദിച്ചതു്. പിന്നീടു് രണ്ടുപേരെയും യാക്കോബ് വിവാഹം ചെയ്തു. അവർക്കു് രണ്ടുപേർക്കുംവേണ്ടി അദ്ദേഹം 14 വർഷം അടിമയായി ജോലി ചെയ്യേണ്ടിവന്നു.

രണ്ടാമതു് വിവാഹം ചെയ്ത റാഹേലിനേയും അവളിൽ നിന്നുണ്ടായ യൗസേഫ് (ജോസഫ്) എന്ന മകനേയും യാക്കോബ് കൂടുതൽ സ്നേഹിച്ചു. ജോസഫിനു 17 വയസ്സുണ്ടായിരുന്നപ്പോൾ അവർ താമസിച്ചിരുന്നതു്

www.malankaralibrary.com

ഹെബ്രോൺ എന്ന സ്ഥലത്തായിരുന്നു. യാക്കോബിനു് ഇസ്രായേൽ എന്നൊരു പേരുകൂടിയുണ്ടു്. ആ പേരിൽ നിന്നാണു് ഹീബ്രൂ ജനതക്കു് ഇസ്രായേൽക്കാർ എന്നു് പേരുവന്നതു്.

അദ്ധ്യായം ഒമ്പതു്

# ഇസ്രായേൽക്കാർ ഈജിപ്തിൽ

അസൂയാലുക്കളായ സഹോദരന്മാർ ജോസഫിനെ അറേബ്യൻ വ്യാപാരികൾക്കു വിററു. അവർ ജോസഫിനെ ഈജിപ്ററിൽ കൊണ്ടുപോയി. പില്ക്കാലത്തു് ജോസഫ് ഫറവോൻ രാജാവിൻെറ കണ്ണിലുണ്ണിയായി. ഫറവോനുണ്ടായ ഒരു സ്വപ്നം വ്യാഖ്യാനിച്ചതാണു് കാരണം. സെമിററിക് വർഗ്ഗത്തിൽപ്പെട്ട ഹിക്ക്സോസ് എന്ന ഒരു കുടുംബമായിരുന്നു അന്നു് ഈജിപ്ററു് ഭരിച്ചിരുന്നതു്. ജൊസേഫൂസ് ഫ്ളാവിയസ് ഇതിനെപ്പററി പറയുന്നുണ്ടു്. ഹിക്സോസ് കുടുംബത്തിൽപ്പെട്ട ആ ഫറവോനു് പിതൃക്കളുടെ നാട്ടിൽനിന്നു് **വന്ന** ജോസഫിനോടു കൂടുതൽ താല്പര്യം തോന്നിയിരിക്കാം.

www.malankaralibrary.com

സ്വപ്ന വ്യാഖ്യാനത്തിൽ ജോസഫ് പറഞ്ഞതു പോലെ ഏഴുവർഷത്തെ സമൃദ്ധിക്കുശേഷം ഏഴുവർഷത്തേ സാർവ്വത്രികമായ ക്ഷാമമുണ്ടായി.

ക്ഷാമകാലത്തു് ജോസഫ് തൻെറ സഹോദരങ്ങളേയും പിതാവിനേയും ഈജിപ്ററിൽ വരുത്തി താമസിപ്പിച്ചു.

ജോസഫിനെ ഒരു രഥത്തിലിരുത്തി നഗരപ്രദക്ഷിണം നടത്തിയെന്നു ബൈബിളിലുണ്ടു്. ഹിക്ക്സോസുകളുടെ കാലത്തിനു് മുമ്പു് ഈജിപ്ററിൽ രഥങ്ങളില്ലായിരുന്നു. ബാബിലോണിയായിലുണ്ടായിരുന്ന സമ്പ്രദായമാണു് രഥസഞ്ചാരം. ഹിക്ക്സോസുകൾ അതു് ഈജിപ്ററിലും നടപ്പാക്കി.

ജോസഫും കുടുംബവും ഈജിപ്ററിലെ ഗേശാൻ പ്രദേശത്താണു് താമസിച്ചിരുന്നതു്. അദ്ദേഹം ഈജിപ്ററിലെ ഗവർണ്ണറായതു് ഏതാണ്ടു് ബി. സി. 1700—ൽ ആണു്. ഹിക്കസോസു് രാജവംശത്തിനു് സ്വവർഗ്ഗത്തിൽപ്പെട്ട ജോസഫിൻെറ കുടുംബത്തോടു് കൂടുതൽ മമതയുണ്ടായി. ക്ഷാമത്തെപ്പററി പ്രവചിക്കുകയും ക്ഷാമകാലത്തേക്കു ധാന്യം ശേഖരിക്കുകയും ചെയ്ത ജോസഫിനോടു് ഫറവോനു് വലിയ സ്നേഹമായി. അങ്ങനെ ഇസ്രായേൽക്കാർ ഈജിപ്ററിൽ പ്രതാപപൂർവ്വം വാണു. കാലക്രമത്തിൽ അവർ ഒരു ജനതയായി മാറി. അവർ അവിടെ 430 വർഷം താമസിച്ചു.

കാലാന്തരത്തിൽ ഈജിപ്ററ്യൻ വംശക്കാർ ഹിക്ക്സോസു രാജാക്കന്മാർക്കെതിരെ വിപ്ലവമഴിച്ചു വിട്ടു. തേബൻ രാജവംശജനായ ആഹ്മോസ് എന്നയാൾ ഹിക്സോസു വർഗ്ഗത്തെ നിശേഷം നശിപ്പിച്ചു. അങ്ങനെ ഈജിപ്ററിലെ 18—ാമത്തെ രാജവംശം ബി. സി.

www.malankaralibrary.com

1580_ൽ സ്ഥാപിതമായി. ആഹ്മോസാണ് സ്ഥാപകൻ. അദ്ദേഹത്തിൻെറ സന്തതിപരമ്പരയിൽപ്പെട്ട തുത്തുമോസ് മൂന്നാമൻെറ കാലത്ത് നൈയൽ മുതൽ യൂഫ്രട്ടീസുനദിവരെയുള്ള സ്ഥലങ്ങൾ ഈജിപ്തിൻെറ കീഴിലായിരുന്നു. ഈ രാജാക്കന്മാരെല്ലാം വിദേശിയരായ ഇസ്രായേൽക്കാരെ പീഡിപ്പിക്കുകയും അടിമകളെപ്പോലെ ജോലി ചെയ്യിപ്പിക്കുകയും ചെയ്തു.

റാംസെസ് 2_ാമൻ എന്ന ഈജിപ്ത്യൻ രാജാവ് മെഡിററേനിയൻ കടൽക്കരമുതൽ ടിംസാഹ്തടാകം വരെ നീണ്ടുകിടക്കുന്ന ''രാജകുമാരൻെറ കോട്ട'' എന്ന വൻമതിൽ പുതുക്കി പണുതു. പിന്നീട് പിത്തോം, റാംസെസ് എന്നീ നഗരങ്ങളും പുതുക്കി പണുതു. ഈ നഗരങ്ങൾ പണിയാൻവേണ്ടി ഇസ്രായേൽക്കാരെ നിർബന്ധിച്ച് കഠിനാദ്ധ്വാനം ചെയ്യിപ്പിച്ചു.

www.malankaralibrary.com

# പുറപ്പാട്

അക്കാലത്ത് ഇസ്രായേൽക്കാരുടെ ആൺസന്തതികളെ ജനിച്ച ഉടനെ കൊല്ലണമെന്നായിരുന്നു രാജകല്പന. അവർ ശക്തരാകാതിരിക്കാനുള്ള മാർഗ്ഗമായിരുന്നു അത്. മോസസിനെ വധിക്കാതെ ഞാങ്കണകൊണ്ടുള്ള ഒരു പെട്ടിയിലാക്കി നൈയൽ നദിയിലൂടെ ഒഴുക്കിവിട്ടു. അന്നത്തെ ഫറവോന്റെ മകൾ ഈ ശിശുവിനെ കണ്ടെടുത്ത് കൊട്ടാരത്തിൽ കൊണ്ടുചെന്ന് വളർത്തുകയും ചെയ്തു. വെള്ളത്തിൽനിന്നു എടുക്കപ്പെട്ടവൻ എന്നർത്ഥമായ മോശ എന്ന പേരിൽ ആ ബാലൻ അറിയപ്പെട്ടു.

ഒരിക്കൽ ഒരു ഈജിപ്റ്റുകാരൻ എബ്രായക്കാരനെ മർദ്ദിച്ച് പണിയിച്ചപ്പോൾ കുപിതനായ മോസസ് ആ പീഡകനെ വധിക്കുകയുണ്ടായി. എന്നിട്ട് അകബാ ഉൾക്കടലിനടുത്തുള്ള മീദിയൻ പ്രദേശത്തേയ്ക്ക് ഒളിച്ചോടി. അവിടെ ഒരാട്ടിടയനായി അദ്ദേഹം ജീവിച്ചു. അക്കാലത്ത് ഇസ്രായേൽക്കാരെ ഈജിപ്റ്റിലെ അടിമത്തത്തിൽനിന്ന് രക്ഷിച്ച് സ്വദേശമായ കാനാനിലേക്ക് കൊണ്ടുപോകണമെന്ന് അദ്ദേഹത്തിന് ഒരു ദൈവികപ്രചോദനമുണ്ടായി. അതനുസരിച്ച് സഹോദരനായ അഹറോനുമൊത്ത് മോസസ് ഫറവോന്റെ പക്കലെത്തി. ഇസ്രായേൽക്കാരെ വിട്ടയക്കുക എന്ന മോസസിന്റെ അഭ്യർത്ഥന ഫറവോൻ നിരസിച്ചു. അപ്പോൾ ദൈവം ഫറവോനെ പീഡിപ്പിച്ചു. പകർച്ചവ്യാധികൾ, ഉപദ്രവകരങ്ങ

www.malankaralibrary.com

ളായ പ്രാണികൾ, അന്ധകാരം, കല്മഴ, മുതലായ പത്തു പീഢകൾ ഉണ്ടായതിനുശേഷം ഫറവോൻ ഇസ്രായേൽക്കാരെ സ്വതന്ത്രരാക്കി.

അങ്ങിനെ ബി. സി. 1329 റാംസെസ് രണ്ടാമൻ രാജാവായി (ഫറോ ആയി) വാണകാലത്തു് ഇസ്രായേൽക്കാരെ മോസസും അഹറോനുംകൂടി മോചിപ്പിച്ചു. ലോകചരിത്രത്തിലെ ഏററവും വലിയ ഒരു കുടിയിറക്കമായിരുന്നു അതു്. താനിസ് എന്ന സ്ഥലത്തു് ഒന്നിച്ചുകൂടി സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്ന ''പെസഹാ'' (കടന്നുപോക്കു്) ഭക്ഷണം കഴിച്ചിട്ടു് അവർ യാത്രയായി. അത്ഭുതകരമായ വിധത്തിൽ ചെങ്കടൽ (ഇന്നത്തെ സൂയസ് കടൽ) കടന്നു് അറേബ്യൻ മരുഭൂമിയിലൂടെ യാത്രചെയ്തു. അവിടെയുള്ള സീനായിപ്രദേശത്തു് 40 വർഷം അലഞ്ഞു നടന്നു. അവിടെവച്ചു് അത്ഭുതകരമായവിധത്തിൽ അവക്കു് ദൈവം ഭക്ഷണവും വെള്ളവും നല്കി. ഇസ്രായേൽക്കാക്കു അപരിചിതമായിരുന്ന മന്ന എന്ന (മന്ന=എന്തു്?) പദാത്ഥവും വെട്ടുകിളികളും ധാരാളമായി ഭക്ഷിക്കുവാൻ കിട്ടി.

www.malankaralibrary.com

# പത്തുകല്പനകൾ

സീനാമലയുടെ മുകളിൽ പ്രാർത്ഥനാനിരതനായിരുന്ന മോസസിന് ദൈവദർശനമുണ്ടായി. ദൈവം അദ്ദേഹത്തിന് 10 കല്പനകൾ (Decalogue) നല്കി. അങ്ങനെ ദൈവാധിപത്യപരമായ ഒരു പുതിയ രാഷ്ട്രം ഉദയംചെയ്തു.

യഹൂദമതത്തിന്റേയും ക്രിസ്തുമതത്തിന്റേയും അടിത്തറയായി നിലകൊള്ളുന്ന പ്രസ്തുത പത്തുകല്പനകൾ പുറപ്പാട് ആവർത്തനം എന്നീ പുസ്തകങ്ങളിൽ വിശദരൂപത്തിൽ കാണാം. അവ താഴെ കൊടുക്കുന്നു 1 നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. ഞാനല്ലാതെ മറെറാരു ദൈവം നിനക്കുണ്ടാകരുത്. 2 ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്. 3 കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കുക. 4 മാതാപിതാക്കന്മാരെ ബഹുമാനിക്കുക. 5 കൊല്ലരുത്. 6 വ്യഭിചരിക്കരുത്, 7 മോഷ്ടിക്കരുത്. 8 കള്ളസാക്ഷി പറയരുത്. 9 അന്യന്റെ ഭാര്യയെ മോഹിക്കരുത്. 10 അന്യന്റെ വസ്തുക്കളെ ആഗ്രഹിക്കരുത്.

"തന്നെപ്പോലെ മററുള്ളവരെ സ്നേഹിക്കുക," "സർവ്വോപരി ദൈവത്തെ സ്നേഹിക്കുക." എന്ന കല്പനകളിൽ പത്തു പ്രമാണങ്ങളെയും ഒതുക്കിനിറുത്താം. പത്തു പ്രമാണങ്ങൾ ഇങ്ങനെ വേർതിരിച്ചല്ല ബൈബിളിൽ കാണപ്പെടുന്നത്. രണ്ടുവിധത്തിൽ ഇവയെ വിഭജിക്കാറുണ്ട്. കത്തോലിക്കരും ലൂഥറൻസഭക്കാരും അംഗീകരിക്കുന്ന

www.malankaralibrary.com

വിഭജനമാണു് മുകളിൽകണ്ടതു്. ചിലർ 1-ാം കല്പനയെ രണ്ടാക്കുകയും ഒൻപതും പത്തും കല്പനകളെ ഒന്നാക്കുകയും ചെയ്യുന്നു.

മോസസ് ജനങ്ങൾക്കു് നല്കിയ പ്രമാണങ്ങൾക്കു് ബാബിലോണിയൻ രാജാവായിരുന്ന ഹമുറാബി (Hammurabi ബി. സി. 1800) യുടെ സുപ്രസിദ്ധമായ നിയമസംഹിത (Code of laws) യോടു സാദൃശ്യമുണ്ടു്. പൗരാണിക ഈജിപ്ററുകാരുടെ "മൃതരുടെ ഗ്രന്ഥത്തിൽ" (ബി. സി. 1600) കാണുന്ന കല്പനകളോടും സാമ്യമുണ്ടു്.

സീനായിൽവച്ചു്, ഭാവിയിലുണ്ടാകാനുള്ള രാഷ്ട്രത്തെപ്പററിയും ഐശ്വര്യത്തെപ്പററിയും ദൈവം ചെയ്ത വാഗ്ദാനം നവീകരിക്കപ്പെട്ടു. വാഗ്ദാന സ്മാരകമായി ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്ന പേടകവും (Ark, പെട്ടി) മാററികൊണ്ടു നടക്കാവുന്ന ഒരു ദേവാലയവും (കൂടാരം, Tabernacle) അവർ നിർമ്മിച്ചു.

വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിയായ കാനാനിലേക്കു് പ്രവേശിക്കുന്നതിനു് മുമ്പു് അഹറോനും മോസസും മരിച്ചു. അകലെ ഒരു മലയിൽനിന്നു മോസസ് കാനാൻദേശം നോക്കികാണുകയുണ്ടായി. മോവാബ്യ മലയിലാണു മോസസിന്റെ മൃതദേഹം സംസ്കരിച്ചതു്.

www.malankaralibrary.com

അദ്ധ്യായം പന്ത്രണ്ട്

# ഇസ്രായേൽക്കാർ കാനാൻ പ്രദേശത്ത്

**ജോഷ്വാ:**

മോസസിന്റെ പിൻഗാമിയായ ജോഷ്വായുടെ (ഈശോബർണോൻ) നേതൃത്വത്തിൽ ഇസ്രായേൽക്കാർ യാത്ര തുടന്നു പലസ്തീനായിൽ എത്തി. ആ ദേശത്ത് വസിച്ചിരുന്നവരെ ഇസ്രായേൽക്കാർ പിലിസ്ത്യകൾ (പിലിസ്ത്യകാർ) എന്നു വിളിച്ചുവന്നു. ആ വാക്കിൽനിന്നാണ് പലസ്തീന എന്ന പദമുണ്ടായത്. ഫിലിസ്ത്യർ ക്രീററിൽനിന്നു വന്നവരാണ്. കാനാൻ പ്രദേശത്തിന്റെ ഭൂരിഭാഗവും സെമിററിക് വർഗ്ഗത്തിൽപ്പെട്ടവരുടേതായിരുന്നു. അവരാണ് കാനാൻകാർ എന്നറിയപ്പെടുന്നത്. ഇസ്രായേൽക്കാർജോഷ്വായുടെ നേതൃത്വത്തിൽ യുദ്ധം ചെയ്ത് കാനാൻകാരെ തോല്പിച്ചു. ഇസ്രായേലിലെ 12 ഗോത്രങ്ങൾക്കുവേണ്ടി കാനാൻ ദേശം 12 ആയി ഭാഗിക്കപ്പെട്ടു. യാക്കോബിന്റെ 10 മക്കളുടേയും ജോസഫിന്റെ രണ്ടുമക്കളുടേയും പേരുകളാണ് ഈ ഗോത്രങ്ങൾക്കുള്ളത്.

www.malankaralibrary.com

അദ്ധ്യായം പതിമൂന്ന്

# ന്യായാധിപന്മാരുടെ കാലം [1225-1020]

ജോഷ്വയുടെ കാലശേഷം ഇസ്രായേൽക്കാരെ ഭരിച്ചത് ന്യായാധിപന്മാരാണ്. ഒഥാനിയേലാണ് ഒന്നാമത്തെ ന്യായാധിപൻ. സാമുവേൽ (ശാമുവേൽ) അവസാനത്തേതും. ഇക്കാലത്ത് ഫിലിസ്ത്യർ ഇസ്രായേൽക്കാരെ തുടർച്ചയായി ആക്രമിച്ചിരുന്നു. സാവൂൾ എന്ന ഒരു രാജാവിനെ സാമുവേൽ വാഴിക്കുകയുണ്ടായി, ജനങ്ങളുടെ നിർബന്ധപ്രകാരം.

---

അദ്ധ്യായം പതിനാല്

# ഐക്യരാഷ്ട്രം

സാവൂളിന്റെ കാലത്ത് ഇസ്രായേൽ ജനത വളരെ അഭിവൃദ്ധി പ്രാപിച്ചു. കാലാന്തരത്തിൽ സാവൂൾ പരിത്യക്തനായി. അങ്ങനെ ദാവീദ് രാജാവായിവാണു. (1004-965) അന്നു പലസ്തീന മുഴുവനും ഇസ്രായേലിന്റെ

www.malankaralibrary.com

കീഴിലായി. ഫിലിസ്ത്യരെ നിശ്ശേഷം പരാജയപ്പെടുത്തി. അദ്ദേഹം ജറുസേലം തലസ്ഥാനമാക്കി.

ദാവീദിനുശേഷം സോളമൻ (961-922) രാജാവായി. അദ്ദേഹം സുപ്രസിദ്ധമായ ആദ്യത്തെ ദൈവാലയം ജറുസലത്തു് (ഓർസലത്തു്) നിർമ്മിച്ചു. ഫെനീഷ്യയിലെ കച്ചവടക്കാർ കൊണ്ടുപോയി കൊടുത്ത മരങ്ങളും മററുമാണു് അതിനുപയോഗിച്ചതു്. ഫനീഷ്യൻ ശില്പികൾ അതിൻെറ നിർമ്മാണത്തിൽ സഹകരിച്ചു. ഇദ്ദേഹത്തിൻെറ കാലത്തു് യഹൂദജനത പ്രതാപത്തിൻെറ അത്യുച്ചകോടിയിലെത്തി. അക്കാലത്തു് ഇൻഡ്യയും ഇസ്രായേലും തമ്മിൽ വ്യാപാരബന്ധമുണ്ടായിരുന്നുവെന്നതിനു് തെളിവുണ്ടു്.

www.malankaralibrary.com

# വിഭജിതരാഷ്ട്രം [922-721]

ഏകരാഷ്ട്രമായിരുന്ന ഇസ്രായേൽ (പലസ്തീന) സോളമനുശേഷം രണ്ടായി വിഭജിക്കപ്പെട്ടു. വിജ്ഞാനിയായിരുന്ന സോളമൻ അവസാനകാലത്തു് സത്യമാർഗ്ഗം വിട്ടു് വിഗ്രഹാരാധനയിൽ വീണു. സോളമന്റെ ഒരു ഭാര്യ ഈജിപ്തിലെ ഫറവോന്റെ മകളായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. യൂദാ, ബഞ്ചമിൻ, എന്ന സ്ഥലങ്ങൾ ചേർന്ന തെക്കൻപ്രദേശം അദ്ദേഹത്തിന്റെ മകനായ ജെറോബാം (922-915) ഭരിച്ചു. ആ രാജ്യത്തെ യൂദയാ എന്നുവിളിച്ചു. പത്തു് ഗോത്രങ്ങൾ താമസിച്ചിരുന്ന വടക്കൻ പ്രദേശം ജെറോബാം ഒന്നാമൻ (922-901) ഭരിച്ചു. ഈ രാജ്യത്തിനു ഇസ്രായേൽ എന്നു പേരിട്ടു. പൂർവ്വപിതാവായ യാക്കോബിന്റെ പേരു് പണ്ടു് യഹൂദരെ ഹീബ്രു ജനതയെ മുഴുവനും സൂചിപ്പിക്കാനാണു് ഇസ്രായേൽ എന്നപദം പ്രയോഗിച്ചിരുന്നതു്. ഇനിമുതൽ പത്തു ഗോത്രങ്ങളുള്ള ഈ തെക്കൻ രാജ്യത്തെ മാത്രമേ ആ പദം സൂചിപ്പിക്കുകയുള്ളു.

ഈ രണ്ടു രാജ്യങ്ങളിലും 21 രാജാക്കന്മാർ വീതം ഭരിച്ചു. മെസപ്പൊട്ടോമിയായുടെ വടക്കു ഭാഗത്തുണ്ടായിരുന്ന അസീറിയാക്കാർ ഇസ്രായേലിനെ ആക്രമിച്ചു കീഴടക്കി. അവിടത്തെ യഹൂദരെയെല്ലാം അടമകളാക്കി അസീറിയായിലേക്കുകൊണ്ടുപോയി. (1 രാജാ 12-22) ഇതു് ബി. സി. 721 ലാണു്. അങ്ങിനെ ഇസ്രായേൽ എന്ന

www.malankaralibrary.com

രാജ്യം അവസാനിച്ചു. അസീറിയാക്കാർ അവിടെ ഒരു സങ്കരവർഗ്ഗത്തെ കൊണ്ടുവന്നു താമസിപ്പിച്ചു. അവരുടെ സന്തതി പരമ്പരയിൽപ്പെട്ടവരാണ് പിന്നീട് സമറിയാക്കാർ എന്നറിയപ്പെട്ടതു്. യഹൂദരിൽനിന്നു് വലിയവ്യത്യാസമില്ല. എങ്കിലും ഒരു സങ്കരവർഗ്ഗമായതുകൊണ്ടു് യഹൂദർ അവരെ വെറുത്തു.

അദ്ധ്യായം പതിനാറു്

# ബാബിലോണിയൻ പ്രവാസം

## (ബി. സി. 585–538)

ബി. സി. 612–ൽ ആദ്യത്തെ മഹാസാമ്രാജ്യമായ അസീറിയൻ സാമ്രാജ്യം നശിച്ചു. അവിടെ ബാബിലോണിയൻ സാമ്രാജ്യം രൂപംകൊണ്ടു. ബാബിലോണിയൻ രാജാവായ നബുക്കദ്നേസർ പലപ്രാവശ്യം യൂദയാ ആക്രമിച്ചു. ഒടുവിൽ, ബി. സി. 587 ൽ ജറുസലേം പട്ടണവും സോളമൻ പണികഴിപ്പിച്ച ദൈവാലയവും

www.malankaralibrary.com

നശിപ്പിക്കപ്പെട്ടു. യൂദയാക്കാരെ അടിമകളാക്കി ബാബിലോണിയായിലേക്കു കൊണ്ടുപോയി. ഇതാണു സുപ്രസിദ്ധമായ ബാബിലോണിയൻ അടിമത്തം (പ്രവാസം.)

എട്ടാം നൂററാണ്ടിൽ പ്രമുഖരായ പല പ്രവാചകന്മാരുമുണ്ടായി. അവരുടെ പ്രവർത്തനങ്ങളെപ്പററി ഐസയാസിൻെറ പുസ്തകത്തിൽ കാണാം.

അദ്ധ്യായം പതിനേഴ്

# പേർഷ്യൻ കാലഘട്ടം

## (ബി. സി. 538–333)

ബി. സി. 539 ൽ പേഷ്യ (ഇന്നത്തെ ഇറാൻ)യിലെ രാജാവായ സൈറസ് ബാബിലോണിയ പിടിച്ചെടുത്തു് പേഷ്യൻ സാമ്രാജ്യം സ്ഥാപിച്ചു. അദ്ദേഹം ബി. സി. 539 ൽ യഹൂദരെ മോചിപ്പിക്കുകയുണ്ടായി. (2 രാജാ 2, 24. 30, 2 നാളാ 36. 22-23) യഹൂദന്മാർ സ്വാതന്ത്ര്യ

www.malankaralibrary.com

രായപ്പോൾ തങ്ങളുടെ നഗരമായ ജറുസലേത്തിൻെറ ഭി ത്തികൾ വീണ്ടും നിർമ്മിച്ചു. ജറുസലേം ദൈവാലയം പുതുക്കിപ്പണിതു. അവർ പേർഷ്യൻ രാജാവിൻെറ സംരക്ഷണയിലായിരുന്നതുകൊണ്ടു് ഈ കാലത്തെ പേർഷ്യൻ കാലഘട്ടമെന്നു വിളിക്കാം. സെരുബാബേൽ, എസ്രാ, നെഹേമിയ എന്നീ പ്രവാചന്മാർ ഇക്കാലത്തു് പ്രവർത്തിച്ചു. യഹൂദർ മററു ജാതികളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നില്ല. ചില യഹൂദന്മാർ പലസ്തീനക്കു് പുറത്തുതന്നെ താമസമാക്കി.

---

അദ്ധ്യായം പതിനെട്ടു്

# ഗ്രീക്കുകാലഘട്ടം 333-167

ഇക്കാലത്താണു് മഹാനായ അലക്സാണ്ടർ (ബി. സി. 356-323) മാസിഡോണിയായിൽ രാജാവായി വാണതു്. സമരപ്രിയനായിരുന്ന അദ്ദേഹം ബി. സി. 332 നും 323 നും ഇടക്കു് പലസ്തീനയും പേർഷ്യൻ സാമ്രാജ്യവും കീഴടക്കി. അദ്ദേഹം 32-ാം വയസ്സിൽ ബി. സി. 323 ൽ പനിപിടിച്ചു് അകാലചരമം പ്രാപിച്ചു. അദ്ദേഹത്തിൻെറ മരണശേഷം രാജ്യത്തെ മൂന്നായി വിഭജിച്ചു് 3 ജനറൽന്മാർ ഭരിച്ചു.

www.malankaralibrary.com

അങ്ങനെ പലസ്തീന (യൂദയാ) ഗ്രീക്കുകാരുടെ ഭരണത്തിലായി. അന്തിയോക്കസ് എപ്പിഫാനസ് 4–ാമൻ ബി. സി. 167–ൽ ജറൂസലത്തുവന്നു. ദൈവാലയത്തിൽ കൊള്ളനടത്തി. ജൂപിററിൻെറ പ്രതിമ അതിൽ പ്രതിഷ്ഠിച്ചു. പന്നിയെ ബലികഴിച്ചു. അന്നുമുതൽ ഒരു മതപീഡനം ആരംഭിച്ചു. ഛേദനാചാരം വിശുദ്ധഗ്രന്ഥം സൂക്ഷിക്കൽ, സാബത്ത് ദിനാചരണം മുതലായവ മരണശിക്ഷക്കു് അർഹമായ അപരാധമാണെന്നു് പ്രഖ്യാപിച്ചു. ഗ്രീക്കുകാരുടെ ദേവന്മാരായ ജൂപിററർ സേവൂസ് മുതലായവരുടെ പ്രതിമകൾക്കു മുമ്പിൽ ധൂപാർപ്പണം നടത്താതിരിക്കുകയും അവയുടെ മുമ്പിൽ ബലിയർപ്പിക്കപ്പെട്ട വസ്തുക്കളെ തിന്നാതിരിക്കുകയും ചെയ്യുന്ന യഹൂദർക്കു വധശിക്ഷ നല്കിയിരുന്നു.

ഈജിപ്ററിലും സിറിയായിലും മററും നടത്തിയതു് അലക്സാണ്ടറിൻെറ പട്ടാള ഉദ്യോഗസ്ഥന്മാരായിരുന്നു. അവർ പലപ്പോഴും യൂദയാക്കാരെ പീഡിപ്പിച്ചു.

ബി. സി. 323 മുതൽ 198 വരെ പലസ്തീന ഈജിപ്ററുൻ പ്രോവിൻസിൻെറ കീഴിലായിരുന്നു. അക്കാലത്തു് സഹിഷ്ണതാപൂർവ്വമായ പെരുമാററമാണുണ്ടായതു്. പിന്നീടു് ബി. സി. 198–മുതൽ 167–വരെ സിറിയായുടെ കീഴിലായിരുന്നു. സെലൂസിസ് രാജകുടുംബമാണു് ഭരിച്ചിരുന്നതു്. സെലൂചിയൂസ് 1–ാമനാണു് സെലൂസിയൻ രാജവംശത്തിൻെറ സ്ഥാപകൻ. അന്തിയോക്യയായിരുന്നു തലസ്ഥാനം. അവർ വിജാതിയരുടെ പല ആചാരങ്ങളും യഹൂദരിൽ അടിച്ചേല്പിച്ചു. അവരിൽ ഗ്രീക്കു സംസ്കാരം പകർത്തി.

അലക്സാണ്ടറിൻെറ സൈന്യാധിപനായിരുന്ന ടോളമി 1–ാമൻ ഈജിപ്ററിൽ ഒരു രാജ്യം സ്ഥാപിച്ചു.

www.malankaralibrary.com

അലക്സാണ്ടറിയായായിരുന്നു തലസ്ഥാനം. അവിടെ നൂറാളം യഹൂദരെ പാർപ്പിച്ചിരുന്നു. ടോളമി 2-ാമൻ ജറുസലത്തുനിന്നു 70 ഹീബ്രു പണ്ഡിതന്മാരെകൊണ്ടുവന്നു് പഴയനിയമം ഗ്രീക്കിലേക്കു് തർജ്ജമ ചെയ്യിച്ചതാണു് ഗ്രീക്കു് സപ്തതി എന്നു് മുമ്പു് പ്രസ്താവിച്ചുവല്ലോ.

അദ്ധ്യായം പത്തൊമ്പതു്

# മക്കബായൻ ഘട്ടം [ബി. സി. 11 65-63]

യൂദാ മക്കബേവൂസു് എന്ന പ്രഥമ യഹൂദനേതാവിൽ നിന്നാണു് ഈ പേരുണ്ടായതു്. മോദിൻ അഥവാ മോദിഥാ എന്ന സ്ഥലത്തു് (ഇന്നത്തെ മോദിയ, ലിഡാക്കു് 8 മൈൽ കിഴക്കു്) ഹസ്മോനാദൻ കുടുംബത്തിൽ യൂദാ മക്കബേവൂസ് ജനിച്ചു. മത്താത്തിയാസ് എന്നാണു് പിതാവിന്റെ പേരു്. അദ്ദേഹത്തിനു് സഹോദരന്മാരുണ്ടായിരുന്നു. വിദേശ ശക്തിക്കെതിരായിട്ടുള്ള ഒരു വിപ്ലവം ഉദ്ഘാടനം ചെയ്തിട്ടാണു് മത്താത്തിയാസ്

www.malankaralibrary.com

മരിച്ചതു്. പിന്നീടു് യൂദാമക്കബേവൂസിൻെറ നേതൃത്വത്തിൽ യഹൂദന്മാർ സംഘടിച്ചു് വിദേശഭരണത്തെ എതിർത്തു. അന്നു് പലസ്തീന ഉൾപ്പെടെ സിറിയ മുഴുവൻ സെല്യൂഷ്യൻ രാജാക്കന്മാരുടെ കീഴിലായിരുന്നു. സെല്യൂഷ്യരിൽനിന്നു് പലസ്തീനയുടെ മുഖ്യപ്രധാനമായ ഭാഗങ്ങൾ യഹൂദർ പിടിച്ചെടുത്തു. ഈ കാലഘട്ടത്തെപ്പററി മക്കബായരുടെ രണ്ടു പുസ്തകങ്ങളിലുമായി വിവരിച്ചിട്ടുണ്ടു്.

ഇവിടംവരെയുള്ള ചരിത്രമാണു് പഴയനിയമത്തിൽ കാണുന്നതു്. പിന്നീടുണ്ടായ ഹസ്മോണിയൻ രാജകുടുംബം ബി. സി. 170 മുതൽ 64-വരെ പലസ്തീനയെ ഒരു സ്വതന്ത്രരാജ്യമായി ഭരിച്ചു. സൈമൺ മക്കബായുടെ കാലശേഷം 5 രാജാക്കന്മാർകൂടി പലസ്തീന ഭരിക്കുകയുണ്ടായി.

1 ജോൺ ഹിർക്കാനസു് (135–104)
മത്താത്തിയാസിൻെറ രണ്ടാമത്തെ പുത്രൻ.
2 അരിസ്റ്റോബ്യൂളസ് (104-103)
3 അലക്സാണ്ടർ ജാനേവൂസ് (103–76)
4 അലക്സാണ്ടർ സലോം (76–67)
5 ഹിർക്കാനസ് (67-40)

ഇതിനിടയിൽ പോംപെയ് (ബി. സി. 106–48) എന്ന റോമൻ സൈന്യാധികാരി പലസ്തീന പിടിച്ചെടുത്തു. അദ്ദേഹത്തിൻെറ കീഴിൽ അരിസ്റ്റോബ്യൂളസ്, ഹിർക്കാനസ്, മഹാനായ ഹേറോദേശ് മുതലായവർ ഭരിച്ചു.

www.malankaralibrary.com

# റോമൻ കാലഘട്ടം.

ബി. സി. 63-ലാണു് പോംപെയ് പലസ്തീനയിലെത്തിയതു്. അദ്ദേഹം പലസ്തീനയെ മുഴുവനായും റോമൻ സാമ്രാജ്യത്തോടുചേർത്തു. ഇദ്ദേഹമേയക്കാരനായ മഹാനായ ഹേറോദേസാണു് ഇക്കാര്യത്തിൽ പോംപെയിയെ സഹായിച്ചതു്. അതുകൊണ്ടു് സംപ്രീതരായ റോമൻ അധികാരികൾ ഹേറോദേസിനെ പലസ്തീന മുഴുവൻെറയും രാജാവാക്കി. (ബി. സി. 37-ൽ) ക്രൂരനായ അദ്ദേഹത്തെ യഹൂദരെല്ലാം വെറുത്തിരുന്നു. ബി. സി. 20-ൽ ഇദ്ദേഹം ജറുസലം പുതുക്കിപ്പണിയാൻ തുടങ്ങി. ഈ ഹേറോദേസിൻെറ കാലത്താണു് ക്രിസ്തു പിറന്നതു്.

## ക്രിസ്തുവിൻെറ ജനനതിയ്യതി

നമ്മൾ ഇന്നുപയോഗിക്കുന്നതു് ഗ്രിഗോറിയൻ കലണ്ടറാണു്. ജൂലിയസ് സീസർ ബി. സി. 45-ൽ, അന്നുണ്ടായിരുന്ന റോമൻ കലണ്ടർ പുതുക്കുകയുണ്ടായി. ഈ പുതുക്കിയ കലണ്ടറിനെ മഹാനായ പോപ്പു് ഗ്രിഗരി പതിമൂന്നാമൻ (1502-5185) ഒന്നുകൂടെ പരിഷ്ക്കരിച്ചു. അതാണു് നമ്മൾ ഉപയോഗിക്കുന്നതു്. ഇതനുസരിച്ചു ക്രിസ്തു പിറന്നതു് ഏ. ഡി. 1-ൽ ആണു്. പക്ഷേ, ക്രിസ്തുവിൻെറ ജനനം ബി. സി. 4-ലോ 5-ലോ ആണു്. കലണ്ടർ പരിഷ്ക്കരിച്ചവൎക്കു് പററിയ ഒരു ചെറിയ പിശകിൻെറ ഫലമാണു് വ്യത്യാസം.

www.malankaralibrary.com

ബി. സി. 4-ൽ മഹാനായ ഹേറോദേശ് മരിച്ചു. ഉടനെ പലസ്തീന 3 ആയി വിഭജിക്കപ്പെട്ടു. ഇദുമേയ, യൂദയ, സമരിയ എന്നീ പ്രദേശങ്ങൾ അക്ലൊവോസിനും, (ബി. സി. 4_ഏ. ഡി. 6) ഗലീലി പെരിയ എന്നിവ ഹേറോദേശ് അന്തിപ്പാസിനും കിട്ടി. (ബി. സി. 4 മുതൽ ഏ. ഡി. 36 വരെ) ട്രക്കോണിത്തസ്, ഇട്ടൂരിയ മുതലായ സ്ഥലങ്ങൾ ചേൎന്ന പ്രദേശം ഫിലിപ്പു ഭരിച്ചു. (ബി. സി. 4_ഏ. ഡി. 34)

ഏ. ഡി. 6-ൽ അക്ലൊവോസ് നിഷ്കാസിതനായി. അയാൾ ഭരിച്ചിരുന്ന സ്ഥലം റോമൻചക്രവൎത്തിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായി. ചക്രവൎത്തിയുടെ ഗവൎണ്ണറമാർ ആ സ്ഥലത്തു വന്നു ഭരിച്ചു. ഗവൎണ്ണറമാരുടെ പേരുകൾ താഴെ കൊടുക്കുന്നു.

1 കൊപ്പോണിയസ് (ഏ. ഡി. 6_9)
2 മാക്സ്ബിബ്ളസ് (ഏ. ഡി. 9_11)
3 ദ്രുഫസ് (ഏ. ഡി. 12_15)
4 ഗ്രാക്കസ് (ഏ. ഡി. 15_26)
5 പീലാത്തോസ് (ഏ. ഡി. 26_37)

ഈ പീലാത്തോസാണു് ക്രിസ്തുവിനെ മരണത്തിനു വിധിച്ചതു്. പിന്നീടു് ഏ. ഡി. 44-വരെ പലസ്തീനയിൽ ഗവൎണ്ണർ ഇല്ലായിരുന്നു.

ഏ. ഡി. 37-ൽ ഹേറോദേസിൻെറ ബന്ധുവായ ഹേറാദേശ് അഗ്രിപ്പാ ഒന്നാമനു് ഫിലിപ്പു ഭരിച്ചിരുന്ന പ്രദേശം കിട്ടി. ഏ. ഡി. 41-ൽ അദ്ദേഹം പലസ്തീന മുഴുവൻേറയും രാജാവായി. ഏ. ഡി. 44-ൽ അദ്ദേഹം മരിച്ചു. വീണ്ടും ഗവൎണ്ണറമാർ ഭരണം തുടങ്ങി.

www.malankaralibrary.com

## സ്നാപകയോഹന്നാൻ

ക്രിസ്തുവിൻെറ മുന്നോടിയാണ് സ്നാപകയോഹന്നാൻ, പ്രവാചകന്മാരിൽ പ്രധാനിയും. ക്രിസ്തുവിനു വഴിയൊരുക്കുവാനാണ് അയാൾ വന്നത്. ദൈവരാജ്യം സമീപസ്ഥമാണെന്നും, പാപികൾ മാനസാന്തരപ്പെട്ട് മാനസാന്തരത്തിൻെറ അടയാളമായി സ്നാപനം (മാമ്മോദീസ) സ്വീകരിച്ച് നല്ലവരായി ജീവിക്കണമെന്നും ഈ യോഹന്നാൻ പ്രസംഗിച്ചു. എസ്സനസ് എന്ന സന്യാസിവർഗ്ഗത്തിൽപ്പെട്ട യോഗീശ്വരനായിരുന്നു യോഹന്നാൻ. അദ്ദേഹത്തിനു ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു.

ഇസ്രായേൽ ജനം ദീർഘകാലമായി പ്രതീക്ഷിക്കുന്ന രക്ഷകൻ താനല്ലെന്നും ക്രിസ്തുവാണ് ആ രക്ഷകൻ എന്നും യോഹന്നാൻ പ്രസ്താവിച്ചു.

ഈ സ്നാപകനെ ഹെറോദേശ് രാജാവ് വധിച്ചു.

www.malankaralibrary.com

# പുതിയ നിയമകാലം
# ക്രിസ്തുവിന്റെ കാലം

റോമാക്കാർ പലസ്തീനായിൽനിന്ന് സാധനങ്ങൾക്കും ആളുകൾക്കും നികുതി പിരിച്ചിരുന്നു. നികുതി പിരിക്കേണ്ടതുകൊണ്ട് ഒരു ജനസംഖ്യാക്കണക്ക് (സെൻസസ്) എടുക്കാൻ റോമക്കാർ തീരുമാനിച്ചു. മോസസിന്റെ കാലത്താണ് ഹീബ്രുജനത ആദ്യമായി സെൻസസ് എടുത്തത്. (പുറ 30. 12_13, സംഖ്യ 1_8).

അങ്ങിനെ ഹേറോദേശ് എന്ന നാട്ടുരാജാവിന്റെ കാലത്ത്, അഗസ്റ്റസ്സീസർ ചക്രവർത്തി സാമ്രാജ്യത്തിലെ എല്ലാവരുടേയും സെൻസസ് എടുക്കണമെന്ന് കല്പന പുറപ്പെടുവിച്ചു. ഗലീലയിലെ നസ്രസിൽ താമസിക്കുന്ന മരപ്പണിക്കാരനായ ജോസഫും പേരു രജിസ്റ്റർ ചെയ്യാൻവേണ്ടി ദാവീദിന്റെ പട്ടണമായ ബേസ്‌ലഹമിലേക്കു പുറപ്പെട്ടു. ദാവീദിന്റെ കുടുംബക്കാരനായതുകൊണ്ടാണ് അങ്ങോട്ടു പോകേണ്ടി വന്നത്. ഗർഭിണിയായ മേരി എന്നു പേരുള്ള തന്റെ ഭാര്യയേയുംകൂട്ടിക്കൊണ്ടായിരുന്നു യാത്ര. അവർ മൂന്നുദിവസത്തെ യാത്ര ചെയ്ത് ബേസ്‌ലഹത്ത് എത്തി. അവിടെ ഒരു സത്രത്തിലാണ് താമസിച്ചത്. അവിടെ വച്ച് മറിയത്തിൽനിന്ന് ക്രിസ്തു (ഈശോ) പിറന്നു.

യഹൂദക്ക് പുതിയ ഒരു രാജാവ് പിറന്നിരിക്കുന്നു എന്നു വിജ്ഞാനികളിൽനിന്നും മനസ്സിലാക്കിയ ഹേറോദേശ് ക്രിസ്തുവിനെ വധിക്കാൻ തീരുമാനിച്ചു. രണ്ടു വയസ്സും അതിൽ താഴെയും പ്രായമുള്ള എല്ലാ ശിശുക്കളെയും കൊല്ലാൻ അയാൾ ആജ്ഞ കൊടുത്തു.

www.malankaralibrary.com

ഹേറോദേസിൻെറ കയ്യിൽനിന്നു ശിശുവിനെ രക്ഷിക്കാൻവേണ്ടി ആ കുടുംബം ഈജിപ്തിലേക്കുപോയി. ഇന്നത്തെ കെയ്റോയിക്കു് ആറു മൈൽ തെക്കു് ഹേലിയോപോളിസ് എന്ന സ്ഥലത്താണു് അവർ താമസിച്ചതു്. അവിടെയുള്ള ഒരു മരം പില്ക്കാലത്തു് കന്യകയുടെ മരം എന്നു വിളിക്കപ്പെട്ടുപോന്നു.

ബി. സി. 4_ൽ ഹേറോദേസിൻെറ മരണശേഷം അക്ലൊവൂസ് ഭരണംതുടങ്ങി. അയാൾ വളരെ നീചനായിരുന്നു, ഒരു യഹൂദവിദ്വേഷിയും. ഒററദിവസം അയാൾ 3000 പേരെ വധിച്ചുവത്രെ. അയാളെ ഭയന്നു് ജോസഫ് തൻെറ കുടുംബവുമായി നസ്രസിൽ പോയിതാമസിച്ചു.

ഗലീലിയായുടെ തലസ്ഥാനം സെഫോറിയസ് ആയിരുന്നു. ക്രിസ്തുവിനു 10 വയസ്സുണ്ടായിരുന്നപ്പോൾ യൂദാസ് എന്നൊരാൾ തുടങ്ങിയ കലഹത്തെ അടിച്ചമർത്താൻവേണ്ടി റോമാക്കാർ സെഫോറിയസ് നശിപ്പിച്ചു. രണ്ടായിരംപേരെ കുരിശിൽ തറച്ചുകൊന്നു. ആ ഗ്രാമത്തിൽ റോഡിൻെറ രണ്ടുവശത്തും ധാരാളം കുരിശുകൾ നാട്ടിയിരുന്നു.

നസ്രസു് ഒരു ചെറിയ ഗ്രാമമാണു്. സെമിററിക് വർഗ്ഗത്തിൽപെട്ട അരമയിക്ക ഭാഷയാണു് സാധാരണ ജനങ്ങൾ ഉപയോഗിച്ചിരുന്നതു്. ലത്തീൻ, ഗ്രീക്കിൻെറ ഒരു വിഭാഗമായ കൊയിനെ മുതലായവയും അവിടെ പ്രചരിച്ചിരുന്നു.

അക്കാലത്തു് വ്യാപാരവും വ്യവസായവും വളരെ അഭിവൃദ്ധിപ്പെട്ടു. റോമിൻെറ തെക്കുള്ള കമ്പാനിയായിലെ നിർമ്മാതാക്കളുടെ പേരു കൊത്തിയിട്ടുള്ള പാത്രങ്ങളും ഇരുമ്പായുധങ്ങളും കുതിരലാടവും പലസ്തീനയിൽനിന്നു കണ്ടെടുത്തിട്ടുണ്ടു്.

www.malankaralibrary.com

പ്രാർത്ഥനാലയങ്ങളിൽ വേദഗ്രന്ഥം പഠിപ്പിച്ചിരുന്നു. അത്തരം ക്ലാസ്സുകളിൽ ക്രിസ്തുവും പങ്കുചേർന്നു.

ക്രിസ്തുവിനു് പത്തോ, പതിനൊന്നോ വയസ്സുണ്ടായിരുന്നപ്പോഴാണു് ദുർഭരണകുററം ആരോപിക്കപ്പെട്ട അക്‌ലൊവൂസിനെ അഗസ്റ്റസ്‌സീസ്സർ റോമിലേക്കു് വിളിച്ചതു്. സീസ്സർ അയാളെ ഗോളിലേക്കു നാടുകടത്തുകയും പലസ്തീന ഭരിക്കുവാൻ പ്രൊക്കുറേറററന്മാരെ നിയമിക്കുകയും ചെയ്തു.

എല്ലാവർഷവും പെസഹാതിരുനാളിനു് ക്രിസ്തുവും ദൈവാലയത്തിൽ പോയിരുന്നു. ക്രിസ്തുവിന്റെ യൗവ്വനകാലത്തും ദൈവാലയത്തിന്റെ അററകുററപ്പണികൾ നടന്നുകൊണ്ടിരുന്നു. ദൈവാലയത്തിനു് ചുററും 43 അടി ഉയരമുള്ള മതിൽക്കെട്ടും വലിയ 9 ഗെയിററുകളും നിർമ്മിക്കപ്പെട്ടു. (വടക്കുവശത്തു് 4, തെക്കുവശത്തു് 4, കിഴക്കു് 1) ദൈവാലയത്തിന്റെ വിശുദ്ധസ്ഥലത്തു് പുരോഹിതർ മാത്രമേ പ്രവേശിച്ചിരുന്നുള്ളു.

ദൈവാലയം പ്രധാന പുരോഹിതന്റെ കീഴിലാണു്. അയാൾ തന്നെയാണു് സൈഹെഡ്രീൻ എന്ന കോടതിയുടെ പ്രസിഡൻറും. യഹൂദരെ സംബന്ധിച്ചിടത്തോളം മതപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ഏററവും വലിയ കോടതിയാണതു്. ആ സംഘത്തിൽ 71 അംഗങ്ങളുണ്ടായിരിക്കും- എഴുത്തുകാർ, പുരോഹിതന്മാർ, ശ്രേഷ്ഠന്മാർ മുതലായവർ. സാബത്തു ഒഴികെയുള്ള ദിവസങ്ങളിൽ മരണശിക്ഷപോലും അവർ നല്കിയിട്ടുണ്ടു്. പക്ഷേ മരണശിക്ഷ നടപ്പിലാക്കുവാൻ റോമൻ പ്രൊക്കുറേറററുടെ അനുമതി ആവശ്യമായിരുന്നു. റോമൻ സാമ്രാജ്യത്തിലെല്ലാം ഇതായിരുന്നു നിയമം. അതുകൊണ്ടാണു് അവർ ക്രിസ്തുവിനെ രാജ്യദ്രോഹകുററം ചുമത്തി പീലാത്തോസിനെ ഏല്പിച്ചതു്.

www.malankaralibrary.com

ഏ. ഡി. 18 മുതൽ 36 വരെ പ്രധാനപ്പുരോഹിതൻ കയ്യപ്പാസായിരുന്നു. അതിനുമുമ്പ് അന്നാസും.

ക്രിസ്തുവിന്റെ ചെറുപ്പത്തിൽതന്നെ സെഫോറിയാസിലെ വിപ്ലവാനന്തരം സിലട്ടസ് എന്ന പുതിയ ഒരു പാർട്ടി രൂപം കൊണ്ടു. ദൈവമാണ് ഇസ്രായേലിന്റെ ഏകഭരണകർത്താവെന്നും ദൈവത്തെ മാത്രം ബഹുമാനിച്ചാൽ മതിയെന്നും അവർ പഠിപ്പിച്ചുവന്നു.

കരം പിരിക്കലാണ് പ്രൊക്കുറേറററന്മാരുടെ പ്രധാന ജോലി. എന്നാൽ യൂദയായിൽ വേറെ അധികാരികൾ (നാട്ടുരാജാക്കന്മാർ) ഇല്ലാതിരുന്നകാലത്ത് അവർ എല്ലാ അധികാരവുമുള്ളവരായിത്തീർന്നു. യൂദയായിലെ പ്രൊക്കുറേറററന്മാർ റോമൻ നഗരമായ ചെസാരയായിലാണ് താമസം. തിരുന്നാളുകൾക്ക് മാത്രം അവർ പട്ടാളവുമായി ജറൂസലത്ത് ചെല്ലും.

ഏ. ഡി. 27 ൽ നിയമിതനായ പന്തിയോസ് പീലാത്തോസ് 5-ാം മത്തെ പ്രൊക്കുറേറററാണ്. അയാൾ 10 വർഷം ഭരിച്ചു. അഗസ്ററസ് ചക്രവർത്തി മരിച്ചപ്പോൾ ടിബേറിയസ് ചക്രവർത്തിയായി. അദ്ദേഹം തന്റെ ഭരണത്തിന്റെ 13-ാം വർഷമാണ് പീലാത്തോസിനെ നിയമിച്ചത്.

പീലാത്തോസ് ചക്രവർത്തിയുടെ പ്രതിമയുള്ള അധികാരദണ്ഡുമായി നഗരത്തിൽ ചുററിക്കറങ്ങി. (യഹൂദർ പ്രതിമ ഇഷ്ടപ്പെട്ടിരുന്നില്ല.!) ദൈവാലയത്തിലെ പണമെടുത്ത് ഒരു ജലസംഭരണസ്ഥാനമുണ്ടാക്കി. ഇതൊക്കെ യഹൂദരുടെ മതവികാരത്തെ വ്രണപ്പെടുത്തി.

ഒരു വർഷം കഴിഞ്ഞപ്പോൾ ക്രിസ്തു യോർദ്ദാനിൽ വരുകയും സ്നാപകയോഹന്നാനിൽനിന്ന് മാമ്മോദീസാ (സ്നാപനം) സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം

www.malankaralibrary.com

അവിടുന്നു് ഉപ്പുകടലിന്റെ തീരത്തുള്ള മരുഭൂമിയിൽപോയി 40 ദിവസത്തേക്കു് ഉപവാസമനുഷ്ഠിച്ചു. പിന്നീടു് ഗലീലി, സമരിയ മുതലായ സ്ഥലങ്ങളിൽ ചുററിനടന്നു പ്രസംഗിച്ചു.

ഏ. ഡി. 27-ൽ ക്രിസ്തു പെസഹാതിരുന്നാളിനു് കഫർണാമിൽനിന്നു് ജറുസലത്തേക്കു് പോയി. അവിടെവച്ച് ദൈവാലയത്തിൽ കച്ചവടം നടത്തിയിരുന്നവരെ അടിച്ചോടിക്കുകയുണ്ടായി.

ഈ അവസരത്തിലാണു് സ്നാപകയോഹന്നാൻ വധിക്കപ്പെട്ടതു്.

ക്രിസ്തു സിനഗോഗിൽ (പ്രാർത്ഥനാലയം) പഠിപ്പിച്ചുവന്നു. പഠിക്കുന്നതിനും രോഗവിമുക്തരാകുന്നതിനുമായി ആളുകൾ അവിടുത്തെ ചുററും കൂടി. പുരോഹിതന്മാർക്കും ഫരിസേയർക്കും ഇതൊന്നും ഇഷ്ടപ്പെട്ടില്ല. മോസസിന്റെ നിയമത്തിൽനിന്നു് ജനങ്ങളെ വ്യതിചലിപ്പിക്കുന്നുവെന്നു് അവർ കുററപ്പെടുത്തി. വാസ്തവത്തിൽ പഴയനിയമങ്ങളെ അവിടുന്നു അപ്പാടെ നിഷേധിച്ചില്ല. ആത്മാർത്ഥതയില്ലാത്ത അനുഷ്ഠാനത്തേയും അർത്ഥമില്ലാത്ത ആചാരങ്ങളേയും മാത്രമേ അവിടുന്നു വെറുത്തുള്ളു. അവസാനം ഒരു പെസഹാത്തിരുന്നാളിനു് 6 ദിവസം മുമ്പു് അവിടുന്നു് ബഥനിയിൽ വന്നു. അവിടെവച്ചാണു് അന്തിമാത്താഴം കഴിച്ചതു്. അവിടെയുള്ള ഒലിവു മലയിലാണു് രക്തം വിയർത്തു പ്രാർത്ഥിച്ചതും അറസ്ററുവരിച്ചതും.

ജനങ്ങളുടെ ആരോപണങ്ങൾക്കു് രാഷ്ട്രീയ ഛായവരുത്തി അവർ ക്രിസ്തുവിനെ കൊലക്കുവിധിക്കുവാൻ പീലാത്തോസിനു് വിട്ടുകൊടുത്തു. ഗാഗുൽത്തായിൽ അവർ അവിടുത്തെ കുരിശിൽ തറച്ചുവധിച്ചു. മൂന്നാം ദിവസം

www.malankaralibrary.com

അവിടുന്നു് ഉയിർക്കുകയും നാല്പതാം ദിവസം സ്വർഗ്ഗാരോഹണം നടത്തുകയും ചെയ്തു.

ഇത്രയും കാര്യങ്ങളാണു് നാലു് സുവിശേഷങ്ങളിലുള്ളതു്. ഇതരചരിത്രരേഖകളും ഗവേഷണങ്ങളും ഇതിനെ ശരിവക്കുകയും ചെയ്യുന്നു.

അദ്ധ്യായം ഇരുപത്തിരണ്ടു്

# ജോസഫിന്റെ സാക്ഷ്യം

ഏ. ഡി. 62–ലെ (നഗരസ്ഥാപനത്തിന്റെ 815–ാം വർഷം) ശരത്തു് കാലത്തു് എസ്ക്കുലാപീയൂസ് കുൾത്തെല്ലുസ് (Aeseculapius Cultellus) എന്ന റോമൻ ചികിത്സകൻ തന്റെമരുമകനായ ഗ്ലാഡിയൂസ് എൻസ (Gladius Ensa) ക്കു് ഒരു കത്തയച്ചു. ഏഴാം ഗാളിക്കാലാൾ സൈന്യത്തിന്റെ മേധാവിയായ എൻസ ഒരു സൈന്യവുമായി സിറിയായിൽ താമസിക്കുകയായിരുന്നു. അദ്ദേഹം എഴുതിയ കത്തിൽനിന്നും അതിന്റെ മറുപടിയിൽനിന്നും ക്രിസ്തുവിനെപ്പററി നമുക്കു് മനസ്സിലാക്കാം. റോമാക്കാരുടെ ചരിത്രത്തിലുള്ള ആ കത്തുകൾ താഴെ ചേർക്കുന്നു.

www.malankaralibrary.com

"പ്രിയ: ഗ്ലാഡിയൂസ്,"

കുറെ ദിവസങ്ങൾക്കുമുമ്പ് പോൾ (പൗലോസ്) എന്നു പേരുള്ള ഒരാളെ പരിശോധിക്കാൻ ഞാൻ പോയി. യഹൂദ മാതാപിതാക്കന്മാരിൽനിന്നു പിറന്ന ഒരു റോമൻ പൗരനാണു്. അദ്ദേഹം പണ്ഡിതനും മാന്യനു മാണു്. സെസാരയായിലോ കിഴക്കേ മെഡിററേനിയൻ പ്രദേശത്തെവിടയോ ഉള്ള ഒരു പ്രൊവിൻസിയൻ കോട തിയിൽ അദ്ദേഹത്തെപ്പററി ഒരു കേസുണ്ടായി. അതു് സംബന്ധിച്ചു് അപ്പീലിനുവേണ്ടി ഇവിടെ വന്നപ്പോ ഴാണു് ഞാൻ കണ്ടതു്.

നിയമത്തിനും ജനതക്കും എതിരായി പ്രസംഗിക്കുന്ന ഉഗ്രനും ക്രൂരനുമായ ഒരാളാണെന്നാണു് ഞാൻ കേട്ടിരു ന്നതു്. പക്ഷെ വളരെ ബുദ്ധിമാനും നിഷ്കപടനും ബ ഹുമാന്യനുമായ ഒരാളാണദ്ദേഹം. ഏഷ്യാമൈനാറിൽ പട്ടാ ളത്തോടുകൂടി താമസിക്കാറുണ്ടായിരുന്നു. എന്റെ ഒരു സു ഹൃത്തു് എഫേസൂസിൽവച്ചു് അദ്ദേഹത്തെപ്പററി കേട്ടു വെന്നു് പറഞ്ഞു. അപരിചിതനായ പുതിയ ഒരു ദൈ വത്തെപ്പററി പോൾ അവിടെ പ്രസംഗിച്ചുവത്രേ, രോ ഗിയായ പോളിനോടു ഞാൻ ചോദിച്ചു, അതു് ശരിയാ ണോയെന്നു്. ശ്രേഷ്ഠനായ നമ്മുടെ ചക്രവർത്തിയുടെ ഇഷ്ട ത്തിനു് എതിരെ സമരം ചെയ്യുവാൻ ജനങ്ങളെ ആഹ്വാനം ചെയ്തോയെന്നും ഞാൻ അന്വേഷിച്ചു. താൻ പ്രസംഗിച്ച രാജ്യം ഈ ലോകത്തിലേതല്ല എന്നു് പോൾ പറഞ്ഞു. വിചിത്രമായ പലതും അദ്ദേഹം പറയുകയുണ്ടായി. എ നിക്കതൊന്നും മനസ്സിലായില്ല. ചിലപ്പോൾ പനികൊണ്ടു പറഞ്ഞതായിരിക്കാം.

അദ്ദേഹത്തിന്റെ വ്യക്തിത്വം എന്റെ ഹൃദയത്തിൽ മായാത്ത മുദ്രപതിച്ചു. കുറേ ദിവസങ്ങൾക്കുമുമ്പു് ഓസിയൻ

www.malankaralibrary.com

റോഡിൽവച്ച് അദ്ദേഹം വധിക്കപ്പെട്ടുവെന്നു കേൾക്കുന്നതിൽ എനിക്കു് അത്യധികം സങ്കടമുണ്ടു്. അതുകൊണ്ടാണു് ഞാനിക്കത്തെഴുതുന്നതു്. അടുത്ത തവണ നീ ജറുസലം സന്ദർശിക്കുമ്പോൾ എൻെറ സുഹൃത്തായ പോളിനെപ്പററിയും അദ്ദേഹം സംസാരിച്ച അപരിചിതനായ ആ യഹൂദപ്രവാചകനെപ്പററിയും (അദ്ദേഹം പോളിൻെറ ഗുരുവാണെന്നുതോന്നുന്നു.) വിവരങ്ങൾ ശേഖരിക്കണം. നമ്മുടെ ചില അടിമകൾ ആ മിശിഹായെപ്പററി (മിശിഹ എന്നാണു് പോളിൻെറ ഗുരു അറിയപ്പെടുന്നതു്) വളരെ ഉത്തേജിതരായിത്തീർന്നിരിക്കുന്നു. പുതിയ രാജ്യത്തെപ്പററി അതിൻെറ അർത്ഥം എന്തുമാകട്ടെ—പരസ്യമായി പ്രസംഗിച്ച അവരിൽ ചിലർ കുരിശിൽ തറച്ചു കൊല്ലപ്പെട്ടു. ഈ ജനശ്രുതികളെപ്പററിയുള്ള സത്യാവസ്ഥ എനിക്കറിയണമെന്നുണ്ടു്.

എന്നു് നിൻെറ അമ്മാവൻ

കൾത്തേല്ല്യൂസ്

ആറു് ആഴ്ചക്കുശേഷം ഗ്ലാഡിയൂസ് എൻസ താഴെ കാണുന്ന മറുപടി അയച്ചു.

പ്രിയ അമ്മാവാ,

കത്തു കിട്ടി. നിർദ്ദേശങ്ങൾ അനുസരിച്ചു ഞാനന്വേഷിച്ചു. രണ്ടാഴ്ചയ്ക്കുമുമ്പു് ഞങ്ങളുടെ സൈന്യത്തെ ജറുസലത്തേക്കുകൊണ്ടുപോന്നു. കഴിഞ്ഞ നൂററാണ്ടിൽ അവിടെ ധാരാളം വിപ്ലവങ്ങൾ ഉണ്ടായി. ഇപ്പോൾ പഴയ നഗരത്തിൻെറ കാര്യമായ ഭാഗമൊന്നും അവശേഷിച്ചിട്ടില്ല. ഞങ്ങൾ ഒരു മാസമായി ഇവിടെ വന്നിട്ടു്. നാളെ പേത്രായിലേക്കുള്ള പ്രയാണം തുടരും. അവിടെ ചില അറബിവർഗ്ഗക്കാരുടെയിടയിൽ കുഴപ്പങ്ങളുണ്ടു്. ഈ സാഹചര്യത്തിൽ ഞാൻ അങ്ങയുടെ ചോദ്യങ്ങൾക്കു് ഉത്തരമെഴുതാം. പക്ഷേ വിവരിച്ചുള്ള ഒരു റിപ്പോർട്ടു് എഴുതുമെന്നു പ്രതീക്ഷിക്കരുതേ!

www.malankaralibrary.com

പ്രസ്തുത കാര്യത്തെപ്പററി ഈ നഗരത്തിലെ പ്രായാധിക്യമുള്ള മിക്കവരോടും ഞാൻ ചോദിച്ചു. കൃത്യമായ വിവരണം തരാൻ കുറച്ചുപേർക്കേ കഴിഞ്ഞുള്ളു. കുറച്ചുദിവസംമുമ്പ് പഴങ്ങളും മററും കൊണ്ടു നടന്നു വില്ക്കുന്ന ഒരാൾ ഞങ്ങളുടെ ക്യാമ്പിൽ വന്നു. കുറേ ഒലിവുപഴങ്ങൾ അയാളിൽനിന്നു ഞാൻ വാങ്ങിച്ചു. ചെറുപ്പത്തിൽതന്നെ വധിക്കപ്പെട്ട സുപ്രസിദ്ധനായ മിശിഹായേപ്പററി കേട്ടിട്ടുണ്ടോയെന്നു ഞാൻ ചോദിച്ചു. വളരെ വ്യക്തമായി അയാൾ അതോർക്കുന്നുണ്ട്. തൂക്കിക്കൊല്ലുന്നതു കാണുവാനായി, യൂദയായിലെ ജനതയുടെ നിയമത്തെ എതിർക്കുന്നവർക്ക് എന്തു് സംഭവിക്കുമെന്നു കാട്ടിക്കൊടുക്കുവാനായി, അയാളുടെ അഛൻ അയാളെ ഗോൽഗോഥയിലേക്ക് കൊണ്ടുപോയിരുന്നു. നഗരത്തിൻെറ തൊട്ടുപുറത്തുള്ള ഒരു മലയാണു് ഗോൽഗോഥ.

മിശിഹായുടെ ഒരു ഉററ സുഹൃത്തായിരുന്ന ഒരു ജോസഫിൻെറ അഡ്രസ് ആ വ്യാപാരി എനിക്കുതന്നു. കൂടുതൽ വിവരത്തിനു് ആ ജോസഫിനെ കാണുകയാണു് നല്ലതെന്നു് അയാൾ പറഞ്ഞു.

ഇന്നു രാവിലെ ഞാൻ ആ ജോസഫിനെ കാണുവാൻ പോയി. പ്രായാധിക്യമുള്ള ആളാണു് ജോസഫ്. ഒരു ശുദ്ധജലതടാകത്തിലെ മീൻപിടിത്തക്കാരനായിരുന്നു അയാൾ. അയാൾ എല്ലാം വളരെ വ്യക്തമായി ഓർമ്മിക്കുന്നുണ്ടു്. അതുകൊണ്ടു് ഞാൻ ജനിക്കുന്നതിനു് മുമ്പുണ്ടായ കുഴപ്പം നിറഞ്ഞ ആ കാലത്തെ സംഭവങ്ങളുടെ വ്യക്തമായ ഒരു വിവരണം എനിക്കുകിട്ടി.

മഹാനും പ്രതാപവാനുമായ ടിബേറിയസ് സീസറിൻെറ (ചക്രവത്തിയുടെ) ഭരണകാലം. അന്നു് യൂദയായിലും സമരിയായിലും ഗവർണ്ണറായി പന്തിയോസ് പീലാത്തോസ് ജോലി ചെയ്തിരുന്നു. ഈ പീലാത്തോസിനെപ്പററി

www.malankaralibrary.com

ജോസഫിന് വലിയ അറിവൊന്നുമില്ല. അയാൾ മാന്യനായ ഉദ്യോഗസ്ഥനായിരുന്നുവെന്നും, ആ പ്രോവിൻസിൻെറ പ്രോക്കുറേറർ എന്ന നിലയിൽ സുപ്രസിദ്ധനായിരുന്നുവെന്നു ജോസഫ് പറഞ്ഞു.

ഒരു കലഹമുണ്ടായതുകൊണ്ടു് പീലാത്തോസ് ജറുസലത്തേക്ക് 783_ലോ 784-ലോ (ഏതു വർഷമാണെന്നു ജോസഫ് മറന്നു) വിളിക്കപ്പെട്ടു. ഒരു ചെറുപ്പക്കാരൻ (നസ്രസിലെ ഒരു മരപ്പണിക്കാരൻെറ മകൻ) റോമൻ ഗവണ്മെൻറിന് എതിരായി വിപ്ലവമുണ്ടാക്കാൻ ശ്രമിക്കുന്നു എന്നു് പറയപ്പെട്ടു.

സാധാരണമായി സർവ്വജ്ഞർ എന്നു പറയപ്പെട്ട നമ്മുടെ അന്വേഷണോദ്യോഗസ്ഥന്മാർ ആരംഭത്തിൽ അക്കാര്യത്തെപ്പററി ഒന്നും അറിഞ്ഞില്ലെന്നു തോന്നുന്നു. മാത്രമല്ല, പിന്നീട് അവർ അതിനെപ്പററി അന്വേഷിച്ചിട്ട്, ആ മരപ്പണിക്കാരൻ ഉത്തമനും, ഉൽകൃഷ്ടനുമായ പൗരനാണെന്നും, അയാൾക്കെതിരായി നടപടിയെടുക്കേണ്ട കാര്യമില്ലെന്നും റിപ്പോർട്ടു ചെയ്തു. പക്ഷെ യഥാസ്ഥിതിക്കാരായ യഹൂദമതനേതാക്കന്മാർ വളരെ അസ്വസ്ഥരായി കാണപ്പെട്ടുവെന്നു് ജോസഫ് പ്രസ്താവിച്ചു. ഹീബ്രൂജനതയിലെ പാവപ്പെട്ടവരുടെയിടയിൽ അദ്ദേഹത്തിനുണ്ടായ പ്രസിദ്ധി അവർക്കു തീരെ സഹിച്ചില്ലപോലും.

മാന്യമായും നന്നായും ജീവിക്കാൻ ശ്രമിക്കുന്ന ഗ്രീക്കുകാരനോ റോമക്കാരനോ ഫിലിസ്ത്യൻപോലുമോ, മോസസിൻെറ പഴയ നിയമങ്ങൾ പഠിക്കാൻവേണ്ടി ജീവിതം ചിലവഴിക്കുന്ന യഹൂദനെപ്പോലെ നല്ലവനാണു എന്നു് ആ 'നസ്രായൻ' (അങ്ങിനെയാണു് അവർ പീലാത്തോസിനോടു് പറഞ്ഞതു്) പരസ്യമായി പ്രസ്താവിച്ചുവത്രെ. പീലാത്തോ

www.malankaralibrary.com

സിനു് ഈ വാദഗതിയിൽ വലിയ താല്പര്യം ജനിച്ചതായി തോന്നിയില്ല. ദൈവാലയത്തിനു ചുററുമുള്ള ജനാവലി യേശുവിനേയും അനുഗാമികളെയും നിയമവിരുദ്ധമായി വധിച്ച് കൊല്ലാൻ തുടങ്ങിയപ്പോൾ പീലാത്തോസ് ആ മരപ്പണിക്കാരനെ കസ്റ്റടിയിലെടുക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിൻെറ ജീവൻ രക്ഷിക്കാൻവേണ്ടിയാണു് അങ്ങിനെ ചെയ്തതു്.

കലഹത്തിൻെറ യഥാർത്ഥസ്വഭാവം പീലാത്തോസിനു മനസ്സിലായില്ലെന്നു തോന്നുന്നു. യഹൂദപുരോഹിതരോട്ട് തങ്ങളുടെ ആവലാതി ബോധിപ്പിക്കാൻ പറഞ്ഞപ്പോഴെല്ലാം അവർ വിളിച്ചുകൂവി; "പാഷണ്ഡത" "രാജദ്രോഹം" എന്നിങ്ങനെ. അവർ ഭയാനകമാംവിധം കോപിഷ്ടരായി കാണപ്പെട്ടു.

അവസാനം, പീലാത്തോസ് വ്യക്തിപരമായി പരീക്ഷിക്കാൻ ജോഷ്വയെ ആളയച്ചുവരുത്തി. (ജോഷ്വ എന്നായിരുന്നു ആ നസ്രായൻെറ പേരു്. പക്ഷേ, ലോകത്തിൻെറ ഈ ഭാഗത്തുള്ള ഗ്രീക്കുകാർ എപ്പോഴും അദ്ദേഹത്തെ യേശു എന്നാണു് വിളിച്ചിരുന്നതു്). പീലാത്തോസ് അദ്ദേഹവുമായി പല മണിക്കൂറുകൾ സംസാരിച്ചു. ഗലീലിയാക്കടലിൻെറ കരയിൽവച്ച് അദ്ദേഹം പ്രസംഗിച്ചുവെന്നു പറയപ്പെടുന്നു. "അപകടം നിറഞ്ഞ പ്രബോധനങ്ങളെ"പ്പററി അന്വേഷിച്ചു. പക്ഷേ യേശു പറഞ്ഞു, താൻ ഒരിക്കലും രാഷ്ട്രീയത്തെപ്പററി സൂചിപ്പിച്ചിട്ടുപോലുമില്ലെന്നു്. മനുഷ്യൻെറ ശരീരത്തിൻെറ കാര്യത്തിലല്ല, ആത്മാവിൻെറ കാര്യത്തിലാണു് അദ്ദേഹത്തിനു കൂടുതൽ താല്പര്യമുണ്ടായിരുന്നതു്.

എല്ലാവരും അയൽക്കാരെ സഹോദരന്മാരായി കരുതണമെന്നും എല്ലാ ജീവജാലങ്ങളുടേയും പിതാവായ

www.malankaralibrary.com

ഏക ദൈവത്തിൽ വിശ്വസിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സ്റ്റോയിക്കുകളുടേയും മററു ഗ്രീക്കുചിന്തകന്മാരുടേയും തത്വങ്ങൾ നന്നായി ഗ്രഹിച്ചിട്ടുണ്ടായിരുന്നു പീലാത്തോസ്. അതുകൊണ്ടായിരിക്കാം യേശുവിന്റെ വാക്കുകളിൽ അത്യാകർഷകമായ ഒന്നും അദ്ദേഹം കണ്ടില്ലെന്നു് തോന്നുന്നു. കാരുണ്യപൂർണ്ണനായ ആ പ്രവാചകന്റെ ജീവനെ രക്ഷിക്കാൻ മറെറാരു ശ്രമംകൂടി പീലാത്തോസ് നടത്തിയെന്നു ജോസഫ് പറഞ്ഞു. അദ്ദേഹം വധശിക്ഷയുടെ കാലാവധി മാററിക്കൊണ്ടിരുന്നു. അപ്പോഴേയ്ക്കും പുരോഹിതന്മാരുടെ പ്രേരണകൊണ്ടു് കുപിതരായ യഹൂദന്മാർ അത്യധികം ക്രോധോന്മത്തരായിത്തീർന്നു.

ഇതിനുമുമ്പും ജറുസലത്തു് ധാരാളം കലഹങ്ങൾ ഉണ്ടായിട്ടുണ്ടു്. വിളിക്കത്തക്ക അകലത്തിൽ വളരെ കുറച്ചു പട്ടാളക്കാരെ ഉണ്ടായിരുന്നുള്ളു. നസ്രായന്റെ പ്രബോധനങ്ങളുടെ ഇരയായിരിക്കുന്നു പീലാത്തോസ് എന്ന റിപ്പോർട്ടുകൾ ചെസാരയിലുള്ള റോമൻ അധികാരികളുടെയടുക്കലേക്കു പോയ്ക്കൊണ്ടിരുന്നു. പീലാത്തോസ് ചക്രവർത്തിയുടെ ശത്രുവാണെന്നും അയാളെ തിരിച്ചുവിളിക്കണമെന്നുമുള്ള അപേക്ഷകൾ നഗരത്തിലെങ്ങും പ്രചരിച്ചു.

വൈദേശിയ ഭരണീയരുമായി പരസ്യമായ ഭിന്നതകളിൽ ഏർപ്പെടരുതെന്ന കർശനനിയമം നമ്മുടെ വർഗ്ഗക്കാർക്കു് നല്കപ്പെട്ടിരുന്നുവെന്നറിയാമല്ലോ.

അവസാനം, രാജ്യത്തെ ആഭ്യന്തരയുദ്ധത്തിൽനിന്നു രക്ഷിക്കാൻവേണ്ടി പീലാത്തോസ് തന്റെ തടവുകാരനായ യേശുവിനെ ബലികഴിച്ചു. (മരണത്തിനുവിധിച്ചു.) യേശുവാകട്ടെ വളരെ മാന്യമായി പെരുമാറിയിരുന്നു. തന്നെ വെറുത്തവരോടെല്ലാം അദ്ദേഹം ക്ഷമിച്ചു. ജറുസലത്തു്,

www.malankaralibrary.com

ബഹുജനത്തിൻെറ കൂക്കുവിളികളുടെയും പരിഹാസചിരിക ളുടേയും ഇടക്കു് അദ്ദേഹം കുരിശിൽ തറയ്ക്കപ്പെട്ടു.

ഇതാണു്, കവിളിലൂടെ കണ്ണുനീരൊഴുക്കിക്കൊണ്ടു് ജോസഫു് പറഞ്ഞ കഥ. ഞാൻ തിരിച്ചുപോരാൻനേരത്തു് ഒരു സ്വർണ്ണനാണയം ജോസഫിനുകൊടുത്തു. പക്ഷേ അയാ ളതു സ്വീകരിച്ചില്ല. തന്നെക്കാൾ ദരിദ്രനായ ഒരാൾക്കു് അതുകൊടുക്കാൻ അപേക്ഷിച്ചു.

അങ്ങയുടെ സുഹൃത്തായ പോളിനേപ്പററിയും ചില കാര്യങ്ങൾ ചോദിച്ചു. വളരെ കുറച്ചേ അദ്ദേഹത്തെപ്പററി ജോസഫിനു അറിയാമായിരുന്നുള്ളൂ.

കൂടാരം നിർമ്മിക്കലായിരുന്നു ഈ പോളിൻെറ തൊ ഴിൽ. ഇതുവരെ യഹൂദർ പ്രസംഗിച്ചിരുന്ന യഹോവ യിൽനിന്നു് വളരെ വ്യത്യസ്തനും സ്നേഹിക്കുകയും ക്ഷമി ക്കുകയും ചെയ്യുന്നവനുമായ ഒരു ദൈവത്തിൻെറ വാക്കു കൾ പ്രസംഗിക്കാൻ വേണ്ടി പോൾ തൻെറ ജോലി ഉപേക്ഷിച്ചുവത്രേ.

പിന്നീടു് അദ്ദേഹം ഗ്രീസിലും ഏഷ്യാമൈനറിലും ഒത്തിരി സഞ്ചരിച്ചു. അടിമകളോടു അദ്ദേഹം പറഞ്ഞു, അവരെല്ലാം ഒരേ സ്നേഹപിതാവിൻെറ മക്കളാണെന്നു്. സഹിക്കുന്നവർക്കും ദുരിതമനുഭവിക്കുന്നവർക്കും, നന്മചെയ്യു കയും നല്ല ജീവിതം കഴിക്കുകയും ചെയ്യുന്നവർക്കെല്ലാവർക്കും സൗഭാഗ്യം ലഭിക്കുമെന്നു് അദ്ദേഹം പറഞ്ഞു. ധനിക രെന്നോ ദരിദ്രരെന്നോ ഇക്കാര്യത്തിൽ വ്യത്യാസമില്ലെന്നും അദ്ദേഹം പഠിപ്പിച്ചിരുന്നു.

അങ്ങയുടെ ചോദ്യങ്ങൾക്കു് തൃപ്തികരമായ മറുപടി പറഞ്ഞുവെന്നു ഞാൻ കരുതുന്നു. രാഷ്ട്രത്തെ സംബന്ധി ച്ചിടത്തോളം ഈ കഥയൊക്കെ നിരുപദ്രവകരമാണെന്നു എനിക്കു തോന്നുന്നു. പക്ഷേ, റോമാക്കാരായ നമ്മൾ

www.malankaralibrary.com

ഒരിക്കലും ഈ പ്രോവിൻസിലെ ആളുകളെ ശരിക്കു് മനസ്സിലാക്കിയിട്ടില്ല. അങ്ങയുടെ സുഹൃത്തായ പോളിനെ വധിച്ചതിൽ എനിക്കും ഖേദമുണ്ടു്. വീട്ടിലേക്കു് വീണ്ടും വരാൻ ഞാൻ സമയം കാത്തിരിക്കുന്നു.

വിശ്വസ്തതാപൂർവ്വം
ക്ലാഡിയൂസ് ഹെൻസ.
(ഒപ്പു്)

അദ്ധ്യായം ഇരുപത്തിമൂന്നു്

# പലസ്തീനയുടെ രാഷ്ട്രീയസ്ഥിതി

നാലു ഹേറോദുമാരെപ്പററി ബൈബിളിൽ പറയുന്നുണ്ടു്. മഹാനായ ഹേറോദേശാണു് ഈ രാജവംശം സ്ഥാപിച്ചതു്. ക്രിസ്തു ജനിച്ച കാലത്തു് അയാൾ മൃതിയടഞ്ഞു. പിന്നീടു് ഹേറോദേശ് അന്തിപ്പാസും അതിനു ശേഷം ഹേറോദ് അഗ്രിപ്പ ഒന്നാമനും പിന്നീടു് അയാളുടെ മകനായ ഹേറോദ് അഗ്രിപ്പ രണ്ടാമനും ഭരിച്ചു.

ഹേറോദേശ് അന്തിപ്പാസാണു് സ്നാപകയോഹന്നാനെ വധിച്ചതു്. അയാൾ തൻെറ ഭാര്യയെ ഉപേക്ഷി

www.malankaralibrary.com

ച്ചിട്ട് ജ്യേഷ്ഠൻെറ ഭാര്യയായ ഹേറോദിയായെ വരിച്ചു. സ്നാപകയോഹന്നാൻ ഈ വിവാഹത്തിൻെറ ധാർമ്മികതയെ ചോദ്യം ചെയ്തു. അതുകൊണ്ടാണ് അദ്ദേഹത്തെ വധിക്കാൻ ഹേറോദിയ ഹേറോദേസിനെ പ്രേരിപ്പിച്ചതു്.

അരിസ്റ്റൊബൂളസിനു് 5 മക്കളുണ്ടായിരുന്നു_അഗ്രിപ്പ, ഹേറോദിയ മുതലായവർ. ഈ അഗ്രിപ്പ ഹേറോദ് അന്തിപ്പാസിൻെറ പ്രതാപത്തെ നശിപ്പിച്ചു. അഗ്രിപ്പയെ വിധവയായ അമ്മ (ബർനീസ്) റോമിലേക്ക് പഠനത്തിനു വച്ചു. അയാൾ, ചിററമ്മയായ സലോമയുടെ സഹായത്തോടെ ചക്രവർത്തിയെ പരിചയപ്പെട്ടു. മാർക്ക് ആൻറണിയുടെ മകളും നീറോ ചക്രവർത്തിയുടെ അമ്മയുമായ അഗ്രിപ്പിന്നയുടെ സംരക്ഷണ അയാൾക്കു് ലഭിച്ചു.

ടിബേറിയസ് ചക്രവർത്തിയുടെ മൂത്തമകനായ ഡ്രൂസസും ഇളയമകനായ ക്ലാവുദിയൂസും അഗ്രിപ്പയുടെ കൂട്ടുകാരായിരുന്നു.

എ. ഡി. 23_ൽ ഡ്രൂസസ് മരണമടഞ്ഞു. അക്കാലത്തു് അഗ്രിപ്പയുടെ അമ്മയും മൃതിപ്പെട്ടു. അഗ്രിപ്പ ഇദുമേയായിൽ വന്നു താമസം തുടങ്ങി. ഹേറോദ് അന്തിപ്പാസ് ഒരു ജോലി കൊടുത്തുവെങ്കിലും അതുപേക്ഷിച്ചു വീണ്ടും റോമിൽ പോയി. ചക്രവർത്തിയുടെ വിദ്വേഷം സമ്പാദിച്ച അയാൾ കാരാഗ്രഹത്തിലടക്കപ്പെട്ടു. ടിബേറിയസു ചക്രവർത്തി ഏതാനും മാസങ്ങൾക്കുശേഷം മരിച്ചു. അതോടെ അയാൾ സ്വതന്ത്രനമായി.

ടിബേറിയസിൻെറ മകനായ ഗായുസ് അഗ്രിപ്പയുടെ സുഹൃത്തായിരുന്നു. അയാൾ കലിഗുള എന്ന പേരിൽ ചക്രവർത്തിയായി. ഉടനെ തന്നെ ഹേറോദ് ഫിലിപ്പ രണ്ടാ

www.malankaralibrary.com

മൻെറ സ്ഥലവും ലിസാനിയായും ഉൾപ്പെടുന്ന പലസ്തീന യിലെ ഒരു വലിയ ഭൂവിഭാഗത്തിൻെറ രാജാവായി അ ഗ്രിപ്പ വാഴിക്കപ്പെട്ടു.

അഗ്രിപ്പയുടെതിനേക്കാൾ വലിയ രാജ്യം ചോദി ക്കാൻ ഹേറോദ് അന്തിപ്പാസ് റോമിലെത്തി. പക്ഷേ ചക്രവർത്തി അയാളെ നാടുകടത്തി.

ഏ. ഡി. 41 ജനുവരി 24-ാം തിയ്യതി കലിഗുള്ള വധി ക്കപ്പെട്ടു. സെനററ്, ക്ലാവുദിയൂസിനെ ചക്രവർത്തിയായി നിശ്ചയിച്ചു. അഗ്രിപ്പയുടെ പ്രേരണമൂലമാണ് അതു് നട ന്നതു്. പ്രതിഫലമായി അഗ്രിപ്പക്ക് യൂദയായും സമരി യായും കിട്ടി.

റോമിൽനിന്നു് തിരിച്ചുവന്നയുടനെ അഗ്രിപ്പ നസ്രാ യരെ (ക്രിസ്തുവിൻെറ അനുഗാമികളെ) പീഡിപ്പിച്ചുതു ടങ്ങി. ജെയിംസ് അപ്പസ്തോലൻ വധിക്കപ്പെട്ടു. പത്രോ സിനെ ബന്ധനസ്ഥനാക്കി.

അഗ്രിപ്പ സ്വന്തം സഹോദരനായ ഒരു ഹേറോദിനെ സിറിയായിലെ ചാൽദീസ് എന്ന സ്ഥലത്തു വാഴിച്ചി രുന്നു.

അഗ്രിപ്പക്കെതിരെ റോമാക്കാർ ചില കുററാരോപ ണം നടത്തുകയുണ്ടായി. അയാൾ നാണയത്തിൽ സ്വന്തം ചിത്രം അച്ചടിക്കുകയും ഏ. ഡി. 44-ൽ ചെസാരയിൽ റോമൻ കളികൾ കാണാൻ രാജകീയവസ്ത്രമണിഞ്ഞു പോ വുകയും ചെയ്തുവത്രെ. റോമാക്കാരും ഗ്രീക്കുകാരും ദൈവ മെന്നു അദ്ദേഹത്തെ പുകഴ്ത്തി. ഒരിക്കൽ ഒരു മൂങ്ങ അയാ ളുടെ തലക്കു് മുകളിലൂടെ പറന്നു. അന്ധവിശ്വാസിയായ അയാൾ പണ്ടത്തെ ഒരു പ്രവാചനത്തെപ്പററി ഓർത്തു് വിറ ച്ചുവീണു. പനിപിടിച്ചു് ഉടനെതന്നെ മരിക്കുകയും

www.malankaralibrary.com

ചെയ്തു. പിന്നീട് അഗ്രിപ്പയുടെ മകനായ മാക്സ ജൂലിയസ് അഗ്രിപ്പ രാജാവായി (അഗ്രിപ്പരണ്ടാമൻ).

ഏ. ഡി. 44-മുതൽ 70-വരെയാണ് യഹൂദരുടെ ഏററവും രക്തപങ്കിലമായ കാലഘട്ടം. ഏ. ഡി. 44-ൽ അഗ്രിപ്പ മരിച്ചപ്പോൾ ജൂലിയസിനു 17 വയസ്സേയുള്ളു. റോമിലായിരുന്നു ജൂലിയസ് അന്നു്. ജൂലിയസിനെ രാജാവാക്കാനുള്ള ചക്രവർത്തിയുടെ ആഗ്രഹത്തെ സെനററ് എതിർത്തു. അതുകൊണ്ടു് ഒരു റോമാക്കാരനെ (കാസ്സിയൂസ് ഫാദൂസ) പ്രൊക്കുറേറററായി പലസ്തീനയിലേക്കു വിട്ടു. അങ്ങനെ വീണ്ടും പ്രൊക്കുറേററർ ഭരണം തുടങ്ങി. ഇതു് യഹൂദക്കു് തീരെ സഹിച്ചില്ല. സിലട്ടുകൾ എന്ന ഒരു വിഭാഗക്കാർ റോമൻ ഭരണത്തിനെതിരെ വിപ്ലവം തുടങ്ങി. അതുകൊണ്ടു് ചാൽസിസിലെ ഹേറോദിനെ മതപരമായ കാര്യങ്ങളുടെയെല്ലാം നേതാവായി കാസ്സിയൻ നിശ്ചയിച്ചു. ഹേറോദാണ് പ്രധാന പുരോഹിതനെ നിയമിച്ചിരുന്നതു്.

സുപ്രസിദ്ധ യഹൂദ തത്വജ്ഞനായ ഫിലോയുടെ ചാർച്ചക്കാരനായ ടിബേറിയസ് അലക്സാണ്ടറുടെ കീഴിൽ ഏ. ഡി. 45-ൽ ഒരു റോമാവിരുദ്ധവിപ്ലവമുണ്ടായി.

ഏ. ഡി. 48-ൽ കുമ്മനസ് വിപ്ലവനേതാവായതോടെ രാഷ്ട്രീയസ്ഥിതി ഭീതിജനകമായിത്തീന്നു. ആ വർഷം തന്നെ ഹേറോദു മരിച്ചു. അപ്പോൾ അഗ്രിപ്പ രണ്ടാമനു് സിസിയായുടെ മേലുള്ള അധികാരം കാസ്സിയനിൽനിന്നു് കിട്ടി.

യഹൂദരും സമരിയാക്കാരും തമ്മിൽ അക്കാലത്തു് ഒരു സംഘട്ടനമുണ്ടായി. ഏ. ഡി. 52-ൽ അന്റോണിയസ്

www.malankaralibrary.com

ഫേലിക്സ് (നടപടി 23_24) പ്രോക്കറേറ്ററായിരുന്നു. അന്നു് അഗ്രിപ്പ രണ്ടാമനു് ഗലീലാക്കടലിനു കിഴക്കുള്ള യോർദ്ദാൻ പ്രദേശം മുഴുവനും ലഭിച്ചിരുന്നു.

എ. ഡി. 54_ൽ ക്ലാവ്ദിയസ് ചക്രവർത്തി വധിക്കപ്പെട്ടു. അഗ്രിപ്പ രണ്ടാമൻ ഒരേ സമയത്തു് യഹൂദനും റോമക്കാരനുമായി അഭിനയിച്ചു.

അഗ്രിപ്പരണ്ടാമൻ, മൂന്നാമത്തെ പ്രോക്കറേറ്ററായ പ്രോസിയസ് ഫെസ്റ്റസിനെ അഭിനന്ദിക്കാൻ കൈസാരയിൽ പോയിരുന്നു. അന്നാണു് വി. പൗലോസിനെ വധിക്കാൻ ശ്രമം നടന്നതു്. വി. പൗലോസ് സീസറിനു് അപ്പീൽ കൊടുത്തു. അഗ്രിപ്പ വാദപ്രതിവാദങ്ങളിൽ തല്പരനായിരുന്നു.

ഇക്കാലത്തു് ജറുസലത്തെ കൊട്ടാരം വലുതാക്കി പണിതു. ഫിലിപ്പിയായിലും ബറീററസി (ഇന്നത്തെ ബയ്റൂട്ട്) ലും വലിയ കെട്ടിടങ്ങൾ തീർത്തു. യഹൂദന്മാർക്ക് റോമാക്കാരോടുള്ള വിദ്വേഷം ആളികത്തിക്കൊണ്ടിരുന്നു.

എ. ഡി. 62_ൽ ഫെസ്റ്റസ് മരിച്ചു. അന്നാസ് എന്ന പ്രധാന പുരോഹിതൻ യൂദയായിലെ സർവ്വാധികാരിയായി. അയാൾ "നീതിമാനായ ജെയിംസ്" എന്ന ക്രൈസ്തവനേതാവിനേയും ജറുസലത്തെ മററു ക്രിസ്ത്യാനികളേയും കല്ലെറിഞ്ഞുകൊല്ലാൻ സൈഹെദ്രീൻ കോടതിയിൽ വച്ചു വിധി കല്പിച്ചു. അങ്ങിനെ റോമിൻെറ അനുവാദം കൂടാതെതന്നെ ക്രൈസ്തവരെ നിഗ്രഹിച്ചു. അതുകൊണ്ടു് അയാളെ അഗ്രിപ്പ സ്ഥാനഭ്രഷ്ടനാക്കി.

മഹാനായ ഹേറോദേശ് ആരംഭിച്ച ജറുസലം ദൈവാലയത്തിൻെറ നവീകരണം ഇക്കാലത്താണു് പൂർത്തി

www.malankaralibrary.com

യാക്കിയതു്. ഫെസ്റ്റസിനു ശേഷം ആൽബിനസ് പ്രൊക്കുറേറ്റർ ആയി. സീലട്ടുകളിലെ തീവ്രവാദികളായ സിക്കാരികൾ അയാളെ മട്ടിച്ചു കൊന്നു. (വളഞ്ഞ കത്തി ഉപയോഗിച്ചതുകൊണ്ടാണു് സിക്കാരികൾ എന്ന പേരുണ്ടായതു്.)

ഏ. ഡി. 64—ൽ ജെസ്യൂ സ്ഫ്ളോറസ് പ്രൊക്കുറേററായി. നീറോയെപ്പോലെ നീചനായിരുന്നു അയാൾ. അയാളുടെ കാലത്തു് അഗ്രിപ്പയുടെ ഉപദേശപ്രകാരം ജറുസലത്തെ ആളുകൾ കലഹം നിറുത്തിവക്കുകയുണ്ടായി.

അദ്ധ്യായം ഇരുപത്തിനാലു്

# ജറുസലത്തിൻെറ നാശം. യഹൂദറോമൻയുദ്ധം [ഏ. ഡി. 66-73]

ഏ. ഡി. 66—ൽ റോമൻ മേധാവിത്വത്തിനെതിരായി യഹൂദജനം വീണ്ടും സംഘടിച്ചു. അവർ ഒരു വിപ്ലവം ആരംഭിച്ചു. ദേശീയാധികാരികൾക്കു് ആ വിപ്ലവത്തെ അടിച്ചമർത്തുവാൻ സാധിച്ചില്ല. ഹേറോദ് അഗ്രിപ്പാരണ്ടാമ

www.malankaralibrary.com

നോട്ടം. റോമൻപ്രൊക്കുറേററോടും സെൻഹെഡ്രീൻ പട്ടാള സഹായം ആവശ്യപ്പെട്ടു. ഒരു റോമൻ ഭരണപ്രതിനിധിയായ സിറിയായിലെ സെസ്റ്റീയൂസ് ഗാളസ് ഏ. ഡി. 66-ൽ-40000 പട്ടാളക്കാരോടുകൂടി ജറുസലത്തുവന്നു് കലഹക്കാരെ അമർച്ച് ചെയ്യുവാൻ ശ്രമിച്ചു. പക്ഷെ അയാളുടെ 6000 പട്ടാളക്കാരും യുദ്ധസാമഗ്രികളും നഷ്ടപ്പെട്ടു. അയാൾ തിരിച്ചോടി.

ഇതോടെ യഹൂദന്മാർ പ്രത്യാശപൂർണ്ണരായി. ഗാളസിന്റെ പരാജയത്തെപ്പററി അറിഞ്ഞു് നീറോചക്രവർത്തി തന്റെ ഏററവും വലിയ ജനറലായ ടൈററസ് ഫ്ളാവിയൂസ് വെസ്പാസിയനെ (ഏ. ഡി. 9-79) പലസ്തീനയിലേക്കയച്ചു. അദ്ദേഹം 50000 പട്ടാളക്കാരോടുകൂടി വന്നു് ഗലീലിയെ തികച്ചും ശാന്തമാക്കി.

ഒരു ആഭ്യന്തരസമരം ജറുസലേം നഗരത്തെ ദുർബലമാക്കിക്കൊണ്ടിരുന്നു. സമറിയ, പെരേയ, ഇദുമേയ എന്നിവടങ്ങളിലേയും കലഹങ്ങളെ വെസ്പാസിയൻ വിജയപൂർവ്വം നേരിട്ടു.

നീറോചക്രവർത്തി 68-ജൂണിൽ മരിച്ചു. അധികാരത്തിനുവേണ്ടി ഒരു വിപ്ലവം അവിടെ നടന്നു. ഒററവർഷത്തിൽതന്നെ 3 പേർ ചക്രവർത്തിമാരാവുകയും സ്ഥാനഭ്രഷ്ടരാവുകയും ചെയ്തു. അതിനുശേഷം ഏ. ഡി. 62-ൽ വെസ്പാസിയൻ ചക്രവർത്തിയായി. രണ്ടുവർഷത്തേക്ക അയാൾ യഹൂദന്മാരുമായുള്ള യുദ്ധം ഉപേക്ഷിച്ചു. റോമിലെ സുപ്രസിദ്ധമായ കൊളോസിയം ഇയാളാണു് നിർമ്മിച്ചതു്.

ഏ. ഡി. 70-ൽ പുതിയ ഒരു റോമൻ പട്ടാളം ചെസാരയിൽ വന്നു. വെസ്പാസിയൻചക്രവർത്തിയുടെ മകനായ ടൈററസായിരുന്നു അതിന്റെ കമാണ്ടർ.

www.malankaralibrary.com

"ജറുസലം കീഴടങ്ങട്ടെ" എന്ന ടൈററസിൻെറ കല്പന നിരസിക്കപ്പെട്ടതോടെ പുതിയ ഒരു യുദ്ധം തുടങ്ങി. മൂന്നുമാസംകൊണ്ടു് ജറുസലത്തിൻെറ മിക്കഭാഗവും ടൈററസ് കീഴടക്കി. ജോസേഫൂസ് ഫ്ളാവിയസ് പറയുന്നതു് ഒരു ദശലക്ഷം യഹൂദർ വധിക്കപ്പെട്ടുവെന്നാണു്. ജറുസലം ദൈവാലയം ടൈററസ് ഇടിച്ചുനിരത്തി. അതിലെ അപൂർവ്വവസ്തുക്കൾ ശേഖരിക്കപ്പെട്ടു.

യുദ്ധത്തിൽ മരിക്കാതിരുന്നവരിൽ ഒരു ലക്ഷത്തോളം യഹൂദന്മാരെ, റോമാക്കാർ ഈജിപ്തിലെ ഖനികളിലേക്കു് അടിമകളായി കൊണ്ടുപോയി. മററുചിലരെ റോമൻ തിയേററുകളിൽവച്ചു് പരസ്യമായി വധിക്കുവാൻ റോമിലേക്കും കൊണ്ടുപോയി.

യൂദയായിലെ മരുഭൂമിയിൽ മൂന്നുവർഷത്തേക്കു് ഭയങ്കരമായ യുദ്ധം നടന്നു. ഹേറോദ് അഗ്രിപ്പ രണ്ടാമൻ വെസ്പാനിയൻെറ ഭാഗത്തുനിന്നു് യുദ്ധം ചെയ്തു.

വെസ്പാനിയൻ യഹൂദമതത്തെ നിറുത്തലാക്കി. ഒരു വിളംബരം വഴി പ്രധാനാചാര്യത്വം അവസാനിപ്പിച്ചു. സെഹെദ്രീൻ പിരിച്ചുവിട്ടു. ഈജിപ്തിലുണ്ടായിരുന്ന ദൈവാലയവും പൂട്ടി. ഇരുപതു വയസ്സുള്ള എല്ലാ യഹൂദനും ദൈവാലയത്തിൽ പോകുന്നതിനു് ചുങ്കംകൊടുക്കണമെന്നു് കല്പിച്ചു. (മത്താ. 17-24) ഈ ചുങ്കം റോമിലുള്ള ജൂപിററിൻെറ ദൈവാലയത്തിൻെറ നടത്തിപ്പിനായിരുന്നു. ജറുസലത്തു് റോമാക്കാരെകൊണ്ടുചെന്നുപാർപ്പിച്ചു. പലസ്തീനയിൽ മുഴുവനും റോമൻ സംസ്കാരം നടപ്പിലാക്കി.

അങ്ങിനെ ദൈവാലയത്തിൻെറ നാശത്തെപ്പററിയുള്ള ക്രിസ്തുവിൻെറ പ്രവചനം പൂർത്തിയായി. അതോടെ ബൈബിൾ സംബന്ധമായ യഹൂദചരിത്രം അവസാനിക്കുന്നു.

www.malankaralibrary.com

പലസ്തീനയിലുണ്ടായ വിജയം റോമിൽ ആഘോഷിക്കുകയുണ്ടായി. യഹൂദ സുന്ദരികൾ, നിയമം എഴുതിയ തുകൽ ചുരുൾ (പഴയനിയമം,) പൂജാപാത്രങ്ങൾ മുതലായവ പ്രദർശിപ്പിക്കപ്പെട്ടു. ഒരു പരേഡിന്റെ സമയത്തു് ജൂപ്പിററിന്റെ അമ്പലത്തിൽവച്ചു് സീലോട്ടുകളുടെ നേതാവായിരുന്ന സൈമൺ ബാർജിയോറയെ പരസ്യമായി വധിച്ചു.

വിജയത്തിന്റെ സ്മാരകനാണയങ്ങൾ അടിച്ചിറക്കി. ബൈബിളും ദൈവാലയവിരിയും കൊട്ടാരത്തിൽ സൂക്ഷിച്ചു. യഹൂദരുടെ വിനാശത്തെ ഓർമ്മപ്പെടുത്താൻ ഒരു വളച്ചു വാതിൽ ചന്ത (ഫോറം) യിൽ നിർമ്മിച്ചു.

പിന്നീടു് ടൈററസിന്റെ മരണാനന്തരം ഏ. ഡി. 81-ൽ ഡൊമിഷ്യൻ ചക്രവർത്തിയായി. അയാൾ നീറോയെപ്പോലെ ക്രിസ്ത്യാനികളേയും പീഡിപ്പിച്ചു. യോഹന്നാൻ അപ്പസ്തോലൻ പാത്മൂസ്ദ്വീപിലേക്കു് നാടുകടത്തപ്പെട്ടതു് ഇക്കാലത്താണു്.

ഏ. ഡി. 96-ൽ ഡൊമിഷ്യൻ വധിക്കപ്പെടുകയും ദയാലുവായ നെർവ ചക്രവർത്തിയാവുകയും ചെയ്തു.

ഏ. ഡി. 98-ൽ ട്രാജൻ ചക്രവർത്തിയായി. ക്രിസ്ത്യാനികളെ മാത്രമെ അയാൾ പീഡിപ്പിച്ചുള്ളു.

ഏ. ഡി. 116-ൽ യൂദന്മാർ വീണ്ടും വിപ്ലവം തുടങ്ങി. അതിന്റെ ഫലമായി മെസപ്പെട്ടോമിയ, സൈപ്രസ് എന്നിവിടങ്ങളിൽ ആയിരക്കണക്കിനു് ആളുകൾ വധിക്കപ്പെട്ടു.

പീഡകനായിരുന്ന ട്രാജൻ ഏ. ഡി. 117-ൽ മരിച്ചു. ഹാഡ്രിയൻ ചക്രവർത്തിയായി. അയാൾ യൂദന്മാരെയും ക്രിസ്ത്യാനികളേയും ഒപ്പം മർദ്ദിച്ചു. ദേവന്മാർക്കു് ബലി അർപ്പിക്കുവാൻ അവരെ അയാൾ നിർബന്ധിച്ചു.

www.malankaralibrary.com

ജറുസലത്തു് റോമൻ പട്ടാളക്കാർ താമസം തുടന്നു. അവിടെയുണ്ടായിരുന്ന യഹൂദർ അവരെ വെറുത്തു. ഇപ്പോഴാണു് രക്ഷകൻ വരേണ്ടതെന്നു് അവർ കരുതി. (ജെറമിയ 23, 5–6) അക്കാലത്തു (എ. ഡി. 131ൽ) ബാർ ക്കോക്ക്ബാ എന്ന പട്ടാളക്കാരൻ ഒരു കലഹം ആരംഭിച്ചു. പക്ഷേ റോമാക്കാർ അതു് നിഷ്പ്രയാസം അടിച്ചമർത്തി. യൂദയായിൽ ഇന്നു് കാണപ്പെടുന്ന ഗുഹകളെല്ലാം അക്കാലത്തു് യഹൂദർ ഒളിച്ചിരിക്കാൻ ഉണ്ടാക്കിയതാണു്.

അങ്ങനെ അവസാനത്തെ ശ്രമവും പരാജയപ്പെട്ടു. യൂദന്മാരെ വാഗ്ദാനത്തിന്റെ നാട്ടിൽനിന്നും റോമാക്കാർ നിശ്ശേഷം പുറത്താക്കി. യൂദയാ എന്ന പേരു് "സിറിയ, പലസ്തീന എന്നാക്കി മാററി. യഹൂദർ ജറുസലത്തു് പ്രവേശിച്ചാൽ ഉടനെ കൊല്ലുമെന്ന കല്പന പുറപ്പെടുവിച്ചു. ജറുസലത്തെ ഒരു റോമൻ നഗരമാക്കി. കൊളോനിയ ഏലിയ കാപിത്തോളിന എന്ന പേരും നല്കി.

യഹൂദർ ഈജിപ്ററ്; ഇൻഡ്യ; അറേബ്യ, ചൈന, റഷ്യ, മുതലായ രാജ്യങ്ങളിൽ വാസമുറപ്പിച്ചു. പിന്നീടു് 1947-ൽ യഹൂദർക്കുവേണ്ടി ഇസ്രായേൽ എന്നൊരു രാജ്യം രൂപപ്പെടുത്തുകയും യഹൂദർ മാതൃദേശത്തു് വന്നു് താമസിക്കുകയും ചെയ്തു. ബൈബിളിൽ കാണുന്ന പലസ്തീന ഇന്നു് രണ്ടു വ്യത്യസ്ഥ രാഷ്ട്രങ്ങളാണു്. മെഡിററേനിയൻ കടലിനരികെയുള്ള പടിഞ്ഞാറൻ പ്രദേശം ഇസ്രായേൽ എന്ന രാജ്യം. ജോർദ്ദാൻ നദിക്കു കിഴക്കുള്ള പ്രദേശങ്ങൾ ചേർന്നു ജോർദ്ദാൻ എന്ന രാഷ്ട്രം. ജോർദ്ദാൻ അറബികളുടെ രാഷ്ട്രമാണു്.

നൂററാണ്ടുകളായി അടിമത്തവും പീഡനങ്ങളും അനുഭവിച്ച യഹൂദജനത ഇന്നു് വിസ്മയാവഹമായവിധത്തിൽ പുരോഗതിപ്രാപിച്ചുവരുന്നു.

—o—

www.malankaralibrary.com

# യഹൂദമതം

യഹൂദരുടെ മതത്തെ നശിപ്പിക്കുവാൻ റോമിനു് കഴിഞ്ഞില്ല. വളരെ കുറച്ചു യഹൂദന്മാർ പലസ്തീനായിൽ ഉണ്ടായിരുന്നു. ഏ. ഡി. 200-ൽ വളരെ പ്രയാസങ്ങൾ സഹിച്ചു് അവർ ഒരു മതപഠനശാല (റാബിനിക്കു് സ്കൂൾ) തുടങ്ങി. വേദഗ്രന്ഥത്തിനുള്ള നിയമത്തിനു് അനുബന്ധമായി ഒരു പുസ്തകമെഴുതി. മിഷ്നാ എന്നാണതിന്റെ പേരു്. പലസ്തീനിയൻ തൽമൂദ് എന്നു് അതറിയപ്പെടുന്നു. ലോകത്തിന്റെ നാനാഭാഗത്തുമുള്ള യഹൂദർക്കു് അതിന്റെ കോപ്പികൾ കൊടുത്തു.

കോൺസ്റ്റന്റയിൻ ചക്രവർത്തി പ്രസ്തുത പാഠശാല പൂട്ടിച്ചു. അപ്പോൾ യഹൂദമതത്തിന്റെ കേന്ദ്രസ്ഥാനം ബാബിലോൺ ആയി. അവിടെവച്ചു് ഏ. ഡി. 500-ൽ എഴുതിയതാണു് ബാബിലോണിയൻ തൽമൂദ്.

www.malankaralibrary.com

# ക്രിസ്തുമതത്തിൻെറ ആചാരം

ക്രിസ്തുമതത്തിൻെറ ആരംഭകാലത്തെപ്പററിയാണ് ശ്ലീഹന്മാരുടെ നടപടി എന്ന ഗ്രന്ഥത്തിൽ പറയുന്നതു്.

സഭ എന്നപദം ക്രിസ്തുവാണ് ആദ്യമായി പ്രയോഗിച്ചതു്. (മത്താ 16_18) ക്രിസ്തുവിൻെറ കാലത്തുതന്നെ ഏകദൈവത്തിൽ വിശ്വസിച്ചും ക്രിസ്തുവിനെ ഗുരുവായി അംഗീകരിച്ചും ഒരു സഭയുണ്ടാക്കപ്പെട്ടു. പുതിയ ഒരു മതം അങ്ങിനെ ആവിർഭവിച്ചു. ഏ. ഡി. 30_ൽ പന്തക്കുസ്താ തിരുന്നാൾ കഴിഞ്ഞതോടെ ക്രിസ്തുവിൻെറ ശിഷ്യന്മാർ പരസ്യമായി മതപ്രചരണം തുടങ്ങി. യഹൂദരിലും റോമാക്കാരിലും പുതിയ മതം പ്രചരിച്ചു.

ടൈററസ് ചക്രവർത്തി തൻെറ വംശത്തിനു് ദേവത്വമുണ്ടെന്നു് അവകാശപ്പെട്ടു. ഡൊമിഷ്യൻ ചക്രവർത്തി ആരാധന ആവശ്യപ്പെടുകയുണ്ടായി. നമ്മുടെ കർത്താവും ദൈവവും എന്നു് ചക്രവർത്തിയെ വിളിക്കേണ്ടിവന്നു. ദേവചക്രവർത്തിമാർക്കു് അമ്പലങ്ങളും പുരോഹിതന്മാരുമുണ്ടായി. ഇതെല്ലാം ക്രിസ്ത്യാനികളേയും യഹൂദരെയും അങ്ങേയററം കുപിതരാക്കി. അതോടെ ഭയാനകമായ മതപീഡനങ്ങളാണ് ഉണ്ടായതു്.

പീഡിപ്പിക്കപ്പെട്ടുവെങ്കിലും സഭ വളർന്നുവന്നു. അന്തിയോക്യാ, സ്മിർണ, എഫേസൂസ്, അലക്സാൻഡ്രിയ, കാർത്തേജ് മുതലായ സ്ഥലങ്ങളിൽ ക്രിസ്തുമതം നിലനിന്നു.

ഏ. ഡി. 160_ൽ ആദ്യത്തെ മതസമ്മേളനം നടന്നു.

www.malankaralibrary.com

രണ്ടും മൂന്നും നൂററാണ്ടുകളിൽ പേർഷ്യയിലുണ്ടായ മിത്രയിസം ക്രിസ്തുമതത്തിനു് ഒരു നവീനഭീഷണിയായിരുന്നു.

ഏ. ഡി. 306ൽ കോൺസ്റ്റൻറയിൻ ചക്രവർത്തിയായി സാമ്രാജ്യത്തെ ഒന്നിപ്പിച്ചു് ഒററശക്തിയാക്കുവാൻ ഏററവും പററിയ മാധ്യമം മതമാണെന്നു് അദ്ദേഹത്തിനു് തോന്നി. അദ്ദേഹം കുരിശു് ഒരു ചിഹ്നമായി സ്വീകരിക്കുകയും ക്രൈസ്തവരോടു് സഹിഷ്ണുതയോടെ പെരുമാറുകയും ചെയ്തു. ഏ. ഡി. 323 ൽ ഒരു വിളംബരം (The edit of Milan) വഴി ക്രിസ്തുമതത്തെ രാഷ്ട്രത്തിൻെറ മതമാക്കി. ക്രൈസ്തവർക്കു് പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചു. അങ്ങിനെ 30 വർഷത്തെ മൃഗീയമായ മതമർദ്ദനം അവസാനിച്ചു. ക്രിസ്തുമതം സാർവ്വത്രികമതമായി വളർന്നുവന്നു.

www.malankaralibrary.com

# പഴയനിയമത്തിന്റെ ചരിത്രപരമായ പ്രാമാണ്യം

മനുഷ്യവംശത്തിന്റെ ഡയറിക്കുറിപ്പാണ് ചരിത്രം. കഴിഞ്ഞ കാലങ്ങളിലെ കാര്യങ്ങളെ നിലനിറുത്തുന്നതും ഭൂതവർത്തമാനഭാവികാലങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുന്നതും ചരിത്രംതന്നെ. അതിൽ ആർക്കും വിശ്വസിക്കാം.

ബൈബിൾ യഹൂദജനതയുടേയും ആദിമക്രൈസ്തവ സഭയുടേയും ചരിത്രമാണല്ലോ. അത് വിശ്വസിക്കത്തക്ക ചരിത്രരേഖയാണോ എന്നു അന്വേഷിക്കേണ്ടതുണ്ട്. യുക്തിയും (Reason) തർക്കശാസ്ത്രവും (Logic) അനുസരിച്ച് ഒരു ചരിത്രരേഖ വിശ്വസിക്കത്തക്കതാകുവാൻ (പ്രാമാണികമാകുവാൻ) മൂന്നു ഗുണങ്ങൾ മതി. അവ മൂന്നും ബൈബിളിലുണ്ട് എന്നു പണ്ഡിതന്മാർ സമ്മതിച്ചിരിക്കുന്നു. പ്രസ്തുത ഗുണങ്ങൾ താഴെപറയുന്നവയാണ്.

## 1 അകൃത്രിമത (Genuiness, Authenticity)

ഒരു ഗ്രന്ഥം ആര് എഴുതി എന്നും എന്ന് എഴുതിയെന്നും കരുതപ്പെടുന്നുവോ ആ ആളുടേയും ആ കാലത്തേതും ആയിരിക്കണം അത്തരം ഗ്രന്ഥം അകൃത്രിമമാണെന്നുപറയാം.

## 2 അവികലത അഥവാ പൂർണ്ണത

ഗ്രന്ഥകാരൻ എഴുതിയതുപോലെതന്നെ സാരമായ വ്യത്യാസങ്ങളൊന്നുമില്ലാതെ ഗ്രന്ഥം നിലനില്ക്കണം.

www.malankaralibrary.com

പ്പോഴാണു് ഗ്രന്ഥം അവികലമാണു് (Integer) എന്നു് നാം പറയുക.

## 3 വാസ്തവികത (Veracity)

എഴുത്തുകാരനു് താൻ എഴുതുന്ന വിഷയത്തെപ്പററി ശരിയായ അറിവുവേണം. അയാൾക്കു് സത്യസന്ധതയും ആത്മാർത്ഥതയും ഉണ്ടായിരിക്കണം. ഇതാണു് വാസ്തവികത എന്നതിന്റെ സാരം.

പഴയനിയമത്തിനും പുതിയനിയമത്തിനും ഈ ഗുണങ്ങളെല്ലാമുണ്ടു്. ഈ അദ്ധ്യായത്തിൽ പഴയനിയമത്തിന്റെ പ്രാമാണ്യത്തെപ്പററി പരിചിന്തിക്കാം. മുൻപറഞ്ഞ ഗുണങ്ങളെല്ലാം പഴയനിയമത്തിനുണ്ടെന്നു താഴെപ്പറയുന്ന കാര്യങ്ങളിൽനിന്നു് വ്യക്തമാകും.

## 1 അകൃത്രിമത

തങ്ങളുടെ മതഗ്രന്ഥമായ പഴയനിയമം അകൃത്രിമമാണെന്നു് യഹൂദരും, സമരിയാക്കാരും പരമ്പരാഗതമായി വിശ്വസിച്ചുവരുന്നു. ക്രിസ്തുവും ശിഷ്യന്മാരും അതിനെ അംഗീകരിക്കുകയും അതിൽനിന്നു് വാക്യങ്ങൾ ഉദ്ധരിക്കുകയും ചെയ്തു. ഗ്രന്ഥത്തിന്റെ വിഷയം, സ്വഭാവം, രീതി എന്നിവയിൽനിന്നു് ഇക്കാര്യം തെളിയുന്നുണ്ടു്. പരസ്പരപരാമർശനത്തിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നു. പിന്നീടു് എഴുതപ്പെട്ട ഗ്രന്ഥങ്ങളിൽനിന്നുള്ള ശരിയായ ഉദ്ധരണികൾ കാണാം. ജോസേഫൂസ് ഫ്ലാവിയസ് എന്ന ചരിത്രകാരൻ ഈ സത്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

## 2 അവികലത

പഴയനിയമം വികലതയോടെ സംരക്ഷിക്കപ്പെട്ടുവെന്നു് വിശ്വസിക്കുവാൻതക്ക 7 കാരണങ്ങൾ താഴെ

www.malankaralibrary.com

കാണുന്നു. 1. ഈ ഗ്രന്ഥത്തോട് യഹൂദർ അതിരററ ബഹുമാനം കാണിച്ചിരുന്നു. 2. അവർ വളരെ നിഷ്കൃഷ്ടതയോടെയാണ് അതു് സൂക്ഷിച്ചിരുന്നതു്. 3. യഹൂദസംഘങ്ങളിൽ അതു് ക്രമമായി വായിക്കപ്പെട്ടിരുന്നു. 4. അതിനു പ്രചുരപ്രചാരം സിദ്ധിച്ചിരുന്നു. 5. അതിൽ വ്യത്യാസങ്ങൾ വരുത്തുക സാധ്യമായിരുന്നില്ല. കാരണം, യഹൂദരും, സമറിയാക്കാരും, ക്രൈസ്തവരും, വ്യത്യാസങ്ങൾ വരുത്തിയാൽ, എതിർക്കുമെന്നു തീർച്ചയാണ്. 6. എല്ലാ പകപ്പുകളും മൂശയുടെ കല്പനപ്രകാരം വാഗ്ദാനത്തിന്റെ പെട്ടകത്തിൽ സൂക്ഷിച്ചുവന്ന മൂലഗ്രന്ഥത്തോട് പൊരുത്തപ്പെട്ടതായിരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. 7. ക്രിസ്തുവും ശിഷ്യന്മാരും, മതസത്യങ്ങളെ സ്ഥാപിക്കുവാൻ പഴയനിയമത്തെ ഉപയോഗിച്ചു.

## 3 വാസ്തവികത

പഴയനിയമം വാസ്തവികത നിറഞ്ഞ ഒന്നാണ്. അതെഴുതിയവർക്ക് എഴുതുന്നവയേപ്പററി അറിവുണ്ടായിരുന്നു. കണ്ടതോ, വിശ്വസ്തരായവരിൽനിന്നു് കേട്ടതോ ആയ കാര്യങ്ങളാണ് അവർ എഴുതിയതു്. അവർ തങ്ങളുടെ ഉയർച്ചയേപററി മാത്രമല്ല തളർച്ചയേപ്പററിയും എഴുതിയിട്ടുണ്ട്. ആത്മാർത്ഥതയുടെ ലക്ഷണമാണല്ലോ അതു്.

www.malankaralibrary.com

അദ്ധ്യായം ഇരുപത്തിഎട്ട്

# പുതിയനിയമത്തിന്റെ ചരിത്രപരമായ പ്രാമാണ്യം

പുതിയനിയമം വിശ്വസിക്കത്തക്ക ചരിത്രരേഖകളാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ അകൃത്രിമത, അവികലത, വാസ്തവികത എന്നീ മൂന്നു ഗുണങ്ങൾ പുതിയനിയമത്തിനുമുണ്ട്.

1 അകൃത്രിമത (Authenticity)

സുവിശേഷങ്ങൾ അകൃത്രിമമല്ലെന്നതിന് ബാഹ്യവും ആന്തരികവുമായ തെളിവുകളുണ്ട്. A. ബാഹ്യമായ തെളിവുകൾ: മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവർ എ. ഡി. 42 നും 100 നും മദ്ധ്യേ എഴുതിയവയാണ് സുവിശേഷങ്ങളെന്ന് മററു ചരിത്രരേഖകളിൽനിന്ന് തെളിയുന്നു. അത്തരം രേഖകളാണ് ബാഹ്യമായ തെളിവുകൾ. അവ താഴെക്കൊടുക്കുന്നു.

1 ആദിമ നൂററാണ്ടുകളിലെ ക്രൈസ്തവ ഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങൾ.

ആദിമ നൂററാണ്ടിൽതന്നെ വിവിധ സ്ഥലങ്ങളിലും കാലങ്ങളിലുമുണ്ടായിരുന്ന പണ്ഡിതന്മാർ സുവിശേഷങ്ങളെപ്പററി സാക്ഷ്യപ്പെടുത്തുകയും ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെയെല്ലാം ഉദ്ധരണികൾ ഒന്നുപോലെയിരിക്കുന്നു.

പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം (ഡിഡാക്കെ എ. ഡി. 90–100) ബർണബാസിന്റെ ലേഖനം

www.malankaralibrary.com

(ഏ. ഡി. **130_131**) എന്നീ രേഖകളിലും അപ്പസ്തോലിക പിതാക്കന്മാരുടെ എഴുത്തുകളിലും സുവിശേഷത്തിലെ വാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. പൗലോസ് അപ്പസ്തോലന്റെ ശിഷ്യനും റോമിലെ മെത്രാനുമായ ക്ലെമന്റ് ഏ. ഡി. 96_ൽ കൊറിന്ത്യർക്ക് അയച്ച കത്തിലും, അന്ത്യോക്യായിലെ ബിഷപ്പായിരുന്ന ഇഗ്നേഷ്യസിന്റെ (ഏ. ഡി. 50-117) ഏഴു ലേഖനങ്ങളിലും സുവിശേഷവാക്യങ്ങളുണ്ട്. ഏഷ്യാമൈനറിലെ സ്മിർണാ എന്ന സ്ഥലത്തെ മെത്രാനായ വി. പോളിക്കാപ്പ് ഫിലിപ്പിയാക്കാർക്ക് ഏ. ഡി. 120 ൽ അയച്ച കത്തിലും സുവിശേഷത്തിലെ വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. പോളിക്കാർപ്പ് ഇഗ്നേഷ്യസിന്റെ ശിഷ്യനും അപ്പസ്തോലന്മാരിൽനിന്ന് ഉപദേശം കിട്ടിയിട്ടുള്ള ആളുമാണ്. ഇരനേവൂസ്, തന്റെ ഗുരുവായ പോളിക്കാപ്പിനെ വിശ്വസിക്കാമെന്നതിനു തെളിവുകൾ തന്നിട്ടുണ്ട്. അദ്ദേഹം ഇങ്ങിനെ പറയുന്നു:- വന്ദ്യനായ പോളിക്കാർപ്പ് പ്രസംഗിച്ച സ്ഥലം എന്നും ഞാൻ കാണിച്ചുതരാം. ദിവ്യഗുരുവിനെ അടുത്തുകണ്ട യോഹന്നാനോടും മററു ശിഷ്യന്മാരോടും തനിക്കുണ്ടായിരുന്ന അടുപ്പത്തെപ്പററി വിവരിച്ചുകൊണ്ട് ജനങ്ങളോട് അദ്ദേഹം ചെയ്ത പ്രസംഗങ്ങൾ ഞാനിപ്പോഴും ഓർമ്മിക്കുന്നു. കർത്താവിനെപ്പററി ശിഷ്യരിൽനിന്ന് താൻ കേട്ടറിഞ്ഞവ (അവിടത്തെ അത്ഭുതങ്ങളും പഠനങ്ങളും നിത്യായുസിന്റെ വചനമായ അഭിഷിക്തനെ നേരിട്ട് കണ്ടവരിൽനിന്ന് മനസ്സിലാക്കിയ ഒരാളെപ്പോലെ പോളിക്കാപ്പ് വിവരിച്ചു. അവയെല്ലാം വിശുദ്ധഗ്രന്ഥത്തോട് അക്ഷരംപ്രതി യോജിച്ചിരുന്നു. 40

ഫ്രിജിയായിലെ (ഏഷ്യാ മൈനർ) ഹീരാപോലീസിലെ ബിഷപ്പായ പപ്പിയാസ് "കർത്താവിന്റെ വാക്കുകളുടെ വിശദീകരണം" എന്ന ഗ്രന്ഥത്തിൽ മത്തായിയുടേയും മർക്കോസിന്റേയും സുവിശേഷങ്ങളെപ്പററി വിവരി

www.malankaralibrary.com

ങ്ങനുണ്ട്. ഇദ്ദേഹം പോളിക്കാർപ്പിന്റെ സ്നേഹിതനും വി. യോഹന്നാന്റെ ശിഷ്യനുമായിരുന്നു.

സെന്റ് ജസ്റ്റിൻ (ഏ. ഡി. 100_165) എഴുതിയ മൂന്നു ഗ്രന്ഥങ്ങളിൽ ഒന്നു് റോമൻ ചക്രവർത്തിക്കു സമർപ്പിച്ചു. സുവിശേഷം അതിന്റെ ഗ്രന്ഥകാരന്മാർ തന്നെ എഴുതിയതാണെന്നും അതു് ഞായറാഴ്ചതോറും ക്രൈസ്തവ യോഗങ്ങളിൽ വായിക്കുന്നുണ്ടു്. എന്നും ആ ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുണ്ടു്.

ഏഥൻസിലെ ഒരു ക്രൈസ്തവതാത്വികനായ അരിസ്റ്റീഡെസ് റോമൻ ചക്രവർത്തിയായ അന്തോനിയൂസ് പീയൂസിനു് ഏ. ഡി. 140 ൽ എഴുതിയ നിവേദനപത്രത്തിൽ സുവിശേഷത്തിലെ പ്രബോധനങ്ങളെപ്പറ്റി പറയുന്നുണ്ടു്.

സെന്റ് പോളിക്കാർപ്പിന്റെ ശിഷ്യനായ ഇരനേവൂസ് (135_202) ഫ്രാൻസിലെ ലയൺസിലെ മെത്രാനായിരുന്നു. അദ്ദേഹത്തിന്റെ സാക്ഷ്യം സുപ്രസിദ്ധമാണു്. ഏ. ഡി. 180_ൽ അദ്ദേഹം എഴുതി. "പത്രോസും പൗലോസും റോമിലെ സഭയെ പ്രസംഗിക്കുകയും സ്ഥാപിക്കുകയും ചെയ്ത സമയത്തു്, മത്തായി യഹൂദർക്കു വേണ്ടി അവരുടെ ഭാഷയിൽത്തന്നെ ഒരു സുവിശേഷം എഴുതി. പത്രോസും പൗലോസും അവിടെനിന്നുപോയിക്കഴിഞ്ഞപ്പോൾ, പത്രോസിന്റെ ശിഷ്യനും വ്യാഖ്യാതാവുമായ മർക്കോസ്, പത്രോസിൽനിന്നു കിട്ടിയ വിവരങ്ങൾ നമുക്കുവേണ്ടി രേഖപ്പെടുത്തി. പൗലോസിന്റെ അനുഗാമിയായ ലൂക്കാ, പൗലോസ് സാധാരണമായി പ്രസംഗിച്ചിരുന്ന സുവിശേഷമെഴുതി. ഒടുവിൽ 'നാഥന്റെ മാറിൽ തലചായിച്ച' പ്രേഷ്ഠശിഷ്യനായ യോഹന്നാൻ ഏഷ്യാമൈനറിലെ എഫേസൂസിലായിരിക്കുമ്പോൾ തന്റെ സുവിശേഷവും നിർമ്മിച്ചു." ഇരനേവൂസ്

www.malankaralibrary.com

സുവിശേഷത്തിന്റെ മുക്കാൽ ഭാഗവും ഉദ്ധരിച്ചിട്ടുണ്ട്.

സുവിശേഷങ്ങൾ നാം ഉദ്ദേശിക്കുന്ന കാലത്തു് എഴുതപ്പെട്ടവയാണെന്നും കാലാന്തരത്തിൽ കെട്ടിച്ചമച്ചവയല്ലെന്നും, ആരു് എഴുതിയെന്നു് നാം കരുതുന്നുവോ അവർ തന്നെ എഴുതിയതാണെന്നും ഈ സാക്ഷ്യങ്ങളിൽനിന്നു് ധാരാളം തെളിയുന്നുണ്ടല്ലോ.

പ്രമാണികങ്ങളല്ലാത്ത പല സുവിശേഷങ്ങളും (അപ്പോക്രിഫാ) രണ്ടാം ശതകത്തിൽ പ്രത്യക്ഷപ്പെട്ടു. അതുകൊണ്ടു് എ. ഡി. 170-ൽ യഥാർത്ഥമായ പുതിയനിയമഗ്രന്ഥങ്ങളുടെ ഒരു ലിസ്റ്ററുണ്ടാക്കി. ("റോമാസഭയുടെ കാനൻ") മിലാനിലെ അംബ്രോസിയാനാ ഗ്രന്ഥശാലയിൽനിന്നു് 1742-ൽ മുരത്തോരി എന്ന പണ്ഡിതൻ അതിന്റെ ഒരപൂർണ്ണ പ്രതി കണ്ടെടുത്തു് പ്രസിദ്ധീകരിച്ചു. (Muratorian fragment) നാലു സുവിശേഷങ്ങൾ മാത്രമേ ഉള്ളു പുതിയനിയമത്തിൽ എന്നും, അവ മാത്രമേ ഉപയോഗിക്കാവൂ എന്നും, അതിലെഴുതിയിരിക്കുന്നു.

സുപ്രസിദ്ധ ക്രൈസ്തവ തത്വചിന്തകനായ ഒറിജെൻ (Origen എ. ഡി. 185-254) ഹീബ്രുവിലും ഗ്രീക്കിലുമുള്ള 6 സമാന്തര ബൈബിളുകൾ പ്രസാധനം ചെയ്തിട്ടുണ്ടു്. (The Hexapla) ഈജിപ്തിൽ ജനിച്ച ഈ പണ്ഡിതൻ അലക്സാന്ഡ്രിയായിലും ചെസാരെയായിലും പഠിപ്പിച്ചിരുന്നു. സുവിശേഷങ്ങളുടെ അകൃത്രിമതയെപ്പറ്റിയുള്ള ഈ വേദഗ്രന്ഥപണ്ഡിതന്റെ സാക്ഷ്യം ഭുവന പ്രസിദ്ധമാണു്.

കൂടാതെ ഹെർമാസ് എഴുതിയ "ഹെർമാസിലെ ആട്ടിടയൻ" (കാലം 140-155) ടാസിയന്റെ "ദിയാതെസ്സാരോൺ" (എ. ഡി. 175) എന്നിവയും വിശ്വാസ്യങ്ങളായ സാക്ഷ്യങ്ങളാണു്.

www.malankaralibrary.com

## 2 മതത്യാഗികളുടെ സാക്ഷ്യം

ക്രൈസ്തവ പണ്ഡിതന്മാർ മാത്രമല്ല, ക്രൈസ്തവ സഭയിൽനിന്നു പിരിഞ്ഞുപോയവരും സുവിശേഷങ്ങളുടെ കർത്തൃത്വത്തെ സമ്മതിച്ചിട്ടുണ്ട്. ജ്ഞേയവാദികളായ മാർസിയോൺ (Marcion) ഏ. ഡി. 117–138), ബസീലിഡസ് (ഏ. ഡി. 130), വലൻറീനസ് (ഏ. ഡി. 160) മുതലായവർ സുവിശേഷത്തിലെ തത്വങ്ങളെ തങ്ങൾക്കു ചേർന്നവിധം വ്യാഖ്യാനിച്ച് ഉപയോഗിച്ചിരുന്നു.

## 3 അക്രൈസ്തവരുടെ സാക്ഷ്യം

അക്രൈസ്തവർ, യഹൂദർ മുതലായവർ സുവിശേഷങ്ങളെപ്പററി സാക്ഷ്യം നല്കിയിട്ടുണ്ട്. അവരെല്ലാം സുവിശേഷത്തിലെ തത്വങ്ങൾ തെററാണെന്നു തെളിയിക്കാൻ ശ്രമിച്ചവരാണ്. എങ്കിലും സുവിശേഷത്തിൻെറ കർത്തൃത്വത്തെ അവർ നിഷേധിച്ചില്ല. കർത്തൃത്വത്തെപ്പററി സംശയമുണ്ടായിരുന്നുവെങ്കിൽ അതും ഒരാക്ഷേപമായി അവർ എടുത്തു കാട്ടുമായിരുന്നല്ലോ.

ചെൽസൂസ് ഏ. ഡി. 178 ൽ സത്യവചനം എന്ന ഗ്രന്ഥമെഴുതി. സുവിശേഷത്തിലെ ചില ഭാഗങ്ങൾ അതിൽ ചേർത്തിട്ടുണ്ട്. ആ ഗ്രന്ഥം ക്രൈസ്തവർക്ക് എതിരായി എഴുതിയിട്ടുള്ളതാണ്. (ഒരിജൻ അതിലെ പ്രസ്താവനകളെ ഖണ്ഡിച്ചിട്ടുണ്ട്.) ലൂസിയൻ (Lucian of Samosata), ഫ്ളാവിയസ്–(Flavius Philostratus), പൊർഫീരിയസ് (Porphyrius), മതത്യാഗിയായ ജൂലിയൻ എന്നിവരും ബൈബിളിൻെറ കർത്തൃത്വത്തെ സംശയിച്ചിട്ടില്ല.

www.malankaralibrary.com

b ആന്തരികമായ തെളിവുകൾ

ഗ്രന്ഥങ്ങളുടെ ഉള്ളടക്കങ്ങളിൽ തന്നെയുള്ള തെളിവുകളാണ് ആന്തരികമായവ. അവ താഴെക്കൊടുക്കുന്നു.

വളരെ സജീവവും യഥാർത്ഥവുമായ വിവരങ്ങളാണ് ബൈബിളിലുള്ളത്. ആദ്യകാലങ്ങളിലെ പലസ്തീനയുടെ വ്യക്തമായ രൂപം അതിലുണ്ട്. അതുകൊണ്ട് ക്രിസ്തുവിന്റെ സമകാലീനരായിരിക്കണം അതെഴുതിയത്. പിൽക്കാലത്തുള്ളവർ അങ്ങനെ എഴുതുക സാധ്യമല്ല. (c) പലസ്തീനയുടെ രാഷ്ട്രീയ സ്ഥിതിയെപ്പററിയുള്ള വി. ലൂക്കായുടെ വിവരണം (ലൂക്കാ. 3:1–2) മററുചരിത്ര ഗ്രന്ഥങ്ങളിലേതുമായി ഒത്തുപോകുന്നു.

e ഫരീസേയർ, സദ്ദുക്കേർ, എഴുത്തുകാർ എന്ന മൂന്നു വിഭാഗക്കാരെപ്പററി ബൈബിളിലുണ്ട്. ഇവരെപ്പററി ബൈബിൾ നല്കുന്ന അതേ വിവരണമാണ് യഹൂദ ചരിത്രകാരനായ ഫ്ളാവിയസ് ജോസഫ് "യഹൂദ പൗരാണികതം" എന്ന ഗ്രന്ഥത്തിൽ തരുന്നത്.

സുവിശേഷങ്ങളെ വിമർശിച്ചിട്ടുള്ള റെനാൻ എന്ന പണ്ഡിതൻ സമ്മതിച്ചിട്ടുണ്ട്, സുവിശേഷങ്ങൾ അകൃത്രിമമാണെന്ന്.

II അവികലത

സുവിശേഷങ്ങൾ അവികലമായി നിലനിന്നുവെന്നതിന് ചില തെളിവുകൾ താഴെക്കൊടുക്കുന്നു.

a നിരൂപകന്മാരും ഗവേഷകരും സുവിശേഷങ്ങളുടെ കയ്യെഴുത്തു പകർപ്പുകൾ പരിശോധിച്ചു നോക്കിയിട്ട് അവയിലെങ്ങും സാരമായ വ്യത്യാസം കണ്ടെത്തിയില്ല.

b കൃത്രിമ (വ്യാജകൃതികൾ) പുസ്തകങ്ങളെ വളരെ ശ്രദ്ധാപൂർവ്വം തിരസ്കരിച്ചിരുന്നു.

www.malankaralibrary.com

c വ്യാജഗ്രന്ഥങ്ങളുണ്ടെന്നു സംശയിക്കാതിരിക്കാൻ സുവിശേഷകന്മാർ ശ്രദ്ധിച്ചിട്ടുണ്ട്. ലേഖന വിഷയത്തെ കാണിച്ചെഴുതുക. (ഗലേ 6. 2, 2 തെസ 3. 17), സ്വന്തം ഒപ്പുവയ്ക്കുക. (1 കൊരി. 26-21, കൊളോ. 4. 18) മുതലായവ അതിന്റെ ഫലമാണ്. ലേഖനങ്ങളും മററും കൊടുത്തയച്ചിരുന്നതു് വിശ്വസ്തരായവരുടെ കയ്യിലായിരുന്നു.

d ആദിമ കാലങ്ങളിൽ മാത്രമല്ല, പിൻതലമുറകളിലും വി. ഗ്രന്ഥത്തെ സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മെത്രാന്മാരും വൈദികരുമാണ് അതിന്റെ ചുമതല ഏററിരുന്നതു്. എല്ലാ ഞായറാഴ്ചയും ജനങ്ങൾക്കായി സുവിശേഷം വായിച്ചിരുന്നു.

e സുവിശേഷത്തിൽ വ്യത്യാസം വരുത്താൻ ശ്രമിക്കുന്നവരെ കഠിനമായി ശിക്ഷിച്ചിരുന്നു. ഏഷ്യാമൈനറിലെ ഒരു മെത്രാൻ അങ്ങിനെ സ്ഥാന ഭ്രഷ്ടനാക്കപ്പെട്ടിട്ടുണ്ട്.

മാത്രമല്ല, റോം, ഗ്രീസ്, ആഫ്രിക്ക, ഏഷ്യാമൈനർ എന്നിവിടങ്ങളിലെല്ലാം വ്യാപിച്ചുകിടന്ന ഒരു മതവിഭാഗത്തിന്റെ മതഗ്രന്ഥത്തിൽ വ്യത്യാസം വരുത്തുക സാധ്യമായിരുന്നില്ല. നാലാം നൂററാണ്ടിൽ തന്നെ 500 കയ്യെഴുത്തു പ്രതികൾ ഉണ്ടായിരുന്നതായി അറിയാം. കുറച്ചു കഴിഞ്ഞപ്പോൾ അതു് 3800 ആയി വർദ്ധിച്ചു. ഇത്രയും കോപ്പികളിൽ എന്തെങ്കിലും വ്യത്യാസം വരുത്തുക തീർത്തും അസാധ്യമായിരുന്നു.

## III വാസ്തവികത

വാസ്തവികത നിറഞ്ഞതാണ് സുവിശേഷങ്ങൾ എന്നു താഴെപ്പറയപ്പെടുന്ന കാര്യങ്ങളിൽനിന്നു് വ്യക്തമാകും.

a സുവിശേഷങ്ങൾ പല സ്ഥലങ്ങളിൽവച്ചു് പലരാണ് എഴുതിയതു്. എങ്കിലും അവയിൽ സാരമായ വ്യത്യാസങ്ങളൊന്നുമില്ല. ഗ്രന്ഥകാരന്മാർ വാസ്തവികതയോടെ എഴുതി എന്നാണ് അതിന്റെ അർത്ഥം.

www.malankaralibrary.com

b ഗ്രന്ഥകർത്താക്കൾ തങ്ങൾ പ്രതിപാദിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിവുള്ളവരായിരുന്നു. നേരിട്ടു കണ്ടകാര്യങ്ങൾ എഴുതാൻ സാധാരണക്കാർക്കു് കഴിയും. വി. മത്തായിയും വി. യോഹന്നാനും ക്രിസ്തുവിൻെറ സഹചാരികളായിരുന്നല്ലോ. പത്രോസിൻെറ കൂട്ടുകാരനും വ്യാഖ്യാതാവുമായ മർക്കോസ് ക്രിസ്തുവിനെ കണ്ടിട്ടുള്ളവരുമായി ബന്ധം പുലർത്തിയിരുന്നു. പൗലോസിൻെറ സഹകാരിയും അപ്പസ്തോലന്മാരുടെ സുഹൃത്തുമായ ലൂക്കായും അങ്ങനെ തന്നെ ചെയ്തു.

c അവർ ആത്മാർത്ഥമായി സത്യസന്ധതയോടെ എഴുതി എന്നതിനു് അവരുടെ നിസ്വാർത്ഥതയും ജീവിത പരിശുദ്ധിയും തെളിവുകളാണു്. സുവിശേഷ സത്യങ്ങൾ എഴുതുകയും അവയ്ക്കു് സാക്ഷ്യം വഹിക്കുകയും ചെയ്തതു കൊണ്ടു് അവർക്കു് ശിക്ഷയല്ലാതെ മറ്റൊന്നും ലഭിച്ചിരുന്നില്ല. "മരണംകൊണ്ടു് തങ്ങളുടെ സാക്ഷ്യത്തെ മുദ്രയടിച്ച അവരുടെ വാക്കുകളിൽ ഞാൻ വിശ്വസിക്കുന്നു" എന്നത്രേ പാസ്കൽ (Paschal· 1623-62) എന്ന ചിന്തകൻ പറഞ്ഞിട്ടുള്ളതു്.

d സമകാലീനർക്കു് അറിയാവുന്ന കാര്യങ്ങളാണല്ലോ അവർ എഴുതിയതു്. വഞ്ചിക്കണമെന്നുണ്ടായിരുന്നെങ്കിൽ നാലുപേരും ഒരുമിച്ചിരുന്നു് അല്പംപോലും വ്യത്യാസം കൂടാതെ എഴുതുമായിരുന്നു.

e ക്രിസ്തുവിനെ ദൈവികമനുഷ്യനാക്കുവാൻ പഠിപ്പില്ലാത്ത അവർക്കു് കഴിയുമായിരുന്നില്ല.

## യോഹന്നാൻെറ സുവിശേഷം കൃത്രിമമാണോ?

നാലാം സുവിശേഷമായ യോഹന്നാൻെറ സുവിശേഷം, ക്രിസ്തുശിഷ്യനായ യോഹന്നാൻ എഴുതിയത

www.malankaralibrary.com

ല്ലുന്ന ചിലർ വാദിച്ചിട്ടുണ്ട്. പക്ഷേ, അവരുടെ വാദഗതിയെ തകർക്കാൻ പററിയ തെളിവുകൾ—ബാഹ്യവും ആന്തരികവുമായവ—നമുക്കുണ്ട്. ഏററവും പഴയ ഗ്രീക്കുപ്രതികളിൽ യോഹന്നാൻെറ പേരുണ്ട്. പപ്പിയാസ്, തെർത്തുല്യൻ, ക്ലെമൻറ് മുതലായ പൂർവ്വികരുടെ സാക്ഷ്യങ്ങളും ലഭിച്ചിട്ടുണ്ട്.

ആദ്യത്തെ സുവിശേഷങ്ങൾ എഴുതി കുറെ കഴിഞ്ഞാണ് യോഹന്നാൻ എഴുതിയത്. അതിൻെറ സാഹചര്യവും ലക്ഷ്യവും വ്യത്യസ്തമായിരുന്നു. ആദ്യമെഴുതിയവർ പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം, വാഗ്ദാനം ചെയ്യപ്പെട്ട ക്രിസ്തുവിൻെറ മാനുഷികവശം എന്നിവയെപ്പററി പറയാനാണ് ശ്രദ്ധിച്ചത്. യോഹന്നാനാകട്ടെ മിശിഹാ ദൈവപുത്രനാകുന്നുവെന്ന് സ്ഥാപിക്കുവാൻ പരിശ്രമിച്ചു. ക്രിസ്തുവിൻെറ ദൈവത്വം നിഷേധിച്ചവരെ മുന്നിൽ കണ്ടുകൊണ്ട് അദ്ദേഹം എഴുതി. ഗ്രീക്കുതത്വശാസ്ത്രവുമായി നല്ല പരിചയമുള്ള ആളായിരുന്നതുകൊണ്ട്, താത്വികമായ രീതിയാണ് അദ്ദേഹം സ്വീകരിച്ചത്. ആദ്യത്തെ 3 സുവിശേഷവും ഓർശ്ലേത്തിൻേറയും യഹൂദജനതയുടേയും അധഃപതനത്തിനുമുമ്പ് എഴുതപ്പെട്ടു. നാലാമത്തേത് അധഃപതനത്തിനുശേഷവും. ഇതൊക്കെയാണ് അവ തമ്മിലുള്ള വ്യത്യാസത്തിൻെറ കാരണങ്ങൾ.

ബൈബിൾ ഒരു കെട്ടുകഥയല്ല. അതിലെ കഥാനായകന്മാർ ഭാവനാസൃഷ്ടിയുമല്ല. ബൈബിളിനെ ഒരു ചരിത്രരേഖയായി അംഗീകരിക്കാം.

www.malankaralibrary.com

# അനുബന്ധം

1 പൗരാണിക ചരിത്രവും ആധുനിക ചരിത്രങ്ങളും.

ബൈബിൾ ഇന്നെഴുതുന്ന ചരിത്ര ഗ്രന്ഥങ്ങളിൽനിന്നു വ്യത്യസ്തമാണു്; ശാസ്ത്രീയമായിട്ടല്ല അതെഴുതപ്പെട്ടതു്. വാമൊഴിയാണു് പലപ്പോഴും അതിൻെറ അടിസ്ഥാനം. ആധുനിക ചരിത്രകാരനാകട്ടെ പ്രമാണരേഖകളും സ്മാരകങ്ങളും നഷ്ടശിഷ്ടങ്ങളും അടിസ്ഥാനമാക്കി എഴുതുന്നു. പഴയ ചരിത്രകാരൻ ഓർമ്മയും ഭാവനയുമനുസരിച്ചാണു് എഴുതിയതെങ്കിൽ ആധുനികൻ വസ്തുനിഷ്ഠമായ രീതി എഴുതുന്നു. പൗരാണിക ചരിത്രകാരനു കൃത്യമായ കാലഗണന ഇല്ല. സാരവത്തായ ഭാഗം മാത്രമേ അയാൾ പറയൂ. ഒരേ സംഭവത്തിൻെറ പല പതിപ്പുകളും പറഞ്ഞെന്നു വരും. ആധുനിക ചരിത്രകാരനാകട്ടെ, വർഷവും മാസവും തീയതിയും കുറിക്കുവാനാണു് പ്രത്യേകം ശ്രദ്ധിക്കുന്നതു്. പൗരാണിക ചരിത്രകാരനു് സാമാന്യബുദ്ധി മാത്രമായിരുന്നു സഹായം. ആധുനികനാകട്ടെ, വിമർശനപരമായ പ്രത്യേക രീതികൾ (critical historical methods) ഉണ്ടു്.

പഴയ ചരിത്രകാരൻ മതപരമായ കാര്യങ്ങൾ പഠിപ്പിക്കാൻ വേണ്ടിയാണു് എഴുതിയതു്—പുതിയ ചരിത്രകാരനാകട്ടെ, ചരിത്രം പഠിപ്പിക്കാനും.

ഹെരഡോട്ടസ് (ബി. സി. 484-428 ഗ്രീക്ക ചരിത്രകാരൻ, ചരിത്രത്തിൻെറ പിതാവു്) റോമൻ രാഷ്ട്രതന്ത്രജ്ഞനും ഭരണകർത്താവുമായിരുന്ന സീസർ (ബി. സി. 102-44) എന്നിവർ എഴുതിയ ചരിത്രങ്ങൾ ആധുനികചരിത്രങ്ങളിൽനിന്നു വ്യത്യസ്ഥമാണല്ലോ. ബൈബിളിലെ ചരിത്രം മതത്തെപ്പററി പഠിപ്പിക്കാൻ വേണ്ടിയാണു എഴുതപ്പെട്ടതു്. ജ്യോതിശാസ്ത്രമോ ഭൂമിശാസ്ത്രമോ പഠിപ്പിക്കുക

www.malankaralibrary.com

തത്കർത്താക്കളുടെ ലക്ഷ്യമായിരുന്നില്ല. പലപ്പോഴും മതസത്യങ്ങൾ പഠിപ്പിക്കാൻ അവർ കഥകളും മററും ഉപയോഗിച്ചിരുന്നു. (ഉദാ-ഉല്പത്തിപ്പുസ്തകത്തിൻെറ ആദ്യഭാഗങ്ങൾ).

# ബൈബിളിലെ ചരിത്രസംഗ്രഹം

A പശ്ചാത്തലം.
വിശ്വാരംഭം.
മനുഷ്യോല്പത്തി

I ശിലായുഗം.
a പൗരാണികശിലായുഗം
b മധ്യശിലായുഗം.
c നവീന ശിലായുഗം—മൺപാത്രങ്ങൾ ഉപയോഗിച്ചു തുടങ്ങി.

II താമ്രയുഗം—ചെമ്പ് ഉപയോഗിച്ചു തുടങ്ങി.

III പിച്ചളയുഗം—ഓട്ട് ഉപയോഗിച്ചുതുടങ്ങി
a പൗരാണിക പിച്ചളയുഗം—ഈജിപ്തിലും മെസപ്പൊട്ടോമിയായിലും രാജവംശങ്ങൾ ഉണ്ടായി.
b മധ്യപിച്ചള യുഗം-

www.malankaralibrary.com

ഊർ എന്ന സ്ഥലത്തു് അബ്രാഹം (അബ്രാം, ഹബ്രീറു) ജനിച്ചു.

C നവീന പിച്ചളയുഗം.

B ഇസ്രായേലിൻെറ ചരിത്രം.

1 പൂർവ്വപിതാക്കന്മാരുടെ കാലം. ബി. സി. 1900 മുതൽ 1700 വരെ. (ഉല്പത്തി 12-50) അബ്രാഹം, ഇസഹാക്കു്, യാക്കോബ്യ് എന്നിവർ പലസ്തീനായിൽ. ഈജിപ്തിലേക്കു് ഇസ്രായേൽക്കാർ കുടിയേറുന്നു.

ഇസ്രായേൽക്കാർ ഈജിപ്തിൽനിന്നും പുറപ്പെടുന്നു. (പുറപ്പാടു്) ഫറവോൻെറ പീഡനം, സീനാമല, പ്രമാണങ്ങൾ, ഉടമ്പടി. ഇസ്രായേൽക്കാർ മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞു. നോവോമലയിലേക്കു് സീയോണിലൂടെ അവർ വന്നു.

(പുറപ്പാടു്, സംഖ്യ)

ജോഷ്വാ-പലസ്തീന പിടിച്ചെടുക്കൽ-ജറീക്കോയും കാനാൻെറ മിക്കഭാഗങ്ങളും പിടിച്ചെടുത്തു. പന്ത്രണ്ടു ഗോത്രങ്ങൾ 12 വീടുവച്ചു താമസമാക്കി. ബി. സി. 1250-1225 (ജോഷ്വായുടെ പുസ്തകം)

## 21 ന്യായാധിപന്മാരുടെ കാലം (1225-1020)

ഫിലിസ്ത്യാക്കാർ കടൽത്തീരങ്ങൾ പിടിച്ചെടുത്തു. ഫിലിസ്ത്യരുടെ ആക്രമണം. സാമുവേൽ രാജാവിനെ വാഴിക്കുന്നു. (ന്യായാധിപന്മാർ, സാമുവേൽ 1-10)

## ഐക്യരാഷ്ട്രം (ബി. സി. 1020-922)

1 സാവൂൾ (1020-1004) 1-ാം മത്തെ രാജാവ്യ്-സാമുവേലാണു് വാഴിച്ചതു്. (1 സാമു 10-31)

www.malankaralibrary.com

2 ദാവീദ് (1000_961) ഫിലിസ്ത്യനെ തോല്പിച്ചു. ജറുസലം തലസ്ഥാനമാക്കി (2 സാമു. 1 രാജാ. 1).

3 സോളമൻ (ബി. സി. 961_922) ആദ്യത്തെ ദൈവാലയം പണിതു. പ്രതാപത്തിൻെറ അത്യുച്ചകോടി (1 രാജാ. 2_11).

## വിഭജിതരാഷ്ട്രം

(ബി. സി. 922-721, 922_587) ഇസ്രായേൽ രാഷ്ട്രം രണ്ടായി വിഭജിക്കപ്പെട്ടു.

a ഇസ്രായേൽ-വടക്കേ രാജ്യം (922-721) 10 ഗോത്രങ്ങൾ. ആകെ 19 രാജാക്കന്മാർ. ബി. സി. 721 ൽ അസീറിയാക്കാർ ഇസ്രായേൽ ആക്രമിച്ച് ഇസ്രായേൽക്കാരെ അസീറിയായിലേക്ക് കൊണ്ടുപോയി. ഇസ്രായേലിൽ സങ്കരവർഗ്ഗത്തെ (സമരിയാക്കാരെ) താമസിപ്പിച്ചു. (രാജാ. 12_22)

b യൂദ_തെക്കൻ രാജ്യം. 2 ഗോത്രക്കാർ 21 രാജാക്കന്മാർ ഭരിച്ചു. റെഹോബോവാം ഒന്നാമത്തെ രാജാവും. ബി. സി. 597 ൽ ബാബിലോണിയാക്കാർ യൂദ കീഴടക്കി. അടിമത്തം അങ്ങിനെ ആരംഭിച്ചു. ബി. സി. 587_ൽ ജറുസലം ദൈവാലയം നശിപ്പിക്കപ്പെട്ടു. അങ്ങിനെ ബാബിലോണിയൻ പ്രവാസം (അടിമജീവിതം) തുടങ്ങി. ഇക്കാലത്തു് പ്രമുഖ പ്രവാചകന്മാരുണ്ടായി.

## ബാബിലോണിയൻ പ്രവാസം

(ബി. സി. 587-538) പ്രവാചകന്മാരുടെ പ്രവർത്തനം. 539_ൽ സൈറസ് ബാബിലോൺ പിടിച്ചെടുത്തു് പേർഷ്യൻ സാമ്രാജ്യം സ്ഥാപിച്ചു. സൈറസിൻെറ

www.malankaralibrary.com

വിളംബര പ്രകാരം ഇസ്രായേൽക്കാരുടെ അടിമത്തം. (പ്രവാസം) അവസാനിച്ചു. (2 രാജാ 25_2 നാളാ. 36)

**പേർഷ്യൻ കാലഘട്ടം** (ബി. സി. 538-333)

നഗരഭിത്തികൾ വീണ്ടും പണുതു. രണ്ടാമത്തെ ദൈവാലയം ഉണ്ടാക്കി. സെരുബാബേൽ, എസ്രാ, നെഹെമിയ എന്നിവർ തിരിച്ചുവന്നു് പ്രവൎത്തനങ്ങൾ തുടങ്ങി. (എസ്രാ, നെഹെമിയ).

**ഗ്രീക്കകാലഘട്ടം** (ബി. സി. 333_167)

ബി. സി. **333** ൽ അലക്സാണ്ടർ പേർഷ്യ ആക്രമിച്ചു. ബി. സി. 323 ൽ അലക്സാണ്ടർ മരിച്ചു. സാമ്രാജ്യം മൂന്നായി വിഭജിക്കപ്പെട്ടു. ബി. സി. 323 മുതൽ 198 വരെ പലസ്തീന ഈജിപ്തിൻെറ കീഴിൽ (മതസഹിഷ്ണുത); ബി. സി. **198** മുതൽ **167** വരെ സിറിയായുടെ കീഴിൽ. **167** ൽ അന്തിയോക്കസ് 4-ാം മൻ ദൈവാലയം അശുദ്ധമാക്കി. മക്കബിയൻ വിപ്ലവം.

**മക്കബ്യിയൻ രാഷ്ട്രം**

**165-63** ബി. സി. **167-165** വിപ്ലവം. യൂദാസ് മക്കബേവൂസ്. സ്വതന്ത്ര്യയഹൂദരാജ്യമായി. അതിനെ 8 രാജാക്കന്മാർ ഭരിച്ചു. **134** ൽ സൈമൺ മക്കബേവൂസ് മരിച്ചു.

**റോമൻകാലഘട്ടം**

ബി. സി. 63 ൽ പൊംപെയ് പലസ്തീന പിടിച്ചെടുത്തു് റോമൻ സാമ്രാജ്യത്തിൻെറ ഭാഗമാക്കി. **40** ൽ പാൎത്ഥിയൻ ആക്രമണം. ബി. സി. 5 (6, 4) ക്രിസ്തു ജനിച്ചു.

ബി. സി. 4—എ. ഡി. 39 വരെ ഹേറോദേശ് അന്തിപാസ്സ് ഭരിച്ചു.

www.malankaralibrary.com

ഏ. ഡി 25 പീലാത്തോസ്. ഏ. ഡി. 30 ക്രിസ്തുവിൻെറ മരണം.

ഏ. ഡി. 47 വി. പൗലോസിൻെറ പ്രേഷിതയാത്ര.

66–73 യഹൂദ റോമൻ യുദ്ധം.

70 ജറുസലം നശിച്ചു. യഹൂദർ നിഷ്കാസിതരായി തുടങ്ങി. 132–135 ബർകോക്ബ സമരം. യഹൂദർ നിശ്ശേഷം തോററു. ട്രാജൻെറ കാലത്തു് തുടങ്ങിയ പ്രവാസം പൂർണ്ണമായി. 1947 വരെ യഹൂദർ വിദേശങ്ങളിൽ താമസിച്ചു വന്നു.

# കുറിപ്പുകൾ

1 പപ്പിരോസ് (ഗ്രീക്ക്) പപ്പീരസ് (ലത്തീൻ) ഇതു് ഈജിപ്ഷ്യൻ പദമായിരിക്കണം. പേപ്പർ എന്ന ഇംഗ്ലീഷ് പദം ഇതിൽ നിന്നുണ്ടായതാണ്.

2 ബിബ്ലോസ്. സംസ്കൃതത്തിലും പ്രത്യയം ചേർത്തു ഇങ്ങനെ വാക്കുകളുണ്ടാക്കുമല്ലോ. ബാല–ബാലിക, പുത്ര–പുത്രക, പേട–പേടക എന്നിങ്ങനെ.

3 ഗ്രാഫ്. ഗ്രഫേയിൻ (ഗ്രീക്ക്) =എഴുതുക, ഗ്രഫേ– എഴുത്ത്, ഗ്രാഫ്–എഴുതപ്പെട്ടത്

www.malankaralibrary.com

4 വിശുദ്ധ ഗ്രന്ഥം. വിദ് (സംസ്കൃതം) -അറിയുക, കാണുക, അനുഭവിക്കുക, ആശയവിനിമയം ചെയ്യുക: വിദേരെ, (ലത്തീൻ) ഓദിയ (ഗ്രീക്ക്) എന്നീ ധാതുക്കളും ഒരേ മൂലപദത്തിൽനിന്നുണ്ടായതാണ്. ഗ്രഥ്- കെട്ടുക, എഴുതുക, ഉണ്ടാക്കുക.

5 Henry, Daniel Rops, What is Bible,Guild press, N.Y.P.2

6 ഇം.എം.ജെ. വെണ്ണിയൂർ, ഗോയ്ഥേ, P-49.

7 Ernest Haeekel. Riddle of the Universe P-18.

8 ദൈവശാസ്ത്രം -ഈശ്വരനെ സംബന്ധിച്ചുള്ള നിഗമനങ്ങൾ (Theology) തേവോസ്=ദൈവം. ലോഗോസ്=വാക്ക്, വാക്യം, ശാസ്ത്രം (ഗ്രീക്ക്).

9 ഹ്യൂമനിസം (Humanism) ചിന്താതലത്തിലുള്ള മുന്നേററം. ലത്തീനിലും ഗ്രീക്കിലുമുള്ള കൃതികൾ പണ്ഡിതന്മാർ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. 14 മുതൽ 16 വരെ നൂററാണ്ടുകളിൽ നിലനിന്നു. ബൊക്കാച്ചിയൊ (1313-75 ഇററാലിയൻകവി,) പെട്രാർക്ക് (1304-7, ഇററാലിയൻകവി,) ഇറാസ്മസ് (1469-1536 ഡച്ചുപണ്ഡിതൻ,) സർ തോമസ്മൂർ (1478-1535 ഇംഗ്ലീഷ്പണ്ഡിതൻ) മുതലായവരാണ് ഈ പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ടവർ. ചില ഹ്യൂമനിസ്റ്റുകൾ മതാത്മകമല്ലാത്ത പഠനങ്ങളും ചിന്താരീതിയും സ്വീകരിക്കയാൽ അവസാനം മതവിപ്ലവത്തിനു കൂട്ടുനിന്നു. ഹ്യൂമനിസമെന്ന പേരു് 20-ാം നൂററാണ്ടിലുണ്ടായ പ്രസ്ഥാനങ്ങൾക്കും ഉപയോഗിക്കാറുണ്ടു്.

10 കെ. പി. ഉറുമീസ്, ഗിരിഗീത, P-8-9

www.malankaralibrary.com

11 Christopher Dawson, Religion and culture p. 48.

12 Dr. Cunningham, Western Civilization vol. II P. 35.

13 നവോത്ഥാനം-Renaisance, പുനർജ്ജനനം, സാംസ്കാരികവും ബുദ്ധിപരവുമായതു്.

14 Jacques maritain, Religion and culture P. 8.

15 Jacques maritain, True Humanism, P. 88

16 Christopher Dawson, Religion and culture, P. 48

17 Rev. Dandoy S. J, Catholicism and National Cultures, P. 8

18 പാണിനീയ പ്രദ്യോതത്തിനു ഡോ. സി. കുഞ്ഞൻ രാജാ M. A. എഴുതിയ അവതാരിക നോക്കുക.

19 മലയാളത്തിലുള്ള ചില തർജ്ജമകൾ

1 സത്യവേദപുസ്തകം (ബൈബിൾ സൊസൈററി)

2 വിശുദ്ധഗ്രന്ഥം (ക. നി. മൂ. സ. മാണിക്കത്തനാർ)

3 വിശുദ്ധഗ്രന്ഥം (റവ. ഡോ. മൂത്തേടൻ)

20 Cardinal Heenan, Preface in. The Holy Bible R. S. V. Catholic Edition London, P III

21 Peter. F. Ellis. The men and the message of the old Testament. liturgical Press min U. S. A. P 4.

22 Cfr. A Catholic Commentary on Holy Seript-ure, Velson, London, 1953 Par. 126 ff.

23 Daniel Rops op. cit P. 18

24 ട്രെൻറ് സൂനഹദോസാണു് ഈ നിയമം പ്രഖ്യാപിച്ചതു്. കാനൻ 1391.

www.malankaralibrary.com

25 ചാക്രികലേഖനങ്ങൾ—എല്ലാ മെത്രാന്മാർക്കുമായി അയക്കപ്പെടുന്ന കത്തുകൾ. വേദഗ്രന്ഥപാരായണം നടത്തുന്നവർക്ക് പ്രത്യേകമായ ആദ്ധ്യാത്മികാനുകൂല്യങ്ങൾ (ബന്ധവിമോചനങ്ങൾ) പോപ്പ് ലേയോ 13—ാമൻ അനുവദിച്ചിരുന്നു.

26 Pontifical Biblical Commission (1902) Pontifical Biblical Institute, Biblical School of Jerusalem എന്നിവ പ്രധാനപ്പെട്ടവയാണ്.

27 പോപ്പ് വിളിച്ചു കൂട്ടുന്ന മെത്രാന്മാരുടെ സാർവ്വത്രിക സമ്മേളനമാണു സൂനഹദോസ് അഥവാ കൗൺസിൽ.

28 കാനോനികഗ്രന്ഥങ്ങളുടെ (പ്രമാണികഗ്രന്ഥങ്ങളുടെ) കൂട്ടത്തെയാണ് കാനൻ എന്നു പറയുന്നതു്. കത്തോലിക്കാസഭയുടെ നിയമസംഹിതയേയും കാനൻ (നിയമം) എന്നു പറയാറുണ്ട്.

29 ദൈവനിവേശനം. ദൈവത്തിൽനിന്നു പ്രചോദനം സ്വീകരിച്ച് എഴുതിയതാണ് ബൈബിൾ എന്നത്രേ ക്രൈസ്തവർ വിശ്വസിക്കുന്നതു്. അതുകൊണ്ടു് ദൈവവചനം (The word of God) എന്നു ബൈബിളിനെ വിളിക്കുന്നു. ഗ്രന്ഥകാരൻ ഈശ്വരന്റെ ഒരു ഉപകരണം മാത്രമായിരുന്നു, വേദനിർമ്മാണത്തിൽ. ഈശ്വരനിവേശനമുള്ളതുകൊണ്ടു് വേദത്തിൽ വിശ്വാസസത്തയോ സന്മാർഗ്ഗത്തെയോ സംബന്ധിച്ച തെററുകൾ ഉണ്ടാകാൻ പാടില്ല.

30 കാനോനികം. ദൈവനിവേശിതമെന്നു് ആരംഭകാലം മുതൽ എല്ലാവരും അംഗീകരിച്ചിരുന്ന ഗ്രന്ഥങ്ങളെ പൂർവ്വകാനോനികങ്ങൾ (Protocanonical) എന്നും

www.malankaralibrary.com

പില്ക്കാലത്തു് അംഗീകരിച്ചവയെ ഉത്തരകാനോനികങ്ങൾ (deutrocanonical) എന്നും പറയുന്നു. ഉത്തരകാനോനികങ്ങൾ പലസ്തീനിയൻ മൂലത്തിൽ (മസ്സോറ) ഇല്ല. ഗ്രീക്കുസപ്തതിയിലേ ഉള്ളു. ചില പുസ്തകങ്ങൾ മുഴുവനും ചിലതിന്റെ ഭാഗങ്ങളും ഉത്തരകാനോനികങ്ങളാണു്. ബാറുക്കു്, തോബിയാസ്, യൂദിത്തു്, വിജ്ഞാനം, പ്രഭാഷകൻ, മക്കബിയർ, എന്നീ പുസ്തകങ്ങളും ദാനിയേൽ എന്ന ഗ്രന്ഥത്തിലെ 3-ാം അദ്ധ്യായം 24 മുതൽ 90 വരെ വാക്യങ്ങളും 13-14, ലും അദ്ധ്യായങ്ങളും എസ്തേർ എന്ന ഗ്രന്ഥത്തിലെ 10-ാം അദ്ധ്യായത്തിലെ 4 മുതൽ 16 വരെ വാക്യങ്ങളും; 24-ാം അദ്ധ്യായവും ഉത്തരകാനോനികങ്ങളാണു്. പുതിയ നിയമത്തിലെ എബ്രായക്കുള്ള ലേഖനം, പത്രോസിന്റെ രണ്ടുലേഖനം, യോഹന്നാന്റെ 2-ഉം, 3-ഉം ലേഖനങ്ങൾ, വെളിപാടു് എന്നിവയും, മർക്കോസിന്റെ സുവിശേഷത്തിലെ 16-ാം അദ്ധ്യായത്തിലെ 9 മുതൽ 20 വരെ വാക്യങ്ങളും, ലൂക്കയുടെ സുവിശേഷത്തിലെ 22-ാം അദ്ധ്യായത്തിലെ 43, 44 വാക്യങ്ങളും, യോഹന്നാന്റെ സുവിശേഷത്തിലെ 8-ാം അദ്ധ്യായത്തിലെ 2 മുതൽ 12 വരെ വാക്യങ്ങളും ഉത്തരകാനോനികങ്ങളാകുന്നു.

**31** ഇസ്രായേൽ. ദൈവത്തോടു് മത്സരിക്കുന്നവൻ എന്നാണു് ആ വാക്കിന്റെ സാരം. ദൈവം കാണപ്പെട്ടു കൊടുത്ത പേരാണതു്. ആ വംശത്തിനും രാജ്യത്തിനും പില്ക്കാലത്തു് ആ പേരുവന്നു.

**32** പേടകവും കൂടാരവും

ജലപ്രളയത്തിൽനിന്നു് രക്ഷപ്പെടാൻ നോഹ് ഉണ്ടാക്കിയ കപ്പലിനും പേടകമെന്നാണു് പറയുക. ഇവിടെ

www.malankaralibrary.com

പേടകത്തിൻെറ അർത്ഥം- മരംകൊണ്ടു് നിർമ്മിച്ചതും പൊന്നു പൊതിഞ്ഞതുമായ ചെറിയ പെട്ടിയാണു്. നിയമ പുസ്തകങ്ങളും (ആവർത്തന പുസ്തകം) പത്തു കല്പനകളും പൊൻപാത്രത്തിൽ മന്നയും, അതിൽ സൂക്ഷിച്ചിരുന്നു. ഉടമ്പടിയുടെ പേടകം എന്നാണു് പേരു്. വിജയത്തിൻെറ പ്രതിരൂപമായിരുന്നതുകൊണ്ടു് യുദ്ധക്കളങ്ങളിൽ അതു കൊണ്ടുപോയിരുന്നു. ദാവീദ് ജറുസലത്തു് കൊണ്ടുവന്നു. സോളമൻ അതു് ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു. പിന്നീടു് എന്തു് സംഭവിച്ചുവെന്നറിഞ്ഞുകൂടാ.

പേടകത്തിൻെറ മുകളിൽ ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഒരു സിംഹാസനവും രണ്ടു വശത്തായി ചിറകു വിരിച്ചു നില്ക്കുന്ന മാലാഖമാരുടെ പ്രതിമയും ഉണ്ടായിരുന്നു. ഇതിൻെറ അരുകിൽ അഹറോൻെറ വടിവച്ചിരുന്നു. ദൈവസാന്നിധ്യമുള്ളതുകൊണ്ടു് അതിനെ സ്പർശിക്കുന്നതു് മരണശിക്ഷക്കു് അർഹമായ കുററമായിരുന്നു.

കൂടാരം എന്നതു് ഇസ്രായേൽക്കാർ മരുഭൂമിയിലൂടെ കാനാൻ ദേശത്തേക്കു് യാത്ര ചെയ്തപ്പോൾ തങ്ങളുടെ കൂടെ കൊണ്ടു നടന്നിരുന്ന ചെറിയ ദൈവാലയമാണു്. (30 മുഴം നീളം, 10 മുഴം വീതി, 10 മുഴം ഉയരം) കിഴക്കോട്ടു ദർശനം വടക്കു്, തെക്കു്. പടിഞ്ഞാറു വശങ്ങൾ പലകയടിച്ചും കിഴക്കുവശത്തു് തൂണുകളിൽ വിരിയിട്ടും അടച്ചിരുന്നു. മേച്ചിലിനുപകരം വിരികളാണിട്ടിരുന്നതു്. ഉൾവശം വിരിയിട്ടു് രണ്ടായി ഭാഗിച്ചിരുന്നു, വിശുദ്ധസ്ഥലം അതിവിശുദ്ധസ്ഥലമെന്നിങ്ങനെ. അതിവിശുദ്ധസ്ഥലത്തു് പ്രധാന പുരോഹിതനേ പ്രവേശിക്കൂ. (ആണ്ടിൽ ഒരിക്കൽ, ശുദ്ധകീരണ തിരുനാളിൽ.) കൂടാരത്തിലെ അതിവിശുദ്ധസ്ഥലത്താണു് 'ദൈവത്തിൻെറ സിംഹാസനം' സൂക്ഷിച്ചിരുന്നതു്.

www.malankaralibrary.com

വിശുദ്ധസ്ഥലത്തു് നടുക്കു് ധൂമ പീഠം, തെക്കുവശത്തു് വിളക്കു്, വടക്കുവശത്തു് അപ്പം കാഴ്ചവയ്ക്കാനുള്ള മേശ എന്നിവയുണ്ടായിരുന്നു. കൂടാരത്തിനു് ചുററും വലിയ മുററവും മുററത്തു് ജലസംഭരണികളുമുണ്ടായിരുന്നു. സോളമൻ ദൈവാലയം പണിയിച്ചതു് ഈ രൂപത്തിലാണു്. നമ്മുടെ നാട്ടിലെ റപ്പമുററമുള്ള പൗരാണിക ദൈവാലയങ്ങൾ എറെക്കുറെ ഈ രൂപത്തിലാണു്.

33 എബ്രർ. ഈ പേരിൽ നിന്നാണു് യഹൂദജനതയ്ക്കും അവരുടെ ഭാഷയ്ക്കും ഹീബ്രു എന്നു പേരുണ്ടായതു്.

34 അബ്രാഹം.—'അബ്രാം' എന്നായിരുന്നു ആദ്യത്തെ പേരു് 99-ാം വയസ്സിൽ ഇദ്ദേഹത്തെ ഈശ്വരൻ ബഹുജാതികളുടെ പിതാവാക്കി. പ്രസ്തുത പേരിനു് അസംഖ്യം ജാതികളുടെ പിതാവു്, ശ്രേഷ്ഠത പ്രാപിച്ച പിതാവു് എന്നെല്ലാം വ്യുൽപത്തിയുണ്ടു്. ഹൈന്ദവ വേദഗ്രന്ഥങ്ങളിലെ ബ്രഹ്മാവു് എന്ന പദത്തോടു് ഈ വാക്കിനു് അർത്ഥത്തിലും രൂപത്തിലും സാമ്യമുണ്ടു്.

35 Cfr. Story of The Bible, by Nelson Beecher Izeyes, U. S. A.

36 ലിംഗത്തിൻെറ അഗ്രചർമ്മം മുറിക്കുന്ന സമ്പ്രദായം.

37 ഇസഹാക്കിനെ ബലിയർപ്പിക്കാൻ ദൈവകല്പനയുണ്ടായി. അബ്രാഹം ബാലനെ വെട്ടാൻ വാളോങ്ങി. അപ്പോൾ ഒരു ദൈവദൂതൻ അബ്രാഹത്തെ തടഞ്ഞു. അതൊരു പരീക്ഷയായിരുന്നു.

38 സ്ലാപകൻ എന്ന വാക്കിനു കുളിപ്പിക്കുന്നവൻ, മാമ്മോദീസ മുക്കുന്നവൻ എന്നർത്ഥം.

39 c/r. The Story of mankind, Hendrik Willem

www.malankaralibrary.com

Vanloon, The pocket library. N.Y.P. 110-114.

40 Iraeneus Ad Florinum in Eusebius H.E Vol - 20

41 Rendel Harris' The Apology of Aristides, xvii, P.36, Cambridge 1891

42 Adv Heret III, 1.1.

43 c/r Fundamental Theology by Brusmann, Vol ii, P 244-250.

44 Rev.w. Devivire S.J, Christiun. Apologetic, P.145.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com